O3N06211 32J9;1

# MANUSHYARUM NADIKALUM

HUMAYUN KABIR

0113:3M77:11
32J7;1

UND BY:
L.BINDING W
plainedu High
DRAS-24.

MUL
216238

305

# സിദ്ധാർത്ഥൻ

പരിഷന്മുദ്രണാലയം, എറണാകുളം.

# SIDDHARTHA

(NOVEL)

BY

HERMANN HESSE

TRANSLATED BY

P. KUNJIKRISHNA MENON

1st Impression November 1957—Copies 5000

Copy right permission kindly granted by Author, care Mohr Literary Agency, Zurich.

PRINTED PUBLISHED BY

PARISHANMUDRANALAYAM

ERNAKULAM

---

DISTRIBUTORS:

PARISHATH BOOK STALL

HOSPITAL ROAD, ERNAKULAM.

Re. 1-50

# സിദ്ധാർത്ഥൻ

ഹെർമൻ ഹെസ്സ്

വിവർത്തകൻ:

പി. കുഞ്ഞിക്കൃഷ്ണമേനോൻ

UNIVERSITY LIBRARY
13 AUG 1964
MADRAS

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ
പ്രസിദ്ധീകരിക്കുന്നതു്.

വിതരണക്കാർ:

പരിഷത്ത് ബുക്ക്സ്റ്റാൾ
ഹോസ്പിററൽ റോഡ്, എറണാകുളം.

വില 1-50

216238
O113:3M77:11
32J7;1

# ആമുഖം

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തുവരുന്ന ആദ്യത്തെ പ്രസിദ്ധീകരണങ്ങളെ ദക്ഷിണേന്ത്യക്കാക്ക് പരിചയപ്പെടുത്തുകയാണ് ഈ ആമുഖത്തിന്റെ ഉദ്ദേശം. "ഫോർഡ് ഫൗണ്ടേഷന്റെ" ഔദാര്യത്തിന്റേയും ദീർഘദൃഷ്ടിയുടേയും ഫലമായിട്ടാണ് ഈ ഗ്രന്ഥമണ്ഡലം ആവിർഭവിച്ചതു്. തമിഴ്, തെലുങ്ക്, മലയാളം, കണ്ണാടകം എന്നീ ദാക്ഷിണാത്യ ഭാഷകളിൽ നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിയ്ക്കുന്നതിന്നു വേണ്ട പ്രോത്സാഹനം നല്കുവാൻ ഫോർഡ് ഫൗണ്ടേഷൻ തീരുമാനിച്ചു. സാസ്കാരികമായും വിദ്യാഭ്യാസപരമായും ഗുണമേറിയവയും, സാമാന്യേന വിലകുറഞ്ഞവയുമായ പുസ്തകങ്ങളെയാണ് നല്ല പുസ്തകങ്ങൾ എന്നതുകൊണ്ടിവിടെ വിവക്ഷിച്ചിട്ടുള്ളതു്. ഫോർഡ് ഫൗണ്ടേഷന്റെ പ്രതിനിധികളും ദക്ഷിണേന്ത്യയിലെ എട്ടു യൂണിവേഴ്സിററികളുടെ വൈസ്ചാൻസലർമാരും കൂടിയാലോചനകൾ നടത്തിയതിനുശേഷമാണ് ഗ്രന്ഥമണ്ഡലം രൂപവല്ക്കരിച്ചതു്. പലേയിനത്തിൽപ്പെട്ട മേത്തരം വിലകുറഞ്ഞ പുസ്തകങ്ങൾ ദാക്ഷിണാത്യഭാഷകളിൽ വിപുലമായ തോതിൽ പ്രസിദ്ധീകരിയ്ക്കുന്നതിനെ സഹായിക്കുകയാണ് മണ്ഡലത്തിന്റെ പ്രധാനലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിർത്തി ഒരു ത്രിവത്സരപദ്ധതി ആവിഷ്കരിയ്ക്കപ്പെട്ടു. അതിന്റെ പ്രഥമഫലമാണ് ഈ പ്രസിദ്ധീകരണങ്ങൾ. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പാണ്ഡിത്യപരമായ കൃതികൾ ഒഴിച്ചുനിർത്തുവാൻ ശ്രമിച്ചിട്ടുണ്ട്. കാരണം വ്യക്തമാണ്. അത്തരം കൃതികളിൽ ചുരുക്കം പേർക്കേ താല്പര്യം കാണൂ. ഇംഗ്ലീഷു നിശ്ചയമില്ലാത്ത മാതൃഭാഷാപരിജ്ഞാനമുള്ള അനവധിപേർ പൊതുജനങ്ങളുടെ ഇടയി

ലുണ്ടു്. ലളിതമായ രീതിയിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ അവ ക്കു വായിക്കാൻ കൊടുക്കുകയാണു് ഗ്രന്ഥമണ്ഡലത്തിൻെറ പ്രധാനലക്ഷ്യം. അത്തരം പുസ്തകങ്ങൾ സാധാരണക്കാരനു വായിച്ചാൽ മനസ്സിലാവണം; വായിക്കുന്നതുകൊണ്ടു ഗുണവും വായിക്കുന്നതിൽ രസവും കാണണം; തന്നെയല്ല, വായിച്ചാൽ അറിവു വദ്ധിക്കുകയും അതോടുകൂടി മാനസികോല്ലാസം വളത്തുവാൻ കഴിയുകയും വേണം.

സാഹിത്യഗുണമുള്ള നൂതനകൃതികൾ; സാംസ്കാരികവും ശാസ്ത്രീയവുമായ വിഷയങ്ങളെപ്പററി പ്രത്യേകം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ; ലോകത്തിലെ ഇതരഭാഷകളിലെ പല മഹാഗ്രന്ഥങ്ങളുടേയും തജ്ജമകൾ—ഇവയെല്ലാം നാലു ഭാഷകളിലും പ്രസിദ്ധപ്പെടുത്തുന്നതിന്നുവേണ്ട ഒത്താശകൾ പദ്ധതിയിലടങ്ങിയിട്ടുണ്ടു്.

"കുറഞ്ഞ വിലയ്ക്കു മേത്തരം പുസ്തകങ്ങൾ"—ഇതാണു് ചുരുക്കത്തിൽ ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ മുദ്രാവാക്യം. ആദ്യമായി പുറത്തുവരുന്ന ഈ പ്രസിദ്ധീകരണങ്ങൾ ഇപ്പറഞ്ഞ ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ എന്നു തീച്ചപ്പെടുത്തേണ്ടതു പൊതുജനങ്ങളാണു്. ഈ ഉദ്യമത്തിൻെറ ഫലവും പ്രയോജനവും അനുഭവപ്പെടണമെങ്കിൽ ഒരു പത്തുകൊല്ലം കഴിയണം. പക്ഷേ, ദീഘദൃഷ്ടിയുള്ള ഏതൊരാൾക്കും ഇതിൻെറ പ്രാധാന്യം കണ്ടറിയാൻ കഴിയും. ഇതിൻെറ സാദ്ധ്യതകൾ അപാരമാണു്. വിപുലമായ തോതിൽ പ്രവത്തിക്കുന്ന ഒരു വിതരണപദ്ധതിയുടെ സഹായമുണ്ടെങ്കിൽ കുറഞ്ഞ വിലയ്ക്കുള്ള ഈ പുസ്തകങ്ങൾക്കു് ദക്ഷിണേന്ത്യയുടെ ഓണംകേറാമൂലയിൽക്കൂടി എത്താൻ കഴിയും. നാട്ടിൻെറ നട്ടെല്ലായ നാട്ടുകാരുടെ ദൈനന്ദിനജീവിതത്തിൽ കാന്തിയും കുളിമ്മയും വീശുവാൻ അവയ്ക്കു സാധിക്കുകയും ചെയ്യും.

തമിഴ്, തെലുങ്കു്, മലയാളം, കന്നാടകം—എന്നീ നാലു ഭാഷകളിൽ മാത്രം പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗ്രന്ഥമണ്ഡലം തീച്ചപ്പെടുത്തിയതിന്നു കേവലം അത്ഥമി

ല്ലായ്കയില്ല. മേല്പറഞ്ഞവയാണ് ദാക്ഷിണാത്യഭാഷകൾ. വിന്ധ്യന്നു തെക്കുള്ള ഭാഗങ്ങളെല്ലാം പണ്ട് 'ദക്ഷിണപാദ'മെന്ന പേരിലറിയപ്പെട്ടിരുന്നതാണ്. പക്ഷേ, സാംസ്കാരികമായി നോക്കുകയാണെങ്കിൽ ആ പേരുകൊണ്ടു സൂചിപ്പിയ്ക്കുന്നതു് മേൽപ്പറഞ്ഞ നാലു ദ്രാവിഡഭാഷകൾ സംസാരിക്കുന്നവരെയാണ്. ഈ ഭാഷകൾ ഒരു പ്രത്യേകവിഭാഗമായിത്തീർന്നിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ദ്രാവിഡം എന്ന സംജ്ഞ ഉപയോഗിക്കുവാൻ എനിക്കു നന്നെ മടിയുണ്ട്. കാരണം ആ വാക്കു് ഭാഷാപരമായും നരവംശശാസ്ത്രസംബന്ധമായും ഉള്ള ബന്ധങ്ങളെ കാണിക്കുന്നതിന്നു പകരം രാഷ്ട്രീയമനോഭാവങ്ങളെ കാണിക്കാനാണിപ്പോൾ ഉപയോഗപ്പെടുന്നതു്. ഈ നാലു ഭാഷകളും തമ്മിലുള്ള യോജിപ്പിനു പുറമെ, ഇന്ത്യയിലെ ഇതരഭാഗങ്ങളിൽനിന്നു ദക്ഷിണദേശത്തെ വേർതിരിയ്ക്കുന്ന ഒരു പൊതുസംസ്കാരവും നിലവിലുണ്ടെന്നു പറയാം. കർണ്ണാടകരീതി എന്നു പൊതുവിലറിയപ്പെടുന്ന ഒരു പ്രത്യേക സംഗീതസമ്പ്രദായംതന്നെയുണ്ട്. അതുപോലെതന്നെ, ദക്ഷിണേന്ത്യയിലെ തച്ചുശാസ്ത്രത്തിനും കൊത്തുപണിയ്ക്കും പ്രത്യേകതകളുണ്ട്. നാട്ടുനടപ്പു്, കർമ്മക്രിയാദികൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കും ശ്രദ്ധേയമായ ഐകരൂപ്യമുണ്ട്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ പ്രസിദ്ധീകരണങ്ങൾ, ദക്ഷിണേന്ത്യയിലെ വ്യത്യസ്തമായ ഈ സാംസ്കാരികമൂല്യത്തെ പ്രതിഫലിപ്പിക്കുമെന്നു് ഞാനാശിയ്ക്കുന്നു. അതേ സമയത്തുതന്നെ, പൊതുവിൽ ഭാരതീയസംസ്കാരത്തെപ്പററിയും, അന്യഭാഷകളിലുള്ള മഹാഗ്രന്ഥങ്ങളുടെ ഭാഷാന്തരങ്ങൾവഴി ലോകസംസ്കാരത്തെപ്പററിയും ഉള്ള ഗ്രന്ഥങ്ങൾ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശികത്വമെന്ന ആപത്തിനെ വർജ്ജിക്കുമെന്നും ഞാനാശിക്കുന്നു.

പി. വി. രാജമന്നാർ

★

# അവതാരിക

നല്ലൊരു കഥ നാം വീണ്ടും വീണ്ടും വായിക്കുന്നു. അതു് നാം ഹൃദയക്ഷേത്രത്തിൽ വിതയ്ക്കുകയും അവിടെക്കിടന്നു മുളയ്ക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു. ആദ്യം നാം കണ്ടതിൽനിന്നും വ്യത്യസ്തമായൊന്നായിരിക്കും കുറെക്കഴിയുമ്പോൾ അതിൽ കാണുക. അതിൻെറ ശരിയായ അർത്ഥംതന്നെ തിട്ടപ്പെടുത്തിപ്പറയാൻ വിഷമിക്കും. രാമായണവും ക്രിസ്തുകഥകളും ഇതിനുദാഹരണങ്ങളാണു്. പല തരത്തിലും അവ നാം ആസ്വദിയ്ക്കുന്നു; ഓരോ കഥാപാത്രത്തിൽക്കൂടി അവ വീണ്ടും വീണ്ടും ജീവിക്കുന്നതിൽ നമുക്കു സന്തോഷവും ആദായവും വർദ്ധിച്ചുവരുന്നു.

ഏറെക്കുറെ ഇതുപോലെ 'സിദ്ധാർത്ഥ'നും ഒരു ക്ലാസ്സിക്കൽ കഥയാണു്. ഓരോ പ്രാവശ്യം വായിക്കുമ്പോഴും നമ്മുടെ അനുഭാവവും ഭാവനയും വളരുന്നു. നമ്മുടെ ജ്ഞാനത്തിനു് ആഴവും പൂർണ്ണതയും സിദ്ധിക്കുന്നു. "സത്യം നീ മനസ്സിലാക്കുമ്പോൾ അതു് നിന്നെ മോചിപ്പിക്കും" എന്നു് യേശുദേവൻ പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം വിവക്ഷിച്ചിരുന്ന ജ്ഞാനം ഇത്തരത്തിലുള്ളതായിരിക്കണം.

എന്നാൽ "സിദ്ധാർത്ഥ"നു് ഈ സഹായം പ്രായംചെന്നവർക്കു മാത്രമേ നല്കാനാവുള്ളൂ. ഒരു കുട്ടിയ്ക്കു് അതു മനസ്സിലാക്കുവാനോ ആസ്വദിക്കുവാനോ സാധ്യമല്ല. സാഹിത്യപരിശോധകന്മാർ അതിനെ "വയോജനങ്ങൾക്കു മാത്രം" എന്നു മുദ്രയടിച്ചാൽ തെററില്ല. പ്രായംചെന്നു് ആദ്ധ്യാത്മികതൃഷ്ണയോടുകൂടി ജീവിക്കുന്നവർക്കു് ഇതു് ആനന്ദോദ്ദീപകമായിരിക്കും. നിരീശ്വരവാദികളെന്നു പറയപ്പെടുന്നവർപോലും ഇതു് വീണ്ടുംവീണ്ടും വായിച്ചു രസിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

"ദൈവത്തിനോ വേദത്തിനോ, ഹോമാഗ്നിക്കോ പുരോഹിതന്മാർക്കുള്ള ദാനത്തിനോ, ഇവിടെ സ്ഥാനമില്ല. എന്നും യാതൊരു ഇളക്കവുംകൂടാതെ സ്വയം ചിന്തിക്കുക—അതെ, അവനവനിൽക്കൂടി, അവനവനിലൊതുങ്ങുന്ന അവനവനിൽക്കൂടി."

ഇതു് മതവിരോധികളുടെ വാക്കല്ല; ശ്രീരാമോക്തിയാണു്. എല്ലാ മതങ്ങളേയും അനുരഞ്ജിപ്പിച്ചിട്ടുള്ള ശ്രീരാമനു് ബോദ്ധ്യപ്പെട്ട സത്യവും, എല്ലാ മതങ്ങളേയും ഉപേക്ഷിച്ച ജെ. കൃഷ്ണമൂർത്തിയ്ക്കനുഭവപ്പെട്ട സത്യവുംതന്നെയാണു് "സിദ്ധാർത്ഥ"നും വെളിപ്പെടുത്താൻ ശ്രമിക്കുന്നതു്.

സത്യബോധത്തിൽക്കൂടിയാണു് ബുദ്ധനും യേശുവും മോക്ഷം നേടിയതു്. എന്നാൽ, അവരുടെ സിദ്ധാന്തങ്ങൾ വെച്ചു വ്യാപാരം നടത്തുന്നവക്കു് അതിൻെറ നേരിട്ടുള്ള അനുഭവമില്ല. അവർ മോക്ഷം പ്രാപിച്ചിട്ടില്ല. പിന്നെ അവരെങ്ങനെ മോക്ഷം നൽകും?

"ആദിഗുരുവായ ശിവൻ, ദക്ഷിണാമൂർത്തിയായി മൌനത്തിൽക്കൂടിയാണു് ശക്തിയുടെ യാഥാർത്ഥ്യം വെളിപ്പെടുത്തീട്ടുള്ളതു്. ആക്കാണു് പിന്നെ അതു മററുള്ളവരെ പറഞ്ഞു മനസ്സിലാക്കികൊടുക്കാനാവുക?" (ശ്രീരമണൻ)

എങ്കിലും പിടികിട്ടാത്ത ചന്ദ്രനെ വിരൽകൊണ്ടു് ചൂണ്ടിക്കാണിക്കുന്നതുപോലെ ഗാനവും കഥയും നമ്മുടെ മനോനേത്രത്തെ അവർണ്ണനീയമായ ആനന്ദത്തിൽ ലയിപ്പിക്കുന്നു. "ചിന്തയെ അതിശയിക്കുന്ന വിഷയങ്ങളെപ്പററി നിരന്തരം ചിന്തിക്കുക" എന്ന സന്ദേശമത്രേ അവ നല്കുന്നതു്. അങ്ങനെ ആത്മോല്ക്കർഷം നമുക്കു സാധിക്കാം.

ബുദ്ധമതം ഈ നാട്ടിലാണു് ജനിച്ചതു്. അതെങ്ങനെ ഇവിടെ അപ്രത്യക്ഷമായി? ഈ നാട്ടിലെ സാധാരണക്കാക്കുപോലും "പരമമായ സത്യം മനസ്സിലാക്കാനുള്ള" ഒരു മയം കാണുന്നതെന്തുകൊണ്ടു്?

ആരാണ് ബുദ്ധിമാൻ? അരമണിക്കൂർ സമയത്തെ മാന്ത്രി കവിദ്യകൊണ്ടു നിർമ്മിക്കുന്ന മാമ്പഴം കണ്ടു മയങ്ങുന്നവനോ, അതോ പതുക്കെ വളരുന്ന യഥാർത്ഥ മരത്തിന്മേൽ കാലം വരുമ്പോൾ കായ്ച്ചു പഴുത്തുവരുന്ന മാമ്പഴത്തിനുവേണ്ടി കൊല്ലങ്ങളും തലമുറകളും ക്ഷമിച്ചിരിക്കുന്നവനോ ബുദ്ധിമാൻ?

നാം ഒററയ്ക്കു ജനിക്കുന്നു, ഒററയ്ക്കു മരിക്കുന്നു. ഓരോരുത്തനും സ്വയമേവ മോക്ഷം നേടുകയും വേണം. ഓരോരുത്തനും നേരിട്ട്, എത്രയും വേഗത്തിൽ, അനുഭവങ്ങളിൽക്കൂടിയാണ് അറിവുണ്ടാകേണ്ടതു്. അതാണ് സത്യം. അതു് ഇരക്കാനോ കടം കൊള്ളാനോ വിലയ്ക്കു വാങ്ങാനോ സാദ്ധ്യമല്ല. ഓരോരുത്തനും സ്വന്തംമാർഗ്ഗം സജ്ജമാക്കണം, ജീവിതനാടകത്തിൽ തനിക്കുള്ള പങ്ക് ഭംഗിയായിട്ടഭിനയിക്കണം, തൻെറ ആത്മപ്രഭാവം ഫലപ്രദമാക്കണം, അങ്ങനെ യഥാകാലം ജ്ഞാനത്തിനു പക്വതവന്നു് മോക്ഷം നേടണം. നമുക്ക് പരസ്പരം സൗഹാർദ്ദം സമ്പാദിക്കാം, സഹായിക്കാം, തർക്കമില്ല; എന്നാൽ അമ്മയ്ക്കും കുട്ടിയ്ക്കും പ്രത്യേകം വായും മനസ്സുമുണ്ടു്. അവരുടെ ജീവിതം പ്രത്യേകമാണ്; അവരുടെ അറിവും വ്യത്യസ്തമാണ്.

മോചനത്തിനുള്ള മാർഗ്ഗം മററുള്ളവർക്കു കാട്ടിക്കൊടുക്കുന്ന വിഷമമേറിയ ജോലിയാണ് ഹെർമൻ ഹെസ്സെ ഏററെടുത്തിരിക്കുന്നതു്. അതിൽ വളരെയൊക്കെ വിജയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. വിഷമംപിടിച്ച പ്രശ്നങ്ങൾ ഉന്നയിച്ചു് അദ്ദേഹം നമ്മെക്കൊണ്ടു് അഗാധമായി ചിന്തിപ്പിക്കുന്നു. ആ ബ്രാഹ്മണയുവാവിനു് ബ്രാഹ്മണമതത്തിൽ സംതൃപ്തിവരാത്തതെന്തുകൊണ്ടു്? അവനെന്തുകൊണ്ടു് ബുദ്ധനെപ്പോലും ഗുരുവായി സ്വീകരിക്കുന്നില്ല? അച്ഛനെ പിരിഞ്ഞു് സമാനരുടെക്കൂടെ കൂടി. എന്നിട്ടും എന്തുകൊണ്ടു് സുഖങ്ങളിലും സംസാരത്തിൻെറ വികൃതികളിലും പെട്ടുപോയി? അതിൽനിന്നു മോചനം നേടീട്ടും എന്തിനാണ് തൻെറ പുത്രനെ കീഴടക്കി അവൻെറ ജീവിതം നിയ

ന്തുിക്കാൻ ശ്രമിക്കുന്നതു്? "ഞാൻ" എന്നുള്ളതു നശിക്കുമ്പോഠം "എൻെറ" എന്നുള്ളതു നമ്മെ ഗ്രസിച്ചു് നരകിപ്പിക്കുന്നു. മായയുടെ ഈ അവസാനത്തെ പകർപ്പിൽനിന്നൊഴിഞ്ഞുപോന്നു് എല്ലാം ഏററുവാങ്ങുന്നതായ ശാന്തി സമ്പാദിക്കാൻ ബ്രാഹ്മണപണ്ഡിതനു കടത്തുകാരൻെറ കാല്ക്കൽ ഇരിക്കേണ്ടിവരുന്നു; അവൻ ജ്ഞാനം സമ്പാദിച്ചതാകട്ടേ നദിയെ അവലംബിച്ചും.

ജ്ഞാനം അന്വേഷിച്ചു് നാം എങ്ങോട്ടാണു് പോകേണ്ടതു്? അന്തമില്ലാതെ അത്യധ്വാനം ചെയ്യുകയും അനുസ്മരിക്കുകയും ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നവരുടെ അന്തരാത്മാവിൽ തിളങ്ങുന്ന ഒരു പ്രകാശമല്ലേ അതു്? ആത്മാവിൻെറ ദാരിദ്ര്യം നികത്താനുള്ള ധനം നമ്മുടെ സമീപത്തുതന്നെയുണ്ടു്. അന്വേഷിച്ചു സമ്പാദിക്കാൻ അന്യദിക്കിലേയ്ക്കു പോകേണ്ടതില്ല. നമ്മുടെ വീട്ടിൽ, നമ്മുടെ ഹൃദയത്തിൽ, അതു മൂടിവെച്ചിട്ടുണ്ടു്. എന്നാൽ ഇതുപോലും നമുക്കന്വേഷിച്ചു കണ്ടുപിടിക്കേണ്ടിവന്നിരിക്കുന്നു. ഇതിനും നമുക്കൊരു മതവും മാഗ്ഗവും വേണ്ടിയിരിക്കുന്നു. ഒരു സ്വപ്നത്തെ വിശ്വസിച്ചു്, ഒരു വിദൂരദേശത്തു ചെന്നു് മററു സ്വപ്നങ്ങളുടെ കഥ കേട്ടശേഷമേ വീട്ടിലേയ്ക്കു മടങ്ങിവന്നു് അവിടെ കുഴിച്ചിട്ടിരിക്കുന്ന നിധിയെടുക്കുകയുള്ളു. അപരിചിതനായ ഒരാഠം അങ്ങനെയാണെന്നുള്ളതുകൊണ്ടു് നമുക്കു് ഉപേക്ഷിക്കാൻ സാധ്യമല്ല.

ഹെറസ്സേയെപ്പോലുള്ളൊരു ചിന്തകൻെറ മഹത്തായ സേവനത്തിൻെറ അളവെടുക്കാൻവേണ്ടി ജെമ്മൻ ദാർശനികനായ സിമ്മർക്കു വളരെ പ്രിയപ്പെട്ടതായി രസകരമായിട്ടുള്ള ഒരു കഥ ഉദ്ധരിക്കാം: പോളണ്ടിൻെറ തലസ്ഥാനമായ ക്രാക്കോ നഗരത്തിലെ ജൂതത്തെരുവിൽ റാബി ജെക്കലിൻെറ പുത്രനായ റാബി ഐസാക്കു് എന്നൊരാഠം പാത്തിരുന്നു. അയാഠം വ്രതാനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ള ഒരു ഭക്തനായിരുന്നു. ഒരു രാത്രി റാബി ഐസാക്കു് ഒരു സ്വപ്നം കണ്ടു. വളരെ അകലെ ബോ

ബൊഹേമിയായുടെ തലസ്ഥാനമായ പ്രേഗിൽ രാജഭവനിലേക്കു പോകുന്ന വഴിക്കുള്ള പാലത്തിൻെറ ചുവട്ടിൽ ഒരു നിധി വെച്ചിട്ടുള്ളതു് ചെന്നു കണ്ടുപിടിക്കാനായിരുന്നു സ്വപ്നത്തിലെ നിർദ്ദേശം. റാബിക്കു് അത്ഭുതവും ആഗ്രഹവും തോന്നി. പക്ഷേ, ഉറപ്പു മതിയായില്ല. അയാഠം സ്വപ്നം മറക്കാൻ ശ്രമിച്ചു. എന്നാൽ ആ സ്വപ്നംതന്നെ വീണ്ടും ഉണ്ടായി; ഒരിക്കലല്ലാ, രണ്ടു പ്രാവശ്യം. അതിനി അവഗണിയ്ക്കാൻ സാധ്യമല്ലെന്നായി. അയാഠം പോകാൻ നിശ്ചയിച്ചു്, പ്രേഗിലേയ്ക്കു പുറപ്പെട്ടു.

ആ മഹാനഗരത്തിൽ ചെന്നു് സ്വപ്നത്തിൽ പറയപ്പെട്ട കൊട്ടാരവും പാലവും കണ്ടെത്തി അയാഠം. പക്ഷേ, പാലത്തിൽ രാവും പകലും പാറാവുണ്ടായിരുന്നു. അവനെങ്ങനെ അതിനടിയിലുള്ള നിധിക്കുവേണ്ടി കുഴിയ്ക്കും? അതുകൊണ്ടു് വളരെ ദിവസത്തേയ്ക്കു് അയാഠം രാവിലെ വന്നു് സന്ധ്യയാകുന്നതുവരെ ആ പാലത്തിങ്കൽ കാത്തിരുന്നു നോക്കി. വൃദ്ധൻെറ ഈ അസാധാരണമായ സമ്പ്രദായം കണ്ടു് അത്ഭുതം തോന്നീട്ടു് പാറാവുകാരുടെ തലവൻ അയാളെ സമീപിച്ചു ചോദിച്ചു: "ശ്രീമൻ, എന്താണു് നിങ്ങഠം അന്വേഷിക്കുന്നതു്? വല്ലതും കൈമോശം വന്നിട്ടുണ്ടോ? അതോ, വല്ലവരേയും കാത്തുനിൽക്കുകയാണോ? എന്താണു് നിങ്ങഠം എല്ലാ ദിവസവും ഇങ്ങനെ വന്നുനിന്നു് ചുററും നോക്കി മടങ്ങിപ്പോകുന്നതു്? എന്താണിതിൻെറയൊക്കെ അത്ഥം?"

റാബി ഐസാക്കു് ഒന്നും മറച്ചുവെയ്ക്കാതെ തൻെറ സ്വപ്നത്തിൻെറ കഥ പറഞ്ഞു. നേതാവു് പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "എടോ സാധു, ഒരു സ്വപ്നത്തിൻെറ പേരിലാണോ ഇക്കണ്ട വഴിയൊക്കെ വന്നതു്? ബുദ്ധിയുള്ളവരാരെങ്കിലും ഇങ്ങനെ സ്വപ്നം വിശ്വസിക്കുമോ? എന്തിനു്, ഇങ്ങനെ എനിക്കുതന്നെ ഒരു സ്വപ്നമുണ്ടായി. ഞാൻ അതു് വിശ്വസിക്കത്തക്ക ഭോഷനായിരുന്നെങ്കിൽ, നിങ്ങഠം ചെയ്തതിൻെറ നേരേ വിപരീതമാണു് ചെയ്യേണ്ടതു്. നിങ്ങളുടെ വിഡ്ഢിത്തം നിങ്ങളെ പ്രേഗിലേ

യ്ക്കാണ് നയിച്ചതെങ്കിൽ എന്റെ ഭോഷത്തം എന്നെ ക്രാക്കോവിലേയ്ക്കാണ് നയിക്കേണ്ടതു്. നിങ്ങളുടെ യാത്രപോലെ എല്ലാറ്റേതും പരാജയപ്പെട്ടമായിരുന്നു. എന്റെ സ്വപ്നത്തിന്റെ കഥ പറയാം. നേതാവു് തന്റെ മീശ പിരിച്ചുകൊണ്ടു് പറഞ്ഞു: "ക്രാക്കോവിൽ പോയി റാബി ജെക്കലിന്റെ പുത്രനായ റാബി ഐസാക്കിന്റെ വീട്ടിൽകുഴിച്ചിട്ടിട്ടുള്ള നിധി കണ്ടെത്താനാണു് സ്വപ്നത്തിലെ ശബ്ദം എന്നെ ശാസിച്ചതു്. അടുക്കളയ്ക്കടിയിലുള്ള കല്ല് കുഴിച്ചാലത്രേ ആ നിധി കിട്ടുക. വളരെ നല്ല കാര്യം, അല്ലേ? ഐസാക്ക്, ജെക്കലിന്റെ പുത്രൻ, സംശയമില്ല. ഏതൊരു ജൂതനും ഒന്നുകിൽ ഒരു ഐസാക്ക്, അല്ലെങ്കിൽ ഒരു ജെക്കൽ ആണു്." ക്യാപ്റ്ററൻ വീണ്ടും ചിരിച്ചു.

വിനീതനായ റാബി, വളരെ ശാന്തമായി അതു കേട്ടു് ശിരസ്സുകുനിച്ചു് ക്യാപ്റ്ററനോടു് നന്ദിപറഞ്ഞു് വേഗം വീട്ടിലേയ്ക്കു മടങ്ങി. അയാൾ അടുക്കളയുടെ മൂലയിൽ ശ്രദ്ധിക്കാതെയിട്ടിരുന്ന കോണിൽ കുഴിച്ചപ്പോൾ വലിയൊരു നിധി കണ്ടെത്തി. തന്റെ മുൻഗാമികൾ തനിയ്ക്കുവേണ്ടി സമ്പാദിച്ചുവെച്ചിരുന്നതെല്ലാം ഇപ്പോൾ അയാൾക്കായി എടുത്തുപയോഗിക്കാൻ കിട്ടി. പിന്നെ അയാൾ അല്ലലൊന്നുംകൂടാതെ സുഖമായി ജീവിക്കാൻ തുടങ്ങി; ഒരു പ്രാത്ഥനാമന്ദിരം പണിയിച്ചു് തന്റെ പേരിന്നു പ്രസിദ്ധിവരുത്തി.

ഈ നിധിയാണു് പാശ്ചാത്യദേശത്തും പൗരസ്ത്യദേശത്തും ഏതൊരുവന്റേയും ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്നതു്. അതുണ്ടെന്നു് വിശ്വസിച്ചു്, അതു തേടിപ്പിടിച്ചു്, ഉപയോഗിക്കുക— ഇതാണു് "സിദ്ധാത്ഥൻ" നമ്മെ പഠിപ്പിയ്ക്കാൻ ശ്രമിക്കുന്നതു്. ആ നിധി തേടിപ്പിടിക്കുകയാണു് മതങ്ങളുടെ സാമഞ്ജസ്യം സ്ഥാപിക്കുവാനുള്ള വഴി. നമ്മുടെ യുക്തികൊണ്ടൊരു ചട്ടക്കൂട്ടുണ്ടാക്കി വിവിധമതങ്ങളിലെ തത്വങ്ങൾ അതിൽ ഇണക്കിവെച്ചതുകൊണ്ടു് ഈ സാമഞ്ജസ്യമുണ്ടാക്കാൻ സാധ്യമല്ല. വ്യക്തികൾ തമ്മിൽ സ്ഥിരമായ സൗഹാർദ്ദം പുലരാൻ ഹൃദയങ്ങളുടെ

ഐക്യം ആവശ്യമാണെങ്കിൽ, സാമഞ്ജസ്യത്തിനുവേണ്ടി ശ്രമി ക്കുന്നതിനുമുമ്പായി എല്ലാ മതങ്ങളുടേയും ഹൃദയത്തിൽ ഒളിഞ്ഞു കിടക്കുന്ന സത്യം നാം കണ്ടെത്തേണ്ടതല്ലേ?

എന്നാൽ, മററുതരത്തിലുള്ള വിജ്ഞാനങ്ങൾപോലെ എളു പ്പത്തിൽ സമ്പാദിക്കാവുന്നതല്ല ഈ ഒളിഞ്ഞുകിടക്കുന്ന ജ്ഞാനം. അതു് പ്രതിഫലിപ്പിക്കാൻ ലോകത്തിലെ മതഗ്രന്ഥങ്ങളെല്ലാം അത്യദ്ധ്വാനം ചെയ്യുന്നുണ്ടു്. കേനോപനിഷത്തിൽ പരാശക്തി യെ വർണ്ണിക്കുന്നതിങ്ങിനെയാണു്: "മനസ്സിനു് സങ്കല്പിക്കാൻ സാധിക്കാത്തതും, യാതൊന്നിൽനിന്നു് മനസ്സിനു സങ്കല്പശക്തി സിദ്ധിക്കുന്നതും." പരിശുദ്ധ ഖുറാനിലും അതുതന്നെ പറയുന്നു. "യാതൊരുവനിൽനിന്നു കാഴ്ചയ്ക്കുള്ള ശക്തി വരുന്നു; യാതൊരു വനെ നമുക്കു കാണാൻ കഴിയുന്നില്ല." പിന്നെ എന്താണു് ഈ വേദോക്തികൾകൊണ്ടു പ്രയോജനം? ഈ ചോദ്യവും കണ്ടറി ഞ്ഞു് കേനോപനിഷത്തു മറുപടി നല്കുന്നു: "എനിക്കതു നല്ല വണ്ണമറിയാമെന്നു് ഞാൻ കരുതുന്നില്ല. എങ്കിലും അതെനിക്കറി യാത്തതല്ലെന്നു് എനിക്കറിയാം. അറിയാത്തതല്ലാതെയും അറി യുന്നതും ആയി കാണുന്നവൻ അതു് കാണുന്നു."

ഒരു മങ്ങിയ രൂപത്തിൽ മാത്രം നമുക്കറിവുള്ള ഈ പരമര ഹസ്യം "സിദ്ധാർത്ഥൻ" നമുക്കു വിശദമാക്കിത്തരാൻ ശ്രമിക്കു ന്നു. അതു് അറിയാത്തതല്ലാത്തതിനാൽ പൂർണ്ണമായി ബോ ദ്ധ്യപ്പെടുന്നതിനു മുമ്പുതന്നെ നമ്മെ ആന്തരമായി നാനാപ്രകാ രേണ അതന്വേഷിക്കുവാൻ പ്രേരിപ്പിക്കുകയാണു്; വരുന്നതുവ രെ മിണ്ടാതിരിക്കാൻ അനുവദിക്കുന്നില്ല. നാം കേട്ടതും വായി ച്ചതും നമ്മുടെ വിശപ്പടക്കുന്നു. നമ്മുടെ പ്രവൃത്തികളും വിചാര ങ്ങളും താല്ക്കാലികമായി തൃപ്തിനല്കുന്നുണ്ടെങ്കിലും വിശപ്പിന്റെ തീയ്ക്കു ധാരാളം വിറകു വേണ്ടിവരുന്നു. ഇങ്ങനെ, ദിവസംപ്ര തി, കർമ്മവും ചിന്തയും തമ്മിൽ പൊരുത്തപ്പെടുത്തുന്ന ശക്തി കൂടുതൽ ബലവത്തും വിശദവുമായിത്തീന്നു് ഒടുവിൽ അതൊരു

തണുത്ത വെളിച്ചമായി ഉറച്ചു പ്രകാശിക്കുന്നു. അവസാനം, നമ്മുടെ അനുഭവങ്ങളെല്ലാം ഈ പരമസത്യത്തിൻെറ വികൃതങ്ങളായ പ്രതിഫലനങ്ങളാണെന്നു് നമുക്കു ബോധ്യപ്പെടുന്നു. അതു് 'ബോധ്യപ്പെട്ടു'കഴിഞ്ഞാലുള്ള നില ഇതാണു്.

വിജ്ഞാനത്തിനു വേണ്ടിയുള്ള സിദ്ധാൎത്ഥൻെറ വിശപ്പോടുകൂടി ആരംഭിക്കുന്നതും ജ്ഞാനത്തിൻെറ പൂൎത്തിയിലും സംതൃപ്തിയിലും അവസാനിക്കുന്നതുമായ ദീൎഘയാത്രയുടെ ചരിത്രമാണു് ഈ കഥ. കഥാരംഭത്തിൽ അദ്ദേഹത്തെ ഉണൎത്തുന്നതെന്തോ അതു് അവസാനത്തിലെത്തുമ്പോഠം ഒരു ഉറച്ച വെളിച്ചം ഉള്ളിൽ ഉളവാക്കുന്നു. അതിനു് പിന്നെ വിറകാവശ്യമില്ല; ഇളക്കവും വേണ്ട. ആ നല്ല മനുഷ്യൻ കത്തിക്കഴിഞ്ഞ കല്ക്കരിച്ചാരംപോലെയാണിപ്പോഠം; എല്ലാ തത്വങ്ങളും കത്തിജ്ജ്വലിച്ചു് ശുദ്ധമായ ഭസ്മം മാത്രം അവശേഷിച്ചിരിക്കയാണു്.

തെളിയിക്കേണ്ടതില്ലെന്നു വന്നാൽത്തന്നെ, സിദ്ധാൎത്ഥൻ എത്തിച്ചേൎന്ന യാഥാൎത്ഥ്യമാണു് പരമജ്ഞാനമെന്നും നിൎവ്വാണമെന്നും നാമെങ്ങനെ ഉറപ്പിയ്ക്കും? അതിലെത്തിച്ചേരാൻ എന്തെങ്കിലുമൊക്കെ വിലയില്ലാത്തതെന്ന നിലയിൽ വിസ്മരിക്കയോ, അയഥാൎത്ഥമെന്നു വിലക്കുകയോ, ലജ്ജാകരമെന്നുവെച്ചു മറയ്ക്കുകയോ ചെയ്യാൻ ഒരുവൻ നിൎബ്ബന്ധിയ്ക്കപ്പെടുന്നെങ്കിൽ, അതിനകത്തു് തിന്മയ്ക്കും ദുഃഖത്തിനും ആഗ്രഹത്തിനും തളൎച്ചയ്ക്കും വെറുപ്പിനും സ്വാൎത്ഥതയ്ക്കും സ്ഥാനമില്ലെങ്കിൽ, അതു കേവലം സങ്കല്പമാണു്; അപൂൎണ്ണവും ഫലശൂന്യവുമാണു്; പൂൎണ്ണമായുള്ള സത്യമല്ല. കണ്ണടച്ചു സമാധിയിലിരിക്കുന്നേടത്തോളംനേരം സ്വസ്ഥത ലഭിച്ചതുകൊണ്ടു മതിയാകുമോ? പിന്നീടു് കണ്ണുതുറക്കുമ്പോഠം എന്തുണ്ടാകുന്നു? മററുള്ളവർ കാണുന്നതെല്ലാം സ്വയം കാണുകയും തന്നിൽ കണ്ടെത്തിയ സത്യം എല്ലാററിലും കാണുകയും ചെയ്യുമ്പോഴാണു് വിജ്ഞാനത്തിൻെറ കണ്ണു തുറക്കുന്നതു്. അങ്ങിനെയുള്ളവനു മാത്രമേ വെളിച്ചത്തോടൊപ്പം ഇരുട്ടും, നന്മയോടൊപ്പം

തിന്മയും, സന്തുഷ്ടിയോടൊപ്പം സന്താപവും, ജീവിതത്തോടൊപ്പം മരണവും കൈക്കൊള്ളാൻ കരുത്തുണ്ടാകയുള്ളു.

കൃഷ്ണൻ അജ്ജുനനോടു് പറയുന്നു: "ഞാൻ നിനക്കു് ദിവ്യചക്ഷുസ്സു നല്കീട്ടുണ്ടു്. എല്ലാ ലോകങ്ങളേയും വീക്ഷിക്കുക. ഭൂതവത്തമാനഭാവികളായ എല്ലാ കാലങ്ങളേയും വീക്ഷിക്കുക." അങ്ങനെ പല ഭയങ്കരമായ കാഴ്ചകളും കാണുന്നു. എന്നാൽ എല്ലാററിലും പരമാത്മാവിൻെറ ചൈതന്യവും കാണുന്നുവെന്നത്രേ ഗീതയിൽ പറയുന്നതു്. ഇതുപോലെതന്നെ ഒരു പ്രാപഞ്ചിക വീക്ഷണത്തെപ്പററി (പുസ്തകത്തിൻെറ അവസാനഭാഗത്തു്) ഇവിടേയും വണ്ണിച്ചിരിക്കുന്നു.

അദൃശ്യമായ ഒരു യാഥാത്ഥ്യത്തിൽ വിശ്വസിക്കുന്നവർ അതു് എവിടേയും എപ്പോഴും ഏതു വസ്തുവിലും വേർതിരിച്ചെടുക്കാൻ പററാത്തവിധം, അവയുടെ നിശ്ശബ്ദതയിലും മന്ദഹാസത്തിലും, സ്ഥിതിചെയ്യുന്നതായി കാണണം. "അതു് (പരമാത്മാവു്) സമ്പൂണ്ണമാണു്, ഇതു് (സൃഷ്ടിജാലങ്ങൾ) സമ്പൂണ്ണമാണു്. സമ്പൂണ്ണതയിൽനിന്നു സമ്പൂണ്ണത എടുക്കപ്പെടുന്നു; എന്നിട്ടും അവശേഷിക്കുന്നതു പൂണ്ണമാണു്." ഈ സത്യമാണു്, ആഖ്യാനത്തിൽക്കൂടി, നിഴലുകളിൽക്കൂടി, പ്രത്യക്ഷശിക്ഷണത്തിൽക്കൂടി, ഈ കഥ നമ്മെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നതു്.

ഒരു യൂറോപ്യൻ ഗ്രന്ഥകാരൻെറ കല്പനയാണെന്നു പറഞ്ഞു കാണുന്നതും 'കേവലം വേദാന്തം'മാത്രമെന്നു പറയുന്നതും ശരിയല്ല. ബുദ്ധൻെറ കാലത്തെ ഇന്ത്യയെ വിഷയമാക്കി ഈ കഥയിൽക്കൂടി വേദാന്തജ്ഞാനം പ്രചരിപ്പിക്കുകയാണു് തൻെറ ലക്ഷ്യമെന്നു് ഗ്രന്ഥകാരൻ പ്രഖ്യാപിക്കുന്നുണ്ടു്. മാത്രമല്ല, കഥാനായകൻ ധ്യാനത്തിലും ഹോമാദികമ്മങ്ങളിലും തൻെറ വർഗ്ഗത്തിൽപ്പെട്ടവക്കുള്ള തത്വങ്ങളിലും പരിശീലനം സിദ്ധിച്ച ഒരു ബ്രാഹ്മണയുവാവും. എന്തിനാണു് ഗ്രന്ഥകാരൻ അദ്ദേഹത്തിനു സിദ്ധാത്ഥൻ എന്നു പേരിട്ടതു്? അതു ബുദ്ധൻെറ ബോ

ധോദയത്തിനുമുമ്പുള്ള പേരല്ലേ? എന്നാൽ, ഇവിടെ സിദ്ധാർത്ഥനും ബുദ്ധനും രണ്ടു പേരാണു്; എന്നല്ലാ, ബുദ്ധനെസ്സമീപിച്ചു് ഉപദേശങ്ങൾ കേട്ടിട്ടും സിദ്ധാർത്ഥൻ അദ്ദേഹത്തെ പിന്തുടരാൻ കൂട്ടാക്കുന്നില്ല. ഒരു സന്ദർഭത്തിൽ താൻ ബുദ്ധനെപ്പോലെയാണെന്നു് സിദ്ധാർത്ഥനു തോന്നുന്നു. ബുദ്ധന്റെ ശിഷ്യനെന്നു സ്വയം കരുതുന്ന ഗോവിന്ദൻ സിദ്ധാർത്ഥനെ കാണുമ്പോഴെല്ലാം തന്റെ ഗുരുവിനെ ഓർക്കുന്നു. പരമാർത്ഥം ഇതാണു്: ബോധോദയാനുഭവം തന്നെയാണു് വേദാന്തികളുടെ ഭാഷയിൽ മോക്ഷം എന്നു പറയപ്പെടുന്നതു്.

ഈ ആത്മീയാനുഭവം തത്വമായിത്തീരുമ്പോൾ അതിനു പല രൂപങ്ങളുമുണ്ടാകുന്നു. അനുഭവത്തിനും തത്വങ്ങൾക്കും തമ്മിലുള്ള ബന്ധം സംഗീതവും സാഹിത്യവും തമ്മിലുള്ള ബന്ധം പോലെയാണു്. വാക്കുകൾക്കു് ഒരേസമയത്തുതന്നെ പരസ്പരവിരുദ്ധങ്ങളായ രണ്ടർത്ഥങ്ങൾ കണ്ടെത്താം. "ഒന്നിനേയും സ്നേഹിക്കരുതു്"—"സ്നേഹം ആദ്യത്തേതും അവസാനത്തേതുമാണു്" —ഭിന്നങ്ങളായ വാക്കുകൾ ഒരേ ഗാനത്തിന്നിണക്കിയതാണിവ. അതുപോലെത്തന്നെയാണു് സംസാരവും നിർവ്വാണവും, ബന്ധനവും മോചനവും. വാക്കുകൾ വിചാരത്തിലേക്കും വിഭജനത്തിലേക്കും നയിക്കപ്പെടുന്നു. അതുകൊണ്ടു് ഒരാൾ എത്രയും ഉറപ്പോടെ തന്നെ ഒരാശയം കൊണ്ടുവന്നുകൊള്ളട്ടെ, അതെത്ര നന്നായാലും ഉൽകൃഷ്ടമായാലും വിരോധമില്ല, അയാളുടെ ആദ്ധ്യാത്മികപുരോഗതിക്കതു പ്രതിബന്ധമായിത്തീരുന്നു; ഏററവും ഉൽകൃഷ്ടമായ അനുഭവം അതോടെ അയാൾക്കു നഷ്ടപ്പെടുന്നു. നമുക്കു മററൊന്നിനോടു ബന്ധമുള്ളേടത്തോളം കാലം സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗം നമ്മുടെ വസതിയായിത്തീരുക സാദ്ധ്യമല്ല. ഇക്കാര്യത്തിൽ, കടത്തുകാരനായ വാസുദേവൻ ഗോവിന്ദനു പ്രതികൂലനാണു്. വളരെ പ്രധാനമായൊരു സത്യം അയാൾ വിവരിക്കുന്നുണ്ടു്. അതു ഹെസ്സെ നമ്മളെ പഠിപ്പിക്കണമെന്നും ആഗ്രഹിക്കുന്നു. "പ്രസംഗത്തിലോ ചിന്തയിലോ എനിക്കു വൈദഗ്ദ്ധ്യമില്ല. എനിക്കു

സാധിക്കുന്നതു്, ശ്രദ്ധിക്കുവാനും വിനീതനായി അനുസരിക്കുവാനും മാത്രമാണു്". തന്നെപ്പററി ഈ മട്ടിൽ വിശദീകരിച്ചിട്ടു് അയാഠം സിദ്ധാൎത്ഥനോടു് ഉപദേശിക്കുന്നു: "നദിയിൽ മുങ്ങിനോക്കുന്നതു നല്ലതാണു്. ഊളിയിട്ടുപോയി ആഴം കണ്ടെത്തണം. ആഴം അന്വേഷിക്കുന്നവർ ഐക്യതത്വം പ്രാപിക്കുന്നു."

നമ്മുടെ ഹൃദയത്തിൻെറ അഗാധതയിൽ തിളങ്ങുന്ന ശക്തി ഛിന്നിച്ചിതറിക്കിടക്കുന്നതല്ല. അതു മനസ്സിൻെറ ഒരു നിൎമ്മാണമായി പുറത്തുവരുമ്പോഠം, ഏതാനും വാക്കുകളായിട്ടിറങ്ങുമ്പോഠം, വേർതിരിയുന്നു. അങ്ങനെ ലോകത്തെ വിഭജിക്കയും ചെയ്യുന്നു. വാക്കുകളുടെ ഈ ദൌർബ്ബല്യം മനസ്സിലാക്കാൻ കഴിയാത്ത ഗോവിന്ദൻ ലോകമെല്ലാം അലഞ്ഞുനടന്നു് കണ്ടവരോടൊക്കെ ചോദിക്കയാണു്: "എന്താണു് നിങ്ങളുടെ തീരുമാനം? എന്താണു് നിങ്ങളുടെ തത്വം? എന്താണു് നിങ്ങളുടെ ഉപദേശം?" അതുകൊണ്ടു് സിദ്ധാൎത്ഥനു ഗോവിന്ദനെ പിരിയേണ്ടിവന്നു. വാസുദേവനെ തൻെറ ഗുരുവായി സ്വീകരിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നു. ബുദ്ധനെ പിരിഞ്ഞുപോരുമ്പോഠം അദ്ദേഹം പറയുന്നു, "മനുഷ്യരിൽ വെച്ചു് ഏററവും ഉൽകൃഷ്ടനാണങ്ങുന്നു്—സംശയമില്ല. ഏററവും ഉൽകൃഷ്ടമായ ഉപദേശവും അങ്ങയുടേതുതന്നെ. അങ്ങയുടെ അനുഭവത്തിൽ അതു നിഴലിക്കുന്നുമുണ്ടു്. എനിക്കും ആ അനുഭവം ഉണ്ടാകുന്നതുവരെ അങ്ങയുടെ വാക്കുകഠം സ്വീകരിച്ചതുകൊണ്ടെന്തു പ്രയോജനം? ഞാൻ ആ അനുഭവം അന്വേഷിച്ചുപോകയാണു്." ഒടുവിൽ, സിദ്ധാൎത്ഥനും, വാസുദേവൻെറ സഹായത്തോടുകൂടി, തന്നിലേക്കുതന്നെ ആണ്ടുപോയി, അനുഭവത്തിൻെറ തറയിൽ എത്തിച്ചേരുന്നു.

ഈ രണ്ടു സ്ഥിതികഠക്കിടയിൽ, അസംതൃപ്തിയുടേയും സംതൃപ്തിയുടേയും ഇടയിൽ, സിദ്ധാൎത്ഥൻെറ ജീവിതത്തിൽ ചില ഉപകഥകളുണ്ടാകുന്നു. അവ ആൽകത്മോൽഷത്തിനു സഹായകമാണോ? ആത്മാനുഭവങ്ങഠക്കു വെമ്പൽകൊള്ളുന്ന ഒരാഠം ഇന്ദ്രിയങ്ങളുടെ സുഖത്തിനും സംഗബോധത്തിനും

വേണ്ടി ശ്രമിക്കുന്ന കഥകളുടെ ആന്തരലക്ഷ്യമെന്തു്? സമാനനായിരുന്ന സിദ്ധാൎത്ഥൻ ഒരു വേശ്യയുടെ സ്നേഹത്തിൽ നിമഗ്നനായിത്തീരുന്നു; ബദ്ധപ്പെട്ടു പണം സമ്പാദിക്കുന്നു; ചൂതുകളിയിൽ ഭ്രാന്തുമുഴുക്കുന്നു. തപസ്സു പരിശീലിച്ച ഒരാൾ എങ്ങനെ ഇത്രയധികം പാപം ചെയ്യുന്നു? ഇതിനുത്തരം കാണുവാൻ സിദ്ധാൎത്ഥന്റെ അതുവരേയുള്ള തപസ്സിന്റെ സ്വഭാവം പരിശോധിക്കേണ്ടിയിരിക്കുന്നു. മനസ്സു് ഏകാഗ്രമാക്കാൻ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം ശീലിച്ചിരുന്നു. തന്റെ മനസ്സിന്റെ ശക്തിവളൎത്തി, അതു് ഇച്ഛാനുസരണം പ്രവൎത്തിക്കുമാറാക്കി. ശപഥങ്ങൾ പിഴയ്ക്കാതിരിക്കത്തക്കവണ്ണം നിശ്ചയങ്ങളെ ബലപ്പെടുത്തി. ഇതുപോലെതന്നെ ആത്മദൎശനത്തിനായി ഉറച്ച നിശ്ചയത്തോടെ പെരുമാറി. ഈ നിശ്ചയദാൎഢ്യത്തിന്റെ പരിശീലനവും മനസ്സു് അചഞ്ചലമായി നദിയുടെ ശബ്ദം ശ്രവിച്ചുകൊണ്ടിരിക്കുന്ന ഘട്ടവും തമ്മിൽ എന്തൊരന്തരമാണു്!

പാപങ്ങളാണു് ഇത്രയും ദൂരം നയിക്കുന്നതു്. അതെങ്ങനെ? സംസാരസാഗരത്തിൽ വിഹരിക്കുമ്പോഴും അദ്ദേഹം അതിൽ മുങ്ങിപ്പോകുന്നില്ല. അദ്ദേഹത്തിന്റെ അന്തരാത്മാവിലുള്ള എന്തോ ഒന്നു് അകന്നുനിന്നു പിറുപിറുക്കുകയാണു്: "ഞാൻ മനസ്സിന്റെ വിചാരങ്ങളിലും വൃത്തികളിലുംനിന്നു വ്യത്യസ്തനാണു്." ഇതിനു 'സാക്ഷിഭാവം' എന്നു പറയുന്നു. സുഖത്തിലും സമ്പത്തിലും മുഴുകിയിരുന്നപ്പോഴും എന്തോ ഒന്നു് കീഴ്പ്പോട്ടു പോകാൻ കൂട്ടാക്കാതെ എല്ലാം ഉററുനോക്കിക്കൊണ്ടങ്ങനെ നില്ക്കുന്നു. കീഴടങ്ങാറായപ്പോൾ, "ഇനി മോചനമില്ല, ഞാൻ നല്ലതിനുവേണ്ടി ഗ്രസ്തനായിരിക്കുന്നു", എന്നിങ്ങനെ ആന്തരപ്രകാശം മായാവലയത്തിൽ കുടുങ്ങി പുറത്തേക്കു കടക്കുകയാണു് ചെയ്യുന്നതു്. ഇതും നിശ്ചയദാൎഢ്യത്തിന്റെ സമ്മതമാണോ? അല്ല. ഇതുവരെ സാക്ഷിയുടെ മട്ടിൽ എല്ലാം നോക്കിക്കണ്ടിരുന്ന ആത്മാവിന്റെ സ്വയം സംതൃപ്തിയടയലാണു് ഇതു്. ആത്മാവിന്റെ സ്വാഭാവികമായ വികസനമാണിതു്, സഹജ

ഭാവം, നൈസർഗ്ഗികത്വം. തപസ്സു ചെയ്തും നന്മ സമ്പാദിച്ചും വൎത്തിച്ചിരുന്ന സുബോധമനസ്സിൻെറ പൊട്ടിത്തെറിക്കൽ നിലച്ചു. സ്നിശ്ധത കീഴ്പ്പോട്ടിറങ്ങിവന്നു. വൃഷ്ടിക്കുമുമ്പുള്ള വരൾച്ച, സ്നിശ്ധതയുടെ അധോഗതിക്കുമുമ്പുള്ള പാപതൃഷ്ണ. ഇതുവരെ സിദ്ധാൎത്ഥൻ ഒരു ബ്രാഹ്മണരാക്ഷസനെപ്പോലെയായിരുന്നു; തൻെറ ശക്തി വികസിപ്പിച്ചുവെങ്കിലും അദ്ദേഹത്തിനു സ്വാസ്ഥത ലഭിച്ചില്ല. ഇപ്പോഴാകട്ടെ ശാശ്വതമായ ബാല്യത്തിലേക്കുള്ള പുനർജ്ജന്മമാണുണ്ടായതു്. യാഥാൎത്ഥ്യങ്ങളുടെ മാധുൎയ്യത്താൽ ആകൃഷ്ടനായി അവയെല്ലാം ആസ്വദിച്ചു സുഖിക്കുന്നതാണു് ജീവിതമെന്നു ധരിച്ചു് പ്രവൎത്തിച്ചു് അതിൻെറ അന്തംവരെ ചെല്ലുന്നു. നന്മതിന്മകളുടെ വിറകുകത്തിച്ചുണ്ടാക്കിയ തീയ്യു് ഇതാ, കെട്ടിരിക്കുന്നു; സുബോധമനസ്സു് കത്തിച്ചാമ്പലായ ഒരു കയറാണു്. എന്നാൽ, പരിശുദ്ധമനുഷ്യൻ പാപവും തിന്മയും മറക്കുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതില്ല.

സിദ്ധാൎത്ഥനു ബോദ്ധ്യപ്പെട്ടതു പരമമായ സത്യമാണെന്നു തെളിയിക്കാൻ ഇതിലപ്പുറം എന്തുവേണം? കഥയുടെ ആദ്യഘട്ടത്തിൽ താല്ക്കാലികമായിമാത്രം ലോകത്തെ മറക്കാൻ സഹായിക്കുന്നതെന്നും പറഞ്ഞു് സിദ്ധാൎത്ഥൻ സമാധിയുപേക്ഷിച്ചു. ഇപ്പോൾ സിദ്ധിച്ചിരിക്കുന്നതു യഥാൎത്ഥജ്ഞാനമാണു്. അതു് എന്നെന്നേക്കുമായുള്ള ഉദ്ബുദ്ധതയാണു്. ആരംഭത്തിൽ ഓങ്കാരം ധ്യാനത്തിനും ഏകാഗ്രചിത്തവൃത്തിക്കും ഒരു സഹായോപാധിയായിരുന്നു. യാത്രയുടെ അവസാനമാകുമ്പോഴേയ്ക്കും എല്ലാ ശബ്ദങ്ങളും പ്രണവത്തിൽ ലയിക്കുന്നു; എല്ലാ വസ്തുക്കളിലും അതിൻെറ സംഗീതം കാണുന്നു. ഇതാണു് സിദ്ധാൎത്ഥൻ വീക്ഷിക്കുന്നതു്. "ലോകം ലോകം തന്നെ; എന്നാൽ അതു ബ്രഹ്മവും കൂടിയാണു്." "ഈ പ്രപഞ്ചം മുഴുവൻ മായയാണു്" എന്ന വിചാരം സുബോധമനസ്സിൻെറ വ്യാപാരമാണു്. അതാകട്ടെ, മായയുടെ സൃഷ്ടിയും. സമൂലാനുഭവം സാധിക്കാൻ മനസ്സിനെ വിചാരങ്ങൾകൊണ്ടു ബന്ധിച്ചു് ഒരായിരം വസ്തുക്ക

ളിൽ പ്രതിപത്തി ജനിപ്പിക്കേണ്ടതുണ്ടോ? വാസുദേവൻ വിജ്ഞാനം സമ്പാദിച്ചതു് ഒരു നദിയുടെ വിവിധശബ്ദങ്ങളെ ശാന്തമായി ശ്രദ്ധിച്ചിട്ടാണു്. ഒടുവിൽ, ആ ശബ്ദം മററു പല ശബ്ദങ്ങളിലും കേൾക്കാൻ അയാൾ പഠിച്ചു. അവയെല്ലാം ഇണങ്ങിച്ചേരുന്നതും കേൾക്കാൻ കഴിഞ്ഞു.

"ഭാരതീയദർശനങ്ങൾ" എന്ന തൻെറ വിശിഷ്ടകൃതിയിൽ സിമ്മർ പറയുന്നു: "അപഗ്രഥനത്തിൻെറ പരിണാമത്തിലെത്തുമ്പോൾ ഭാരതീയമതവിശ്വാസം ഒരു പ്രത്യേകവിജ്ഞാനമണ്ഡലത്തിൽ മാത്രമായി കുടുങ്ങിനില്ക്കുന്നില്ല. അഭിപ്രായങ്ങളെ വകതിരിച്ചു് നിർവ്വചിക്കാനും സാധ്യമല്ല. എന്തുകൊണ്ടെന്നാൽ, അതിൻെറ ജീവൻ യഥാർത്ഥമഹർഷിമാരുടെ മോക്ഷത്തിലാണു് സ്ഥിതിചെയ്യുന്നതു്. അങ്ങനെയുള്ളവരാണു് പത്തൊമ്പതാം നൂററാണ്ടിലെ (1836-86) രാമകൃഷ്ണനും ഈ നൂററാണ്ടിലെ രമണ (1879-1950) നും. വിഭിന്നരീതിയിലുള്ള വാചാമഗോചരങ്ങളായ സന്ദേശങ്ങളെ ഈ പരമഹംസന്മാർ ഭാരതത്തിൽ എല്ലായിടത്തും ഉപദേശദ്വാരേണ പഠിപ്പിച്ചു് അവസാനിക്കാത്തവിധം നവീകരിച്ചിട്ടുണ്ടു്; ദാർശനികന്മാർ അതു് വകതിരിച്ചു കാണിക്കുകയും അധികാരികൾ അതിനെ അതിക്രമിച്ചു കടക്കുകയും ചെയ്യുന്നു.

ചരിത്രത്തിന്നു പരിചയപ്പെട്ട ഈ പരമഹംസന്മാർക്കു ചുററും മഠങ്ങളും പള്ളികളും പ്രചരണസംരംഭങ്ങളും ഉയൎന്നുവരുന്നു. 'എൻെറ ഗുരു', 'നിൻെറ ഗുരു' എന്നും പറഞ്ഞു് അഭിപ്രായവ്യത്യാസങ്ങളും അർത്ഥശൂന്യങ്ങളായ മത്സരങ്ങളും മുഴക്കുന്നു. എന്നാൽ അനുഭവസ്ഥനായ മനുഷ്യൻ ഒരു കല്പിതകഥയിലെ നായകനാണെന്നുവന്നാൽ അനുവാചകനു് നിഴലിൻെറ ശല്യംകൂടാതെ വെളിച്ചം ദർശിയ്ക്കാൻ ഭാഗ്യം സിദ്ധിക്കും.

നമ്മുടെ മഹർഷിമാരുടെ പരിചയപ്പെട്ട അനുഭവം തന്നെയാണു് എല്ലാ മതങ്ങളിലേയും സത്യമെന്നു് പാശ്ചാത്യചിന്ത

കന്മാർ സമ്മതിച്ചു് അപഗ്രഥിച്ചുകാണിച്ചിട്ടുണ്ടു്. ഭാവനാസമ്പന്നരായ ഹെസ്സെയെപ്പോലുള്ള എഴുത്തുകാർ അതു വിവരിക്കുവാൻകൂടി ധൈര്യപ്പെടുന്നു. "പൗരസ്ത്യയാത്ര" (The Journey to the East) യെ ഉല്ലാദിപ്പിച്ച ആന്തരമായ വെളിച്ചം നാലു കൊല്ലത്തിനുശേഷം വിശദമായി പ്രകാശിക്കുകയും, അചഞ്ചലമായി ആളിക്കത്തുകയും ചെയ്തിരിക്കുന്നു, സിദ്ധാർത്ഥനിൽ.

മൂടിക്കിടക്കുന്ന നമ്മുടെ നിധി, അതെ, പരമാനന്ദം, അന്വേഷിച്ചു കണ്ടെത്തിപ്പിടിക്കാനുള്ള മാർഗ്ഗം ചൂണ്ടിക്കാട്ടുന്ന ഈ കഥയ്ക്കു് ഒരു അപസർപ്പകകഥയുടെ ആകർഷകത്വമെല്ലാം കൈവന്നിട്ടുണ്ടു്.

*　　　*　　　*　　　*

നല്ല പുസ്തകങ്ങൾ ചുരുങ്ങിയ വിലയ്ക്കു് വില്ക്കത്തക്കവണ്ണം പ്രസിദ്ധീകരിക്കാൻ സഹായിക്കുന്ന "സതേൺ ലാങ്ഗ്വേജസ് ബുക്ക്ട്രസ്റ്റി"നോടു് നാം കടപ്പെട്ടവരാണ്. നാം ആയിരക്കണക്കിനു് ഈ തർജ്ജിമ വാങ്ങി വായിക്കുകയാണെങ്കിൽ നമുക്കു് ആ കടം വീട്ടാം. മാത്രമല്ലാ, നമ്മുടെ പല കുറവുകളും പരിഹരിച്ചു് സ്വയം പരിവർത്തനം നേടാം. നമ്മുടെ മാർഗ്ഗവും ലക്ഷ്യവുമായ മോചനത്തിനുള്ള താല്പര്യവും അതുവഴി സമ്പാദിക്കാം

—കെ. സ്വാമിനാഥൻ

UNIVERSITY LIBRARY
13 AUG 1964
MADRAS

# 1. ബ്രാഹ്മണപുത്രൻ

വീട്ടിനകത്തും പുഴവക്കത്തു വഞ്ചികളുടെ സമീപം വെയിലത്തും, കുററിക്കാട്ടിൽ പച്ചിലച്ചാർത്തിനിടയിലും മരത്തിൻെറ തണലിലുമായി ആ സുന്ദരനായ ബ്രാഹ്മണപുത്രൻ സിദ്ധാർത്ഥനും അവൻെറ ചങ്ങാതി ഗോവിന്ദനും വളൎന്നുവന്നു. നദിയിൽ മംഗളസ്നാനം ചെയ്യുമ്പോഠം സൂര്യൻ സുവൎണ്ണകരങ്ങഠംകൊണ്ടു് അവൻെറ തോളിൽ തലോടി നിറംപിടിപ്പിക്കും. അമ്മ പാടുമ്പോഴും, അച്ഛൻ അവനെ പഠിപ്പിക്കുമ്പോഴും, അഭിജ്ഞരോടൊന്നിച്ചു വൎത്തിക്കുമ്പോഴും, മാന്തോപ്പിൽ അവൻ കളിക്കുമ്പോഴും, എല്ലായ്പോഴും അസ്പഷ്ടങ്ങളായ പല രൂപങ്ങളും അവൻെറ കൺമുമ്പിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. പണ്ഡിതന്മാരുടെ സംഭാഷണങ്ങളിൽ സിദ്ധാർത്ഥൻ ധാരാളം പങ്കെടുക്കാൻ തുടങ്ങിയിരുന്നു; ഗോവിന്ദനുമായി വാദപ്രതിവാദം ചെയ്യുകയും, അവനോടൊന്നിച്ചു ജപവും ധ്യാനവും പരിശീലിക്കുകയും പതിവായിരുന്നു. അചഞ്ചലനായിട്ടിരുന്നു് ഓങ്കാരം ജപിക്കാൻ അവനറിയാം. ശ്വാസം അകത്തേയ്ക്കു വലിക്കുമ്പോഴും പുറത്തേയ്ക്കു വിടുമ്പോഴും പരമാത്മാവിൻെറ പ്രകാശം നെററിത്തടത്തിൽ പ്രസരിക്കുമാറു് ഓങ്കാരം ഉച്ചരിക്കാറുണ്ടു്. അഭംഗുരവും വിശ്വവ്യാപകവുമായ ആത്മാവു് തന്നിലും അന്തൎല്ലയിച്ചിട്ടുണ്ടെന്നു് അവൻ കരുതി.

മകൻെറ ബുദ്ധിവൈഭവവും വിജ്ഞാനതൃഷ്ണയും കണ്ടു് അച്ഛനു് ആഹ്ലാദം തോന്നി. അവൻ മഹാപണ്ഡിതനും വൈദികനും ബ്രാഹ്മണശ്രേഷ്ഠനുമായി വളൎന്നുവരുന്നതു് അദ്ദേഹം സങ്കല്പത്തിൽ കണ്ടു.

മകൻ നടക്കുമ്പോഴും ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും, അമ്മ അഭിമാനംകൊണ്ടു പുളകിതയാവും. സിദ്ധാൎത്ഥൻെറ കായബലം, സൗന്ദൎയ്യം, അവയവങ്ങളുടെ ഒതുക്കം എന്നിവ അത്രമാത്രം ആകൎഷകമായി അവർ കണ്ടു.

തെരുവിൽക്കൂടി നടന്നുപോകുന്ന സിദ്ധാൎത്ഥൻെറ വിശാലമായ നെററിത്തടവും, രാജകീയലോചനങ്ങളും ആകാരസൗഷ്ഠവവും കാണുമ്പോൾ ബ്രാഹ്മണയുവതികളുടെ ഹൃദയത്തിൽ പ്രേമം കിളിൎക്കും.

ചങ്ങാതിയും ബ്രാഹ്മണപുത്രനുമായ ഗോവിന്ദൻ മററുള്ളവരേക്കാൾ സിദ്ധാൎത്ഥനെ സ്നേഹിച്ചിരുന്നു. ആ കണ്ണുകളും ശുദ്ധമായ ശബ്ദവും അവനു് ഇഷ്ടമാണു്. ആ നടത്തം, ആ ഭംഗിയുള്ള അംഗചലനം എന്നു വേണ്ട, സിദ്ധാൎത്ഥൻ ചെയ്യുന്നതും പറയുന്നതും എല്ലാം, അവനിഷ്ടപ്പെട്ടു. സൎവ്വോപരി, അവൻെറ ബുദ്ധിസാമൎത്ഥ്യവും, നിഷ്കളങ്കതയും, അഭിപ്രായദൃഢതയും, ഉൽകൃഷ്ടമായ പെരുമാററവും ഗോവിന്ദനെ ആകൎഷിച്ചു. സാധാരണ ബ്രാഹ്മണരെപ്പോലെ, ഒരു മടിയനായ പുരോഹിതനോ, കൊതിയനായ മന്ത്രതന്ത്രവ്യാപാരിയോ, വീമ്പിളക്കുന്ന വാചാലനോ, കൗശലക്കാരനായ കപടവൈദികനോ, അഥവാ 'കുരുടൻനാട്ടിൽ കോങ്കണ്ണരാജാ'വോ ആയിട്ടല്ല സിദ്ധാൎത്ഥനെ അവൻ കണക്കാക്കിയതു്. ഇല്ല—ഗോവിന്ദനും സാധാരണ ബ്രാഹ്മണരുടെ കൂട്ടത്തിൽ ഒരുവനാവാൻ ഇഷ്ടപ്പെട്ടില്ല.

പ്രശസ്തനായ പ്രിയസുഹൃത്തിനെ പിന്തുടരാനാണു് ഗോവിന്ദൻ ആഗ്രഹിച്ചതു്. സിദ്ധാൎത്ഥൻ ഒരു ദിവ്യപുരുഷനാവുകയാണെങ്കിൽ അന്നു ഗോവിന്ദൻ അവൻെറ ചങ്ങാതിയോ പരിചാ

രകനോ ചുമട്ടുകാരനോ ആയി ഒരു നിഴലെന്നപോലെ, പിന്തുടരാൻതന്നെ ഇഷ്ടപ്പെട്ടു.

അങ്ങിനെ സിദ്ധാൎത്ഥനെക്കുറിച്ച് എല്ലാവൎക്കും പ്രിയം തോന്നി. അവൻ ഏവരേയും സന്തോഷിപ്പിച്ചു, രഞ്ജിപ്പിച്ചു.

എന്നാൽ ഇതുകൊണ്ടൊന്നും സിദ്ധാൎത്ഥനു സന്തോഷം ലഭിച്ചില്ല. ഫലവൃക്ഷങ്ങൾ നിറഞ്ഞ തോട്ടത്തിലെ ചെമ്പാതയിലൂടെ അലഞ്ഞുനടക്കാറുണ്ട്; തോപ്പിലെ നീലത്തണലിലിരുന്നു ധ്യാനിക്കാറുണ്ട്; മംഗളസ്നാനംവഴി ദിവസേന അംഗങ്ങൾ ശുദ്ധമാക്കാറുണ്ട്; മാന്തോപ്പിലെ തണലിലിരുന്ന് വിധിയാംവണ്ണം ഹോമം ചെയ്യുന്നുണ്ട്; എല്ലാവരും തന്നെ സ്നേഹിക്കുന്നുണ്ട്; ഏവരേയും താൻ സന്തോഷിപ്പിക്കുന്നുമുണ്ട്—എന്നിട്ടും ഹൃദയത്തിനു ശാന്തി ലഭിക്കുന്നില്ല. നദിയിൽനിന്നും, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിൽനിന്നും, പൊന്നിഴകുന്ന സൂര്യകിരണങ്ങളിൽനിന്നും—അങ്ങനെ എല്ലായിടത്തുനിന്നും—സ്വപ്നങ്ങളും അസ്വസ്ഥചിന്തകളും അവന്റെ അടുക്കലേയ്ക്കു് ഒഴുകിവന്നു. ഹോമധൂമത്തിൽനിന്നു പൊങ്ങി ഋഗ്വേദത്തിലെ സൂക്തികളിൽനിന്നു വഴുതി വൃദ്ധബ്രാഹ്മണരുടെ ഉപദേശങ്ങളിൽനിന്നു വഴിതിരിഞ്ഞു് അവ അവനെ സമീപിച്ചു.

അസംതൃപ്തിയുടെ വിത്തു് തന്നിൽ പാവിട്ടുണ്ടെന്നു് സിദ്ധാൎത്ഥനു തോന്നി. അച്ഛനമ്മമാരുടേയോ, ആത്മസുഹൃത്തായ ഗോവിന്ദന്റേയോ സ്നേഹം തനിക്കു സംതൃപ്തിയോ ശാന്തിയോ സമാധാനമോ നല്കുവാൻ മതിയാവുന്നില്ല. ബഹുമാന്യനായ പിതാവിന്റേയും ബുദ്ധിമാന്മാരായ ബ്രാഹ്മണഗുരുക്കന്മാരുടേയും വിജ്ഞാനത്തിന്റെ ഭീമഭാഗവും തന്നിലേയ്ക്കു പകൎന്നുകഴിഞ്ഞു; അവരുടെ അറിവിന്റെ ആകത്തുക തന്റെ ജിജ്ഞാസാപാത്രത്തിലേയ്ക്കു ചോൎത്തി; എന്നിട്ടും അതു നിറയുന്നില്ല; ബുദ്ധി സംതൃപ്തമാവുന്നില്ല; ആത്മാവിനു ശാന്തിലഭിയ്ക്കുന്നില്ല; ഹൃദയത്തിനു സ്വസ്ഥത സിദ്ധിക്കുന്നില്ല—സിദ്ധാൎത്ഥൻ വിചാരിക്കയാണു്:

തീൎത്ഥസ്നാനങ്ങൾ നന്നു്. പക്ഷേ, തീൎത്ഥം ജലമല്ലേ? അതു് പാപം കഴകിക്കളയുമോ? ഹൃദയവേദനയ്ക്കു കുറവുവരുത്തുമോ? ഹോമങ്ങളും ഈശ്വരാൎച്ചനകളും വളരെ നല്ലതുതന്നെ—പക്ഷേ, അതുകൊണ്ടു് എല്ലാം അവസാനിച്ചുവോ? ഹോമംകൊണ്ടു് എന്തു സുഖം ലഭിച്ചു? ഇനി ഈശ്വരന്മാരുടെ കഥയോ? പ്രജാപതിയാണോ വിശ്വത്തിൻെറ സൃഷ്ടികൎത്താവു്? ആത്മാവു്, അതെ, ആത്മാവു മാത്രമല്ലേ വിശ്വം സൃഷ്ടിച്ചതു്? അപ്പോൾ ഈശ്വരന്മാരും, തന്നേയും മററുള്ളവരേയുംപോലുള്ള ക്ഷണഭംഗുരസൃഷ്ടികളല്ലേ? ആ ഈശ്വരന്മാൎക്കുവേണ്ടി ഹോമം ചെയ്യുന്നതു ബുദ്ധിപൂൎവ്വകമാണോ? ശരിയാണോ? ആശ്വാസ്യമാണോ? എന്നാൽ പിന്നെ ഏകനും അദ്വിതീയനുമായ ആത്മാവിനൊഴികെ മററാൎക്കുവേണ്ടിയാണു് ഹോമിക്കുക? ആരെയാണു് ബഹുമാനിക്കുക? ഈ ആത്മാവെവിടെ? അവനവനിൽ, അവനവൻെറ അന്തൎഭാഗത്തിൻെറ അഗാധതയിൽ, താന്താൻ വഹിക്കുന്ന ആ ശാശ്വതശക്തിയിലല്ലാതെ മറെറങ്ങാണു് കാണപ്പെടുക? മറെറവിടെയാണു് വസിക്കുന്നതു്? മറെറങ്ങാണു് ആ ശാശ്വതവസ്തുവിൻെറ ഹൃദയം സ്പന്ദിക്കുന്നതു്? അതു മാംസമല്ല, അസ്ഥിയല്ല; വിചാരമല്ല, ബോധമല്ല; ഇങ്ങനെയെല്ലാമാണു് ബുദ്ധിമാന്മാർ പഠിപ്പിച്ചിട്ടുള്ളതു്. എന്നാൽ പിന്നെ അതെവിടെ? ആത്മാവിനെ കണ്ടെത്താൻ വല്ല മാൎഗ്ഗവുമുണ്ടോ? ആരും കാട്ടിത്തന്നിട്ടില്ല, ആൎക്കും അറിവില്ല; അച്ഛനോ, ഗുരുക്കന്മാരോ, മററു ബുദ്ധിമാന്മാരോ, അഥവാ ദിവ്യസ്തോത്രങ്ങളോ അതു നിൎദ്ദേശിച്ചിട്ടില്ല. ബ്രാഹ്മണരും അവരുടെ വിശിഷ്ടഗ്രന്ഥങ്ങളും ധരിക്കാത്തതൊന്നും ഉണ്ടായിരുന്നില്ല. എല്ലാററിലും ചുഴിഞ്ഞു നോക്കീട്ടുണ്ടു്: വിശ്വത്തിൻെറ സൃഷ്ടി, ഉക്തിയുടെ ഉത്ഭവം, ഭക്ഷണം, ശ്വാസോച്ഛ്വാസം, അന്തഃകരണങ്ങളുടെ സംവിധാനം, ദൈവങ്ങളുടെ ചെയ്തികൾ—ഇങ്ങനെ സകലതും. അനേകം കാൎയ്യങ്ങൾ അവർ ധരിച്ചിട്ടുണ്ടു്. എന്നാൽ ഏററവും മുഖ്യമായ, സൎവ്വപ്രധാനമായ കാൎയ്യം മനസ്സിലാക്കീട്ടില്ലെങ്കിൽ?........

വിശിഷ്ടഗ്രന്ഥങ്ങളിലെ പല സൂക്തികളും, വിശിഷ്യ സാമവേദത്തിലെ ഉപനിഷത്തുകൾ, ഈ ആന്തരശക്തിയെപ്പററി പറയുന്നുണ്ട്. "നിങ്ങളുടെ ആത്മാവാണ് വിശ്വം" എന്നെഴുതിയിരിക്കുന്നു. ഉറങ്ങുമ്പോൾ നാം അന്തരാത്മാവിലേയ്ക്കു ചുഴിഞ്ഞുപോയി ആത്മാവിൽ ലയിക്കുമത്രേ! ഈ സൂക്തികളിൽ അതിശയിക്കത്തക്ക ബുദ്ധിവ്യാപാരം കാണാനുണ്ട്. ഋഷിശ്രേഷ്ഠന്മാരുടെ വിജ്ഞാനം ആകർഷകമായ ഭാഷയിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. തേനീച്ചകൾ ശേഖരിക്കുന്ന പരിശുദ്ധമധുപോലെ, ബുദ്ധിയുള്ള ബ്രാഹ്മണർ തലമുറകളിലായി സംരക്ഷിച്ചുപോന്നിട്ടുള്ള ഈ ജ്ഞാനഭണ്ഡാഗാരം എളുപ്പത്തിൽ തള്ളിക്കളയാവുന്നതല്ല. എന്നാൽ ഈ വിജ്ഞാനകലവറ സംഭരിക്കാനും, അനുഭവപ്പെടുത്തിനോക്കാനും കഴിഞ്ഞ ബ്രാഹ്മണരും, വൈദികരും, ബുദ്ധിമാന്മാരും എവിടെ? ആത്മാവിനെ ഉറക്കത്തിൽ കണ്ടറിഞ്ഞ്, സുബോധാവസ്ഥയിൽ മനോവാക്കർമ്മങ്ങളിൽ പുലർത്തിപ്പോന്ന ആ മഹാശയന്മാരെവിടെ? പല ബ്രാഹ്മണശ്രേഷ്ഠരേയും, സർവ്വോപരി, വിശിഷ്ടനും വിജ്ഞാനിയും ബഹുമാന്യനുമായ സ്വപിതാവിനേയും സിദ്ധാർത്ഥൻ കണ്ടു. അച്ഛൻ സ്തുത്യർഹനാണ്, അദ്ദേഹത്തിൻെറ സമ്പ്രദായങ്ങൾ പ്രശാന്തമഹനീയങ്ങളാണ്, ജീവിതം പരിശുദ്ധമാണ്, വാക്കുകൾ ബുദ്ധിപൂർവ്വകങ്ങളാണ്, പരിശുദ്ധചിന്തകൾക്കേ ആ തലച്ചോറിൽ പഴുതുള്ളൂ—എന്നാൽ ഇത്രയെല്ലാം സ്വാധീനമായിരുന്ന അദ്ദേഹവും അനുഗൃഹീതനായിരുന്നുവോ? അദ്ദേഹത്തിനും ശാന്തി ലഭിച്ചിരുന്നുവോ? അദ്ദേഹവും ദാഹം മാറാത്ത ഒരു അന്വേഷകനല്ലേ? തീരാദ്ദാഹത്തോടെ അദ്ദേഹം തുടരെത്തുടരെ തീർത്ഥസ്നാനം ചെയ്യാറില്ലേ? യാഗങ്ങൾ ചെയ്യുന്നില്ലേ? ഗ്രന്ഥങ്ങൾ വായിക്കുന്നില്ലേ? ബ്രാഹ്മണരുടെ വ്യവഹാരങ്ങളിൽ പങ്കെടുക്കാറില്ലേ? കുററമററ അദ്ദേഹം പാപം കഴുകിക്കളഞ്ഞു് ശുദ്ധിവരുത്തുന്നതെന്തിനു്? അപ്പോഴൊന്നും ആത്മാവു് അദ്ദേഹത്തിലില്ലേ? അപ്പോഴൊന്നും മൂലാധാരവസ്തു ആ ഹൃദയത്തിലില്ലെന്നോ? അവന

വനിൽത്തന്നെ നാം മൂലപ്രകൃതി ദൎശിക്കണം. തന്നിൽത്തന്നെ അതുണ്ടായിരിക്കണം. മററന്വേഷണങ്ങളെല്ലാം വക്രമാണ്, തെററാണ്.

ഇതൊക്കെയായിരുന്നു സിദ്ധാൎത്ഥന്റെ ചിന്തകൾ; ഇതായിരുന്നു അയാളുടെ ദാഹവും ദുഃഖവും.

"യഥാൎത്ഥത്തിൽ ബ്രാഹ്മണന്റെ പര്യായമാണ് സത്യം. അതു ധരിച്ചിട്ടുള്ളവന് സ്വൎഗ്ഗം ശാശ്വതമാണ്" ഛന്ദോഗ്യോപനിഷത്തുകളിൽനിന്ന് അയാൾ പലപ്പോഴും ഉദ്ധരിക്കാറുള്ള വരികളാണിത്. അതെ, സ്വൎഗ്ഗം സമീപത്തുണ്ടെന്ന് പലപ്പോഴും തോന്നും. പക്ഷേ, ഒരിക്കലും അവിടെ എത്തീട്ടില്ല; ഒരിക്കലും ആ അവസാനദാഹത്തിനു ശാന്തി ലഭിച്ചില്ല. താൻ പഠിച്ച തത്ത്വങ്ങളുടെ പ്രവാചകന്മാരോ, തനിക്കു പരിചയപ്പെട്ട പ്രതിഭാശാലികളോ, ആരും പൂൎണ്ണമായി ആ സ്ഥാനത്ത്—അതെ, സ്വൎഗ്ഗത്തിൽ—എത്തീട്ടില്ല. ആ ശാശ്വതദാഹത്തിനു ശാന്തി സിദ്ധിച്ചവർ ഉണ്ടായിട്ടില്ല.

"ഗോവിന്ദ," സിദ്ധാൎത്ഥൻ ചങ്ങാതിയോടു പറഞ്ഞു. "വരു, നമുക്ക് ആൽത്തറയിൽ ചെന്നിരുന്നു ധ്യാനിക്കാം."

അവർ ആൽത്തറയ്ക്കു പോയി. ഇരുപതടി അകലം വിട്ട് രണ്ടുപേരും ഇരിപ്പായി. ഓങ്കാരമന്ത്രം ജപിക്കാൻ ഇരിക്കയാണ്. സിദ്ധാൎത്ഥൻ ശാന്തമായി മന്ത്രം ജപിച്ചു:

"ഓങ്കാരംതന്നെ കാൎമ്മുകം
ശരമാത്മാവുതാൻ ദൃഢം
ശരത്തിൻ ലക്ഷ്യമോ ബ്രഹ്മം
യാതൊന്നാലെയ്‌വു നിഷ്ഠമാം."

ധ്യാനത്തിന്റെ പതിവുസമയം കഴിഞ്ഞപ്പോൾ ഗോവിന്ദൻ എഴുന്നേററു. സൂര്യൻ അസ്തമിക്കാറായി. സാന്ധ്യസ്നാനത്തിനുള്ള സമയമായി. അയാൾ സിദ്ധാൎത്ഥനെ വിളിച്ചു; എ

ന്നാൽ മറുപടി കിട്ടിയില്ല. സിദ്ധാർത്ഥൻ ധ്യാനത്തിൽ മുഴുകിയിരിക്കുന്നു; ആ ദൃഷ്ടികൾ ഏതോ വിദൂരലക്ഷ്യത്തിലേയ്ക്കു മിഴിച്ചുനോക്കുകയാണ്. നാവിൻെറ തുമ്പ് ദന്തനിരകൾക്കിടയിൽക്കൂടി കാണാം. ശ്വാസോച്ഛ്വാസം ചെയ്യുന്നില്ലെന്നു തോന്നി. അങ്ങനെ, ധ്യാനത്തിൽ മുഴുകി, ഓങ്കാരം ജപിച്ച്, ആത്മാവിനെ അമ്പാക്കിസ്സങ്കല്പിച്ച്, ബ്രഹ്മത്തെ ലക്ഷ്യമാക്കി, അയാളങ്ങിനെ ഇരിക്കയാണ്.

ഒരിക്കൽ ഏതാനും സമാനർ സിദ്ധാർത്ഥൻ നിവസിക്കുന്ന പട്ടണത്തിൽക്കൂടി കടന്നുപോയി—അലഞ്ഞുനടക്കുന്ന മൂന്നു യതികൾ; ജീർണ്ണഗാത്രരും മദ്ധ്യവയസ്കരുമായ യതികൾ. പൊടി പുരണ്ട്, തോളുകൾ ചോരച്ച്, മിക്കവാറും നഗ്നരൂപത്തിൽ, വെയിൽകൊണ്ടുണങ്ങിവരണ്ട മൂന്നു വികൃതരൂപങ്ങൾ—മനുഷ്യലോകത്തിലെ മൂന്ന് ഓരിക്കുറുക്കന്മാർ—സ്തംഭിച്ച അഭിലാഷങ്ങളുടേയും, പൂർണ്ണമായ സേവനത്തിൻേറയും, ദാക്ഷിണ്യമററ അഹന്താനിരോധത്തിൻേറയും അന്തരീക്ഷം അവരെ വലയം ചെയ്തിരുന്നു.

വൈകുന്നേരം ധ്യാനത്തിനുശേഷം, സിദ്ധാർത്ഥൻ ഗോവിന്ദനോടു പറഞ്ഞു: "സ്നേഹിത, നാളെ രാവിലെ സിദ്ധാർത്ഥൻ സമാനരുടെ സംഘത്തിൽ ചേരാൻ പോകുന്നു. അവൻ സമാനനാകാൻ പോകയാണ്."

ഗോവിന്ദൻ ഈ വാക്കുകൾ കേട്ടു. മുഖസ്തോഭത്തിൽനിന്ന് ആ നിശ്ചയത്തിൻെറ ദൃഢത ബോദ്ധ്യപ്പെട്ടു. വില്ലിൽനിന്നു വലിച്ചെടുത്ത അമ്പുപോലെ അചഞ്ചലമായ ആ നിശ്ചയം കണ്ട് അയാളുടെ മുഖം വിളറി. ഒരൊററ നോട്ടത്തിൽ അതിൻെറ ആരംഭം സ്പഷ്ടമാകും. സിദ്ധാർത്ഥൻ അയാളുടെ വഴിക്കു പോകയാണ്. അയാളുടെ യോഗം കെട്ടഴിയുകയാണ്; അതോടൊപ്പം തൻെറ യോഗവും. അയാൾ വിളറിവരണ്ട പഴത്തൊലിപോലെയായി.

"സിദ്ധാത്ഥ," അയാഠം ചോദിച്ചു, "അച്ഛൻ അനുവദിക്കമോ?"

ഉറക്കമുണന്നവനെപ്പോലെ സിദ്ധാത്ഥൻ അയാളെ നോക്കി. മിന്നൽവേഗത്തിൽ അയാഠം ഗോവിന്ദനെ ബാധിച്ച ഉൽകണ്ഠയും വ്യസനവും വായിച്ചറിഞ്ഞു.

"ഗോവിന്ദ! വെറുതെ വാക്കുകഠം പാഴാക്കണ്ട" അയാഠം ശാന്തമായിപ്പറഞ്ഞു. "നാളെ വെളുപ്പിനു് ഞാൻ സമാനജീവിതം ആരംഭിക്കും. ഇനി അതിനെക്കുറിച്ചു തക്കിക്കേണ്ട."

സിദ്ധാത്ഥൻ അച്ഛൻെറ മുറിയിലേയ്ക്കു കടന്നുചെന്നു. അദ്ദേഹം ഒരു പുല്പായിൽ ഇരിക്കയാണു്. അയാഠം പിന്നിൽ ചെന്നുനിന്നു. മകൻ പുറകെ നില്ക്കുന്നുണ്ടെന്നറിഞ്ഞു് അദ്ദേഹം ചോദിച്ചു: "ആരതു്? സിദ്ധാത്ഥനോ? എന്താണു് നിനക്കു പറയാനുള്ളതു്?

സിദ്ധാത്ഥൻ പറഞ്ഞു: "ഒരു കാൎയ്യം പറയട്ടേ? നാളെ ഞാൻ വീടുവിട്ടു പോകയാണു്, സന്യാസം സ്വീകരിക്കാൻ. ഞാൻ സമാനനാകാൻ ആഗ്രഹിക്കുന്നു. അച്ഛൻ വിരോധിക്കില്ലെന്നു വിശ്വസിക്കുന്നു."

ആ ബ്രാഹ്മണൻ ചിന്തയിൽ ആണ്ടുപോയി. നക്ഷത്രങ്ങഠം മുറിയുടെ ജനലിൽക്കൂടി പകച്ചുനോക്കി. കുറെ കഴിഞ്ഞപ്പോഠം ആ നീണ്ട നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടു. പുത്രൻ അനങ്ങാതെ കൈയ്യും കെട്ടി നില്ക്കയാണു്. അച്ഛൻ നിശ്ചേഷ്ടനായി പായിൽത്തന്നെ ഇരിക്കുന്നു. നക്ഷത്രങ്ങഠം ആകാശത്തുകൂടി കടന്നുപോയി. അദ്ദേഹം പറഞ്ഞു: "കഠിനമായി ശകാരിക്കുക ബ്രാഹ്മണോചിതമല്ല; പക്ഷേ, എനിക്കു സുഖമില്ല. ഈ അപേക്ഷ ഇനി നീ ആവത്തിക്കരുതു്. എനിക്കതു കേഠംക്കാൻ ഇഷ്ടമില്ല."

ആ ബ്രാഹ്മണൻ പതുക്കെ എഴുന്നേററു. സിദ്ധാത്ഥൻ കൈയ്യുംകെട്ടി മിണ്ടാതെ നില്ക്കയാണു്.

"നീയെന്താണു് നില്ക്കുന്നതു്?" അച്ഛൻ ചോദിച്ചു.

"അച്ഛനറിയാമല്ലോ!" സിദ്ധാർത്ഥൻ മറുപടി പറഞ്ഞു.

അയാളുടെ പിതാവു് സുഖമില്ലാത്ത മട്ടിൽ മുറി വിട്ടുപോയി, കിടക്കയിൽ ചെന്നു കിടപ്പായി.

ഒരു മണിക്കൂർ കഴിഞ്ഞു. ഉറക്കം വന്നില്ല. അദ്ദേഹം എഴുന്നേററു. തെല്ലുനേരം അങ്ങോട്ടുമിങ്ങോട്ടും ലാത്തി. വീണ്ടും പുറത്തുവന്നു് മുറിയുടെ ചെറിയ ജാലകത്തിൽക്കൂടി നോക്കി. സിദ്ധാർത്ഥൻ നിന്നേടത്തുതന്നെ നിശ്ചേഷ്ടനായി കയ്യുംകെട്ടി നില്ക്കയാണു്. ഉടുപ്പിൻെറ തിളക്കം അതിൽക്കൂടി കാണാം. വല്ലാത്ത അസ്വാസ്ഥ്യത്തോടെ അദ്ദേഹം വീണ്ടും കിടക്കയിൽ ചെന്നു കിടപ്പായി.

ഒരു മണിക്കൂർകൂടി കഴിഞ്ഞു. ബ്രാഹ്മണന്നു് ഉറക്കം വന്നില്ല. അദ്ദേഹം എഴുന്നേററു് ലാത്താൻ തുടങ്ങി; വീട്ടിൽനിന്നു പുറത്തിറങ്ങി. ചന്ദ്രൻ ഉദിച്ചിരിക്കുന്നു. അദ്ദേഹം ജനലിൽക്കൂടി നോക്കി. സിദ്ധാർത്ഥൻ അവിടെത്തന്നെ കയ്യുംകെട്ടി അനങ്ങാതെ നില്ക്കയാണു്. കാൽമുട്ടുകാംക്കു താഴെ ചന്ദ്രരശ്മികാം പതിക്കുന്നുണ്ടു്. പിതാവിന്നു ഹൃദയശല്യം തോന്നി; അദ്ദേഹം വീണ്ടും ചെന്നു കിടന്നു.

ഒരു മണിക്കൂർകൂടി കഴിഞ്ഞു. അദ്ദേഹം വീണ്ടും വന്നു, രണ്ടു മണിക്കൂറിനുശേഷം പിന്നെയും വന്നു; ജനലിൽക്കൂടി നോക്കി. സിദ്ധാർത്ഥൻ അവിടെത്തന്നെ നില്ക്കുന്നു. നിലാവത്തു്, നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ, അല്ല, ഇരുട്ടത്തു്. പതുക്കെപ്പതുക്കെ ഓരോ മണിക്കൂർ കഴിയുന്തോറും അദ്ദേഹം വന്നു് ആ മുറിയിലേയ്ക്കു നോക്കും. മകൻ അതേ നിലയിൽ നില്ക്കുകയാണു്. അദ്ദേഹത്തിൻെറ ഹൃദയത്തിൽ കോപം, ഉൽക്കണ്ഠ, ഭയം, വ്യസനം എന്നിവ തിങ്ങിവിങ്ങി.

രാത്രിയുടെ അവസാനയാമമായി. നേരം വെളുത്തിട്ടില്ല. അദ്ദേഹം വീണ്ടും വന്നു. മുറിക്കകത്തു കടന്നു. ആ യുവാവു്

അവിടെത്തന്നെ നില്ക്കയാണ്. അയാൾക്ക് ഉയരം കൂടിയതു പോലെ തോന്നി. എന്തോ ഒരു അസാധാരണത! "സിദ്ധാൎത്ഥ!" അദ്ദേഹം ചോദിച്ചു, "നീ എന്താണ് നില്ക്കുന്നതു്?"

"അച്ഛനു് അറിയാമല്ലോ!"

"നേരം വെളുത്താലും, ഉച്ചയായാലും, സന്ധ്യയായാലും, നീ ഇങ്ങനെത്തന്നെ നില്ക്കാനാണോ ഭാവം?"

"ഞാൻ നില്ക്കും."

"നീ ക്ഷീണിക്കും സിദ്ധാൎത്ഥ!"

"ഉവ്വ്, ഞാൻ ക്ഷീണിക്കും."

"നിനക്ക് ഉറക്കം വരും സിദ്ധാൎത്ഥ!"

"ഇല്ല; എനിക്ക് ഉറക്കം വരില്ല."

"നീ മരിക്കും സിദ്ധാൎത്ഥ!"

"ഞാൻ മരിക്കും."

"മരിക്കയാണെങ്കിലും നീ അച്ഛനെ അനുസരിക്കില്ലേ?"

"സിദ്ധാൎത്ഥൻ എന്നും അച്ഛനെ അനുസരിച്ചിട്ടുണ്ട്."

"എന്നാൽ നിൻെറ ഈ പുറപ്പാട്ട് ഉപേക്ഷിക്കണം."

"അച്ഛൻ പറയുന്നതുപോലെ സിദ്ധാൎത്ഥൻ ചെയ്യും."

നേരം വെളുത്തു. ആദ്യത്തെ വെളിച്ചം മുറിക്കകത്തു പ്രവേശിച്ചു. സിദ്ധാൎത്ഥൻെറ കാൽമുട്ടുകൾ വിറയ്ക്കുന്നതായി ആ ബ്രാഹ്മണൻ കണ്ടു. എന്നാൽ മുഖത്തു് യാതൊരു ചലനവും കണ്ടില്ല. അയാളുടെ ദൃഷ്ടി ദൂരത്തെങ്ങോ ഉറച്ചുനില്ക്കുകയാണ്. ഇനി തന്നോടൊന്നിച്ചു വീട്ടിലിരിക്കാൻ സിദ്ധാൎത്ഥനു സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി—അതെ, അയാൾ അകന്നു കഴിഞ്ഞിരുന്നു.

ആ പിതാവു് സിദ്ധാൎത്ഥൻെറ തോളത്തു തട്ടി, കൈവച്ചു.

"നിനക്ക കാട്ടിൽ പോയി സമാനനാകാം" അദ്ദേഹം പറഞ്ഞു. "കാട്ടിൽ നിനക്ക ദിവ്യസന്ദർശനം സിദ്ധിച്ചാൽ മടങ്ങിവന്നു് എന്നെ ഉപദേശിക്കുക. അഥവാ, അവിടം വെറുക്കുകയാണെങ്കിലും മടങ്ങിവരിക. നമുക്കൊന്നിച്ചു വീണ്ടും ഈശ്വരാരാധന ചെയ്യാം. അമ്മയെ ചെന്നു കണ്ടു് പോകുന്ന വിവരം പറയൂ. എനിക്ക പുഴയിൽച്ചെന്നു സ്നാനം ചെയ്തു സന്ധ്യാവന്ദനം കഴിക്കാനുള്ള സമയമായി."

അദ്ദേഹം മകൻെറ തോളിൽനിന്നു കൈയ്യെടുത്തു് പുറത്തേയ്ക്കു പോയി. സിദ്ധാർത്ഥൻ നടക്കുമ്പോൾ വീഴാൻ ഭാവിക്കുന്നുണ്ടു്. എങ്കിലും സ്വയം നിയന്ത്രിച്ചു. അച്ഛനെ വണങ്ങി. പറഞ്ഞതുപോലെ ചെയ്യാൻ അമ്മയുടെ അടുത്തു ചെന്നു.

പട്ടണം സുഷുപ്തിയിൽ മുഴുകിയിരിക്കുന്നു. പ്രഭാതമായി. സിദ്ധാർത്ഥൻ വേച്ചുവേച്ചു് അവിടം വിട്ടുപോയി. ഒടുവിലത്തെ കുടിലിനകത്തുനിന്നു് ഒരു നിഴൽ പതുങ്ങിപ്പതുങ്ങി ആ സന്യാസിയുടെ പിന്നാലെ ഒതുങ്ങിക്കൂടി. അതു ഗോവിന്ദനായിരുന്നു.

"നീയും വന്നുവോ?" സിദ്ധാർത്ഥൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഉവ്വ്, ഞാനും വന്നു" ഗോവിന്ദൻ മറുപടി പറഞ്ഞു.

★

# 2. സമാനരുടെകൂടെ

അന്നു വൈകുന്നേരം അവർ സമാനരുടെ അടുത്തെത്തി തങ്ങളെ സംഘത്തിൽ ചേക്കാൻ അപേക്ഷിച്ചു. അതു് അനുവദിക്കപ്പെടുകയും ചെയ്തു.

വഴിയിൽ കണ്ട ഒരു ദരിദ്രബ്രാഹ്മണന്നു് സിദ്ധാൎത്ഥൻ തൻെറ ഉടുപ്പു് ദാനം ചെയ്തു. കൗപീനവും നിലത്തിൻെറ നിറത്തിലുള്ള ഒരു പുതപ്പും മാത്രമേ ധരിച്ചുള്ളു. ദിവസത്തിൽ ഒരു പ്രാവശ്യം ഭക്ഷിക്കും. ഭക്ഷണം പാകം ചെയ്യാറില്ല. പതിന്നാലു ദിവസം ഉപവസിച്ചു; ഇരുപത്തെട്ടു ദിവസം ഉപവസിച്ചു. കവിളത്തും കാലുകളിലും മാംസപേശികൾ ചുങ്ങി; കണ്ണു തുറിച്ചു. അതിൽ അസാധാരണസ്വപ്നങ്ങൾ നിഴലിച്ചു. മെലിഞ്ഞ വിരലുകളിൽ നഖങ്ങൾ നീണ്ടുവളൎന്നു. ശുഷ്കമായ താടിയും വളൎന്നു. സ്ത്രീകളെ കണ്ടാൽ കണ്ണു കോച്ചും. പട്ടണത്തിൽ ആഡംബരവേഷധാരികളെ കാണുമ്പോൾ അധരങ്ങൾ അവജ്ഞാവക്രങ്ങളായിത്തീരും. വ്യാപാരികൾ വ്യാപാരം ചെയ്യുന്നതും, രാജാക്കന്മാർ വേട്ടയ്ക്കു പോകുന്നതും, അനുശോചകന്മാർ മരിച്ചവരെക്കുറിച്ചു ദുഃഖിക്കുന്നതും, അഭിസാരികമാർ തങ്ങളെത്തന്നെ പണയപ്പെടുത്തുന്നതും, ഭിഷഗ്വരന്മാർ രോഗികളെ പരിശോധിക്കുന്നതും, വൈദികർ വിത്തു വിതയ്ക്കാനുള്ള ദിവസം നിൎണ്ണയിക്കു

ന്നതും, കാമുകന്മാർ പ്രേമിക്കുന്നതും, അമ്മമാർ കുട്ടികളെ താലോലിക്കുന്നതും അയാറം കണ്ടു. അവയൊന്നും ഒരു നോക്കിനുപോലും കൊള്ളാവുന്നതായി തോന്നിയില്ല. എല്ലാം മിത്ഥ്യ. മിത്ഥ്യ കൊണ്ടു പുളിച്ചുനാറിയവ. കേവലം സങ്കല്പങ്ങറം; കരണങ്ങളുടേയും സുഖത്തിൻേറയും സൗന്ദര്യത്തിൻേറയും കേവലസങ്കല്പങ്ങറം. എല്ലാം നാശഗർത്തത്തിലേയ്ക്കു പതിച്ചവ. ലോകം തിക്തവും ജീവിതം ദുരിതവുമായിത്തോന്നി.

സിദ്ധാർത്ഥനു് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ള—ശൂന്യതയിലെത്തുക. ദാഹം, ആശ, സ്വപ്നം, സുഖം, ദുഃഖം എന്നിവയിൽനിന്നെല്ലാം തികച്ചും ശൂന്യമാവുക—അഹന്ത നശിപ്പിയ്ക്കുക. ഞാൻ എന്ന ഭാവം ഇനി ഉണ്ടാകരുതു്. ഒരു ഒഴിഞ്ഞ ഹൃദയത്തിൻെറ സ്വസ്ഥത സിദ്ധിക്കണം. പരിശുദ്ധമായ ചിന്ത അനുഭവപ്പെടണം. അതായിരുന്നു ലക്ഷ്യം. അഹന്തയെ നിഗ്രഹിച്ചാൽ, ആഗ്രഹവും ആസക്തിയും നിലച്ചാൽ, പരമമായതു് ഉണരും—അതെ, അഹന്തയിൽനിന്നു വേർപെട്ട ആ ആന്തരചൈതന്യം, മറഞ്ഞതായ രഹസ്യം, ഉണന്നുകൊള്ളും.

സൂര്യൻെറ തീക്ഷ്ണരശ്മികളും സഹിച്ചങ്ങനെ സിദ്ധാർത്ഥൻ അചഞ്ചലനായി നിന്നു; വേദനയും ദാഹവും സഹിച്ചു. ഒടുവിൽ, വേദനയും ദാഹവും തോന്നാതായി. മഴപെയ്യുമ്പോഴും അനങ്ങാതെ നിന്നു. തലയിൽനിന്നു് വെള്ളം ആ തണുത്തു കോച്ചുന്ന ചുമലിലേയ്ക്കൊഴുകി. അവിടെനിന്നു് അരക്കെട്ടിലേയ്ക്കും കാലുകളിലേയ്ക്കും ഒഴുകി. അവസാനം ആ യതിക്കു് ചുമലുകളോ കാലുകളോ കോച്ചാതായി. അങ്ങനെ അവയും മരവിച്ചു. പിന്നെ മുള്ളിൽക്കൂടി നുണ്ടുപോയി. വേദനിക്കുന്ന ത്വക്കിൽനിന്നു ചോരയൊഴുകി; വ്രണങ്ങറം പൊങ്ങി. എന്നിട്ടും സിദ്ധാർത്ഥനു്കുലുക്കമുണ്ടായില്ല. ഒടുവിൽ രക്തം ഒഴുകാതായി. വേദനയും നിലച്ചു.

സിദ്ധാർത്ഥൻ നിവന്നിരുന്നു ശ്വാസമടക്കാൻ ശീലിച്ചു. കുറച്ചു ശ്വാസംകൊണ്ടു കഴിച്ചുകൂട്ടി ശ്വാസം അടക്കിനിർത്താനും

ശീലിച്ചു. ഉള്ളിലേയ്ക്കു ശ്വസിക്കുമ്പോഠം ഹൃദയസ്പന്ദനം നിയന്ത്രിക്കാനും, സ്പന്ദനങ്ങളുടെ എണ്ണം കുറയ്ക്കുവാനും, അതു തീരെ നിലച്ചമട്ടിൽ തോന്നിക്കുവാനും ശീലിച്ചു.

സമാനനേതാവിൻെറ നിർദ്ദേശാനുസരണം, സമാനസിദ്ധാന്തപ്രകാരം, അഹന്തയെ നിരോധിക്കാനും തപസ്സുചെയ്യാനും സിദ്ധാത്ഥൻ പഠിച്ചു. മുളങ്കാടിൻെറ മുകളിൽക്കൂടി ഒരു കഴുകൻ പറന്നുപോയി. കഴുകനെ സിദ്ധാത്ഥൻ ആത്മാവിലേയ്ക്കാകർഷിച്ച് കാടുകളുടേയും പാർവ്വതങ്ങളുടേയും മുകളിൽക്കൂടി പറന്നു സ്വയം കഴുകനായി. മത്സ്യം തിന്നു, കഴുകൻെറ വിശപ്പനുഭവിച്ചു. കഴുകൻെറ ഭാഷ ഉപയോഗിച്ചു. കഴുകനായി മരിക്കുകയും ചെയ്തു. അതാ മണൽത്തിട്ടിൽ ഒരു കുറുക്കൻെറ ശവം കിടക്കുന്നു. സിദ്ധാത്ഥൻെറ ആത്മാവ് ആ ശവത്തിലേയ്ക്കു സംക്രമിക്കുകയായി. അയാഠം ഒരു ചത്ത കുറുക്കനായി. ശവം മണ്ണിൽക്കിടന്നു പുഴുത്തുനാറി ജീർണ്ണിച്ചു. മററു ജന്തുക്കഠം പങ്കിട്ടെടുത്തു. അസ്ഥിമാത്രം അവശേഷിച്ചു. ഒടുവിൽ അസ്ഥിയും ജീർണ്ണിച്ച് മണ്ണിൽ അലിഞ്ഞുചേൻു. സിദ്ധാത്ഥൻെറ ആത്മാവ് വീണ്ടും മടങ്ങിവന്നു; മരിച്ചു; നശിച്ചു; മണ്ണിൽ അലിഞ്ഞുചേൻു. അങ്ങനെ ജീവിതചക്രത്തിൻെറ ഗതിവിഗതികഠം എല്ലാം അനുഭവിച്ചു. ഇര കാത്തിരിക്കുന്ന വേടനെപ്പോലെ, ജീവിതവലയത്തിൻെറ അന്തം കാണാനായി, കാരണങ്ങളുടെ അററം കാണാനായി, വേദനയററ ശാശ്വതത്വം കാണാനായി കാത്തിരുന്നു. ബോധാവസ്ഥയെ ഹനിച്ചു; ഓർമ്മശക്തി നിഗ്രഹിച്ചു; അഹന്തയിൽനിന്നു് ഒരായിരം തവണ ഭിന്നരൂപത്തിൽ വഴുതിപ്പോന്നു. മൃഗമായി; ശവമായി; കല്ലായി; മരമായി; വെള്ളമായി. എന്നാൽ, ഓരോ പ്രാവശ്യവും ബോധാവസ്ഥയിലേയ്ക്കു തിരിച്ചുവന്നു. സൂര്യചന്ദ്രന്മാർ പ്രകാശിച്ചു; അദ്ദേഹം അഹന്തയിലേയ്ക്കെത്തി; ജീവിതവലയിൽ കുടുങ്ങി; ദാഹം അനുഭവിച്ചു; ദാഹത്തെ ജയിച്ചു; വീണ്ടും ദാഹം തോന്നി.

സമാനരിൽനിന്നു് സിദ്ധാൎത്ഥൻ പലതും പഠിച്ചു. അഹന്താനിരോധത്തിനുള്ള പല മാൎഗ്ഗങ്ങളും ശീലിച്ചു. അഹന്താനിഷേധത്തിനുള്ള വേദനാജനകമായ മാൎഗ്ഗത്തിൽ ചരിച്ചു. നിഷ്പ്രേരകമായ സഹനംകൊണ്ടു് വേദന ജയിച്ചു. വിശപ്പു്, ദാഹം, ക്ഷീണം എന്നിവയിൽക്കൂടി ചരിച്ചുനോക്കി. ധ്യാനത്തിൽ കൂടിയുള്ള അഹന്താനിഷേധം അഭ്യസിച്ചു. രൂപബോധത്തിൽ നിന്നൊഴിഞ്ഞ മനസ്സുകൊണ്ടും അഹന്തയെ നിരോധിക്കാൻ ശീലിച്ചു. ഇങ്ങനെ പല മാൎഗ്ഗങ്ങളും അഭ്യസിച്ചു. ഒരായിരം തവണ അദ്ദേഹം 'ഞാൻ' എന്ന അവസ്ഥയിൽനിന്നു് വിമുക്തനായി അവസാനം അസത്തയിൽ അധിവസിച്ചു. എന്നാൽ ഈ മാർഗ്ഗങ്ങളോരോന്നും അഹന്തയിൽനിന്നു് താല്ക്കാലികമായി അകററിയെങ്കിലും ഒടുവിൽ എത്തിക്കുന്നതു് അങ്ങോട്ടുതന്നെയായിരുന്നു. ആയിരം തവണ അഹന്തയിൽനിന്നകന്നുപോയി ശൂന്യതയിൽ വസിച്ചു; മൃഗത്തിലും കല്ലിലും കഴിഞ്ഞുകൂടി—ഇങ്ങനെയെല്ലാമാണെങ്കിലും മടക്കം നിസ്തൎക്കമായിരുന്നു. സൂൎയ്യപ്രകാശത്തിലോ, നിലാവിലോ, നിഴലിലോ, മഴയിലോ ആ തിരിച്ചെത്തുന്ന ഒരു സമയം സുനിശ്ചിതമായിരുന്നു. അങ്ങനെ അഹന്തയിലേയ്ക്കു മടങ്ങിവന്നേ കഴിയൂ. അങ്ങനെ, ജീവിതചക്രത്തിൻെറ ദുരിതങ്ങൾ, ഏതവസ്ഥയിലും അനുഭവിച്ചേ തീരുവെന്നു കണ്ടു.

തൻെറ നിഴലായിത്തന്നെ ഗോവിന്ദനും കഴിഞ്ഞുകൂടി. അയാളും ഈ വഴിക്കെല്ലാം സഞ്ചരിച്ചു. ഈ പ്രയത്നങ്ങളെല്ലാം ചെയ്തു. ദിനചൎയ്യകളെക്കുറിച്ചല്ലാതെ മറെറാന്നും അവർ തമ്മിൽ സംസാരിച്ചിരുന്നേയില്ല. ചിലപ്പോൾ, തങ്ങൾക്കും ഗുരുക്കന്മാൎക്കും ഭക്ഷണം തേടി ഗ്രാമങ്ങളിൽക്കൂടി ഒരുമിച്ചു പോകും.

ഇങ്ങനെ ഭിക്ഷയ്ക്കുള്ള യാത്രയ്ക്കിടയിൽ ഒരിക്കൽ സിദ്ധാൎത്ഥൻ ഗോവിന്ദനോടു ചോദിച്ചു: "എന്താണു് നീ വിചാരിക്കുന്നതു്? നാം മുമ്പോട്ടുപോയിട്ടുണ്ടെന്നു കരുതുന്നുവോ? നാം ലക്ഷ്യത്തിൽ എത്തീട്ടുണ്ടോ?"

ഗോവിന്ദൻ പറഞ്ഞു: "നാം പഠിച്ചു; ഇപ്പോഴും പഠിക്കുന്നു. നിങ്ങൾ ഒരു വലിയ സമാനനായിത്തീരും സിദ്ധാൎത്ഥ! എല്ലാ പരിശീലനവിധികളും നിങ്ങൾ വേഗം പഠിക്കുന്നു. വൃദ്ധസമാനർ നിങ്ങളെ സ്തുതിക്കാറുണ്ട്. നിങ്ങൾ ദിവ്യത്വം പ്രാപിക്കുന്ന ഒരു ദിവസം വരും."

സിദ്ധാൎത്ഥൻ പറഞ്ഞു: "എന്റെ സ്നേഹിത, എനിക്ക് അങ്ങിനെയല്ല തോന്നുന്നത്. ഈ സമാനരിൽനിന്നു പഠിച്ചതത്രയും വല്ല സത്രത്തിലോ, വേശ്യാലയത്തിലോ, ചുമട്ടുകാരുടേയോ ചൂതുകളിക്കാരുടേയോ താവളത്തിലോ, ചെന്നാലും പഠിക്കാമായിരുന്നു."

ഗോവിന്ദൻ പറഞ്ഞു: "സിദ്ധാൎത്ഥൻ നേരമ്പോക്കു പറയുകയാണ്. തപസ്സും, ശ്വാസോച്ഛ്വാസനിയന്ത്രണവും, വിശപ്പിലും വേദനയിലും വിഷമം തോന്നായ്കയും എങ്ങനെയാണ് അത്തരം ഹീനവൎഗ്ഗക്കാരിൽനിന്നു പഠിക്കുക?"

സിദ്ധാൎത്ഥൻ തന്നോടെന്നപോലെ പതുക്കെ മന്ത്രിച്ചു: "എന്തു തപസ്സ്? എന്തു ശരീരം ഉപേക്ഷിക്കൽ? എന്ത് ഉപവാസം? എന്തു ശ്വാസമടക്കൽ? അതെല്ലാം അഹന്തയിൽനിന്നുള്ള പ്രയാണം. അഹന്തയുടെ ദുരിതത്തിൽനിന്നുള്ള ഒരു താൽക്കാലിക രക്ഷ. ജീവിതത്തിന്റെ വേദനയും തെററും മയപ്പെടുത്താനുള്ള ഒരു മുട്ടമരുന്ന്. കാളയെ ഓടിക്കുന്നവൻ ഇതേ ഓട്ടം തന്നെ ഓടുന്നു. ഒരു ഹോട്ടലിൽ ചെന്ന് വീഞ്ഞോ പാലോ കുടിക്കുമ്പോൾ അവനും ഇതേ മുട്ടമരുന്നുതന്നെയാണ് കഴിക്കുന്നത്. അവൻ അപ്പോൾ അഹന്തയിൽനിന്നു മുക്തനാകും; ജീവിതത്തിന്റെ വേദനകളിൽനിന്നു മുക്തനാകും; താല്ക്കാലികമായ മോചനം അവനും അനുഭവപ്പെടും. ദീൎഘകാലത്തെ തപസ്സുകൊണ്ട് സിദ്ധാൎത്ഥനും ഗോവിന്ദനും സിദ്ധിച്ച ആ താൽക്കാലിക ദേഹവിമുക്തിയുടെ അനുഭവമാണ് അവനും വീഞ്ഞു കുടിച്ച് ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്നത്."

ഗോവിന്ദൻ പറഞ്ഞു: "എൻെറ ചങ്ങാതി, നിങ്ങഠം ഇ ങ്ങനെയെല്ലാം പറയുന്നു. എന്നാൽ, സിദ്ധാൎത്ഥൻ കാളയെ തെളിക്കുന്നവനല്ലെന്നും സമാനർ കുടിയന്മാരല്ലെന്നും നിങ്ങഠം ക്കറിയാം. കുടിയൻ മോചനം നേടുന്നു, ശരിയാണു്. അവ നും അല്പനേരത്തെ ആശ്വാസവും വിശ്രമവും കിട്ടുന്നുണ്ടു്, ശരി തന്നെ. എന്നാൽ അവൻ ആ സങ്കല്പത്തിൽനിന്നു മടങ്ങിവന്നു് വീണ്ടും പഴയ മട്ടിൽ എല്ലാം കാണുന്നു. അവൻ കൂടുതൽ ബു ദ്ധിമാനായിത്തീരുന്നില്ല; ജ്ഞാനം സമ്പാദിക്കുന്നില്ല; ഒരു തര ത്തിലും ഉയരുന്നുമില്ല."

സിദ്ധാൎത്ഥൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "എനിക്കു റിഞ്ഞുകൂട. ഞാൻ ഒരിക്കലും കുടിച്ചിട്ടില്ല. എന്നാൽ ഈ ധ്യാ നവും അഭ്യാസങ്ങളും എന്നെ താൽക്കാലികമായിട്ടേ ആശ്വസി പ്പിക്കുന്നുള്ളു. അതെനിക്കറിയാം. ബോധവും മോക്ഷവും, ഗൎഭ ത്തിലിരിക്കുന്ന ഭ്രൂണത്തെപ്പോലെ, വളരെ അകലെയാണെന്നു് എനിക്കറിയാം."

മറെറാരവസരത്തിൽ, സിദ്ധാൎത്ഥൻ ഗോവിന്ദനൊന്നിച്ചു് സഹോദരന്മാൎക്കും ഗുരുക്കന്മാൎക്കും വേണ്ടി ഭിക്ഷ യാചിക്കുവാൻ പോകയായിരുന്നു. സിദ്ധാൎത്ഥൻ പറഞ്ഞു: "നാം ശരിയായ വഴിക്കാണോ ഗോവിന്ദ, പോകുന്നതു്? നമുക്കു ജ്ഞാനം സിദ്ധി ക്കുന്നുണ്ടോ? നാം മോക്ഷത്തെ സമീപിക്കുന്നുണ്ടോ? അതോ, ജീ വിതവലയത്തിൽനിന്നു രക്ഷപ്പെടാൻ കൊതിച്ച നാം വട്ടംചു റ്റുകയാണോ?"

ഗോവിന്ദൻ പറഞ്ഞു: "നാം പലതും പഠിച്ചു സിദ്ധാൎത്ഥ. ഇനിയും വളരെ പഠിക്കാനുണ്ടു്. വട്ടംചുററുകയല്ല, ഉപര്യുപ രി മുമ്പോട്ടു പോകയാണു്. ഒരു പിരിയൻകോണിലൂടെയാണു് വഴി. പല പടവുകളും നാം കയറിക്കഴിഞ്ഞു."

സിദ്ധാൎത്ഥൻ ചോദിച്ചു: "നമ്മുടെ ഏററവും വൃദ്ധനായ സമാനനു് എത്ര വയസ്സായിക്കാണും?"

ഗോവിന്ദൻ പറഞ്ഞു: "ഒരു അറുപതു വയസ്സു കാണും."

സിദ്ധാൎത്ഥൻ പറഞ്ഞു: "അദ്ദേഹത്തിന്നു് വയസ്സു് അറുപതായി. എന്നിട്ടും നിൎവ്വാണം സിദ്ധിച്ചിട്ടില്ല. ഇനി എഴുപതാകും, എണ്പതാകും. നമ്മളും അദ്ദേഹത്തെപ്പോലെ വൃദ്ധന്മാരാകും. യോഗാഭ്യാസം ചെയ്യും; ഉപവസിക്കും; തപസ്സുചെയ്യും. എന്നാൽ, അദ്ദേഹമോ നമ്മളോ നിൎവ്വാണം നേടാൻ പോകുന്നില്ല. ഈ സമാനരിൽ ആരും നിൎവ്വാണം നേടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല, ഗോവിന്ദ. നമുക്കു് ആശ്വാസം കാണാം, നമ്മളെത്തന്നെ വഞ്ചിക്കാനുള്ള ഉപവാസങ്ങൾ പഠിക്കാം; എന്നാൽ, പ്രധാനസംഗതി—മുഖ്യമായ മാൎഗ്ഗം—നാം കാണുന്നില്ല."

"ഇങ്ങനെയുള്ള ഭയങ്കരവാക്കുകൾ പറയരുതു് സിദ്ധാൎത്ഥ", ഗോവിന്ദൻ പറഞ്ഞു. അവർ പണ്ഡിതന്മാർ, ബ്രാഹ്മണർ, പരിശുദ്ധസമാനർ, സത്യാന്വേഷകർ, ആദ്ധ്യാത്മികജീവിതത്തിൽ ബദ്ധശ്രദ്ധർ, പുണ്യപുരുഷന്മാർ. അവരുടെ കൂട്ടത്തിൽ ആരും ശരിയായ മാർഗ്ഗം കാണുന്നില്ലെന്നോ?"

വ്യസനവും പുച്ഛവും കലൎന്നു്, ശാന്തസ്വരത്തിൽ സിദ്ധാൎത്ഥൻ നേരമ്പോക്കായി മന്ത്രിച്ചു: "നിന്നോടൊന്നിച്ചു് ഞാൻ ഈ സമാനമാൎഗ്ഗത്തിൽ കുറെ സഞ്ചരിച്ചു. ഏറെ താമസിയാതെ ഞാൻ ഈ മാൎഗ്ഗം വെടിഞ്ഞേക്കും. എനിക്കു ദാഹം തോന്നുന്നു, ഗോവിന്ദ. ഈ സമാനരുടെ നീണ്ട മാൎഗ്ഗത്തിൽ എനിക്കു ദാഹശാന്തി ലഭിച്ചിട്ടില്ല. വിജ്ഞാനദാഹം എന്നെ വിട്ടുമാറീട്ടില്ല. എനിക്കു ധാരാളം ചോദ്യങ്ങൾക്കു സമാധാനം ലഭിക്കേണ്ടതുണ്ടു്. കൊല്ലന്തോറും ഞാൻ ബ്രാഹ്മണരോടു ചോദിക്കാറുണ്ടു്; കൊല്ലന്തോറും പരിശുദ്ധവേദങ്ങളിൽ ചുഴിഞ്ഞു നോക്കാറുണ്ടു്; വല്ല കണ്ടാമൃഗത്തോടോ ആൾക്കുരങ്ങിനോടോ ചോദിച്ചാലും വ്യത്യാസം വരില്ലായിരുന്നു. ഞാൻ വളരെ സമയം വ്യയം ചെയ്തുകഴിഞ്ഞു. എന്നിട്ടെന്താണു് പഠിച്ചതു്? ഒരുവന്നു് ഒന്നും പഠിക്കാൻ സാധ്യമല്ലെന്നു്. എല്ലാററിന്റേയും സത്തയായ വസ്തുവിൽ വിജ്ഞാനം എന്നു പറയാൻ നിവൃത്തിയില്ലാത്ത

എന്തോ ഒന്നുണ്ടെന്നു ഞാൻ കരുതുന്നു. ഒരേ ഒരു ജ്ഞാനമേ ഉള്ള സ്നേഹിത—അതു സർവ്വവ്യാപകമായ ആത്മാവാണ്—നിന്നിലും, എന്നിലും, എല്ലാ ജീവികളിലും ഉള്ളതായ ആ ആത്മാവ്. ഈ ജ്ഞാനോദയത്തിന്നു ജ്ഞാനിയേക്കാൾ വലിയ ശത്രുവില്ല; ജ്ഞാനത്തേക്കാൾ വലിയ ശത്രുവില്ല. അതു ഞാൻ വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു."

ഗോവിന്ദൻ പെട്ടെന്നു നിന്നു, കൈപൊക്കിക്കൊണ്ടു പറഞ്ഞു: "ഒരു സ്നേഹിതനെ ഈ മാതിരി സംഭാഷണംകൊണ്ട് വേദനിപ്പിയ്ക്കരുതു് സിദ്ധാർത്ഥ. വാസ്തവത്തിൽ നിങ്ങളുടെ വാക്കുകൾ എന്നെ വേദനിപ്പിയ്ക്കുന്നു. ആലോചിച്ചുനോക്കു. നിങ്ങൾ പറയുന്നതുപോലെ ജ്ഞാനം എന്നൊന്നില്ലെങ്കിൽ ബ്രാഹ്മണരുടെ പരിശുദ്ധിക്ക് എന്താണർത്ഥം? ലോകത്തിൽ പിന്നെ എന്തൊന്നാണ് പരിശുദ്ധം? എന്തൊന്നാണ് അമൂല്യവും പരിപാവനവുമാകുക? എല്ലാററിനും എന്താണ് പരിണാമം? പറയു, സിദ്ധാർത്ഥ!"

ഗോവിന്ദൻ ഒരു സൂക്തിവാക്യം മന്ത്രിച്ചു. ഉപനിഷത്തുകളിൽനിന്നുള്ള ഒരു പദ്യം.

"ഏവൻെറ ശുദ്ധചൈതന്യ-
മാത്മാവിൽ വിലയിച്ചിടും,
വാചാമഗോചരം ദിവ്യ-
മനുഭൂതിയവന്നുതാൻ."

സിദ്ധാർത്ഥൻ മൗനംകൊണ്ടു; ഗോവിന്ദൻ പറഞ്ഞ വാക്കുകളെക്കുറിച്ച് അഗാധമായി ചിന്തിക്കയായിരുന്നു അദ്ദേഹം. കീഴ്പ്പോട്ടുനോക്കി അദ്ദേഹം വിചാരിക്കയാണ്: "പാവനമെന്നു നമുക്കു തോന്നുന്ന എല്ലാററിൻേറയും പരിണാമമെന്തു്? എന്താണ് അവശേഷിക്കുക? എന്താണ് നിലനിൽക്കുക?" അദ്ദേഹം തലയാട്ടി.

മൂന്നു കൊല്ലത്തോളം ഈ യുവാക്കൾ സമാനരുടെക്കൂടെ ജീവിച്ച് പലതും പരിശീലിച്ചു. അങ്ങിനെയിരിക്കെ, ഒരു വാൎത്ത കേട്ടു: ഗൗതമബുദ്ധൻ എന്നു പ്രഖ്യാതനായ ഒരാൾ അവതരിച്ചിട്ടുണ്ടെന്നു്. ലോകാരിഷ്ടങ്ങളെ അദ്ദേഹം ജയിച്ചുവെന്നും പുനൎജ്ജന്മവലയത്തിൻെറ ഗതി നിൎത്തിയെന്നും കേട്ടു. തൻെറ തത്വങ്ങൾ പ്രസംഗിച്ചുകൊണ്ടു് ശിഷ്യന്മാരാൽ പരീതനായി അദ്ദേഹം നാടുനീളെ നടന്നിരുന്നു. നിസ്വനായി, വീടും കുടുംബവുമില്ലാതെ, മഞ്ഞവസ്ത്രം ധരിച്ചു് നടന്നിരുന്ന അദ്ദേഹത്തിൻെറ നെററിത്തടം വിശാലമായിരുന്നു. ബ്രാഹ്മണരും രാജാക്കന്മാരും ആ പുണ്യപുരുഷനെ വന്ദിച്ചു് ശിഷ്യത്വം സ്വീകരിച്ചുപോന്നിരുന്നു.

ഈ വാൎത്ത, ഈ കിംവദന്തി, ഈ കഥ അവിടവിടെ പറഞ്ഞു പരന്നു. ബ്രാഹ്മണർ പട്ടണത്തിലും സമാനർ വനത്തിലും അതിനെപ്പററി പറഞ്ഞിരുന്നു. ഗൗതമബുദ്ധനെപ്പററി സ്തുതിച്ചും പുച്ഛിച്ചും ഉള്ള വൎത്തമാനങ്ങൾ നമ്മുടെ ചെറുപ്പക്കാരുടെ ചെവിയിലും ചെന്നെത്തി.

ഒരു ബുദ്ധിമാനായ മനുഷ്യൻ, വാക്കുകൊണ്ടെന്നല്ല, കേവലമായ വിശ്വാസംകൊണ്ടുപോലും സന്തപ്തരെ സമാധാനിപ്പിക്കാൻ കഴിവുള്ള ഒരു അഭിജ്ഞനായ മനുഷ്യൻ ഉണ്ടെന്നു കിംവദന്തി പുറപ്പെട്ടാൽ, പ്ലേഗു് ബാധിച്ചാലെന്നപോലെ, ആ വാൎത്ത നാടുനീളെ പരക്കും—പലരും വിശ്വസിക്കും; പലരും സംശയിക്കയും ചെയ്യും. എന്നാൽ പലരും ആ ബുദ്ധിമാനായ അനുഗ്രഹദാതാവിനെ തേടിപ്പുറപ്പെടും. അങ്ങനെ, ആ കിംവദന്തി, ശാക്യഗോത്രത്തിൽ ജനിച്ച ബുദ്ധിമാനായ ഗൗതമബുദ്ധനെക്കുറിച്ചുള്ള ആനന്ദവാൎത്ത, നാടുനീളെ പരന്നിരിക്കുന്നു. അദ്ദേഹത്തെ വിശ്വസിക്കുന്നവർ പറകയാണു്: "അദ്ദേഹം മഹാപണ്ഡിതനാണു്. പൂൎവ്വജന്മങ്ങളെക്കുറിച്ചു് അറിവുള്ളവനാണു്; മോക്ഷം സിദ്ധിച്ചവനാണു്; ജീവിതവലയത്തിലേയ്ക്കു തിരിച്ചു

വരാത്തവനാണ്; മനുഷ്യനെ ശല്യപ്പെടുത്തുന്ന രൂപപ്രവാഹത്തിൽക്കിടന്നു നരകിക്കാതിരിക്കാൻ സാധിച്ചിരിക്കുന്നു അദ്ദേഹത്തിനു്. പല അത്ഭുതകഥകളും അദ്ദേഹത്തെപ്പററി പറഞ്ഞുകേട്ടു. അത്ഭുതകൃത്യങ്ങൾ പലതും ചെയ്തു; പിശാചുക്കളെ ജയിച്ചു; ഈശ്വരന്മാരോടു സംഭാഷണം ചെയ്തു; ഇങ്ങനെ ഒരു പക്ഷക്കാർ. എന്നാൽ വിരോധികളും വിശ്വാസം മതിയാകാത്തവരും ഗൗതമൻ തട്ടിപ്പുകാരനാണെന്നും പറഞ്ഞു പരത്തി. ഉയൎന്ന മട്ടിൽ ജീവിച്ചും, യാഗങ്ങളെ പഴിച്ചും കഴിയുന്ന അദ്ദേഹത്തിനു പഠിപ്പില്ല, ശിക്ഷണമില്ല; ഇന്ദ്രിയനിയന്ത്രണം അറിഞ്ഞുകൂട— ഇതൊക്കെയായിരുന്നു അവരുടെ പക്ഷം.

ബുദ്ധനെക്കുറിച്ചുള്ള കിംവദന്തി ആരേയും ആകൎഷിച്ചിരുന്നു. ഈ വാൎത്തകളിൽ എന്തോ ഒരു മാന്ത്രികവിദ്യയുണ്ടു്. ലോകം കഷ്ടാരിഷ്ടതയിൽ മുഴുകിയിരിക്കുക; ജീവിതം ക്ലേശകരമായിരിക്കുക; അപ്പോഴതാ പുതിയൊരാശ, പുതിയൊരു സന്ദേശം, സന്തോഷദായകവും ശാന്തവും പുതിയ വാഗ്ദാനങ്ങൾ നിറഞ്ഞതുമായ സന്ദേശം. എവിടെയും ബുദ്ധനെക്കുറിച്ചുള്ള കിംവദന്തികൾ. ഇന്ത്യയിൽ എല്ലായിടത്തും യുവജനങ്ങൾക്കു് ആശയും ആസക്തിയും കണ്ടു. ആ പ്രഖ്യാതനായ ശാക്യമുനിയെപ്പററി വല്ല വാൎത്തയും കൊണ്ടുചെല്ലുന്നവൻ തീൎത്ഥയാത്രക്കാരനോ മററാരെങ്കിലുമോ ആകട്ടെ, ഗ്രാമങ്ങളിലും പട്ടണങ്ങളിലുമൊരുപോലെ, ബ്രാഹ്മണരുടെ സ്വാഗതത്തിനു വിധേയരായി.

കിംവദന്തി വനത്തിൽ സമാനരുടെ അടുക്കലും എത്തി. അപ്പപ്പോഴായി അല്ലാല്ലം ചിലതു സിദ്ധാൎത്ഥനും ഗോവിന്ദനും കേട്ടു. വളരെ കുറച്ചേ കേട്ടിരുന്നുള്ളുവെങ്കിലും അതു് ആശയും സംശയവും നിമിത്തം ഭാരിച്ചതായി തോന്നി. അതിനെപ്പററി അവർ ഒന്നും സംസാരിച്ചില്ല; എന്തുകൊണ്ടെന്നാൽ, സമാനഗുരുവിനു് ഈ കിംവദന്തി അത്ര സുഖമുള്ളതല്ലായിരുന്നു. ബുദ്ധൻ ഒരു സന്യാസിയായി വനത്തിൽ താമസിച്ചിരുന്നുവെന്നും, പിന്നീടു് ഉയൎന്ന ജീവിതവും ലൗകികസുഖങ്ങളും തുടൎന്നുവെന്നും മറവ

മാണ് അദ്ദേഹം കേട്ടിരുന്നത്. അതിനാൽ ഗൗതമനെക്കുറിച്ച് അദ്ദേഹത്തിന്ന് യാതൊരു മതിപ്പും ഉണ്ടായിരുന്നില്ല.

ഒരു ദിവസം ഗോവിന്ദൻ തൻെറ സ്നേഹിതനോട്ട പറഞ്ഞു: "സിദ്ധാർത്ഥ, ഇന്ന് ഞാൻ ഗ്രാമത്തിലേയ്ക്കു പോയപ്പോൾ ഒരു ബ്രാഹ്മണപുത്രൻ എന്നെ വീട്ടിലേയ്ക്കു ക്ഷണിച്ചു. അവിടെ മഗധയിൽനിന്നു വന്ന ഒരു ബ്രാഹ്മണപുരോഹിതനുണ്ടായിരുന്നു. അയാൾ ബുദ്ധനെ നേരിട്ട കണ്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രസംഗവും കേട്ടിട്ടുണ്ടത്രേ. വാസ്തവത്തിൽ എനിക്കു വലിയ കൊതി തോന്നി. സർവ്വജ്ഞനായ ആ മഹാത്മാവിൻെറ അധരത്തിൽനിന്നു പുറപ്പെടുന്ന സാരോപദേശങ്ങൾ കേൾക്കുന്നേടത്തോളം കാലം നാം ജീവിച്ചിരുന്നെങ്കിൽ! അതാണ് എൻെറ വിചാരം. സ്നേഹിത, നമുക്കും അവിടെ പോയി ആ ബുദ്ധൻെറ അധരത്തിൽനിന്നു പുറപ്പെടുന്ന സാരോപദേശങ്ങൾ കേട്ടുകൂടേ?"

സിദ്ധാർത്ഥൻ പറഞ്ഞു: "ഗോവിന്ദൻ സമാനരെ വിട്ടുപിരിയില്ലെന്നായിരുന്നു എൻെറ വിചാരം. അറുപതും എഴുപതും വയസ്സെത്തിയാലും സമാനരുടെ അഭ്യാസങ്ങളെല്ലാം അതേപടി തുടരുന്നതാണ് നിൻെറ ജീവിതലക്ഷ്യമെന്ന് ഞാൻ കരുതി. എന്നാൽ, ഗോവിന്ദൻെറ ഹൃദയം ആരറിഞ്ഞു? പുതിയൊരു മാർഗ്ഗം വെട്ടിത്തുറന്ന ബുദ്ധൻെറ സാരോപദേശം കേൾക്കാൻ എൻെറ സ്നേഹിതൻ ആഗ്രഹിക്കുന്നു, അല്ലേ?"

ഗോവിന്ദൻ പറഞ്ഞു: "എന്നെ കളിയാക്കാൻ നിങ്ങൾക്കെപ്പോഴും കൗതുകമാണ്. ശരി. ആയ്ക്കോള്ളു. എന്നാൽ, ഈ സാരോപദേശം കേൾക്കാൻ നിങ്ങൾക്കും കൊതിയില്ലേ? ഈ സമാനരുടെ മാർഗ്ഗത്തിൽ ഇനി അധികകാലം ചരിക്കില്ലെന്നു നിങ്ങൾതന്നെ ഒരിക്കൽ എന്നോടു പറഞ്ഞതല്ലേ?"

ശോകവും പുച്ഛവും നിഴലിക്കുന്നമട്ടിൽ ചിരിച്ചുകൊണ്ട് സിദ്ധാർത്ഥൻ പറഞ്ഞു:

"പറഞ്ഞതു ശരിയാണു്, ഗോവിന്ദ. എന്നാൽ, ഞാൻ വേറെയും ചിലതു പറഞ്ഞു. അതും ഓക്കണം—സാരോപദേശങ്ങളും ആപ്തവാക്യങ്ങളും വിശ്വസിക്കാൻ വയ്യാതായിത്തുടങ്ങിയെന്നും ഗുരുക്കന്മാരിൽനിന്നു കിട്ടുന്ന ഉപദേശങ്ങളിൽ എനിക്കു വിശ്വാസം നശിച്ചുതുടങ്ങിയെന്നുംകൂടി ഞാൻ പറഞ്ഞു. ഉപദേശങ്ങളുടെ സാരാംശമെല്ലാം നാം ആസ്വദിച്ചുകഴിഞ്ഞതാണെന്നത്രേ എൻെറ ആത്മാത്ഥമായ ബോദ്ധ്യം. എങ്കിലും, ഈ പുതിയ ഉപദേശം കേ൦ക്കാൻ ഞാനും സന്നദ്ധനാണു്."

"എനിക്കു സന്തോഷമായി" ഗോവിന്ദൻ പറഞ്ഞു. "നിങ്ങളും അനുകൂലിച്ചുവല്ലോ! എന്നാൽ, ഗൗതമൻെറ ഉപദേശങ്ങ൦ കേ൦ക്കുംമുമ്പെ അതിൻെറ സാരാംശങ്ങ൦ എങ്ങിനെയാണു് നമുക്കു സിദ്ധിച്ചതു്? അതു പറയൂ."

സിദ്ധാത്ഥൻ പറഞ്ഞു: "ഫലം ആദ്യം ആസ്വദിക്കാം. എന്നിട്ടാവാം മറവുള്ളതു്. ഈ ഫലത്തിനു നാം ഗൗതമനോടു കടപ്പെട്ടവരാണു്, എന്തുകൊണ്ടെന്നാൽ, അതു് നമ്മളെ ഈ സമാനരിൽനിന്നു വേർപെടുത്തി. ഇതിനേക്കാ൦ മെച്ചപ്പെട്ട വല്ല ഫലവുമുണ്ടോ എന്നു് ക്രമേണ പരീക്ഷിച്ചുനോക്കാം.

അന്നുതന്നെ സിദ്ധാത്ഥൻ സമാനഗുരുവിനെക്കണ്ടു് പിരിഞ്ഞുപോകാനുള്ള തീരുമാനം അറിയിച്ചു. യുവാക്ക൦ക്കും വിദ്യാത്ഥിക൦ക്കും യോജിച്ച വിനയാദരങ്ങളോടെ അദ്ദേഹം ആ വൃദ്ധസമാനനോടു കാര്യം പറഞ്ഞു. എന്നാൽ, യുവാക്കളുടെ പുറപ്പാടു് വൃദ്ധനു കോപമാണുണ്ടാക്കിയതു്. അദ്ദേഹം അത്യുച്ചത്തിൽ അവരെ കഠിനമായി ശകാരിച്ചു.

ഗോവിന്ദൻ ചിൻവാങ്ങാൻ ഭാവിച്ചു. എന്നാൽ, സിദ്ധാത്ഥൻ അയാളുടെ ചെവിയിൽ മന്ത്രിച്ചു: "വൃദ്ധനിൽനിന്നു് ഏതാണ്ടൊക്കെ ഞാൻ പഠിച്ചിട്ടുണ്ടെന്നു് ഇപ്പോ൦ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാം."

അദ്ദേഹം ദൃഢമനസ്സോടെ സമാനൻെറ അരികെ നിന്നു; ആ വൃദ്ധൻെറ നേത്രങ്ങളെ ഉറച്ച ദൃഷ്ടിയോടെ വീക്ഷിച്ചു; അങ്ങനെ മയക്കി നിശ്ശബ്ദനാക്കി. അദ്ദേഹത്തിൻെറ നിശ്ചയത്തെ ജയിച്ചു. താൻ ആഗ്രഹിച്ചതുപോലെ പ്രവൎത്തിക്കാൻ പതുക്കെ ശാസിച്ചു. വൃദ്ധൻ നിശ്ശബ്ദനായി. അയാൾ മിഴിച്ചുകൊണ്ടു നിന്നു; അയാളുടെ നിശ്ചയം ശിഥിലമായി. കൈകൾ താണു; സിദ്ധാൎത്ഥൻെറ മാന്ത്രികവിദ്യയിൽ അയാൾ ശക്തിഹീനനായി. സിദ്ധാൎത്ഥൻെറ വിചാരം സമാനൻെറ വികാരങ്ങളെ ജയിച്ചു. അവരുടെ ശാസന അയാൾക്കു് അനുസരിക്കേണ്ടിവന്നു. അങ്ങനെ, വൃദ്ധൻ അവരെ പലവട്ടം വണങ്ങി, അനുഗ്രഹിച്ചു് സുഖയാത്രയ്ക്കുവേണ്ടിയുള്ള ആശിസ്സുകൾ നല്കി. ആ ചെറുപ്പക്കാർ അയാളുടെ ആശിസ്സുകൾക്കു നന്ദിപറഞ്ഞു് അവിടെനിന്നു പോകുകയും ചെയ്തു.

വഴിക്കുവെച്ചു് ഗോവിന്ദൻ പറഞ്ഞു: "ഞാൻ പഠിച്ചതിൽ കൂടുതൽ നിങ്ങൾ സമാനരിൽനിന്നു പഠിച്ചിട്ടുണ്ടു് സിദ്ധാൎത്ഥ. ഒരു സമാനവൃദ്ധനെ മയക്കാൻ പ്രയാസമാണു്; വളരെ പ്രയാസമാണു്. വാസ്തവത്തിൽ നിങ്ങൾ അവിടെത്തന്നെ താമസിച്ചിരുന്നെങ്കിൽ വെള്ളത്തിൻെറ മുകളിൽക്കൂടി നടക്കാൻ പഠിക്കുമായിരുന്നു."

"എനിക്കു വെള്ളത്തിൻെറ മീതെ നടക്കാൻ മോഹമില്ല." സിദ്ധാൎത്ഥൻ പറഞ്ഞു. "സമാനവൃദ്ധൻ അത്തരം തന്ത്രങ്ങൾകൊണ്ടു സ്വയം തൃപ്തിപ്പെട്ടുകൊള്ളട്ടെ."

★

## ഗൌതമൻ

സാവാത്തി (ശ്രാവസ്തി) പട്ടണത്തിൽ ഏതൊരു കുട്ടിക്കും പരിചിതമായിരുന്നു ബുദ്ധൻെറ പ്രശസ്തമായ പേരു്. ബുദ്ധശിഷ്യരുടെ ഭിക്ഷാഞ്ജലികഠം പൂരിപ്പിക്കാൻ ഏതൊരു കുടുംബവും തയ്യാറായിരുന്നു. ഗൌതമൻെറ പ്രിയപ്പെട്ട വാസസ്ഥലമായ ജേതവനം പട്ടണത്തിൻെറ സമീപത്താണു്. ആനന്ദപിണ്ഡികൻ എന്ന ഒരു ബുദ്ധഭക്തനായ വത്തകപ്രഭുവിൻെറ സമ്മാനമായിരുന്നു ഈ ജേതവനം.

നമ്മുടെ യുവഭിക്ഷുക്കഠം ഗൌതമൻെറ വാസസ്ഥലം ചോദിച്ചറിഞ്ഞു് സാവാത്തി പട്ടണത്തിലെത്തി. അവിടെ ഭിക്ഷയ്ക്കായി കൈനീട്ടിയ ആദ്യത്തെ ഭവനത്തിൽത്തന്നെ അവക്കു ഭക്ഷണം ലഭിച്ചു. അവർ ഭക്ഷണം പങ്കിട്ടെടുത്തശേഷം അതു നല്കിയ സ്ത്രീയോടു ചോദിച്ചു:

"ഗുണവതി, മഹാനായ ബുദ്ധൻ എവിടെയാണു് താമസം? ഞങ്ങഠം കാട്ടിൽനിന്നു വരുന്ന സമാനരാണു്. സർവ്വജ്ഞനായ അദ്ദേഹത്തെ നേരിട്ടു കണ്ടു് ഉപദേശം കേഠക്കാൻ വന്നിരിക്കയാണു്."

സ്ത്രീ പറഞ്ഞു: "വനത്തിൽനിന്നു വരുന്ന സമാനരേ! നിങ്ങഠക്കു പിഴച്ചില്ല. ജേതവനത്തിൽ ആനന്ദപിണ്ഡികൻെറ തോ

പ്പിലാണ് ആ പ്രഖ്യാതപുരുഷൻ പാക്കുന്നതു്. തീർത്ഥാടകരായ നിങ്ങറംക്കു് ഇന്നു രാത്രി അവിടെ താമസിക്കാം. അദ്ദേഹത്തിൻെറ ഉപദേശങ്ങറം കേറംക്കാൻ അവിടെ തിങ്ങിക്കൂടുന്ന അസംഖ്യം ആളുകറംക്കു് സുഖമായി പാക്കാൻ വേണ്ട സ്ഥലം അവിടെയുണ്ടു്."

ഗോവിന്ദൻ സന്തോഷത്തോടെ പറഞ്ഞു: "ഞങ്ങറം ലക്ഷ്യസ്ഥാനത്തെത്തിയല്ലോ! ഞങ്ങളുടെ യാത്ര അവസാനിച്ചു! തീർത്ഥാടകരുടെ മാതാവേ! പറയൂ, ഭവതി ബുദ്ധനെ അറിയുമോ? നേരിട്ടു കണ്ടിട്ടുണ്ടോ?"

സ്ത്രീ പറഞ്ഞു: "ഞാൻ ആ മഹാത്മാവിനെ പല പ്രാവശ്യം കണ്ടിട്ടുണ്ടു്. തെരുവിൽക്കൂടി ശാന്തമായി, മഞ്ഞവസ്ത്രം ധരിച്ചു്, ഭിക്ഷാപാത്രവും കയ്യിലേന്തി നടക്കുന്നതും വീട്ടുതോറും ഭിക്ഷയാചിച്ചു് പാത്രം നിറയെ ഭിക്ഷയുമായി മടങ്ങുന്നതും ഞാൻ കണ്ടിട്ടുണ്ടു്."

ഗോവിന്ദൻ വളരെ ആനന്ദത്തോടുകൂടിയാണു് ശ്രദ്ധിച്ചിരുന്നതു്. പലതും ചോദിച്ചറിയാൻ താല്പര്യമുണ്ടായിരുന്നു. എന്നാൽ, പോകാൻ സമയമായെന്നു് സിദ്ധാർത്ഥൻ ഓർമ്മപ്പെടുത്തി. അവർ കൃതജ്ഞതപ്രകാശിപ്പിച്ചു് അവിടന്നു പോന്നു. പിന്നെ വഴി അന്വേഷിക്കേണ്ടിവന്നില്ല; എന്തുകൊണ്ടെന്നാൽ, ഗൗതമൻെറ അനുയായികളായ തീർത്ഥയാത്രക്കാരും ഭിക്ഷുക്കളും ജേതവനത്തിലേയ്ക്കു പോകുന്നുണ്ടായിരുന്നു. അവർ അവിടെ എത്തിയപ്പോറം രാത്രിയായി. പുതിയ ആളുകറം തുടരെത്തുടരെ വന്നുകൊണ്ടിരുന്നു. അഭയം ആവശ്യപ്പെടുകയും അതു് നല്കുകയും ചെയ്യുന്നതിൻെറ ഒരു വലിയ മുഴക്കംതന്നെ അവിടെ കേട്ടിരുന്നു. വനത്തിൽ ശീലിച്ച നമ്മുടെ സമാനക്കു വളരെ വേഗം ഇടം കിട്ടി. രാത്രി അവിടെ താമസിക്കുകയും ചെയ്തു.

പ്രഭാതമായി. ബുദ്ധവിശ്വാസികളും ജിജ്ഞാസുക്കളുമായി ആ രാത്രി അവിടെ താമസിച്ചിരുന്ന ജനക്കൂട്ടത്തെ കണ്ടു് അവ

ക്ക് ആശ്ചര്യം തോന്നി. മഞ്ഞവസ്ത്രം ധരിച്ച ഭിക്ഷുക്കൾ ആ മനോഹരമായ തോപ്പിലെ എല്ലാ വഴികളിൽക്കൂടിയും നടന്നിരുന്നു. അവിടവിടെ മരങ്ങളുടെ ചുവട്ടിൽ ഇരിക്കും; ധ്യാനത്തിൽ മുഴുകും; അഥവാ ആവേശത്തോടുകൂടി സംഭാഷണം ചെയ്യും. തണലുള്ള ആ തോപ്പ് തേനീച്ചകൾ പൊതിഞ്ഞ ഒരു പട്ടണംപോലെ കാണപ്പെട്ടു. ഭിക്ഷുക്കളിൽ പലരും ഉച്ചയ്ക്കു മാത്രമുള്ള അവരുടെ ഭക്ഷണത്തിനുവേണ്ടി ഭിക്ഷതെണ്ടാൻ പോയി. ബുദ്ധനും രാവിലെ ഭിക്ഷയാചിയ്ക്കാൻ പോയി.

സിദ്ധാർത്ഥൻ അദ്ദേഹത്തെ കണ്ടു. ദൈവം കാട്ടിക്കൊടുത്തതുപോലെ അദ്ദേഹത്തെ തിരിച്ചറിയുകയും ചെയ്തു. ഭിക്ഷാപാത്രവുമേന്തി, ശാന്തമായി, മഞ്ഞക്കാവിയുടുത്ത് ആഭാടരഹിതനായി അദ്ദേഹം പോകുന്നതു കണ്ടു.

“നോക്കു,” സിദ്ധാർത്ഥൻ ഗോവിന്ദനോടു പറഞ്ഞു. “അതാ ബുദ്ധൻ.”

ഗോവിന്ദൻ ആ പീതവസ്ത്രധാരിയായ ഭിക്ഷുവിനെ സൂക്ഷിച്ചു നോക്കി. നൂറുകണക്കിലുള്ള മററു ഭിക്ഷുക്കളിൽനിന്നു വേർതിരിക്കത്തക്ക പ്രത്യേകതയൊന്നും അദ്ദേഹത്തിൽ കണ്ടില്ല; എങ്കിലും തിരിച്ചറിഞ്ഞു. അതെ, അതു് അദ്ദേഹമായിരുന്നു. അവർ അദ്ദേഹത്തെ ശ്രദ്ധാപൂർവ്വം അനുഗമിച്ചു.

ബുദ്ധൻ ശാന്തനായി, ചിന്തയിൽ മുഴുകി, തൻെറ വഴിക്കു നടന്നു. പ്രശാന്തമായ ആ മുഖത്തു പ്രസന്നതയോ വിഷാദമോ കണ്ടില്ല. അദ്ദേഹം ഉള്ളുകൊണ്ടു മന്ദഹസിക്കുന്നതുപോലെ തോന്നി. ആരോഗ്യമുള്ള ഒരു ശിശുവിൻേറതിൽനിന്നു വ്യത്യസ്തമല്ലാത്ത രഹസ്യപ്പുഞ്ചിരിയോടുകൂടി അദ്ദേഹം ശാന്തമായും സമാധാനമായും നടന്നു. ഉടുപ്പിട്ടു് മററു ഭിക്ഷുക്കളെപ്പോലെതന്നെ അദ്ദേഹവും നടന്നു. എന്നാൽ, ആ മുഖവും, ആ കാൽവെപ്പും, ആ കീഴ്പ്പോട്ടുള്ള നോട്ടവും, അലസമായി തൂങ്ങിക്കിടക്കുന്ന ആ കയ്യും, ആ കയ്യിലെ ഓരോ വിരലും സമാധാനവും സർവ്വജ്ഞതയും വിളിച്ചുപ

റയുന്നതായി തോന്നി, ഒന്നിനേയും അവലംബിക്കുന്നില്ലെന്നു തോന്നി; ഒന്നിനേയും അനുകരിക്കുന്നില്ലെന്നു തോന്നി. ധാരമുറിയാതെ അചഞ്ചലമായി മങ്ങാതെ നില്ക്കുന്ന പ്രകാശം പ്രതിഫലിപ്പിയ്ക്കുന്നതായി തോന്നി. അതെ, നിർബ്ബാധമായ ശാന്തിപ്രസരം.

അങ്ങനെ ഗൗതമൻ ഭിക്ഷയ്ക്കായി പട്ടണത്തിലേയ്ക്കു നടന്നുപോയി. നമ്മുടെ രണ്ടു സമാനർ അദ്ദേഹത്തെ തിരിച്ചറിഞ്ഞതു് ആ ശാന്തപ്രകൃതിയുടെ പൂൎണ്ണതകൊണ്ടാണു്; ആകൃതിയുടെ അക്ഷോഭ്യതകൊണ്ടാണു്. അതിൽ അവലംബഭാവമോ, നിശ്ചയമോ, വഞ്ചനയോ, പരിശ്രമഭാവമോ ഒന്നും കണ്ടില്ല—പ്രകാശവും ശാന്തിയും മാത്രം.

"അദ്ദേഹത്തിന്റെ വക്ത്രത്തിൽനിന്നു പുറപ്പെടുന്ന ഉപദേശം ഇന്നു നമുക്കു കേൾക്കാം" ഗോവിന്ദൻ പറഞ്ഞു.

സിദ്ധാത്ഥൻ മറുപടി പറഞ്ഞില്ല. ഉപദേശങ്ങളെക്കുറിച്ചു് അദ്ദേഹം അത്ര ജിജ്ഞാസുവായിരുന്നില്ല. അവ എന്തെങ്കിലും, തന്നെ പുതുതായി പഠിപ്പിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചില്ല. അദ്ദേഹവും ഗോവിന്ദനും ബുദ്ധന്റെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം കേട്ടുകഴിഞ്ഞിട്ടുണ്ടായിരുന്നു. അതു് രണ്ടാമനോ മൂന്നാമനോ വഴി കേട്ടുകേൾപ്പിച്ചറിഞ്ഞതാണെന്നു മാത്രം. എന്നാൽ അദ്ദേഹം ഗൗതമന്റെ ശിരസ്സിലേയ്ക്കും, തോളുകളിലേയ്ക്കും, കാലടികളിലേയ്ക്കും, അചഞ്ചലമായി തൂങ്ങിക്കിടക്കുന്ന കയ്യിലേയ്ക്കും ഉററുനോക്കി. ഓരോ വിരലിന്റെ ഏപ്പിലും ജ്ഞാനം വിളയാടുന്നുണ്ടെന്നു് അദ്ദേഹത്തിനു തോന്നി. അവ സത്യത്തെ വിളിച്ചുപറകയും ശ്വസിക്കുകയും പ്രസരിപ്പിയ്ക്കുകയും ചെയ്തിരുന്നു. ഈ മനുഷ്യൻ, ഈ ബുദ്ധൻ, വാസ്തവത്തിൽ വിരലിന്റെ അററത്തോളം ദിവ്യനാണു്. സിദ്ധാത്ഥൻ ഒരാളേയും ഇത്രയേറെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്തിട്ടില്ല.

അവർ രണ്ടുപേരും ബുദ്ധനെ പിന്തുടൎന്നു പട്ടണത്തിലേയ്ക്കു പോയി നിശ്ശബ്ദം മടങ്ങിപ്പോന്നു. അന്നു് ഉപവസിക്കാനാണു്

തീരുമാനിച്ചതു്. ഗൗതമൻ മടങ്ങുന്നതു് അവർ കണ്ടു. ശിഷ്യരോടൊന്നിച്ചു് അദ്ദേഹം ഭക്ഷണം കഴിക്കുന്നതു കണ്ടു—ആ ഭക്ഷണം ഒരു പക്ഷിക്കുപോലും മതിയാകാത്തതായിരുന്നു—അതിനുശേഷം മാവിൻെറ തണലിലേയ്ക്കു പോകുന്നതും കണ്ടു.

വെയിലാറിയപ്പോഠം ആ താവളത്തിലുണ്ടായിരുന്നവരെല്ലാം ബുദ്ധൻെറ സാരോപദേശങ്ങഠം കേഠക്കാൻ ജാഗ്രതയോടെ ഒരുമിച്ചുകൂടി. അവർ അദ്ദേഹത്തിൻെറ ശബ്ദം കേട്ടു. അതു സ്പഷ്ടവും ശാന്തിസമ്പൂൎണ്ണവുമായിരുന്നു. ഗൗതമൻ ക്ലേശത്തെക്കുറിച്ചും, ക്ലേശകാരണത്തെക്കുറിച്ചും ക്ലേശനിവാരണമാൎഗ്ഗത്തെക്കുറിച്ചും പറഞ്ഞു. ജീവിതം ദുഃഖം നിറഞ്ഞതാണു്. ലോകം ക്ലേശസമ്പൂൎണ്ണമാണു്. എന്നാൽ, ക്ലേശനിവൃത്തിക്കുള്ള മാൎഗ്ഗം കണ്ടെത്തീട്ടുണ്ടു്. ബുദ്ധൻെറ മാൎഗ്ഗം സ്വീകരിക്കുന്നവൎക്കു മോചനത്തിനു വഴിയുണ്ടു്.

ആ മഹാത്മാവു് ശാന്തമെങ്കിലും ദൃഢമായ സ്വരത്തിൽ പറഞ്ഞു. നാലു മുഖ്യതത്വങ്ങഠം പഠിപ്പിച്ചു; അഷ്ടമാൎഗ്ഗങ്ങഠം ഉപദേശിച്ചു. ഉദാഹരണങ്ങളും ആവൎത്തനങ്ങളുമടങ്ങിയ തൻെറ പതിവുപോലുള്ള ക്ഷമാപൂൎവ്വകമായ ഉപദേശമാൎഗ്ഗംതന്നെ തുടൎന്നു. വിശദമായും ശാന്തമായും അദ്ദേഹത്തിൻെറ സ്വരം ശ്രോതാക്കളിലേയ്ക്കു പകൎന്നു, ഒരു വെളിച്ചംപോലെ, ആകാശത്തിൽ നക്ഷത്രം എന്നപോലെ.

ബുദ്ധൻ പറഞ്ഞവസാനിപ്പിച്ചപ്പോഠം—രാത്രിയായിക്കഴിഞ്ഞിരുന്നു—അനേകം തീൎത്ഥാടകർ മുമ്പോട്ടുവന്നു് അദ്ദേഹത്തിൻെറ സംഘത്തിൽ ചേരാൻ അനുവാദം ചോദിച്ചു. ബുദ്ധൻ അവരെ സ്വീകരിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങഠം ഉപദേശങ്ങഠം ശരിയായി കേട്ടിരിക്കുമല്ലോ! അതുകൊണ്ടു് ഞങ്ങളുടെക്കൂടെ കൂടി മോക്ഷമാൎഗ്ഗത്തിൽ ചരിക്കുക. അരിഷ്ടത്തിനു് അറുതിവരുത്തുക."

നാണംകുണുങ്ങിയായ ഗോവിന്ദനും മുമ്പോട്ടുവന്നു പറഞ്ഞു: "മഹാത്മാവിനേയും അദ്ദേഹത്തിൻെറ സാരോപദേശങ്ങളേയും

പിന്തുടരാൻ ഞാനും ആഗ്രഹിക്കുന്നു." അയാറം തന്നെ സംഘത്തിൽ ചേൎക്കാൻ അപേക്ഷിച്ചു. അതു് സ്വീകരിക്കപ്പെടുകയും ചെയ്തു.

രാത്രി ബുദ്ധൻ ഉറങ്ങാൻപോയ ഉടനെ ഗോവിന്ദൻ സിദ്ധാൎത്ഥൻെറ നേരെ തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു: "സിദ്ധാൎത്ഥ, നിങ്ങളെ കുററപ്പെടുത്തുവാൻ ഞാൻ ആളല്ല. നാം രണ്ടു പേരും ആ മഹാത്മാവിൻെറ ഉപദേശങ്ങറം കേട്ടു. ഗോവിന്ദൻ ആ തത്വങ്ങറം കേട്ടു, അതു് സ്വീകരിക്കുകയും ചെയ്തു. എന്നാൽ, എൻെറ സ്നേഹിത, നിങ്ങളും മോക്ഷമാൎഗ്ഗത്തിൽ കാൽവെക്കുകയില്ലേ? നിങ്ങറം താമസിപ്പിക്കുമോ? ഇനിയും താമസിപ്പിക്കാനാണോ ഭാവം?"

ഗോവിന്ദൻെറ വാക്കുകറം, ഉറക്കത്തിൽനിന്നെന്നപോലെ സിദ്ധാൎത്ഥനെ ഉണൎത്തി. കുറെനേരം ഗോവിന്ദനെത്തന്നെ നോക്കിക്കൊണ്ടുനിന്നു. അദ്ദേഹം പുച്ഛം തീണ്ടാത്ത ശാന്തസ്വരത്തിൽ പറഞ്ഞു: "ഗോവിന്ദ, സ്നേഹിത, നിങ്ങറം മുമ്പോട്ടു വന്നു, നിങ്ങളുടെ മാർഗ്ഗം സ്വീകരിച്ചു. നിങ്ങറം ഇന്നുവരെ എൻെറ സുഹൃത്തായി വൎത്തിച്ചു. എന്നെക്കാറം ഒരടി പിന്നിലേ നിന്നിരുന്നുള്ളു. ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ടു്: സ്വന്തം വിശ്വാസത്തിൻെറ പേരിൽ ഈ ഗോവിന്ദൻ എപ്പോഴെങ്കിലും ഒരടി എന്നെക്കൂടാതെ മുമ്പോട്ടുവെക്കുമോ എന്നു്. ഇപ്പോഴിതാ നിങ്ങറം ഒരു മനുഷ്യനായിരിക്കുന്നു; സ്വന്തം മാൎഗ്ഗം സ്വീകരിച്ചിരിക്കുന്നു. അവസാനംവരെ നിങ്ങറം അതു് തുടരുക. എൻെറ സ്നേഹിത, നിങ്ങറംക്കു മോചനം സിദ്ധിക്കട്ടെ."

ഇത്രയായിട്ടും കാര്യം മുഴുവൻ മനസ്സിലാക്കാത്ത ഗോവിന്ദൻ അക്ഷമയോടെ തൻെറ ചോദ്യം ആവൎത്തിച്ചു: "പറയൂ, പ്രിയസ്നേഹിത, ബുദ്ധമാൎഗ്ഗം ശപഥം ചെയ്യുകയല്ലാതെ മറെറാരു വഴിയില്ലെന്നു പറയൂ."

സിദ്ധാൎത്ഥൻ ഗോവിന്ദൻെറ ചുമലിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: "നിങ്ങഠം എൻെറ ആശിസ്സുകഠം കേട്ടു. ഗോവിന്ദ, ഞാനതു് ആവൎത്തിക്കുകയാണു്. നിങ്ങഠം ഈ മാൎഗ്ഗത്തിൽത്തന്നെ അവസാനംവരെ തുടരുക. നിങ്ങഠംക്കു മോചനം സിദ്ധിക്കട്ടെ."

സ്നേഹിതൻ തന്നെ ഉപേക്ഷിക്കുകയാണെന്നു് അപ്പോഴേ ഗോവിന്ദനു് ബോദ്ധ്യപ്പെട്ടുള്ളു. അയാഠം കരയാൻ തുടങ്ങി.

"സിദ്ധാൎത്ഥ," അയാഠം കരഞ്ഞുകൊണ്ടു വിളിച്ചു.

സിദ്ധാൎത്ഥൻ സ്നേഹത്തോടെ പറഞ്ഞു: "ഗോവിന്ദ, നിങ്ങഠം ബുദ്ധൻെറ പുണ്യസംഘത്തിലെ അംഗമാണു്. അതു മറക്കരുതു്. നിങ്ങഠം വീടും, മാതാപിതാക്കന്മാരെയും ത്യജിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങഠം കുലവും ധനവും ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങഠം സ്വന്തമായ നിശ്ചയംപോലും ത്യജിച്ചുകഴിഞ്ഞിരിക്കുന്നു. അതാണു് ആ തത്വങ്ങഠം ഉദ്ഘോഷിക്കുന്നതു്. അതാണു് ആ മഹാത്മാവിൻെറ നിശ്ചയം. അതാണു് നിങ്ങഠംക്കു് ഇഷ്ടപ്പെട്ടതായി നിങ്ങഠം സ്വീകരിച്ചതു്. ഗോവിന്ദ, നാളെ ഞാൻ നിങ്ങളെ വിട്ടുപിരിയുകയാണു്.

വളരെ നേരം ആ സുഹൃത്തുക്കഠം കാട്ടിൽ ചുററിനടന്നു. വളരെ നേരം ഉറങ്ങാൻവേണ്ടി കിടന്നുനോക്കി. എന്നാൽ, ഉറക്കം വന്നില്ല. ബുദ്ധൻെറ സാരോപദേശങ്ങഠം സ്വീകരിയ്ക്കാൻ വിരോധമെന്തെന്നും, അതിൽ എന്തു കുറവാണു് കണ്ടതെന്നും, ഗോവിന്ദൻ തൻെറ സുഹൃത്തിനോടു് വളരെ നിൎബ്ബന്ധിച്ചു ചോദിച്ചു. എന്നാൽ, അതിനെല്ലാം സിദ്ധാൎത്ഥൻ, "സമാധാനിച്ചിരിക്കു, ഗോവിന്ദ, ആ മഹാത്മാവിൻെറ സാരോപദേശങ്ങഠം വളരെ നല്ലതുതന്നെ. അതിൽ ഞാനെങ്ങനെ കുററം കാണും?" എന്നു പറഞ്ഞു് ഒഴിഞ്ഞുനിന്നതേയുള്ളു.

പ്രഭാതമായപ്പോഠം ബുദ്ധൻെറ അനുയായികളിൽ പ്രായംചെന്ന ഒരു ഭിക്ഷു തോപ്പിൽ വന്നു. പുതുതായി സംഘത്തിൽ ചേൎന്നവരെയെല്ലാം വിളിച്ചുവരുത്തി. അവൎക്കു് മഞ്ഞവസ്ത്രം

നൽകി. പ്രാരംഭോപദേശങ്ങളും നിയമങ്ങളും പരിശീലിപ്പിക്കുക യായിരുന്നു ഉദ്ദേശ്യം. ഗോവിന്ദൻ തൻെറ ആ ബാല്യസുഹൃത്തിനെ ആലിംഗനം ചെയ്തു യാത്രപറഞ്ഞു പോയി മഞ്ഞവസ്ത്രം ധരിച്ചു.

സിദ്ധാൎത്ഥൻ ചിന്തയിൽ മുഴുകി തോട്ടത്തിൽ ചുററിനടന്നു.

അവിടെ അദ്ദേഹം ഗൗതമനെ കണ്ടു. ആ മഹാത്മാവിനെ ആദരവോടെ അഭിവാദ്യം ചെയ്തു. ബുദ്ധൻെറ മുഖഭാവം ശാന്തവും സുഗമവുമായിത്തോന്നി. നമ്മുടെ ചെറുപ്പക്കാരൻ ധൈര്യമവലംബിച്ച് ആ മഹാത്മാവിനോട് ചിലതു ചോദിച്ചറിയാൻ സമ്മതം ആരാഞ്ഞു. ആ വിശിഷ്ടാത്മാവ് മൌനത്തോടെ തലയാട്ടി.

സിദ്ധാൎത്ഥൻ പറഞ്ഞു: "അല്ലയോ മഹാത്മാവേ! ഇന്നലെ എനിക്ക് അങ്ങയുടെ അതിശയിക്കത്തക്ക സാരോപദേശം കേൾക്കാൻ ഭാഗ്യം കിട്ടി. ഞാനും എൻെറ സുഹൃത്തും അതു കേൾക്കാൻവേണ്ടി വളരെ അകലെനിന്നു വന്നവരാണ്. എൻെറ സ്നേഹിതൻ ഇനി ഇവിടെ അങ്ങയുടെകൂടെ നില്ക്കും. അയാൾ അങ്ങയുടെ മാർഗ്ഗത്തിൽ ചേരാൻ ശപഥം ചെയ്തുകഴിഞ്ഞു. ഞാൻ എൻെറ തീൎത്ഥയാത്ര തുടരാനും തീരുമാനിച്ചിരിക്കുന്നു."

"നിങ്ങളുടെ ഇഷ്ടംപോലെ," ആ മഹാത്മാവു സവിനയം പറഞ്ഞു.

"ഞാൻ ഒരുപക്ഷെ തെല്ലധൈര്യത്തോടെ സംസാരിക്കുന്നുണ്ടാവാം" സിദ്ധാൎത്ഥൻ തുടൎന്നു. "പക്ഷെ, എൻെറ ചിന്താഗതി മഹാത്മാവിനെ ധരിപ്പിക്കാതെ പോകാൻ തോന്നുന്നില്ല. അവിടുന്നു തെല്ലുനേരം ഞാൻ പറയുന്നതു കേൾക്കാമോ?"

ബുദ്ധൻ മൗനത്തോടെ സമ്മതം സൂചിപ്പിച്ചു.

സിദ്ധാൎത്ഥൻ പറഞ്ഞു: "മഹാത്മൻ! എല്ലാററിലും ഉപരിയായി ഒരു കാര്യത്തിൽ ഞാൻ അങ്ങയുടെ സാരോപദേശ

ങ്ങളെ അഭിനന്ദിക്കുന്നു. എല്ലാം പൂൎണ്ണമായും വിശദമായും സമ ൎത്ഥിക്കുന്നു. അങ്ങു് ഈ പ്രപഞ്ചത്തെ പൂൎണ്ണമായി, കണ്ണിമുറിയാ തെ ശാശ്വതമായ ഒരു ചങ്ങലയായി, കാൎയ്യകാരണസന്നിബ ദ്ധമായി, കാട്ടിത്തരുന്നു. ഇതുവരെ ആരും അതു് ഇത്ര സ്പഷ്ടമാ യി വെളിപ്പെടുത്തീട്ടില്ല. ഇതുവരെ ആരും ഇത്ര അനിഷേദ്ധ്യമാ യി ഉദാഹരിച്ചു കാണിച്ചിട്ടില്ല. അങ്ങയുടെ സാരോപദേശങ്ങ ളിൽക്കൂടി ഈ പ്രപഞ്ചത്തെ വിടവില്ലാതെ, ധാരമുറിയാതെ, കറകളഞ്ഞു്, വികല്പമെന്യേ, ഈശ്വരവിധിയെ ആശ്രയിക്കാ തെ, കാണുമ്പോഠം തീൎച്ചയായും ഏതൊരു ബ്രാഹ്മണഹൃദയവും തുടിക്കും. അതു നന്മയോ തിന്മയോ ആകട്ടെ, അതിലെ ജീവി തം സന്താപമോ സന്തോഷമോ ആകട്ടെ, അതു് അനിശ്ചിതമാ യിക്കൊള്ളട്ടെ—ഒരുപക്ഷേ, അങ്ങനെയാകാം. അതു സാരമില്ല— എന്നാൽ, പ്രപഞ്ചത്തിൻെറ കാൎയ്യകാരണബന്ധം, സംഭവങ്ങ ളുടെ പരസ്പരബന്ധം, ഒരേ ഒഴുക്കിൽനിന്നുതന്നെ വലുതിൻെറ യും ചെറുതിൻെറയും സമാശ്ലേഷം, ജനനമരണങ്ങഠം, ഒ രേ കാരണവ്യവസ്ഥയ്ക്കു വിധേയമാക്കിക്കാട്ടുന്നതു്, ഇതു് അങ്ങ യുടെ ആദരണീയമായ സാരോപദേശത്തിൽ വിശദമായി വെ ളിപ്പെട്ടു കണ്ടു. എന്നാൽ, അങ്ങയുടെ തത്വപ്രകാരം ഈ യുക്തി ബദ്ധമായ ഇണക്കം ഒരിടത്തു മുറിഞ്ഞിരിക്കുന്നു. ആ ചെറിയ വി ടവിൽക്കൂടി അസാധാരണമായിട്ടെന്തോ, പുതുതായിട്ടെന്തോ, മുമ്പില്ലാതിരുന്നതും ഉദാഹരിച്ചു സമൎത്ഥിക്കാൻ സാധിക്കാതിരു ന്നതും ആയ എന്തോ, ഈ സംയുക്തപ്രപഞ്ചത്തിലേയ്ക്കു പ്രവ ഹിക്കുന്നു. അതാണു് മോചനത്തിനുള്ള, പ്രപഞ്ചത്തെ തരണം ചെയ്യാനുള്ള, അങ്ങയുടെ തത്വം. ഈ ചെറിയ വിടവിൽ, ഈ ചെറിയ പിളൎപ്പിൽ, പ്രപഞ്ചത്തിൻെറ ശാശ്വതസമ്പൂൎണ്ണതത്വം തകരുന്നു. ഞാൻ ഈ ആക്ഷേപം ബോധിപ്പിച്ചതിനു മാപ്പുത രണം."

ഗൌതമൻ അനക്കംകൂടാതെ നിന്നു് ഇതു മുഴുവൻ ശാന്തമാ യി കേട്ടു. കളങ്കം തീണ്ടാത്ത ആ മഹാത്മാവു് തനിയ്ക്കു സ്വാഭാ

വികമായ ദയയോടും വിനയത്തോടുംകൂടി വിശദമായി പറഞ്ഞു: “നിങ്ങൾ തത്വങ്ങൾ ശരിക്കു കേട്ടു. ഹേ, ബ്രാഹ്മണപുത്ര! ഇത്ര അഗാധമായി അതിനെപ്പററി നിങ്ങൾ ചിന്തിച്ചതു് സ്തുത്യൎഹം തന്നെ. നിങ്ങൾ ഒരു കുറവു കണ്ടെത്തി. അതിനെപ്പററി ഇനിയും ചിന്തിക്കുക. ഞാൻ മുന്നറിയിപ്പു തരട്ടെ, അഭിപ്രായങ്ങളുടെ കൊടുങ്കാടിനും വാക്കുകളുടെ വൈരുദ്ധ്യങ്ങൾക്കും എതിരായി ജ്ഞാനതൃഷ്ണകൊണ്ടു വിഷമിക്കുന്ന യുവാവേ, അഭിപ്രായങ്ങൾക്കു് ഒരൎത്ഥവുമില്ല; അവ സുന്ദരങ്ങളോ വിരൂപങ്ങളോ ആകാം; ബുദ്ധിപൂൎവ്വകങ്ങളോ ബുദ്ധിശൂന്യങ്ങളോ ആകാം; ഏവനും അവ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ആവാം. ഏതായാലും നിങ്ങൾ കേട്ട തത്വങ്ങൾ എൻെറ അഭിപ്രായങ്ങളല്ല. ജ്ഞാനത്തിനുവേണ്ടി ദാഹിക്കുന്നവൎക്കു പ്രപഞ്ചത്തെ വിവരിച്ചുകൊടുക്കുകയല്ലാ അതിൻെറ ലക്ഷ്യം. അതിൻെറ ഉദ്ദേശ്യം തികച്ചും വ്യത്യസ്തമാണു്. അതിൻെറ ലക്ഷ്യം ക്ലേശത്തിൽനിന്നുള്ള മോചനമാണു്. അതേ ഗൗതമൻ പഠിപ്പിയ്ക്കുന്നുള്ളു.”

“മഹാത്മൻ! എന്നോടു കോപിക്കരുതു്” യുവാവു പറഞ്ഞു. “വാക്കുകൾകൊണ്ടു കലഹിക്കാനല്ലാ ഞാനിത്രയും പറഞ്ഞതു്. അഭിപ്രായങ്ങൾക്കു വലിയ അൎത്ഥമില്ലെന്നു് അവിടന്നു പറയുന്നതു ശരിതന്നെ. എന്നാൽ, ഞാൻ ഒന്നുകൂടി പറയട്ടെ. ഞാൻ അങ്ങയെ ഒട്ടും സംശയിക്കയുണ്ടായില്ല. അവിടുന്നാണു് സാക്ഷാൽ ബുദ്ധൻ, അതിലും എനിക്കു സംശയമുണ്ടായില്ല. ആയിരമായിരം ബ്രാഹ്മണരും ബ്രാഹ്മണപുത്രരും എത്തിക്കിട്ടാൻ പരിശ്രമിക്കുന്ന പരമലക്ഷ്യത്തിൽ അവിടുന്നു് എത്തിച്ചേൎന്നിട്ടുണ്ടെന്നും എനിക്കറിയാം. സ്വതന്ത്രമായ അന്വേഷണം, സ്വന്തമായ മാൎഗ്ഗം, സ്വതന്ത്രചിന്ത, ധ്യാനം, ജ്ഞാനം, ബോധം —ഈ വഴികളിൽക്കൂടിയാണു് അവിടുന്നു് അത്രത്തോളം എത്തിയതു്. അങ്ങു് ഉപദേശങ്ങളിൽക്കൂടിയല്ലാ പഠിച്ചതു്. അതുകൊണ്ടു്, അല്ലയോ മഹാത്മാവേ, 'തത്വോപദേശങ്ങളിൽകൂടി ആൎക്കും മോചനം സാദ്ധ്യമല്ലെന്നു് അറിയാമല്ലോ. അല്ലയോ മഹാ

ത്മാവേ, അങ്ങയ്ക്കു ബോധം സിദ്ധിച്ച അവസരത്തിൽ സംഭവിച്ചതെന്തെന്നു് ആൎക്കും വാക്കുകൊണ്ടോ തത്വങ്ങൾവഴിക്കോ ഉപദേശിച്ചുകൊടുക്കാൻ സാധ്യമല്ല. പലതും ഉൾക്കൊള്ളുന്നതാണു് ബോധോദയം സിദ്ധിച്ച ബുദ്ധൻെറ ഉപദേശങ്ങൾ. അവ പലതും പഠിപ്പിക്കുന്നു. സാന്മാൎഗ്ഗികജീവിതം നയിക്കുന്നതെങ്ങനെ, തിന്മയെ ജയിക്കുന്നതെങ്ങനെ, എന്നെല്ലാം പഠിപ്പിക്കുന്നു. എന്നാൽ വിശദവും വിലയേറിയതുമായ ഈ നിൎദ്ദേശങ്ങളിലില്ലാത്ത ഒന്നുണ്ടു്; ആ മഹാത്മാവിനു സിദ്ധിച്ച അനുഭവത്തിൻെറ രഹസ്യം അതിനകത്തില്ല—ആയിരമായിരം ആളുകൾക്കിടയിൽ അദ്ദേഹത്തിനു മാത്രം സിദ്ധിച്ചതാണു് ആ അനുഭവം. അതാണു് അങ്ങയുടെ ഉപദേശം കേട്ടപ്പോൾ എനിക്കു തോന്നിയതും ബോധ്യപ്പെട്ടതും. അതുകൊണ്ടാണു് ഞാൻ എൻെറ വഴിക്കു പോകുന്നതു്—ഇതിനേക്കാൾ മെച്ചപ്പെട്ട മററൊരു തത്വം അന്വേഷിച്ചല്ല ഞാൻ പോകുന്നതു്. എന്തുകൊണ്ടെന്നാൽ, അങ്ങനെ മററൊന്നില്ലെന്നു് എനിക്കറിയാം. അതുകൊണ്ടു്, എല്ലാ ഉപദേശങ്ങളും തത്വങ്ങളും ഉപേക്ഷിച്ചു്, എല്ലാ ഗുരുക്കന്മാരേയും വെടിഞ്ഞു്, ഒന്നുകിൽ ഒററയ്ക്കു് ഞാൻ എൻെറ ലക്ഷ്യത്തിൽ എത്തിച്ചേരും. അല്ലെങ്കിൽ ഞാൻ മരിയ്ക്കണം. എന്നാൽ, ഈ ദിവസം ഞാൻ എന്നും ഓൎക്കും. ഒരു പുണ്യാത്മാവിനെ സ്വന്തം കണ്ണുകൊണ്ടു കണ്ട ഈ ദിനം, ഹേ, മഹാത്മൻ! ഞാൻ ഓൎക്കും.”

ബുദ്ധൻ കീഴ്പോട്ടുനോക്കി. അദ്ദേഹത്തിൻെറ അക്ഷോഭ്യമായ മുഖത്തു വിഷാദച്ഛായ കണ്ടു.

“നിങ്ങളുടെ യുക്തിചിന്തയിൽ പിഴവില്ലെന്നു ഞാൻ കരുതുന്നു” ആ മഹാത്മാവു് പതുക്കെ പറഞ്ഞു. “നിങ്ങൾ ലക്ഷ്യത്തിൽ എത്തിച്ചേരുക. എന്നാൽ, എൻെറ ചുററും കൂടിയ പുണ്യാത്മാക്കളെ നിങ്ങൾ കണ്ടില്ലേ? പറയൂ. ആ സാരോപദേശങ്ങളെ വഴങ്ങിട്ടുള്ള എൻെറ അനേകം സഹോദരങ്ങളെ നിങ്ങൾ

കണ്ടില്ലേ? വിദൂരത്തുനിന്നു വരുന്ന സമാനരേ! നിങ്ങൾക്കെന്തു തോന്നുന്നു? അവരൊക്കെ ഈ ഉപദേശങ്ങൾ ഉപേക്ഷിച്ച് ആ ശാവലയിതമായ പ്രപഞ്ചത്തിലേയ്ക്കു മടങ്ങണമെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ?"

"ആ വിചാരം എനിക്കുണ്ടായിട്ടില്ല" സിദ്ധാർത്ഥൻ പറഞ്ഞു. "അവർ തത്വങ്ങൾ സ്വീകരിക്കട്ടെ. അവർ അവരുടെ ലക്ഷ്യത്തിൽ എത്തട്ടെ. മററൊരാളുടെ ജീവിതത്തെപ്പററി തീർപ്പെഴുതാൻ ഞാൻ ആളല്ല. എന്റെ കാര്യത്തിൽ ഞാൻതന്നെ തീരുമാനമെടുക്കണം. എനിക്കു തിരഞ്ഞെടുക്കുകയും തിരസ്കരിക്കുകയും വേണം. മഹാത്മാവേ! ഞങ്ങൾ സമാനർ അഹന്തയിൽനിന്നുള്ള മുക്തിയാണ് തേടുന്നത്. അങ്ങയുടെ അനുയായികളിൽ ഒരാളായാൽ ഒരു വക്കത്തേ എനിക്കെത്താൻ കഴിഞ്ഞേയ്ക്കുകയുള്ളു. അതാണ് ഭയം. ശാന്തിയും മോചനവും സിദ്ധിച്ചുവെന്നു വ്യാമോഹിച്ച് ഞാൻ ആത്മവഞ്ചന ചെയ്യുമെന്നാണ് എന്റെ ഭയം. യഥാർത്ഥത്തിൽ അഹന്ത എന്നിൽ വളരും. എന്തുകൊണ്ടെന്നാൽ, അതു് അങ്ങയുടെ തത്വോപദേശങ്ങളിലേയ്ക്കു പകരും. അങ്ങയേയും, അങ്ങയുടെ ഭിക്ഷുസംഘത്തേയും കുറിച്ചുള്ള ആദരവിലേയ്ക്കും സ്നേഹത്തിലേയ്ക്കും പകരും ആ അഹന്ത. അതാണ് ഭയം."

തെല്ലൊന്നു ചിരിച്ച്, അസന്ദിഗ്ദ്ധമായ മുഖപ്രസാദവും സൗഹാർദ്ദവും നടിച്ച് ആ അസാധാരണമനുഷ്യനെ സൂക്ഷിച്ചു നോക്കി, മനസ്സിലാക്കാൻ കഴിയാത്ത ഒരു മുഖഭാവത്തോടെ, ബുദ്ധൻ അയാൾക്കു വിടനൽകി.

"അല്ലയോ സമാന, നിങ്ങൾ ബുദ്ധിമാൻതന്നെ", ആ മഹാത്മാവു പറഞ്ഞു. "സ്നേഹിത, നിങ്ങൾക്കു ബുദ്ധിപൂർവ്വം സംസാരിക്കാനറിയാം. പക്ഷേ, ബുദ്ധി അധികമാകാതിരിക്കട്ടെ."

ബുദ്ധൻ നടന്നു മറഞ്ഞു. അദ്ദേഹത്തിന്റെ നോട്ടവും അർദ്ധമന്ദഹാസവും സിദ്ധാർത്ഥന്റെ സ്മരണയിൽ മുദ്രിതമായി. അ

യാറം വിചാരിച്ചു: ഇങ്ങനെ നോക്കുകയും മന്ദഹസിക്കുകയും ഇരിക്കുകയും നടക്കുകയും ചെയ്യുന്ന ഒരാളെ ഇതുവരെ ഞാൻ കണ്ടിട്ടില്ല. ഞാനും അതുപോലെ നോക്കാനും മന്ദഹസിക്കാനും, ഇരിക്കാനും നടക്കാനും ആഗ്രഹിക്കുന്നു. അതുപോലെ, സ്വച്ഛന്ദമായി, ആദരണീയമായി, ഒതുക്കത്തോടെ, കലവറയില്ലാതെ, ശിശുവിനെപ്പോലെ, മററുള്ളവക്കു മനസ്സിലാക്കാൻ കഴിയാത്തവിധം പെരുമാറുവാൻ. അഹന്തയെ ജയിച്ചവക്കേ അങ്ങനെ നോക്കാനും നടക്കാനും കഴിയൂ. ഞാനും അഹന്തയെ ജയിക്കും.

എനിക്കു വണങ്ങാൻ ഒരാളെ ഞാൻ കണ്ടു; ഒരാളെ മാത്രം, സിദ്ധാത്ഥൻ വിചാരിക്കുകയാണ്. ഞാൻ മററാരേയും വണങ്ങുകയില്ല. മറെറാരു തത്വവും എന്നെ ആകഷിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ഇദ്ദേഹത്തിൻെറ തത്വങ്ങറംപോലും എന്നെ ആകർഷിച്ചിട്ടില്ല.

ബുദ്ധൻ എന്നെ അപഹരിച്ചു; സിദ്ധാത്ഥൻ വിചാരിക്കുകയാണ്. അദ്ദേഹം എന്നെ അപമാനിച്ചു. എന്നാൽ, അതിലേറെ വിലയേറിയ ഒന്നു് തരികയും ചെയ്തു. അദ്ദേഹം എൻെറ സുഹൃത്തിനെ അപഹരിച്ചു. ഇതുവരെ എന്നെ മാത്രം വിശ്വസിച്ചിരുന്ന ആ സുഹൃത്തു് ഇന്നു് അദ്ദേഹത്തെ വിശ്വസിക്കുന്നു. അയാറം എൻെറ നിഴലായിരുന്നു. ഇന്നു് ഗൌതമൻെറ നിഴലായി. എന്നാൽ, അദ്ദേഹം സിദ്ധാത്ഥനു് സിദ്ധാത്ഥനെ വിട്ടുതന്നു.

# 4. ബോധോദയം

സിദ്ധാൎത്ഥൻ ആ തോപ്പുവിട്ടു പുറത്തുവന്നു. സൎവ്വജ്ഞനായ ബുദ്ധനേയും തൻെറ സുഹൃത്തായ ഗോവിന്ദനേയും പിരിഞ്ഞുള്ള ഈ വരവു് തൻെറ പൂൎവ്വജീവിതത്തിൽനിന്നുള്ള ഒരു വേൎപാടായി തോന്നി. പതുക്കെ നടക്കുന്നതിനിടയിൽ ചിന്ത ഒരു വഴിക്കങ്ങനെ പുറകോട്ടു ചുഴിഞ്ഞുപോയി. കാരണങ്ങളെക്കുറിച്ചുള്ള പ്രതീതി ജനിക്കാവുന്ന ഒരു നിലപാടിൽ അദ്ദേഹം എത്തിച്ചേൎന്നു. കാരണബോധം ജനിക്കുന്നതു ശരിയായ ചിന്തയുടെ ലക്ഷ്യമാണെന്നും ചിന്തയിൽക്കൂടിയേ വികാരം നശിച്ചുപോകാതെ ജ്ഞാനമായി രൂപാന്തരപ്പെടുകയുള്ളുവെന്നും അതു യഥാൎത്ഥമായി വളരുകയുള്ളുവെന്നും തോന്നി.

സിദ്ധാൎത്ഥൻ അങ്ങനെ നടന്നുപോകയാണു്. അഗാധമായ ചിന്തകളിലേക്കു തുളച്ചുകയറുന്നുണ്ടു്. താൻ ഒരു യുവാവിൻെറ നില വിട്ടതായി അദ്ദേഹത്തിനു തോന്നി. താൻ ഒരു പുരുഷനാണു്. പാമ്പിൻെറ ഉറയൂരിപ്പോകുന്നതുപോലെ എന്തോ തന്നെ വേൎപെട്ടതായി തോന്നി. ചെറുപ്പത്തിൽ തന്നെ പിരിയാതെ നിന്നിരുന്ന എന്തോ ഒന്നു്, തൻെറ ഒരംശംതന്നെയായിരുന്ന അതു്: അതെന്തായിരുന്നു? ഗുരുക്കന്മാരുണ്ടാവാനും അവരുടെ ഉപദേശം കേൾക്കുവാനുമുള്ള ആഗ്രഹം. താൻ കണ്ട അവസാനത്തെ ഗുരുവിനേയും അദ്ദേഹം വേൎപിരിഞ്ഞിരിക്ക

യാണ്. അതെ, മഹാനും ബുദ്ധിമാനും, വിശിഷ്ടനുമായ ബുദ്ധനെ. അദ്ദേഹത്തേയും പിരിഞ്ഞുപോരേണ്ടിവന്നു; എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിക്കാൻ കഴിഞ്ഞില്ല.

ആ ചിന്തകൻ മന്ദംമന്ദം നടന്നുപോരുകയാണ്. അദ്ദേഹം തന്നോടുതന്നെ ചോദിച്ചു: "ഉപദേശങ്ങളിൽനിന്നും ഗുരുക്കന്മാരിൽനിന്നും എന്താണ് നീ പഠിക്കാൻ ആഗ്രഹിച്ചതു്? അവ പലതും നിന്നെ പഠിപ്പിച്ചു. എന്നിട്ടും, എന്തൊന്നാണ് പഠിപ്പിക്കാൻ കഴിയാഞ്ഞതു്?" അപ്പോഠം അദ്ദേഹത്തിനു തോന്നി. അഹന്തയുടെ പ്രകൃതിയും സ്വഭാവവും ഞാൻ പഠിക്കാൻ ഇച്ഛിച്ചു. അഹന്തയിൽനിന്നു മോചനംവേണം, അതിനെ ജയിക്കണം, ഇതായിരുന്നു എൻെറ ആവശ്യം. പക്ഷേ, എനിക്കതിനെ ജയിക്കാൻ കഴിഞ്ഞില്ല. ഞാനതിനെ വഞ്ചിച്ചേയുള്ളു. അതിൽനിന്നു് ഒന്നു പറന്നതേയുള്ളു. അതിൽനിന്നു് ഒളിച്ചുനിന്നേയുള്ളു. വാസ്തവത്തിൽ അഹന്ത, ഞാൻ ജീവിക്കുന്നു എന്നുള്ള കടങ്കഥ, മററുള്ളവരിൽനിന്നു വ്യത്യസ്തനായി, വേറൊരാളായി, സിദ്ധാത്ഥനായി വത്തിക്കുന്നു എന്നതാണ് സവ്വോപരി എൻെറ ചിന്തയെ ബാധിച്ചിട്ടുള്ളതു്. എന്നാൽ, മറെറല്ലാററിനേക്കാഠം കുറഞ്ഞ ജ്ഞാനമേ എന്നെക്കുറിച്ചു്, സിദ്ധാത്ഥനെക്കുറിച്ചു്, എനിക്കുള്ളു.

ആ ചിന്തകൻ, പതുക്കെ അങ്ങനെ നടന്നുപോകയാണ്. പെട്ടെന്നു്, ചിന്തയാൽ മുറുകെ പിടിക്കപ്പെട്ടതുപോലെ നിശ്ചലനായിനിന്നു. ഉടനെ മറെറാരു ചിന്ത. അതു് ഇങ്ങനെയായിരുന്നു: എന്നെപ്പററി യാതൊന്നും എനിക്കു് അറിയാതിരുന്നതു്, സിദ്ധാത്ഥൻ എനിക്കു് അപരിചിതനായിത്തീന്നതു്, ഒരേ ഒരു കാരണത്താലാണ്—എനിക്കു് എന്നെക്കുറിച്ചു ഭയമായിരുന്നു. ഞാൻ എന്നിൽനിന്നു പറന്നകലുകയായിരുന്നു. ഞാൻ ആത്മാവിനെ, പരബ്രഹ്മത്തെ അന്വേഷിക്കയായിരുന്നു. ഞാൻ

എന്നെത്തന്നെ നശിപ്പിക്കാൻ ആഗ്രഹിച്ചു. അറിയപ്പെട്ട അന്തരംഗത്തിൻെറ ആഗാധതയിൽ സകലസാക്ഷിയെ, ആത്മാവിനെ, ജീവനെ, ദിവ്യസ്വരൂപിയെ, പരാശക്തിയെ ദർശിക്കാൻവേണ്ടി ഞാൻ എന്നിൽനിന്നു കടന്നുപോരാൻ ആഗ്രഹിച്ചു. സിദ്ധാൎത്ഥൻ മേല്പോട്ടേക്കും നാലുവശത്തേക്കുംനോക്കി. മുഖത്തൊരു പുഞ്ചിരി നിഴലിച്ചു. നീണ്ട ഒരു സ്വപ്നത്തിൽനിന്നുണൎന്നതുപോലെ ഒരു ഉറച്ച ബോധമുണ്ടായി. അദ്ദേഹം വേഗം നടന്നുതുടങ്ങി; താൻ ചെയ്യേണ്ടതെന്തെന്നു ധരിച്ച ഒരു പുരുഷനെപ്പോലെ അതിവേഗത്തിൽ.

അതെ, ചിന്തിച്ച് ഒരു നെടുവീർപ്പിട്ടു അദ്ദേഹം. ഞാൻ സിദ്ധാൎത്ഥനിൽനിന്നു രക്ഷപ്പെടാൻ ഇനി ശ്രമിക്കയില്ല. ആത്മാവിനും ലോകാരിഷ്ടങ്ങൾക്കുംവേണ്ടി എൻെറ ചിന്തയെ ഇനിയൊരിക്കലും ഞാൻ ഉഴിഞ്ഞിടുകയില്ല. നാശങ്ങൾക്കു പുറകിലുള്ള രഹസ്യം കണ്ടെത്താനായി ഞാൻ എന്നെ കേടുവരുത്താനോ നശിപ്പിക്കാനോ തയ്യാറില്ല. യോഗവേദമോ, അഥൎവ്വവേദമോ, സന്യാസമോ, മററു സാരോപദേശങ്ങളോ അഭ്യസിച്ചു സമയം പാഴാക്കുകയില്ല. ഞാൻ എന്നിൽനിന്നു തന്നെ പഠിക്കും; എൻെറ ശിഷ്യനാകും; സിദ്ധാൎത്ഥനെക്കുറിച്ചുള്ള രഹസ്യം എന്നിൽനിന്നു പഠിക്കും.

അദ്ദേഹം ചുററുപാടും ഒന്നുനോക്കി, അന്ന് ആദ്യമായി ലോകം കാണുന്നതുപോലെ. ലോകം സുന്ദരവും, അസാധാരണവും അഗാധവുമായിത്തോന്നി. ഇവിടെ നീല, ഇവിടെ മഞ്ഞ, ഇവിടെ പച്ച, ആകാശവും, നദികളും, കാടുകളും മലകളും—എല്ലാം സുന്ദരം, എല്ലാം അഗാധം, അത്ഭുതകരം. അവയ്ക്കുമദ്ധ്യേ, അയാൾ, സിദ്ധാൎത്ഥൻ, ബോധോദയം സിദ്ധിച്ച് തന്നിലേയ്ക്കുള്ള വഴിയിൽ എത്തിച്ചേൎന്നിരിക്കുന്നു. ഇതെല്ലാം, ഈ മഞ്ഞയും പച്ചയും, നദിയും കാടും സിദ്ധാൎത്ഥൻെറ ദൃഷ്ടിയിൽക്കൂടി അന്ന് ആദ്യമായി കടന്നുപോയി. അതു മാരൻെറ മാന്ത്രികവി

ദൃശ്യമായോ, മായയുടെ മൂടുപടമായോ, തോന്നിയില്ല. അതു് പിന്നീടൊരിക്കലും നാനാത്വത്തിന്റെ ഒരു യാദൃച്ഛികഭാവമായി തോന്നിയില്ല. അഗാധചിന്തകരായ ബ്രാഹ്മണർ നാനാത്വത്തെ പഴിക്കയും ഏകത്വത്തെ അവലംബിക്കയും ചെയ്തിരുന്നതിനാൽ ഈ യാദൃച്ഛികത്വത്തെ അർത്ഥശൂന്യമെന്നു പറഞ്ഞു് ഉപേക്ഷിക്കാറുണ്ട്. സിദ്ധാർത്ഥനു് ഇപ്പോൾ അങ്ങനെ തോന്നിയില്ല. നദി നദിയായിത്തോന്നി. സിദ്ധാർത്ഥനിലുള്ള ആത്മസത്ത നീലിമയിലും നദിയിലും ഒളിച്ചിരുന്നെങ്കിൽ മഞ്ഞയും, നീലയും, ആകാശവും കാടും അങ്ങനെയും, സിദ്ധാർത്ഥൻ ഇങ്ങനെയും വേണമെന്നുള്ളതും ദൈവികമായ ഒരു കലാസാമർത്ഥ്യവും ഉദ്ദേശ്യവുമാണു്. അർത്ഥവും യാഥാർത്ഥ്യവും വസ്തുക്കളുടെ പുറകെ എങ്ങോ ഒളിഞ്ഞുകിടക്കുന്നവയല്ല; അവ അതാതു വസ്തുക്കളിൽത്തന്നെ വർത്തിക്കുന്നവയാണു്.

വേഗത്തിൽ നടന്നുകൊണ്ടു് അദ്ദേഹം വിചാരിച്ചു: ഞാൻ പൊട്ടനും വിഡ്ഢിയുമായി ഇത്രയുംകാലം കഴിഞ്ഞു! പഠിക്കാൻ മോഹമുള്ള എന്തെങ്കിലും വായിക്കുന്ന ഒരുവൻ അതിലെ അക്ഷരങ്ങളേയും ചിഹ്നനാദ്യടയാളങ്ങളേയും സങ്കല്പങ്ങളെന്നു പഴിക്കാറില്ല; യാദൃച്ഛികങ്ങളും അർത്ഥശൂന്യങ്ങളുമായി തള്ളാറില്ല. അയാൾ അവ അക്ഷരംപ്രതി വായിക്കും, പഠിക്കും, ഇഷ്ടപ്പെടും. എന്നാൽ, ലോകമാകുന്ന ഗ്രന്ഥത്തേയും എന്റെ സ്വന്തം പ്രകൃതിയാകുന്ന ഗ്രന്ഥത്തേയും വായിക്കാൻ ഇച്ഛിച്ച ഞാൻ അക്ഷരങ്ങളേയും അടയാളങ്ങളേയും ആദ്യമേ പുറന്തള്ളുകയാണു് ചെയ്തതു്. കാണാറുന്ന ലോകത്തെ സങ്കല്പമെന്നു വിധിച്ചു. എന്റെ കണ്ണും നാവുമെല്ലാം യാദൃച്ഛികങ്ങളാക്കി. ഇപ്പോൾ ആ നില വിട്ടു. ഞാൻ ഉണർന്നു. അതെ, നിശ്ചയമായും ഞാൻ ഉണർന്നു കഴിഞ്ഞു. ഞാൻ ഇന്നേ ജനിച്ചിട്ടുള്ളു.

ഈ വിചാരങ്ങൾ സിദ്ധാർത്ഥന്റെ മനസ്സിൽക്കൂടി കടന്നു പോകവേ, അദ്ദേഹം പൊടുന്നനെ നിശ്ചലനായി നിന്നു, വഴിയിൽ പാമ്പിനെ കണ്ടിട്ടെന്നപോലെ.

പിന്നെ ഇതും അദ്ദേഹത്തിനു വിശദമായി ബോദ്ധ്യപ്പെട്ടു. പുതുതായി ഉണരുകയോ ജനിക്കുകയോ ചെയ്തവനെപ്പോലെ താൻ ജീവിതം പുത്തനായി ആരംഭിക്കണമെന്നു്. ആ രാവിലെ ജേതവനത്തോപ്പിൽനിന്നു മടങ്ങുമ്പോൾ—മഹാത്മാവും പ്രബുദ്ധനും തന്നിലേക്കുള്ള വഴിക്കെത്തിയവനുമായ ആ വിശിഷ്ടാത്മാവിൻെറ തോപ്പിൽനിന്നു മടങ്ങുമ്പോൾ—കുറെക്കാലത്തെ സന്ന്യസ്തജീവിതത്തിനുശേഷം വന്നുചേൎന്ന സ്വാഭാവികഗതിയായി തോന്നിയതു തൻെറ കുടുംബത്തിലേയ്ക്കും അച്ഛൻെറ അടുക്കലേക്കും പോകണമെന്നായിരുന്നു. ഇപ്പോഴാകട്ടെ, വഴിയിൽ പാമ്പിനെക്കണ്ടിട്ടെന്നപോലെ അനങ്ങാതെനിന്നപ്പോൾ, അദ്ദേത്തിനു് ഇങ്ങനെയും തോന്നി: ഞാനിപ്പോൾ പണ്ടത്തെ ഞാനല്ല; പുരോഹിതനല്ല; ബ്രാഹ്മണനല്ല. പിന്നെ വീട്ടിൽ ചെന്നു് അച്ഛനെ വെച്ചുകൊണ്ടു് എന്തുചെയ്യും? പഠിക്കുകയോ? യാഗം ചെയ്യുകയോ? ധ്യാനിക്കുകയോ? അതെല്ലാം എന്നെസ്സംബന്ധിച്ചേടത്തോളം അവസാനിച്ചിരിക്കുന്നു.

സിദ്ധാത്ഥൻ അനങ്ങാതെനിന്നു. നിമിഷനേരത്തേക്കു മഞ്ഞുകൊണ്ടു മരവിച്ചമട്ടിൽ നിന്നു. താൻ ഏകാകിയാണല്ലോ എന്നു ബോദ്ധ്യപ്പെട്ടപ്പോൾ ഒരു ചെറിയ ജീവിയെപ്പോലെ, ഒരു പക്ഷിയെപ്പോലെയോ മുയലിനെപ്പോലെയോ, അദ്ദേഹത്തിൻെറ ഉള്ളു വിറച്ചു. കുടുംബശൂന്യനായി വളരെക്കാലം താൻ കഴിഞ്ഞതാണു്. എന്നാൽ, ഒരിക്കലും ഇതുപോലെ തോന്നീട്ടില്ല. ഇപ്പോഴാകട്ടെ, അതു ശരിക്കു തോന്നി. മുമ്പു്, ധ്യാനത്തിൽ മുഴുകിയിരിക്കുമ്പോഴും അച്ഛൻെറ മകനായിരുന്നു; ഉയൎന്ന പദവിയിലുള്ള ബ്രാഹ്മണനായിരുന്നു; മതവിശ്വാസിയായിരുന്നു. ഇപ്പോഴോ? താൻ വെറും പ്രബുദ്ധനായ സിദ്ധാത്ഥൻ; അതല്ലെങ്കിൽ മറെറാന്നല്ലതാനും. അദ്ദേഹം നെടുവീൎപ്പിട്ടു; നിമിഷനേരം വിറച്ചുനിന്നുപോയി. തന്നെപ്പോലെ മററാരും അത്ര ഏകാകിയായിരുന്നില്ല. താൻ ഉൽകൃഷ്ടകുടുംബത്തിൽ ജനിച്ച ഒരു പ്രഭുവല്ല. ഏതെങ്കിലും വൎത്തകസംഘത്തിൽജനിച്ചു്

അതിനെത്തന്നെ അവലംബിച്ച് കാമ്പിലും തൊണ്ടിലും പങ്കാളിയായികഴിയുന്ന ഒരു വ്യാപാരിയല്ല. ബ്രാഹ്മണജീവിതത്തിൽ പങ്കുകൊള്ളുന്ന ഒരു ബ്രാഹ്മണനല്ല. സമാനരിൽപ്പെട്ട ഒരു സന്യാസിയല്ല. കാട്ടിൽ ഏററവുമധികം ഒഴിഞ്ഞുമാറി ജീവിക്കുന്ന യതിയല്ല; ഏകാകിയല്ല; അയാളും ഒരു സംഘം ആൾക്കാരിൽ പെട്ടവനാണ്. ഗോവിന്ദൻ ഭിക്ഷുവായി. ആയിരക്കണക്കിനു ഭിക്ഷുക്കൾ അയാൾക്കു സഹോദരരായിട്ടുണ്ട്. അതേ ഉടുപ്പു ധരിച്ചവർ; അതേ വിശ്വാസത്തിൽ പങ്കാളികൾ; അതേ ഭാഷ സംസാരിക്കുന്നവർ. എന്നാൽ, താൻ, സിദ്ധാർത്ഥൻ, ഏതിൽ പെടുന്നു? ഏതു ജീവിതമാണ് താൻ സ്വീകരിക്കുക? ഏതു ഭാഷയാണ് താൻ സംസാരിക്കുക?

ആ നിമിഷത്തിൽ, ചുററുപാടുമുള്ള ലോകം അലിഞ്ഞുപോയപ്പോൾ, ആകാശത്തിൽ ഒരു നക്ഷത്രം എന്നപോലെ ഒററയ്ക്കങ്ങനെ നിന്നപ്പോൾ, അദ്ദേഹം നൈരാശ്യംകൊണ്ടു മരവിച്ചുപോയി. എന്നാൽ, താൻ താൻതന്നെയെന്ന് ഉറപ്പുതോന്നിയതു് അപ്പോഴാണ്. തൻെറ ബോധോദയത്തിൻെറ അവസാനത്തെ വിറയലായിരുന്നു അതു്. ജനനത്തിൻെറ അവസാനത്തെ വേദനയായിരുന്നു അതു്. വേഗം അദ്ദേഹം അക്ഷമനായി മുമ്പോട്ടു നടക്കാൻ തുടങ്ങി. എന്നാൽ, അതു വീട്ടിലേക്കല്ല, അച്ഛൻെറ അടുത്തേക്കല്ല, പിമ്പോട്ടു നോക്കീട്ടല്ല.

★

## രണ്ടാം ഭാഗം

# കമല

മാൎഗ്ഗത്തിലുള്ള ഓരോ പാദവിന്യാസവും സിദ്ധാൎത്ഥനെ പുതിയ കാൎയ്യങ്ങൾ പഠിപ്പിച്ചുതുടങ്ങി; എന്തുകൊണ്ടെന്നാൽ, ലോകം പുത്തനായി; അദ്ദേഹം അതിനു കീഴടങ്ങുകയും ചെയ്തു. കാടിന്റെ മുകളിലും പൎവ്വതങ്ങളിലും സൂൎയ്യൻ ഉദിക്കുന്നതുകണ്ടു. ദൂരത്തുള്ള പനന്തോപ്പിൽ അസ്തമിക്കുന്നതും കണ്ടു. രാത്രി ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതും അരിവാൾപോലെയുള്ള അമ്പിളിത്തെല്ല്, ഒരു വള്ളംപോലെ, ആകാശത്തിന്റെ നീലിമയിൽ പൊങ്ങിക്കിടക്കുന്നതും കണ്ടു. മരങ്ങൾ, നക്ഷത്രങ്ങൾ, മഴവില്ല്, പാറകൾ, ആററവഞ്ചി, പുഷ്പങ്ങൾ, അരുവികൾ, നദികൾ, പ്രഭാതത്തിൽ കുററിക്കാടിൽ തിളങ്ങുന്ന മഞ്ഞിൻതുള്ളി, അകലെ നീലനിറത്തിലും വിളൎത്തും ഉള്ള ഉയരംകൂടിയ മലകൾ—ഇതെല്ലാം അദ്ദേഹം കണ്ടു. പക്ഷികൾ പാടി, വണ്ടുകൾ മൂളി, മന്ദമാരുതൻ വയലിൽക്കൂടി കടന്നുപോയി. പണ്ടും ഇതെല്ലാം പല നിറത്തിലും പല രൂപത്തിലും അവിടെ ഉണ്ടായിരുന്നു. സൂൎയ്യനും ചന്ദ്രനും പ്രകാശിക്കാറുണ്ട്, നദികൾ ഒഴുകാറുണ്ട്, വണ്ടുകൾ മൂളാറു

ണ്ടു്. എന്നാൽ, അന്നു് സിദ്ധാൎത്ഥനു് ഇതൊന്നും അത്ര സാരമായിരുന്നില്ല. കേവലം കൺമുമ്പിൽക്കൂടി പാഞ്ഞുകൊണ്ടിരിക്കുന്ന സങ്കല്പങ്ങളുടെ മൂടുപടംമാത്രം. അവയെ അവിശ്വാസത്തോടുകൂടിയേ വീക്ഷിക്കാറുള്ളു. അവിശ്വാസത്തിൻെറ പേരിൽ പഴിച്ചു് ചിന്തയിൽനിന്നു് പുറത്താക്കുകയത്രേ പതിവു്. എന്തുകൊണ്ടെന്നാൽ, അവ യാഥാൎത്ഥ്യങ്ങളല്ല; യാഥാൎത്ഥ്യങ്ങൾ നേത്രഗോചരങ്ങളായ വസ്തുക്കളുടെ മറുവശത്തായിരുന്നു. എന്നാൽ, ഇന്നു് അദ്ദേഹത്തിൻെറ കണ്ണുകൾ ഇവിടെക്കിടന്നു പരുങ്ങുകയാണു്. കാണാവുന്നവ കണ്ടുതുടങ്ങി, കണ്ണിനു ബോദ്ധ്യപ്പെട്ടുതുടങ്ങി; ഈ ലോകത്തിൽ അദ്ദേഹം തൻെറ സ്ഥാനം തേടിത്തുടങ്ങി. അദ്ദേഹം തൻെറ യാഥാൎത്ഥ്യത്തെ തേടിയില്ല; മറെറങ്ങും അദ്ദേഹത്തിനു ലക്ഷ്യമില്ലാതായി. ഈ നിലയ്ക്കു നോക്കിയപ്പോൾ ലോകം സുന്ദരമായിത്തോന്നി—അതെ, യാതൊരു തപ്പുംകൂടാതെ വെളിവായി ഒരു ശിശുവിനെപ്പോലെ നോക്കിയപ്പോൾ. ചന്ദ്രനും നക്ഷത്രങ്ങളും സുന്ദരങ്ങളായി. അരുവിയും അതിൻെറ തീരവും, കാടു്, പാറ, ആടു്, മിന്നാമിനുങ്ങു്, പൂവു്, തുമ്പി—എല്ലാം ഭംഗിയുള്ളവ. ഇങ്ങനെ, ഒരു കലവറയുംകൂടാതെ ശിശുവിനെപ്പോലെ, പ്രബുദ്ധതയോടെ, കാണാവുന്നതെല്ലാം സാരമെന്നു കരുതി അവിശ്വാസംകൂടാതെ വീക്ഷിക്കുന്നതു് ഒരു സുഖമായി തോന്നി. മറവുള്ള സ്ഥലത്തു് സൂൎയ്യൻ കത്തിയെരിഞ്ഞു; കാട്ടിലെ തണലിൽ തണുപ്പുണ്ടായിരുന്നു; മത്തങ്ങയും നേന്ത്രക്കായും ഉണ്ടായിരുന്നു. പകലും രാവും വളരെ ഹ്രസ്വങ്ങളായി തോന്നി. ഓരോ മണിക്കൂറും, സന്തോഷം തുളുമ്പുമാറു്, ദ്രവ്യം നിറച്ച കപ്പലിൽ കപ്പപ്പായുടെ താഴെ ഇരിക്കുമ്പോഴെന്നപോലെ, അതിവേഗത്തിൽ പാഞ്ഞു്, കാടിനുള്ളിൽ ഒരു കൂട്ടം കുരങ്ങന്മാർ ഉയൎന്ന കൊമ്പുകളിൽക്കൂടി ചാടിനടക്കുന്നതു സിദ്ധാൎത്ഥൻ കണ്ടു. അവ അത്യാസക്തിയോടെ ഉറക്കെ നിലവിളിക്കുന്നതു കേട്ടു. ഒരു മുട്ടനാടു് അതിൻെറ കൊററിയേയും കൂട്ടാളിയേയും പിന്തുടരുന്നതു കണ്ടു. പാറയിൽ

നിറഞ്ഞ തടാകത്തിൽ മൊഴിമീൻ വൈകുന്നേരത്തെ വിശപ്പട ക്കാൻ ഇരതേടുന്നതു കണ്ടു. ചെറുമീൻ കൂട്ടം, പകച്ചുകൊണ്ടു് മൊഴിയുടെ പിടിയിൽ നിന്നു രക്ഷപ്പെടാൻ വെമ്പലോടെ പാ യുന്നു. മൊഴിയുടെ കോപം കൊണ്ട പാച്ചിൽ നിമിത്തം വെള്ള ത്തിലെ തിരയ്ക്കു കാഠിന്യം തോന്നി.

ഇതെല്ലാം പണ്ടും ഉണ്ടായിരുന്നതാണു്; എന്നാൽ സിദ്ധാ ത്ഥൻ കണ്ടിരുന്നില്ല. അദ്ദേഹം അവിടെ അല്ലായിരുന്നു. ഇന്നു് അദ്ദേഹം ഹാജരുണ്ടു്, അതിൽ ഉൾപ്പെട്ടവനുമാണു്. തന്റെ കണ്ണിൽക്കൂടി വെളിച്ചവും നിഴലും അദ്ദേഹം കണ്ടു; തന്റെ കണ്ണു കൾക്ക ചന്ദ്രനും നക്ഷത്രങ്ങളും ബോധ്യപ്പെട്ടു.

വഴിക്കുവെച്ചു് ജേതവനത്തിലെ എല്ലാ അനുഭവങ്ങളും സി ദ്ധാത്ഥൻ അനുസ്മരിച്ചു. പരിശുദ്ധാത്മാവായ ബുദ്ധന്റെ സാ രോപദേശങ്ങൾ, ഗോവിന്ദനുമായുള്ള വേർപാടു്, മഹാത്മാവായ ബുദ്ധനുമായുണ്ടായ സംഭാഷണം—എല്ലാം ഓത്തു. യഥാത്ഥ ത്തിൽ തനിക്കറിയാത്ത കാൎയ്യങ്ങളെപ്പററി അന്നു താൻ പറഞ്ഞ തിൽ അതിശയം തോന്നി—ബുദ്ധനോടു പറഞ്ഞതു്—ബുദ്ധന്റെ ബോധവും തത്വരഹസ്യവും ശിക്ഷണയോഗ്യമല്ലെന്നു പ്രകാശി പ്പിക്കാനും മററൊരാളെ ബോധ്യപ്പെടുത്താനും പററാത്തതാണെ ന്നും—പ്രബുദ്ധനായപ്പോൾ അദ്ദേഹം അനുഭവിച്ചറിഞ്ഞതായ അതു് ഇപ്പോഴിതാ സ്വയം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. അ ദ്ദേഹത്തിനു് സ്വാനുഭവം സമ്പാദിക്കണം. തന്നിലുള്ള സ്വത്വം ആത്മാവാണെന്നും അതു പരബ്രഹ്മത്തിന്റെ ഒരു വകഭേദമായ ശാശ്വതവസ്തുവാണെന്നുമത്രേ അദ്ദേഹം വളരെക്കാലമായി ധരി ച്ചുപോന്നതു്. സ്വയം കാണാനൊട്ടു കഴിഞ്ഞുമില്ല. എന്തുകൊ ണ്ടെന്നാൽ, അതിനെ ചിന്തയിൽ കുടുക്കാനായിരുന്നു ശ്രമം. 'ഞാൻ' എന്നുള്ളതു ശരീരമല്ല, ബോധപ്രകൃതിയല്ല, വിചാരമല്ല, അറിവല്ല, തീപ്പുണ്ടാക്കാനും നിലവിലുള്ള ചിന്തകളിൽക്കൂടി പുതി യ ചിന്തകൾ മിടഞ്ഞു കെട്ടാനും പററിയവിധം അഭ്യസിച്ചുണ്ടാ ക്കിയ ബുദ്ധിസാമത്ഥ്യവുമല്ല അതു്. അല്ല, ഈ ചിന്താലോകം

ഇവിടെത്തന്നെയാണ്. തനിക്കു ബോദ്ധ്യപ്പെട്ട തന്നെ ചിന്താ ഭാരംകൊണ്ടു ഞെരുക്കുന്നവനു ലക്ഷ്യത്തിലെത്താൻ സാദ്ധ്യമല്ല. വിചാരവും ബോധവും മഹത്തരമാണ്. അവ രണ്ടിൻെറയും പുറകെയാണ് അവസാനത്തെ പൊരുറം ഒളിഞ്ഞുകിടക്കുന്നതു്. അവ ചെവിക്കൊള്ളുന്നതു യുക്തമാണ്. അവകൊണ്ടു പെരുമാറിയാൽ പ്രയോജനമുണ്ടു്. ഉപേക്ഷിക്കയോ ക്ലേശിപ്പിക്കയോ ചെയ്യാതെ അവയുടെ സ്വരങ്ങറം സാവകാശം കേറംക്കണം. അന്തന്നാദത്തിൻെറ കല്പനയ്ക്കനുസരിച്ചേ അദ്ദേഹം പരിശ്രമിക്കാറുള്ളു. അന്തന്നാദത്തിൻെറ ഉപദേശം വിട്ടു പുറത്തൊന്നും തങ്ങിനില്ക്കുകയില്ല. ഗൌതമൻ എന്തിനാണ് തനിക്കു ബോധോദയമുണ്ടായ ആ നല്ല മുഹൂത്തത്തിൽ ബോധിവൃക്ഷത്തിൻെറ ചുവട്ടിലിരുന്നതു്? അദ്ദേഹം ഒരു ശബ്ദം കേട്ടു—സ്വന്തം ഹൃദയത്തിൽനിന്നു പുറപ്പെട്ട ഒരു ശബ്ദം. ആ വൃക്ഷത്തിൻെറ ചുവട്ടിൽ വിശ്രമം തേടാനത്രേ ശബ്ദം ശാസിച്ചതു്. മാംസം ഊററുവാനോ, യാഗംചെയ്യുവാനോ, തീത്ഥസ്നാനത്തിനോ, പ്രാത്ഥനയ്ക്കോ, ഭക്ഷിക്കാനോ, കുടിക്കാനോ, ഉറങ്ങാനോ, സ്വപ്നം കാണാനോ അദ്ദേഹം മുതിന്നില്ല. അദ്ദേഹം അന്തന്നാദം ശ്രദ്ധിച്ചു. പുറത്തുനിന്നുള്ള യാതൊരു ശാസനയ്ക്കും വഴങ്ങിക്കൊടുത്തില്ല. ആ ശബ്ദം കേറംക്കാൻ തയ്യാറാകുക—അതു നന്നായിരുന്നു; ആവശ്യമായിരുന്നു. മറെറാന്നും ആവശ്യമായിരുന്നില്ല.

രാത്രി ഒരു കടത്തുവഞ്ചിയിൽ കിടന്നുറങ്ങുമ്പോറം സിദ്ധാത്ഥൻ ഒരു സ്വപ്നം കണ്ടു. യോഗിയുടെ മഞ്ഞക്കാവി വേഷത്തിൽ ഗോവിന്ദൻ തൻെറ മുമ്പിൽ നില്ക്കുന്നതായി കണ്ടു. ഗോവിന്ദൻ വിഷാദത്തോടെ ചോദിച്ചു: "നിങ്ങറം എന്തിനു് എന്നെ വിട്ടുപിരിഞ്ഞു?" ഉടനെ അദ്ദേഹം ഗോവിന്ദനെ രണ്ടു കൈകറംകൊണ്ടും ചുററി ആലിംഗനംചെയ്തു. അങ്ങനെ മാറോടണച്ചു് ചുംബിക്കവേ, അതൊരു സ്ത്രീയായി മാറി. ആ സ്ത്രീയുടെ ഉടുപ്പിൽനിന്നു് സ്തനങ്ങറം ഉയന്നുവന്നു. സിദ്ധാത്ഥൻ അതിന്മേൽ കിടന്നു് സ്തന്യം പാനംചെയ്തു. ഈ സ്തന്യം നിപാട്ട

ള്ളതും കരുത്തുണ്ടാക്കുന്നതുമായിത്തോന്നി. അതിന്നു പുരുഷൻേറയും സ്ത്രീയുടേയും സൂര്യൻേറയും വനത്തിൻേറയും മൃഗത്തിൻേറയും പുഷ്പത്തിൻേറയും എല്ലാ ഫലങ്ങളുടേയും എല്ലാ സുഖങ്ങളുടേയും സ്വാദു തോന്നി. അതു് മത്തുപിടിപ്പിച്ചു. സിദ്ധാൎത്ഥൻ ഉണൎന്നപ്പോഠം കുടിലിന്നപ്പുറത്തു് നദി ഓളംവെട്ടുന്നു. കാട്ടിൽ ഒരു മൂങ്ങയുടെ വിശദവും അഗാധവുമായ മൂളൽ കേഠംക്കാമായിരുന്നു.

പ്രഭാതമായപ്പോഠം ആതിഥേയനായ കടത്തുകാരനോടു സിദ്ധാൎത്ഥൻ തന്നെ അക്കരെയ്ക്കെത്തിക്കാൻ പറഞ്ഞു. കടത്തുകാരൻ തൻെറ മുളഞ്ചങ്ങാടത്തിൽ അദ്ദേഹത്തെ നദികടത്തി. പ്രഭാതത്തിൻെറ വെളിച്ചം നദീജലപ്പരപ്പിനെ ചെങ്കതിർ പൂശി. "ഇതൊരു ഭംഗിയുള്ള നദിയാണു്" അദ്ദേഹം കൂട്ടുകാരനോടു പറഞ്ഞു.

"അതെ," കടത്തുകാരൻ പറഞ്ഞു. "വളരെ ഭംഗിയുള്ള നദി. ഞാൻ എല്ലാററിലും ഉപരിയായി ഇതിനെ ഇഷ്ടപ്പെടുന്നു. ഇതിൻെറ ശബ്ദം പലപ്പോഴും ഞാൻ കേഠംക്കാറുണ്ടു്. ഇതിനെ ശ്രദ്ധിച്ചുനോക്കാറുണ്ടു്. എന്തെങ്കിലും ഇതിൽനിന്നു പഠിക്കുകയും പതിവാണു്. ഈ നദിയിൽനിന്നു പലതും പഠിക്കാം."

"നിങ്ങഠംക്കു വന്ദനം. നിങ്ങഠം നല്ലവനാണു്" അക്കരെയ്ക്കെത്തിയപ്പോഠം സിദ്ധാൎത്ഥൻ പറഞ്ഞു. "പ്രതിഫലമോ സമ്മാനമോ തരാൻ എൻെറ കയ്യിൽ ഒന്നുമില്ലല്ലോ. ഞാൻ വീടും കുടിയുമില്ലാത്ത ഒരു ബ്രാഹ്മണപുത്രനാണു്; സമാനനാണു്." "അതെനിക്കു മനസ്സിലായി," കടത്തുകാരൻ പറഞ്ഞു. "കൂലിയോ സമ്മാനമോ ഞാൻ പ്രതീക്ഷിച്ചില്ല. അതു് ഇനി വല്ലപ്പോഴും നിങ്ങഠം തന്നേക്കാം." "അങ്ങനെ വിചാരിക്കുന്നുവോ?" സിദ്ധാർത്ഥൻ സന്തോഷത്തോടെ ചോദിച്ചു.

"തീച്ചയായും. അതു് നദിയും എന്നെ പഠിപ്പിച്ചിട്ടുള്ളതാണു്. എല്ലാം തിരിയെ വരുന്നുണ്ടു്. അല്ലയോ സമാന, അങ്ങു്

മടങ്ങിവരും. അങ്ങയ്ക്കു നമസ്കാരം. അങ്ങയുടെ സ്നേഹം മതി, എനിയ്ക്കു കൂലി. അങ്ങുന്നും ഈശ്വരന്മാർക്കു യാഗംചെയ്യുമ്പോൾ എന്നേയും ഓർക്കണേ!"

ചിരിച്ചുകൊണ്ടു് അവർ പിരിഞ്ഞു. കടത്തുകാരന്റെ സൗഹാർദ്ദത്തിൽ സിദ്ധാർത്ഥനു തൃപ്തിതോന്നി. അയാൾ ഗോവിന്ദനെപ്പോലെയാണു്. മന്ദഹാസത്തോടെ സിദ്ധാർത്ഥൻ വിചാരിച്ചു: 'ഞാൻ വഴിയിൽ കാണുന്നവരെല്ലാം ഗോവിന്ദനെപ്പോലെയാണു്; എല്ലാവർക്കും നന്ദിയുണ്ടു്; വാസ്തവത്തിൽ അവരോടു ഞാനാണു് കടപ്പെട്ടിരുന്നതു്. എല്ലാവർക്കും വിനയമുണ്ടു്. എല്ലാവരും എന്റെ സുഹൃത്തുക്കളാകാൻ ഇഷ്ടപ്പെടുന്നു; എന്നെ അനുസരിക്കാനും ഒന്നും ഗൗനിക്കാതിരിക്കാനും ഇഷ്ടപ്പെടുന്നു. ജനങ്ങളെല്ലാം കൊച്ചുകുട്ടികളാണു്.'

മദ്ധ്യാഹ്നത്തിൽ അദ്ദേഹം ഒരു ഗ്രാമത്തിൽക്കൂടി കടന്നുപോയി. ഊടുവഴിയിൽ കളിമണ്ണുകൊണ്ടുണ്ടാക്കിയ കുരപ്പുരകളുടെ മുമ്പിൽ കുട്ടികൾ നൃത്തംചെയ്യുന്നതു കണ്ടു. അവർ ഉരുളങ്കല്ലെടുത്തു കളിക്കുകയാണു്; ലഹളകൂട്ടുന്നു, ഗുസ്തിപിടിക്കുന്നു. എന്നാൽ, പരിചയമില്ലാത്ത സമാനനെ കണ്ടപ്പോൾ പെട്ടെന്നു് ഓടിക്കളഞ്ഞു. ഗ്രാമത്തിന്റെ അററത്തുള്ള ഒരു അരുവിയുടെ തീരത്തുക്കൂടിയായിരുന്നു വഴി. അരുവിയുടെ വക്കത്തു് ഒരു യുവതി മുട്ടുകുത്തിനിന്നു വസ്ത്രം അലക്കുന്നുണ്ടായിരുന്നു. സിദ്ധാർത്ഥൻ അഭിവാദ്യം ചെയ്തപ്പോൾ അവൾ കൈപൊക്കി അദ്ദേഹത്തെ നോക്കി ചിരിച്ചു. അവളുടെ കണ്ണിലെ വെള്ള തെളിഞ്ഞു കാണാമായിരുന്നു. വഴിയാത്രക്കാർ സാധാരണ ചെയ്യാറുള്ളതുപോലെ ഔപചാരികമായി അദ്ദേഹം അവളെ നോക്കി, പട്ടണത്തിലേയ്ക്കു് എത്ര ദൂരമുണ്ടെന്നു ചോദിച്ചു. അവൾ എഴുന്നേററു് അടുത്തേയ്ക്കു വന്നു. അവളുടെ നനഞ്ഞ ചുണ്ടു് ആകർഷകമായി കാണപ്പെട്ടു. ചില്ലറമട്ടിൽ അവൾ അദ്ദേഹത്തോടു് കുശലപ്രശ്നം ചെയ്തു. 'ഭക്ഷണം കഴിച്ചുവോ? സമാനർ രാത്രി ഒററയ്ക്കു് കാട്ടിൽ കിടന്നുറങ്ങുമെന്നും കൂടെ സ്ത്രീകളുണ്ടാകാൻ പാടില്ലെന്നും മററും

പറയുന്നതു ശരിയാണോ?'—ഇങ്ങനെ ചില ചോദ്യങ്ങൾ. പിന്നെ അവൾ തൻെറ ഇടത്തെ കാൽ അദ്ദേഹത്തിൻെറ വലത്തു കാലിന്മേൽ വെച്ചു. പുണ്യഗ്രന്ഥങ്ങളിൽ 'മരങ്കേററം' എന്നു പറയപ്പെടുന്ന ഒരുതരം പ്രേമസല്ലാപമുണ്ടു്. അതിനു് അദ്ദേഹത്തെ ക്ഷണിക്കുന്ന രീതിയിൽ ചില സ്തോഭങ്ങൾ പ്രകടിപ്പിച്ചു. സിദ്ധാൎത്ഥൻെറ സിരകളിൽ രക്തം തുടിച്ചു. താൻ കണ്ട സ്വപ്നം വീണ്ടും തത്സമയത്തു് അനുഭവപ്പെട്ടു. അദ്ദേഹം മുന്നോട്ടേക്കു് ആഞ്ഞു. അവളുടെ ആ ചെമ്പിച്ച സ്തനാഗ്രത്തിൽ അദ്ദേഹം ചുംബിച്ചു. തലയുയൎത്തി നോക്കിയപ്പോൾ അവൾ മന്ദഹസിക്കുന്നതു കണ്ടു. മുഖത്തു് ആഗ്രഹവും പകുതിയടഞ്ഞ കണ്ണുകളിൽ കൊതിതുളുമ്പുന്ന അപേക്ഷയും സ്ഫുരിച്ചുകണ്ടു.

സിദ്ധാൎത്ഥനും ലൈംഗികാസക്തിയുണ്ടായി. അദ്ദേഹത്തിൻെറ കൈകൾ അവളെ ഗ്രസിക്കാൻ തയ്യാറായിരുന്നു. എന്നാൽ, അതുവരെ ഒരു സ്ത്രീയെ തൊട്ടിട്ടില്ലാത്തതിനാൽ തെല്ലൊരു സങ്കോചം തോന്നി. പെട്ടെന്നു് ഉള്ളിൽനിന്നുള്ള ശബ്ദം 'അരുതു്' എന്നു ശാസിച്ചതുപോലെ തോന്നി. ഉടനെ സ്ത്രീയുടെ പ്രസന്നമുഖത്തിലെ മായാജാലങ്ങളെല്ലാം അസ്തമിച്ചു. കാമാസക്തയായ ഒരു യുവതിയുടെ കടാക്ഷവീക്ഷണമല്ലാതെ മററൊന്നും ആ മുഖത്തു കണ്ടില്ല. പതുക്കെ അവളുടെ കവിളിൽ തട്ടി അദ്ദേഹം മുളങ്കാട്ടിലേയ്ക്കു് ഓടിക്കളഞ്ഞു. ആ സ്ത്രീക്കു് ഇച്ഛാഭംഗം തോന്നി.

അസ്തമിക്കുന്നതിനു മുമ്പു് അദ്ദേഹം ഒരു വലിയ പട്ടണത്തിൽ ചെന്നെത്തി. ജനങ്ങളോടൊന്നിച്ചുകൂടാൻ ആഗ്രഹിച്ചിരുന്ന അദ്ദേഹത്തിനു സന്തോഷം തോന്നി. വളരെക്കാലമായി കാട്ടിൽ കഴിച്ചുകൂട്ടുന്നു. തലേന്നാൾ കടത്തുകാരൻെറ വയ്ക്കോൽപ്പുരയിൽ കിടന്നുറങ്ങിയതാണു്, അനേകദിവസങ്ങൾക്കുശേഷം ആദ്യമായിട്ടുണ്ടായ ഭവനജീവിതം.

പട്ടണത്തിനു പുറത്തു്, വേലികെട്ടാത്ത ഭംഗിയുള്ള പൂന്തോപ്പിൽ[?]രികത്തുകൂടി ഒരു ചെറിയ സംഘം പുരുഷന്മാരും സ്ത്രീകളും

തലച്ചുമടും വഹിച്ചുകൊണ്ടുവരുന്നതു് ആ സഞ്ചാരി കണ്ടുമുട്ടി. അതിനു നടുവിൽ, അലംകൃതമായ ഒരു പല്ലക്കു് നാലു പേർകൂടി വഹിക്കുന്നു. പല്ലക്കിൻെറ ഒരു ഭാഗത്തു് മൂടിയുണ്ടു്. അതിനു കീഴെ ചുമന്ന ഒരു കിടയ്ക്കയിൽ അവരുടെ നായിക ഇരിക്കുന്നു. സിദ്ധാത്ഥൻ പൂന്തോപ്പിൻെറ ദ്വാരത്തിൽ അനങ്ങാതെനിന്നു് ആ ഘോഷയാത്ര നോക്കിക്കണ്ടു. വേലക്കാരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും അടങ്ങിയ ഘോഷയാത്ര. പല്ലക്കിലിരിക്കുന്ന സ്ത്രീയേയും അദ്ദേഹം കണ്ടു. കറുത്ത കബരീഭാരത്തിൻെറ കീഴെ പ്രകാശിക്കുന്ന സ്നിഗ്ദ്ധവും ഉത്തേജകവുമായ മുഖം, ചെന്തൊണ്ടിപോലുള്ള ചുണ്ടു്, വില്ലുപോലെ വളച്ചെഴുതിയ പുരികക്കൊടികൾ, കരിങ്കുവളപ്പൂപോലുള്ള വിശാലനേത്രങ്ങൾ, കസവുപിടിപ്പിച്ച പച്ചവസ്ത്രത്തിനു മുകളിൽ ഉയൎന്നുനില്ക്കുന്ന മെലിഞ്ഞ കഴുത്തു്—എല്ലാം അദ്ദേഹം കണ്ടു. അവളുടെ മിനുത്ത കൈകൾ നീണ്ടുനിവൎന്നവയും വീതിയുള്ള വളകൾ അണിഞ്ഞവയും ആയിരുന്നു.

അവൾ അതിസുന്ദരിയാണെന്നു് സിദ്ധാത്ഥനു് അനുഭവപ്പെട്ടു. അദ്ദേഹത്തിൻെറ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു. അലംകൃതമായ ആ പല്ലക്കു് അരികത്തുകൂടി കടന്നുപോയപ്പോൾ അദ്ദേഹം സാദരം തലതാഴ്ത്തി. പിന്നെ തല ഉയൎത്തി ആ തെളിഞ്ഞ മുഖത്തു നോക്കി. നിമിഷനേരം ആ വിശാലനേത്രങ്ങളിലേയ്ക്കും കണ്ണോടിച്ചു. എന്തോ തനിക്കു മനസ്സിലാക്കാൻ കഴിയാത്ത ഒരു സുഗന്ധം തോന്നി.

നിമിഷനേരംകൊണ്ടു് ആ സുന്ദരിയും തലയാട്ടി പുഞ്ചിരിതൂകി അകമ്പടിയോടുകൂടി പൂന്തോപ്പിലേയ്ക്കു കടന്നു മറഞ്ഞു.

അങ്ങനെ, സിദ്ധാത്ഥൻ വിചാരിച്ചു: 'ഞാൻ നല്ല നേരത്താണു് ഈ പട്ടണത്തിലേയ്ക്കു കടന്നതു്.' വേഗം ആ പൂന്തോപ്പിലേയ്ക്കു കടന്നുചെല്ലാൻ അദ്ദേഹം വെമ്പൽകൊണ്ടു. പക്ഷേ, അതിനെപ്പററി വീണ്ടും ആലോചിച്ചു. എന്തുകൊണ്ടെന്നാൽ,

പടിക്കൽക്കൂടി കടന്നുപോകുന്ന സമയത്തു് ആ പരിചാരകർ വളരെ പുച്ഛരസത്തിൽ, അവിശ്വാസസൂചകമായി, വെറുപ്പോടെ തന്നെ നോക്കിയതു് അദ്ദേഹം കാണുകയുണ്ടായി.

അദ്ദേഹം വിചാരിച്ചു: 'ഞാൻ ഇപ്പോഴും സമാനനാണു്, ഋഷിയാണു്, ഭിക്ഷുവാണു്. എനിക്കു് ഈമട്ടിൽ തുടരാൻ സാദ്ധ്യമല്ല. ഈ മട്ടിൽ പൂന്തോപ്പിൽ കടക്കാനും സാദ്ധ്യമല്ല.' ഇങ്ങനെ വിചാരിച്ചു് അദ്ദേഹം ചിരിച്ചു.

പൂന്തോപ്പിന്നരികെ ആദ്യം കണ്ടവരോടു ചോദിച്ചു് ആ സ്ത്രീയുടെ പേർ കമല എന്നാണെന്നും തോട്ടം അവരുടേതാണെന്നും മനസ്സിലാക്കി. അന്നാട്ടിലെ സുപ്രസിദ്ധ വേശ്യയാണു് അവരം. ഈ പൂന്തോപ്പിനു പുറമെ, പട്ടണത്തിനകത്തു് ഒരു വീടും അവരംക്കുണ്ടു്.

അദ്ദേഹം പട്ടണത്തിലേയ്ക്കു കടന്നു. ഒരൊററ ലക്ഷ്യമേ ഉണ്ടായുള്ളു. അതിനെ തുടൎന്നുകൊണ്ടു് പട്ടണം മുഴുവൻ പരിശോധിച്ചു. വഴികളായ വഴികളെല്ലാം ചുററിനടന്നു. ചിലേടത്തു് അനങ്ങാതെ നിന്നു. നദീതീരത്തുള്ള കല്പടവുകളിലിരുന്നു വിശ്രമിച്ചു.

വൈകുന്നേരമായപ്പൊഴേയ്ക്കും ഒരു ക്ഷുരകൻെറ സഹായിയുടെ സൗഹാൎദ്ദം അദ്ദേഹം സമ്പാദിച്ചു. ഒരു കെട്ടിടത്തിൻെറ തണലിലിരുന്നു് അയാരം ജോലിചെയ്യുകയായിരുന്നു. വീണ്ടും അയാളെ വിഷ്ണുക്ഷേത്രത്തിൽ പ്രാൎത്ഥന നടത്തുന്ന സമയത്തു് കണ്ടു. വിഷ്ണുവിനേയും ലക്ഷ്മിയേയുംപററി പല കഥകളും അയാരം അദ്ദേഹത്തോടു പറഞ്ഞു. രാത്രി അദ്ദേഹം പുഴയിലുണ്ടായിരുന്ന വള്ളത്തിൽ കിടന്നുറങ്ങി. പ്രഭാതമായപ്പോരം, പതിവുകാർ വന്നെത്തുമ്മുമ്പെതന്നെ, ആ ക്ഷുരകനെക്കൊണ്ടു് തൻെറ താടിയും മററും ക്ഷൌരം ചെയ്യിച്ചു. തലമുടിയെല്ലാം എണ്ണപുരട്ടി ചീകിമിനുക്കി. പിന്നെ പുഴയിലേയ്ക്കു കുളിക്കാൻ പോയി.

സുന്ദരിയായ കമല ഉച്ചതിരിഞ്ഞു് പല്ലക്കിൽ കയറി തോട്ടത്തിലേയ്ക്കു വരുന്ന സമയം നോക്കി സിദ്ധാൎത്ഥൻ പടിയ്ക്കൽചെന്നു തയ്യാറെടുത്തു നിന്നു. അദ്ദേഹം തലതാഴ്ത്തി വേശ്യയുടെ അഭിവാദ്യം സ്വീകരിച്ചു. അകമ്പടിക്കാരിൽ ഒടുവിലത്തെ ആളെ വിളിച്ചുനിൎത്തി ഒരു ബ്രാഹ്മണയുവാവു് അവന്റെ യജമാനത്തിയോടു് സംസാരിക്കാൻ ആഗ്രഹിക്കുന്നതായി അറിയിക്കാൻ പറഞ്ഞു. തെല്ലുകഴിഞ്ഞു് വേലക്കാരൻ മടങ്ങിവന്നു് സിദ്ധാൎത്ഥനോടു തന്റെകൂടെ ചെല്ലാൻ പറഞ്ഞു് ഒരു കൂടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു മെത്തയിൽ കമല കിടക്കുന്നുണ്ടായിരുന്നു.

"ഇന്നലെ നിങ്ങൾ പുറത്തുനിന്നു് എന്നെ അഭിവാദ്യം ചെയ്തില്ലേ?" കമല ചോദിച്ചു.

"ഉവ്വ്. ഇന്നലെ ഞാൻ നിങ്ങളെ കണ്ടു് അഭിവാദ്യം ചെയ്തു."

"എന്നാൽ അപ്പോൾ നിങ്ങൾക്കു് താടിയും പൊടിപുരണ്ട നീണ്ട തലമുടിയും ഉണ്ടായിരുന്നില്ലേ?"

"നല്ലവണ്ണം നോക്കിക്കണ്ടു. നിങ്ങൾ എല്ലാം കണ്ടു. സമാനനാകാൻവേണ്ടി വീടുവിട്ടുപോയി മൂന്നുകൊല്ലം സമാനനായി കഴിഞ്ഞുകൂടിയ ബ്രാഹ്മണപുത്രനായ സിദ്ധാൎത്ഥനെ നിങ്ങൾ കണ്ടു. ഏതായാലും ഇന്നു ഞാൻ ആ മാൎഗ്ഗം വെടിഞ്ഞു് ഈ പട്ടണത്തിൽ എത്തിച്ചേൎന്നിരിക്കയാണു്. പട്ടണത്തിൽ പ്രവേശിക്കും മുമ്പു് ഞാൻ ആദ്യം കണ്ട സ്ത്രീയാണു് നിങ്ങൾ. കമലേ! സിദ്ധാൎത്ഥൻ അധോദൃഷ്ടിയോടുകൂടാതെ ആദ്യം സംസാരിക്കുന്ന സ്ത്രീ ഭവതിയാണെന്നു് അറിയിക്കാനാണു് ഞാൻ വന്നതു്. ഇനിയൊരിക്കലും ഒരു സുന്ദരിയായ സ്ത്രീയെക്കാണുമ്പോൾ ഞാൻ കീഴ്പ്പോട്ടു നോക്കുകയില്ല."

കമല തന്റെ പീലിവിശറി തിരുപ്പിടിച്ചുകൊണ്ടു് മന്ദസ്മിതത്തോടെ ചോദിച്ചു: "ഇതു പറയാനാണോ സിദ്ധാൎത്ഥൻ വന്നതു്?"

"ഇതും ഭവതിയോടു വന്ദനവും പറയാനാണ് ഞാൻ വന്നതു്. എന്തുകൊണ്ടെന്നാൽ, ഭവതി സുന്ദരിയാണ്; വിസമ്മതമില്ലെങ്കിൽ ഭവതി എൻെറ സ്നേഹിതയും ഗുരുവുമായാൽ തരക്കേടില്ലെന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, ഭവതിക്കു സുവിദിതമായ ആ കലയെപ്പററി യാതൊന്നും എനിക്കറിഞ്ഞുകൂട."

കമല പൊട്ടിച്ചിരിച്ചു.

"കാട്ടിൽ കഴിഞ്ഞുകൂടുന്ന ഒരു സമാനൻ എന്നിൽനിന്നു പഠിക്കാനാഗ്രഹിച്ചതായ അനുഭവം ഇതുവരെ എനിക്കുണ്ടായിട്ടില്ല. നീണ്ട തലമുടിയും പഴകി ജീർണ്ണിച്ച കൗപീനവുമായി ഒരു സമാനൻ ഇതുവരെ എന്നെ സമീപിച്ചിട്ടില്ല. ബ്രാഹ്മണപുത്രരടക്കം ചെറുപ്പക്കാർ പലരും എൻെറ അടുക്കൽ വരാറുണ്ടു്; എന്നാൽ, അവരെല്ലാം നല്ല വസ്ത്രവും നല്ല ചെരുപ്പും, തലമുടിയിൽ സുഗന്ധവും മടിശ്ശീലയിൽ പണവുമായിട്ടാണ് വരിക. അല്ലയോ സമാന, ഈ ചെറുപ്പക്കാരെല്ലാം അങ്ങനെയാണ് എന്നെ സമീപിക്കാറുള്ളതു്."

സിദ്ധാർത്ഥൻ പറഞ്ഞു: "ഞാൻ ഭവതിയിൽനിന്നു പഠിക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്നലെത്തന്നെ ചിലതു പഠിച്ചു. എൻെറ താടിമീശ ഞാൻ കളഞ്ഞു. തലമുടി എണ്ണപുരട്ടി ചീകിമിനുക്കി. അല്ലയോ സുന്ദരി, ഇനി വളരെക്കുറച്ചേ പോരായ്മയുള്ളു. നല്ല വസ്ത്രം, നല്ല ചെരുപ്പ്, മടിശ്ശീലയിൽ പണം— അത്രയേ കുറവുള്ളു. ഈ മായാജാലങ്ങളേക്കാൾ വിഷമംകൂടിയവ സിദ്ധാർത്ഥൻ പരിശ്രമംകൊണ്ടു സ്വാധീനിച്ചിട്ടുണ്ടു്. ഇന്നലെ ഞാൻ സ്വാധീനിക്കാൻ നിശ്ചയിച്ചതു് പിന്നെ എന്തുകൊണ്ടെനിക്കു സാധിച്ചുകൂട? ഭവതി എന്നെ സുഹൃത്തായി സ്വീകരിച്ച് പ്രേമത്തിൻെറ സുഖം മനസ്സിലാക്കിത്തരു. കമലേ, ഞാൻ പററിയ ശിഷ്യനാണെന്നു് ഭവതിക്കു ബോധ്യപ്പെടും. ഭവതിക്കെന്നെ പഠിപ്പിക്കാനുള്ളതിനേക്കാൾ വിഷമമേറിയ കാര്യങ്ങൾ പഠിച്ചവനാണ് ഞാൻ. അപ്പോൾ, സിദ്ധാർത്ഥൻ ഈ

നിലയിൽ തലയിൽ എണ്ണമാത്രം പുരട്ടിയും, നല്ല വസ്ത്രമോ ചെരുപ്പോ പണമോ ഇല്ലാതെയും, ഭവതിക്ക പററിയവനല്ല!"

കമല പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇല്ല. അദ്ദേഹം വേണ്ടത്ര നന്നായിട്ടില്ല. അദ്ദേഹത്തിന്നു വസ്ത്രങ്ങൾ വേണം, നല്ല വസ്ത്രങ്ങൾ. ചെരുപ്പു വേണം, നല്ല ചെരുപ്പ്. മടിശ്ശീലയിൽ ധാരാളം പണം വേണം; കമലയ്ക്കു പാരിതോഷികങ്ങളും. ഇപ്പോൾ മനസ്സിലായോ? വനത്തിൽ വസിക്കുന്ന സമാനാ, നിങ്ങൾക്കു മനസ്സിലായോ?"

"എനിക്കു നല്ലവണ്ണം മനസ്സിലായി," സിദ്ധാൎത്ഥൻ പറഞ്ഞു. "ഇങ്ങനെയുള്ള മുഖത്തുനിന്നു പുറപ്പെടുന്നതു ഞാനെങ്ങനെ മനസ്സിലാക്കാതിരിക്കും? ഭവതിയുടെ മുഖത്തുനിന്നു തേനല്ലേ ഒഴുകുന്നതു്! എൻെറ അധരങ്ങളും ചെമന്നു പുത്തനായിരിക്കുന്നു. അവ ഭവതിക്കിണങ്ങും. ഒന്നു നോക്കാമോ? എന്നാൽ, സുന്ദരിയായ കമലേ! പറയു, കാട്ടിൽനിന്നും പ്രണയംപഠിക്കാൻ വരുന്ന സമാനനെക്കുറിച്ചു ഭവതിക്കു ഭയമില്ലേ?"

"ഞാനെന്തിനു സമാനനെ പേടിക്കണം? കാട്ടിൽ കുറക്കന്മാരുടെകൂടെ കഴിഞ്ഞുകൂടുന്ന കൊള്ളരുതാത്ത സമാനൻ; സ്ത്രീകളെപ്പററി ഒന്നും അറിഞ്ഞുകൂടാത്തവൻ."

"അങ്ങനെയല്ല, സമാനൻ ബലവാനാണ്. ഒന്നിനേയും ഭയമില്ലാത്തവനാണ്. അയാൾക്ക് ഭവതിയെ നിർബ്ബന്ധിയ്ക്കാൻ സാധിയ്ക്കും, മോഷ്ടിയ്ക്കാൻ സാധിയ്ക്കും, ഉപദ്രവിക്കാൻ കഴിയും."

"ഇല്ല സമാനാ, എനിക്കു ഭയമില്ല. തന്നെ ഉപദ്രവിക്കുമെന്നോ, തൻെറ ജ്ഞാനമോ ഭക്തിയോ അഗാധചിന്താശക്തിയോ മറെറാരാൾ മോഷ്ടിക്കുമെന്നോ എപ്പോഴെങ്കിലും ഒരു സമാനനോ ബ്രാഹ്മണനോ ഭയപ്പെട്ടിട്ടുണ്ടോ? ഇല്ല. എന്തുകൊണ്ടെന്നാൽ, അവയെല്ലാം അയാൾക്കധീനമാണ്. അതിൽനിന്നു വല്ലതും താൻ കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത്രയും ഒകൊ

ട്ടക്കാമെന്നു മാത്രം. അതുപോലെതന്നെയാണ് കമലയുടെ കാര്യവും. അതുതന്നെയാണ് പ്രണയസുഖത്തിന്റെ നിലയും. കമലയുടെ അധരങ്ങൾ തുടുത്തു മനോഹരങ്ങളാണ്. ചുംബിക്കുമ്പോൾ മാധുര്യം നൽകാൻ അവൾക്കറിയാം. എന്നാൽ, അവളുടെ ഹിതത്തിന്നെതിരായി അവ ചുംബിക്കാൻ മുതിന്നാൽ മാധുര്യത്തിന്റെ ഒരു കണികപോലും കിട്ടില്ല. സിദ്ധാൎത്ഥ, നിങ്ങൾ ഒത്ത ശിഷ്യനാണല്ലോ! അതുകൊണ്ട് ഇതുംകൂടി പഠിക്കാൻ ശ്രമിക്കു. പ്രണയം ഒരുവനു തെരുവിൽ യാചിക്കാം, വിലക്കു വാങ്ങാം, സമ്മാനിക്കപ്പെടാം, കണ്ടെത്താം; എന്നാൽ, അതു് ഒരിക്കലും മോഷ്ടിക്കാൻ സാദ്ധ്യമല്ല. നിങ്ങൾ തെററിദ്ധരിച്ചു. എന്നാൽ, നിങ്ങളെപ്പോലെ ഒരു നല്ല ചെറുപ്പക്കാരനു് തെററിദ്ധാരണ വന്നതു ശോചനീയംതന്നെ."

സിദ്ധാൎത്ഥൻ ശിരസ്സു കുനിച്ചു പുഞ്ചിരിതൂകി. "കമലേ! ശോചനീയമെന്നു് ഭവതി പറഞ്ഞതു ശരിയാണ്; വളരെ ശോചനീയംതന്നെ. നിങ്ങളുടെ അധരങ്ങളിൽനിന്നു മാധുര്യത്തിന്റെ കണികകൾ നഷ്ടപ്പെടാൻ വയ്യ. എന്റെ അധരങ്ങളിൽനിന്നും വയ്യ. അതുകൊണ്ടു് സിദ്ധാർത്ഥൻ വീണ്ടും വരാം; അവന്റെ ഇപ്പോഴത്തെ കുറവുകൾ തീരുമ്പോൾ വരാം; ഉടുപ്പു്, ചെരുപ്പു്, പണം എന്നിവ തികയുമ്പോൾ. എന്നാൽ, പറയു കമലേ, എനിക്കു വല്ല ഉപദേശവും തന്നുകൂടേ?"

"ഉപദേശമോ? എന്തുകൊണ്ടു വയ്യ? ഒരു പാവപ്പെട്ട സമാനൻ കാട്ടിലെ കുറുക്കന്മാരുടെ കൂട്ടത്തിൽനിന്നു വന്നു് ഉപദേശം ചോദിച്ചാൽ ആരാണ് കൊടുക്കാത്തതു്?"

"പ്രിയപ്പെട്ട കമലേ, ഈ മൂന്നു സാധനങ്ങളും എത്രയും വേഗത്തിൽ സമ്പാദിക്കാൻ ഞാൻ എങ്ങോട്ടാണ് പോകേണ്ടതു്?"

"സ്നേഹിത, പലരും അതറിയുവാൻ ആഗ്രഹിക്കുന്നുണ്ടു്. നിങ്ങൾ പഠിച്ച മാൎഗ്ഗത്തിൽക്കൂടി പണം സമ്പാദിച്ചു് ഉടുപ്പും

ചെരിപ്പും വാങ്ങണം. ഒരു ദരിദ്രനു് പണം കിട്ടാൻ മറെറാരു മാൎഗ്ഗവുമില്ല."

"എനിക്കു ചിന്തിക്കാനറിയാം, കാത്തിരിക്കാം, ഉപദേശിക്കാൻ കഴിയും."

"വേറൊന്നും വശമില്ലേ?"

"ഇല്ല, ഓ, അല്ല. എനിക്കു കവിതയെഴുതാൻ കഴിയും. ഒരു കവിതയ്ക്കു പകരമായി ഭവതി ഒരു ചുംബനം തരുമോ?"

"നിങ്ങളുടെ കവിത എനിക്കു തൃപ്തിപ്പെട്ടാൽ തരാം. എന്താണതിനു പേരു്?"

നിമിഷനേരം ചിന്തിച്ചശേഷം സിദ്ധാത്ഥൻ ഈ പദ്യം ചൊല്ലി.

"പൂന്തോപ്പു പൂകീ കമല മനോജ്ഞാംഗി
ദ്വാരത്തിൽനിന്നു കറമ്പൻ സമാനനും;
കുമ്പിട്ടുനിന്നാൻ കമലത്തിനായവൻ
മന്ദസ്മിതത്തെക്കമല തൂകീടിനാൾ;
ദേവക്കു യാഗം കഴിപ്പതിൽ ഭേദമേ
ത്യാഗം കമലയ്ക്കുവേണ്ടിയെന്നാനവൻ."

കമല തൻെറ സുവൎണ്ണകങ്കണങ്ങൾ കിലുങ്ങുമാറു് ഉറക്കെ കൈകൊട്ടി.

"നിങ്ങളുടെ കവിത വളരെ നന്നായി. കറമ്പനായ സമാന, ഒരു ചുംബനം നല്കുന്നതുകൊണ്ടു് എനിക്കു് ഒന്നും നഷ്ടപ്പെടാനില്ല."

അവൾ കടാക്ഷംകൊണ്ടു് അദ്ദേഹത്തെ അടുത്തേക്കു വിളിച്ചു. അദ്ദേഹം തൻെറ മുഖം അവളുടേതിനോടു് അടുപ്പിച്ചു. തൻെറ ചുണ്ടുകൾ അവളുടെ തേനൂറുന്ന ചുണ്ടുകളോടു ചേൎത്തു. കമല അദ്ദേഹത്തെ ഗാഢമായി ചുംബിച്ചു. അവൾ തന്നെ വളരെയധികം കാര്യങ്ങൾ പഠിപ്പിച്ചുവെന്നും സമത്ഥയാണെന്നും

0113:3M77:11
32J7;1



തന്നെ സ്വാധീനിച്ചുകഴിഞ്ഞുവെന്നും ഓർത്തു് സിദ്ധാർത്ഥൻ അത്ഭുതപ്പെട്ടു. തന്നെ അവൾ കീഴ്മേൽ മറിച്ചു; അപഹരിച്ചു; ആ നീണ്ട ചുംബനത്തെത്തുടർന്നു് തുടരെത്തുടരെയുള്ള പ്രത്യേകചുംബനങ്ങൾ തന്നെ കാത്തുകൊണ്ടിരിക്കുന്നു എന്നെല്ലാം കണ്ടു് അദ്ദേഹം അതിശയിച്ചുപോയി. അദ്ദേഹം നെടുവീർപ്പിട്ടുകൊണ്ടു് നിശ്ചലനായി നിന്നു. പൂർണ്ണവിജ്ഞാനം തന്റെ മുമ്പിൽവെച്ചു കെട്ടഴിക്കുമ്പോൾ അതിശയംകൊള്ളുന്ന ഒരു കുട്ടിയുടെ മട്ടിലായിരുന്നു തത്സമയം അദ്ദേഹത്തിന്റെ നില.

"നിങ്ങളുടെ കവിത വളരെ നന്നായി" കമല പറഞ്ഞു. "എനിക്കു സ്വത്തുക്കളുണ്ടായിരുന്നെങ്കിൽ ഞാനിതിനു പണം തന്നേനെ. പക്ഷേ, നിങ്ങൾക്കാവശ്യമുള്ള പണം കവിതകൊണ്ടു സമ്പാദിക്കാൻ പ്രയാസമാണു്. കമലയുടെ സുഹൃത്താകണമെങ്കിൽ ധാരാളം പണമില്ലാതെ സാധിക്കയുമില്ല."

"കമല എത്ര നല്ലവണ്ണം ചുംബിയ്ക്കുന്നു," സിദ്ധാർത്ഥൻ പതുക്കെ പറഞ്ഞു.

"അതെ, അതുകൊണ്ടാണു് എനിക്കു വസ്ത്രങ്ങളും ചെരുപ്പും വളകളും മറ്റെല്ലാ കൌതുകവസ്തുക്കളും വിഷമംകൂടാതെ ലഭിയ്ക്കുന്നതു്. എന്നാൽ, നിങ്ങൾ ഇനി എന്തുചെയ്യാൻ പോകുന്നു? ചിന്തിയ്ക്കുകയും ഉപവസിക്കുകയും കവിതയെഴുതുകയുമല്ലാതെ വേറൊന്നും സാധ്യമല്ലേ?"

"എനിയ്ക്കു മന്ത്രങ്ങളറിയാം," സിദ്ധാർത്ഥൻ പറഞ്ഞു. എന്നാൽ അതിനി ഞാൻ ഉച്ചരിക്കയില്ല. എനിക്കു തന്ത്രങ്ങളറിയാം. അതും ഞാൻ ഉച്ചരിക്കയില്ല. ഞാൻ വേദോക്തികൾ വായിച്ചിട്ടുണ്ടു്."

"നിർത്തു," കമല ഇടയിൽക്കയറി പറഞ്ഞു. "നിങ്ങൾക്കു് എഴുതാനും വായിക്കാനും അറിയാമോ?

[illegible]ും. അതു് പലക്കും അറിയാവുന്നതല്ലേ!"

MUL

"വളരെയധികം പേക്ഷ സാധ്യമല്ല; എനിക്കറിവില്ല. ഏതായാലും നിങ്ങൾക്കു് എഴുത്തും വായനയും നിശ്ചയമുള്ളതു നന്നായി. തന്ത്രങ്ങളും ആവശ്യം വന്നേക്കാം."

അപ്പോഴേയ്ക്കും ഒരു വേലക്കാരൻ വന്നു് അവളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു.

"എന്നെ കാണാൻ ഒരാൾ വന്നിരിക്കുന്നു," കമല പറഞ്ഞു. "വേഗം പോവൂ. ഇവിടെയെങ്ങും കാണരുതു്, നിങ്ങളെ. ഇനി നാളെ കാണാം."

എന്നാൽ, ആ വിശുദ്ധബ്രാഹ്മണനു് ഒരു വെളുത്ത വസ്ത്രം നൽകാൻ അവൾ വേലക്കാരനോടു കല്പിച്ചു. എന്താണു് സംഭവിക്കുന്നതെന്നു് വ്യക്തമായി മനസ്സിലാക്കാതെ വേലക്കാരൻ ഒരു വളഞ്ഞ വഴിയിൽക്കൂടി സിദ്ധാൎത്ഥനെ ഒരു മലർവാടിമന്ദിരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഒരു വെള്ളവസ്ത്രം കയ്യിൽ കൊടുത്തു് കുററിക്കാടുകൾക്കിടയിൽക്കൂടി ആരും കാണാതെ എത്രയും വേഗത്തിൽ പോകണമെന്നു ശാസിച്ചു.

സംതൃപ്തിയോടുകൂടി അദ്ദേഹം പറഞ്ഞതുപോലെ ചെയ്തു. കാട്ടിൽ പരിചയിച്ചിട്ടുള്ളതുകൊണ്ടു്, യാതൊരനക്കവുംകൂടാതെ അദ്ദേഹം തോപ്പിൽനിന്നു പുറത്തുകടന്നു. സംതൃപ്തിയോടെ, വസ്ത്രവും ചുരുട്ടി കയ്യിൽ വെച്ചുകൊണ്ടു് അദ്ദേഹം പട്ടണത്തിലേയ്ക്കു പോന്നു. യാത്രക്കാർ വന്നുകൂടുന്ന ഒരു സത്രത്തിൻെറ ഉമ്മറത്തെത്തി അദ്ദേഹം നിശ്ശബ്ദനായി ഭിക്ഷയാചിച്ചു. ഒരു ഉരുള ചോറു കിട്ടിയതു് സ്വീകരിക്കുകയും ചെയ്തു. ഒരുപക്ഷേ നാളെ തനിക്കു ഭിക്ഷ യാചിക്കേണ്ടിവരില്ല എന്നു് അദ്ദേഹം വിചാരിച്ചു.

പെട്ടെന്നു് അദ്ദേഹത്തിനു് എന്തെന്നില്ലാത്ത ഒരഭിമാനം തോന്നി. 'ഞാൻ ഇപ്പോൾ സമാനനല്ല. ഇനി ഭിക്ഷ യാചിക്കുന്നതു് ശരിയല്ല.'

ആ ചോറുള അദ്ദേഹം ഒരു നായയ്ക്കു കൊടുത്തു. അന്നു് പട്ടിണികിടന്നു. സിദ്ധാത്ഥൻ വിചാരിക്കുകയാണു്: 'ഇവിടത്തെ ജീവിതം ആഭാടരഹിതമാണു്; അതിൽ പ്രയാസങ്ങളൊന്നുമില്ല. ഞാൻ സമാനനായിരിയ്ക്കുവേ എല്ലാം പ്രയാസമായിരുന്നു; വേദനിപ്പിക്കുന്നവയായിരുന്നു; അവസാനം ആശാഭംഗവും. ഇപ്പോരം എല്ലാം എളുപ്പം. കമല ചുംബനത്തെക്കുറിച്ചു നല്കിയ നിർദ്ദേശങ്ങരംപോലെ എളുപ്പം. എനിക്കു വസ്ത്രങ്ങളും പണവും വേണം. അത്രയേ വേണ്ടു. ഇതെല്ലാം എളുപ്പമുള്ള ലക്ഷ്യങ്ങളാണു്. ഉറക്കത്തെ ശല്യപ്പെടുത്തുന്നവയല്ല.'

കമലയുടെ പട്ടണത്തിലുള്ള വസതിയെക്കുറിച്ചു് കുറെ അന്വേഷിച്ചു് പിറെറ ദിവസം അങ്ങോട്ടു ചെന്നു.

"കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നു," അവരം അദ്ദേഹത്തോടു പറഞ്ഞു. "കാമസ്വാമിയെ ചെന്നു കാണുക. അദ്ദേഹം കാത്തിരിക്കുന്നുണ്ടു്. പട്ടണത്തിലെ ഏററവും ധനവാനായ കച്ചവടക്കാരനാണു് അദ്ദേഹം. അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയാൽ നിങ്ങരംക്കു ജോലിതരും. എന്നാൽ, അല്ലയോ സമാന, സാമത്ഥ്യം കൈവെടിയരുതു്. മററു ചിലർവഴിയായി നിങ്ങളുടെ പേരു് ഞാൻ നിർദ്ദേശിച്ചിട്ടുണ്ടു്. അദ്ദേഹത്തോടു് സൗഹാർദ്ദത്തിൽ വത്തിക്കുക. അദ്ദേഹം പ്രമാണിയാണു്. പക്ഷേ, വല്ലാതെ താഴ്ന്നുപോകരുതു്. നിങ്ങരം അദ്ദേഹത്തിൻെറ ഭൃത്യനാകുന്നതു് എനിക്കിഷ്ടമല്ല. അദ്ദേഹത്തോടു തുല്യനായിരിക്കണം. അല്ലെങ്കിൽ എനിക്കു നിങ്ങളോടു് ഇഷ്ടമുണ്ടാവില്ല. കാമസ്വാമിയ്ക്കു വാദ്ധക്യംനിമിത്തം ശേഷി കുറഞ്ഞുതുടങ്ങി. നിങ്ങരം അദ്ദേഹത്തിൻെറ പ്രീതി സമ്പാദിച്ചാൽ വലിയ വിശ്വസ്തനിലയിൽ കഴിയാം."

സിദ്ധാത്ഥൻ അവളോടു കൃതജ്ഞത പറഞ്ഞു. അന്നും തലേദിവസവും അദ്ദേഹം യാതൊന്നും കഴിച്ചിട്ടില്ലെന്നറിഞ്ഞപ്പോരം, റൊട്ടിയും പഴങ്ങളും കൊണ്ടുവരാൻ കല്പനകൊടുത്തു. അദ്ദേഹത്തിനു വേണ്ടതെല്ലാം അവരംതന്നെ വിളമ്പിക്കൊടുത്തു.

പോകുന്ന സമയത്തു് അവശ പറഞ്ഞു: "നിങ്ങൾക്ക ഭാഗ്യമുണ്ടു്. ഓരോ പടികളായി നിങ്ങൾക്കു് തുറന്നുകിട്ടുന്നു. ഇതെല്ലാം എങ്ങനെ സാധിക്കുന്നു? നിങ്ങൾക്കു് വല്ല വശീകരണ ശക്തിയുമുണ്ടോ?"

സിദ്ധാൎത്ഥൻ പറഞ്ഞു: "ഇന്നലെ ഞാൻ പറഞ്ഞില്ലേ, എനിക്ക ചിന്തിക്കാനും, കാത്തിരിക്കാനും, ഉപവസിക്കാനും അറിയാമെന്നു്? പക്ഷേ, അതൊന്നും ഭവതി അത്ര വകവെച്ചില്ല. വനത്തിൽ ജീവിക്കുന്ന കൊള്ളരുതാത്ത സമാനർ ആവശ്യമുള്ള പല സംഗതികളും പഠിക്കുന്നുണ്ടെന്നു് ഭവതിയ്ക്കു ബോധ്യപ്പെട്ടു. മിനിഞ്ഞാന്നു് ഞാൻ ആൎക്കും വേണ്ടാത്ത ഒരു ഭിക്ഷുവായിരുന്നു. ഇന്നലെ ഞാൻ കമലയെ ചുംബിച്ചു. താമസിയാതെ ഞാനൊരു കച്ചവടക്കാരനാവും. പണവും നിങ്ങൾ വിലമതിക്കുന്ന മററെല്ലാ വസ്തുക്കളും ഞാനുണ്ടാക്കും."

"തീൎച്ചയായും"—അവശ സമ്മതിച്ചു. "എന്നാൽ, എന്നെക്കൂടാതെ ഇതൊക്കെ സാധിക്കുമായിരുന്നോ? കമല സഹായിച്ചിരുന്നില്ലെങ്കിൽ എന്തായിരിക്കും നിങ്ങളുടെ സ്ഥിതി?"

"പ്രിയപ്പെട്ട കമലേ," സിദ്ധാൎത്ഥൻ പറഞ്ഞു. ഞാൻ നിങ്ങളുടെ തോട്ടത്തിലേയ്ക്കു വന്നിട്ടു് ആദ്യത്തെ ആരംഭം എൻേറതായിരുന്നു. പ്രണയത്തെപ്പററി ഏററവും സുന്ദരിയായ സ്ത്രീയിൽനിന്നു പഠിക്കണമെന്നായിരുന്നു എൻെറ ഉദ്ദേശ്യം. ഞാൻ ആ തീരുമാനത്തിലെത്തിയ നിമിഷംമുതൽ അതു നിറവേററണമെന്നും എനിക്കറിയാമായിരുന്നു. ഭവതി സഹായിക്കുമെന്നും എനിക്കുറപ്പുണ്ടായിരുന്നു. തോപ്പിൻെറ പടിക്കൽവെച്ചു ഭവതി ആദ്യമായി എന്നെ നോക്കിയപ്പോഴേ അതു് ഞാൻ മനസ്സിലാക്കി."

"എനിയ്ക്കാവശ്യമില്ലായിരുന്നെങ്കിലോ?"

"പക്ഷേ, ഭവതിക്കാവശ്യമുണ്ടായല്ലോ! കേൾക്ക കമലേ, ഒരു കല്ലു് വെള്ളത്തിലേക്കെറിഞ്ഞാൽ എത്രയും വേഗത്തിൽ

അതു് അടിപറവം. സിദ്ധാൎത്ഥനു് ഒരു ലക്ഷ്യമുണ്ടായാലും അങ്ങനെതന്നെയാണു്. സിദ്ധാൎത്ഥൻ ഒന്നും ചെയ്യുന്നില്ല; കാത്തിരിക്കും, ചിന്തിക്കും, ഉപവസിക്കും. എന്നാൽ, ലോകകാൎയ്യങ്ങളിൽ അയാറം വെള്ളത്തിലേയ്ക്കെറിഞ്ഞ കല്ലുപോലെ കടന്നു പൊയ്ക്കൊള്ളും. യാതൊന്നും ചെയ്യേണ്ട; ഒരു കുലുക്കവും വേണ്ട. അവൻ അങ്ങോട്ടു താനേ നയിക്കപ്പെടുന്നു. ലക്ഷ്യംതന്നെ അവനെ മാർഗ്ഗത്തിലേയ്ക്കു നയിക്കും; എന്തുകൊണ്ടെന്നാൽ, ലക്ഷ്യത്തിന്നു വിരുദ്ധമായി യാതൊന്നും മനസ്സിൽ പ്രവേശിക്കാൻ അനുവദിക്കയില്ല. അതാണു് സിദ്ധാൎത്ഥൻ സമാനരിൽനിന്നു പഠിച്ചതു്. വിഡ്ഢികറം മായം എന്നു പറയുന്നതും ഇതുതന്നെയാണു്. ഇതു പിശാചുക്കളുടെ പണിയാണെന്നു് അവർ കരുതുന്നു. പിശാചുക്കറം ഒന്നും ചെയ്യുന്നില്ല. അങ്ങനെ ഒന്നില്ലതന്നെ. ഏതൊരുത്തനും മായങ്ങറം കാട്ടാം. ഏതൊരുവനും ലക്ഷ്യത്തിൽ എത്തിച്ചേരാം. ചിന്തിക്കയും, കാത്തിരിക്കയും, ഉപവസിക്കയും ചെയ്താൽ സാധിക്കാവുന്നതേയുള്ളു."

കമല ഇതെല്ലാം കേട്ടു. അദ്ദേഹത്തിൻെറ ശബ്ദം അവറംക്കു രസിച്ചു. അദ്ദേഹത്തിൻെറ നോട്ടം അവറംക്കിഷ്ടപ്പെട്ടു.

"ഒരുപക്ഷേ, സ്നേഹിത, എല്ലാം നിങ്ങറം പറയുന്നപോലെതന്നെയായിരിക്കാം," അവറം മന്ദമായി പറഞ്ഞു. "അഥവാ, സിദ്ധാൎത്ഥൻ സുന്ദരനായതുകൊണ്ടുമാകാം. ആ കടാക്ഷം സ്ത്രീകളെ പ്രീതിപ്പെടുത്തുന്നതുകൊണ്ടാകാം, അദ്ദേഹത്തിനു ഭാഗ്യം തെളിയുന്നതു്."

സിദ്ധാൎത്ഥൻ അവളെ ചുംബിച്ചു വിടവാങ്ങി. "എങ്ങനെയെങ്കിലുമാകട്ടെ, ഗുരോ! എൻെറ കടാക്ഷം എപ്പോഴും ഭവതിയെ രസിപ്പിക്കുമാറാകട്ടെ. ഭാഗ്യം എല്ലായ്പോഴും ഭവതിയിൽനിന്നു് എനിക്കു സിദ്ധിക്കട്ടെ."

★

# ജനങ്ങളുടെ ഇടയിൽ

സിദ്ധാർത്ഥൻ വർത്തകനായ കാമസ്വാമിയെ കാണാൻ പോയി. സമൃദ്ധമായ ഒരു ഗൃഹത്തിലേയ്ക്കാണ് നയിക്കപ്പെട്ടതു്. വിലപിടിച്ച പരവതാനികളിൽക്കൂടി ഒരു മുറിയിലേക്കു നയിക്കപ്പെട്ടു. ഗൃഹനായകനെ കാണാൻ അവിടെയാണ് ചെന്നിരുന്നതു്.

കാമസ്വാമി അകത്തേയ്ക്കു വന്നു. തല നരച്ച് മനുഷ്യരോടു മെരുക്കമുള്ള ഒരു ഉന്മേഷശാലിയാണ് കാമസ്വാമി. നേത്രങ്ങൾ സജീവങ്ങളും വക്ത്രം വികാരദ്യോതകവുമായി കണ്ടു. ഗൃഹനായകനും സന്ദർശകനും അന്യോന്യം സൗഹാർദ്ദനിലയിൽ അഭിവാദ്യം ചെയ്തു.

വർത്തകൻ സംഭാഷണമാരംഭിച്ചു: "നിങ്ങൾ ഒരു ബ്രാഹ്മണനാണെന്നും വിദ്വാനാണെന്നും, ഒരു വർത്തകൻെറ കീഴിൽ സേവനം അന്വേഷിക്കുന്നുണ്ടെന്നും കേട്ടു. അല്ലയോ ബ്രാഹ്മണ, നിങ്ങൾക്കങ്ങനെ ഒരു ജോലി ആവശ്യമാണോ?"

"അല്ല," സിദ്ധാർത്ഥൻ പറഞ്ഞു. "എനിക്ക് ആവശ്യം ഒന്നുമില്ല. ഒരിക്കലും ആവശ്യങ്ങൾ എനിക്കുണ്ടായിട്ടില്ല. ഞാൻ സമാനരുടെ കൂട്ടത്തിൽ വളരെക്കാലം കഴിച്ചുകൂട്ടിട്ടാണ് വരുന്നതു്."

"സമാനരുടെ കൂട്ടത്തിൽനിന്നു വരുന്നതുകൊണ്ടു് ആവശ്യങ്ങളില്ലാതിരിയ്ക്കുന്നതെങ്ങനെ? സ്വന്തമായി യാതൊന്നും ഇല്ലാത്തവരല്ലേ സമാനർ?"

"എനിക്കു യാതൊന്നുമില്ലേ എന്നാണു് ചോദ്യമെങ്കിൽ," സിദ്ധാത്ഥൻ പറഞ്ഞു, "ശരിയാണു്, എനിക്കു യാതൊന്നുമില്ല. എൻെറ നിശ്ചയസ്വാതന്ത്ര്യമൊഴികെ യാതൊന്നും എനിക്കില്ല. അതുകൊണ്ടുതന്നെ എനിക്കു് ആവശ്യങ്ങളും ഇല്ല."

"ഒന്നും ഇല്ലാതെ നിങ്ങളെങ്ങനെ ജീവിക്കും?"

"ശ്രീമൻ, അതിനെപ്പററി വിചാരിച്ചിട്ടില്ല. ഏതാണ്ടു് മൂന്നുകൊല്ലക്കാലമായി, ഞാൻ യാതൊന്നുമില്ലാത്തവനായിട്ടു്. എങ്ങനെ ജീവിക്കണമെന്ന പ്രശ്നം ഇതുവരെ ഞാൻ ആലോചിച്ചിട്ടില്ല."

"അതായതു് മററുള്ളവരുടെ കൈവശമുള്ളതിനെ ആശ്രയിച്ചു് നിങ്ങൾ ജീവിച്ചു."

"ശരിയാണു്. വത്തകനും മററുള്ളവരുടെ കൈവശമുള്ളതുകൊണ്ടുതന്നെ ജീവിക്കുന്നു."

"നല്ല സമാധാനം. പക്ഷേ, വത്തകൻ മററുള്ളവരുടെ സൗജന്യത്തിന്മേലല്ല ജീവിക്കുന്നതു്. തൻെറ സാധനങ്ങൾ പകരം കൊടുക്കുന്നുണ്ടു്."

"അങ്ങനെയാണു് കാര്യങ്ങളുടെ പോക്കു്. എല്ലാവരും വാങ്ങുന്നു. എല്ലാവരും കൊടുക്കുന്നു. ജീവിതം അങ്ങനെയാണു്."

"ശരി, പക്ഷേ നിങ്ങൾക്കു് ഒന്നുമില്ലെങ്കിൽ നിങ്ങളെങ്ങനെ കൊടുക്കും?"

"ഓരോരുത്തനും അവനവൻെറ കൈവശമുള്ളതു കൊടുക്കുന്നു. പടയാളി കായികശക്തിയും വത്തകൻ വാണിഭവും അധ്യാപകൻ ഉപദേശങ്ങളും കൃഷിക്കാരൻ ധാന്യവും മുക്കുവൻ മത്സ്യവും കൊടുക്കുന്നു."

"ശരി, എന്നാൽ നിങ്ങൾക്കെന്താണ് കൊടുക്കുവാൻ കഴിയുക? കൊടുക്കത്തക്കതായി എന്താണ് നിങ്ങൾ പഠിച്ചിട്ടുള്ളതു്?"

"എനിക്കു് ചിന്തിക്കാൻ കഴിയും, കാത്തിരിക്കാൻ കഴിയും, ഉപവസിക്കാൻ കഴിയും."

"അത്രയേ ഉള്ളോ?"

"അതെ എന്നു തോന്നുന്നു."

"അവകൊണ്ടെന്തു പ്രയോജനം? ഉദാഹരണത്തിനു് ഉപവാസത്തിൻെറ കാര്യമെടുക്കുക. അതുകൊണ്ടെന്തു മെച്ചം?"

"വളരെ മെച്ചമുണ്ടു്. ഭക്ഷിക്കാനില്ലാത്തവനു് പട്ടിണിയാണു് ഏററവും ബുദ്ധിപൂവ്വം ചെയ്യാവുന്നതു്. സിദ്ധാത്ഥൻ ഉപവസിക്കാൻ ശീലിച്ചില്ലായിരുന്നെങ്കിൽ നിംങ്ങളുടെ കീഴിലോ മററു വല്ലവരുടേയും കീഴിലോ ഇന്നു് ജോലി അന്വേഷിക്കേണ്ടിവന്നേനെ. വിശപ്പു് അയാളെ അതിലേക്കോടിക്കുമായിരുന്നു. എന്നാൽ ഇന്നത്തെ നിലയ്ക്കു് സിദ്ധാത്ഥനു് ശാന്തമായി കാത്തിരിക്കാം. അയാൾ ക്ഷമയില്ലാത്തവനല്ല. അയാൾക്കു് ഒരാവശ്യവുമില്ല. അയാൾക്കു് വിശപ്പിനെ വളരെ നേരത്തേയ്ക്കു് അകററിനിത്താം. അതിനെ പുച്ഛരസത്തിൽ വീക്ഷിയ്ക്കാം. അതുകൊണ്ടു് ഉപവാസംകൊണ്ടു പ്രയോജനമുണ്ടു്."

"നിങ്ങൾ പറഞ്ഞതു ശരിയാണു് സമാന! ഇതാ വരുന്നു."

കാമസ്വാമി പുറത്തേക്കു പോയി ഒരു കടലാസ്സുചുരുളും കൊണ്ടു വന്നു. അതു് ആ വിരുന്നുകാരൻെറ കയ്യിൽ കൊടുത്തിട്ടു ചോദിച്ചു:

"നിങ്ങൾക്കിതു വായിക്കാൻ സാധിക്കുമോ?"

സിദ്ധാത്ഥൻ അതു നോക്കി. ഒരു വില്പനയുടമ്പടിയായിരുന്നു അതിൽ. സിദ്ധാത്ഥൻ വായിച്ചു.

"വളരെ നന്നായി" കാമസ്വാമി പറഞ്ഞു. "നിങ്ങഠം എനിക്കുവേണ്ടി വല്ലതും ഇതിൽ എഴുതാമോ?"

കാമസ്വാമി ഒരു കടലാസ്സും പേനയും കൊടുത്തു. സിദ്ധാത്ഥൻ അതിൽ ഏതാണ്ടെഴുതി തിരികെ കൊടുത്തു.

കാമസ്വാമി വായിച്ചു: "എഴുതുന്നതു നല്ലതാണ്; ചിന്തിക്കുന്നതു് അതിലും നന്ന്. സാമത്ഥ്യം നന്ന്; എന്നാൽ ക്ഷമ അതിലും ഭേദമാണ്."

"നിങ്ങഠം നല്ലപോലെ എഴുതുന്നു" വത്തകൻ അദ്ദേഹത്തെ സ്തുതിച്ചു. "നമുക്ക് ഇനിയും പല കാര്യങ്ങഠം സംസാരിക്കാനുണ്ട്. ഇന്ന് എൻെറ അതിഥിയായി താമസിക്കണം."

സിദ്ധാത്ഥൻ കൃതജ്ഞതാപൂവ്വം ക്ഷണം സ്വീകരിച്ചു. അദ്ദേഹം വത്തകൻെറ വീട്ടിൽ താമസമായി. വസ്ത്രങ്ങളും ചെരുപ്പും അദ്ദേഹത്തിനായി കൊണ്ടുവന്നു. നിത്യം കുളിക്കാനൊരുക്കാൻ വേലക്കാരനുണ്ടായി. രണ്ടുനേരവും വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറുണ്ടായിരുന്നു. എന്നാൽ, സിദ്ധാത്ഥൻ ഒരിക്കലേ ഉണ്ണാറുള്ളു. മാംസമോ മദ്യമോ ഉപയോഗിക്കാറില്ല. കാമസ്വാമി കച്ചവടത്തെപ്പററി സംസാരിയ്ക്കും. സാമാനങ്ങളും വില്പനശാലയും കണക്കുകളും കാട്ടിക്കൊടുക്കും. പല പുതിയ കാര്യങ്ങളും സിദ്ധാത്ഥൻ പഠിച്ചു. അദ്ദേഹം വളരെ കാര്യങ്ങഠം കേഠംക്കാറുണ്ടെങ്കിലും കുറച്ചേ പറയാറുള്ളു. കമല പറഞ്ഞതനുസരിച്ച് വത്തകനു കീഴടങ്ങാതെ നോക്കാനും ശ്രദ്ധിച്ചുവന്നു. തന്നെ തുല്യനിലയിലും അതിൽ കവിഞ്ഞും കണക്കാക്കാൻ പ്രേരിപ്പിച്ചു. വളരെ ശ്രദ്ധയോടും ശുഷ്കാന്തിയോടുംകൂടിയാണ് കാമസ്വാമി വ്യാപാരം നടത്തിയിരുന്നതു്. എന്നാൽ, സിദ്ധാത്ഥനാകട്ടെ, അതൊരു കളി. അതിൻെറ നിയമങ്ങഠം പഠിക്കാൻ പരിശ്രമിച്ചിരുന്നെങ്കിലും അതു് ഹൃദയത്തിനു് ഇളക്കമുണ്ടാക്കിയില്ല.

കാമസ്വാമിയുടെ വീട്ടിൽ താമസമാക്കി ഏറെനാൾ കഴിയുന്നുമ്പെ സിദ്ധാർത്ഥൻ വ്യാപാരത്തിൽ പങ്കെടുത്തുതുടങ്ങി. കമല നിത്യം ക്ഷണിച്ചിരുന്നു; നല്ല വസ്ത്രങ്ങളും ചെരുപ്പും ധരിച്ച് അവിടെ പോകയും പതിവായിരുന്നു. താമസിയാതെ പാരിതോഷികങ്ങളും കൊടുത്തുതുടങ്ങി. അവളുടെ ബുദ്ധിയുള്ള ചെഞ്ചുണ്ടുകളിൽനിന്നു് പലതും അദ്ദേഹം പഠിച്ചു. അവളുടെ ശാന്തപേലവമായ കയ്യ് പല കാര്യങ്ങളും അദ്ദേഹത്തെ പഠിപ്പിച്ചു. പ്രണയത്തെസ്സംബന്ധിച്ചേടത്തോളം കേവലം ബാലനായിരുന്നു അദ്ദേഹം. അതിൻെറ അഗാധതയിലേയ്ക്കു ദാഹം തീരാത്ത മട്ടിൽ ആണ്ടുപോകാനായിരുന്നു താല്പര്യം. സുഖം നൽകാത്തവനു് അതു് ആസ്വദിക്കാനാവില്ലെന്നു് അവൾ പഠിപ്പിച്ചു. ഓരോ നിൽപ്പും, തലോടലും, സ്പർശവും, നോട്ടവും, എന്നുവേണ്ട, ശരീരത്തിൻെറ ഓരോ അവയവവും, സുഖം എന്തെന്നറിയാത്തവനു് അതു നൽകാൻ പററിയ രഹസ്യം ഉൾക്കൊള്ളുന്നതാണെന്നു് അവൾ അദ്ദേഹത്തെ മനസ്സിലാക്കി.

പ്രണയബദ്ധരായശേഷം പിരിയുമ്പോഴൊക്കെ പരസ്പരം മതിപ്പുണ്ടാക്കണം; ജയിക്കുകയും ജയിക്കപ്പെടുകയും വേണം; മതിയായില്ലെന്നോ ഒററപ്പെട്ടുത്തിയെന്നോ തോന്നരുതു്. കേടുവരുത്തിയെന്നോ കേടുവരുത്തപ്പെട്ടുവെന്നോ തോന്നരുതു്. ഇതെല്ലാം അവൾ പഠിപ്പിച്ചു. സമർത്ഥയും സുന്ദരിയുമായ ആ വേശ്യയോടൊപ്പം അദ്ദേഹം അത്ഭുതകരമാംവിധം സമയം വിനിയോഗിച്ചു. അങ്ങനെ, അവളുടെ ശിഷ്യനും കാമുകനും സുഹൃത്തുമായി. കാമസ്വാമിയുടെ വ്യാപാരത്തിലല്ല, കമലയോടൊന്നിച്ചുള്ള ജീവിതത്തിലാണു് അദ്ദേഹത്തിൻെറ ജീവിതത്തിൻെറ യഥാർത്ഥമൂല്യവും പൊരുളും നിലകൊണ്ടിരുന്നതു്.

പ്രധാനപ്പെട്ട കത്തുകളും മററും എഴുതേണ്ട ജോലി വർത്തകൻ അദ്ദേഹത്തെ ഏല്പിച്ചുതുടങ്ങി. ഗൌരവമുള്ള കാര്യങ്ങളെല്ലാം അദ്ദേഹത്തോടാലോചിക്കുകയും പതിവായി. നെല്ലെന്നോ, കമ്പിളിയെന്നോ, കപ്പലിൽ ചരക്കു കയററി കച്ചവടംചെയ്യുക

യെന്നോ പറഞ്ഞാൽ സിദ്ധാൎത്ഥന്ന് ഒന്നും നിശ്ചയമില്ലെന്ന് അയാറംക്ക് വേഗം ബോദ്ധ്യപ്പെട്ടു. എന്നാൽ, ഭാഗ്യകരമായ എന്തോ ഒരു സാമൎത്ഥ്യമുണ്ടെന്നു കണ്ടു. ശാന്തതയിലും സമചിത്തതയിലും അദ്ദേഹം വൎത്തകനെ അതിശയിച്ചിരുന്നു. അപരിചിതന്മാൎക്ക് നല്ലൊരഭിപ്രായം ജനിക്കത്തക്കവിധം സംഭാഷണം ചെയ്യാനുള്ള സാമൎത്ഥ്യമുണ്ടെന്നും ബോദ്ധ്യപ്പെട്ടു. അയാറം ഒരിക്കൽ ഒരു സ്നേഹിതനോടു പറയുകയാണ്: "ഈ ബ്രാഹ്മണൻ ഒരു ശരിയായ കച്ചവടക്കാരനല്ല; അങ്ങനെ ഇനി ആവുകയുമില്ല; വ്യാപാരത്തിൽ ഉറച്ചിരിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. എന്നാൽ വിജയം താനേ വന്നുചേരാനുള്ള എന്തോ രഹസ്യം അദ്ദേഹത്തിലുണ്ട്. അതു ഗ്രഹങ്ങളുടെ ആനുകൂല്യമോ, മായമോ, സമാനരിൽനിന്നു പഠിച്ച വിദ്യയോ എന്തോ? വ്യാപാരം ഒരു കുട്ടിക്കളിയായിട്ടാണ് കണക്കാക്കുന്നതു്. അതിൽ ശരിയായ മതിപ്പുണ്ടാകുന്നില്ല. അതു് അദ്ദേഹത്തെ സ്വാധീനിക്കുന്നില്ല. തോൽവിയിൽ അദ്ദേഹം ഭയപ്പെടുന്നില്ല. നഷ്ടത്തെക്കുറിച്ചു് ഒരു പരിഭ്രമവുമില്ല."

ആ സുഹൃത്തു് വൎത്തകനെ ഉപദേശിച്ചു:

"അദ്ദേഹം നിങ്ങറംക്കുവേണ്ടി ചെയ്യുന്ന വ്യാപാരത്തിലെ ആദായത്തിന്റെ മൂന്നിലൊന്നു കൊടുക്കു. അതോടൊപ്പം നഷ്ടം നേരിട്ടാൽ അതിലും പങ്കുവഹിക്കട്ടെ. അപ്പോറം ഉത്സാഹം വന്നുകൊള്ളും."

കാമസ്വാമി ഈ ഉപദേശം അനുസരിച്ചു പെരുമാറിത്തുടങ്ങി. എന്നാൽ, സിദ്ധാൎത്ഥന്ന് അത്ര സാരമായി തോന്നിയില്ല. ലാഭം കിട്ടിയാൽ വളരെ ശാന്തമായി സ്വീകരിക്കും. നഷ്ടം വന്നാൽ ചിരിച്ചുകൊണ്ടു പറയും: "ഓ, ഈ എടവാടു നഷ്ടമായിപ്പോയി."

പരമാൎത്ഥം പറഞ്ഞാൽ, വ്യാപാരത്തിൽ അദ്ദേഹം ഉദാസീനനായിരുന്നു. ഒരിക്കൽ വലിയൊരു നിലം വാങ്ങാനായി

അദ്ദേഹം ഗ്രാമത്തിലേക്കു പോയി. അവിടെ ചെന്നപ്പോഴേയ്ക്കും അതു മറേറതോ കച്ചവടക്കാരനു വിററുകഴിഞ്ഞിരുന്നു. എന്നാൽ സിദ്ധാൎത്ഥൻ ആ ഗ്രാമത്തിൽതന്നെ കുറെ ദിവസം താമസിച്ച് കൃഷിക്കാരെ പ്രീതിപ്പെടുത്തിയും, കുട്ടികൾക്കു പണം കൊടുത്തും, കല്യാണത്തിൽ പങ്കുകൊണ്ടും സമയം കഴിച്ചു സംതൃപ്തനായി മടങ്ങി. വേഗം മടങ്ങിവരാതെ സമയവും പണവും വ്യയം ചെയ്തതിനു സ്വാമി ശകാരിച്ചു. സിദ്ധാൎത്ഥൻ മറുപടി പറഞ്ഞു: "പ്രിയപ്പെട്ട സ്നേഹിത, ശകാരിക്കരുതു്. ശകാരം കൊണ്ടു് ആരും ഒന്നും നേടീട്ടില്ല. നഷ്ടം വന്നിട്ടുണ്ടെങ്കിൽ ഞാനതു സഹിക്കാം. ഈ യാത്രകൊണ്ടു് എനിക്കു വളരെ തൃപ്തിയായി. എനിക്കു് പലരുമായി പരിചയപ്പെടാനും ഒരു ബ്രാഹ്മണൻെറ സൌഹാർദ്ദം സമ്പാദിക്കാനും സാധിച്ചു. കുട്ടികൾ എൻെറ മടിയിൽ കയറിയിരുന്നു. കൃഷിക്കാർ അവരുടെ വയലുകൾ എനിക്കു കാട്ടിത്തന്നു. ആരും എന്നെ കച്ചവടക്കാരനായി കണക്കാക്കിയില്ല."

"അതൊക്കെ വളരെ നന്നായി," കാമസ്വാമി മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. "എന്നാൽ, പരമാൎത്ഥത്തിൽ നിങ്ങൾ വ്യാപാരിയാണു്. അതോ, കേവലം നേരമ്പോക്കായി യാത്ര ചെയ്തതാണോ?"

"ഞാൻ നേരമ്പോക്കായിട്ടാണു് യാത്രചെയ്തതു്" സിദ്ധാൎത്ഥൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "എന്തുകൊണ്ടല്ല? എനിക്കു പുതിയ മനുഷ്യരും പ്രദേശങ്ങളും പരിചയപ്പെട്ടു. ഞാൻ സൌഹാൎദ്ദവും വിശ്വാസവും ആസ്വദിച്ചു. എൻെറ സ്ഥാനത്തു് കാമസ്വാമിയായിരുന്നെങ്കിൽ കച്ചവടം നടക്കാത്തതിൽ വിഷാദിച്ചു മടങ്ങുമായിരുന്നു. അപ്പോഴും സമയവും പണവും നഷ്ടപ്പെടും. എന്നാൽ, ഞാൻ ഏതാനും ദിവസം സുഖമായി കഴിച്ചുകൂട്ടി. പലതും പഠിച്ചു. വളരെ സുഖം അനുഭവിച്ചു. വിഷാദംകൊണ്ടോ ധൃതികൊണ്ടോ ആരേയും ശല്യപ്പെടുത്തിയില്ല. ഇനി വല്ലപ്പോഴും മറെറാരു വിളവു വിലയാക്കാൻ ചെന്നാൽ

സുഹൃജ്ജനങ്ങൾ എന്നെ സ്വീകരിക്കും; ബുദ്ധിമുട്ടോ അസുഖമോ കാണിച്ചില്ലെന്നോർത്ത് ഞാൻ സന്തോഷിക്കും. അതിരിക്കട്ടെ സ്നേഹിത, ശകാരിച്ച് സ്വയം വേദനപ്പെടുത്തരുത്. ശല്യക്കാരനാണെന്നു തോന്നിയാൽ ഒരു വാക്കുമതി, സിദ്ധാർത്ഥൻ അവൻെറ വഴിക്കു പൊയ്ക്കൊള്ളും. അതുവരെ ഏതായാലും, നമുക്കു നല്ല സുഹൃത്തുക്കളായി കഴിയാം."

തൻെറ ഉപ്പും ചോറും തിന്നാണ് സിദ്ധാർത്ഥൻ ജീവിക്കുന്നതെന്നു ബോധ്യപ്പെടുത്താൻ കാമസ്വാമി ചെയ്ത പരിശ്രമമെല്ലാം പാഴായി. സിദ്ധാൎത്ഥൻ സ്വന്തം ചോറാണ് ഉണ്ടിരുന്നത്; അവരെല്ലാവരും മററുള്ളവരുടെ ചോറാണ് ഉണ്ടിരുന്നതു്. അതെ, എല്ലാവരുടേയും ചോറ് അങ്ങനെയാണ്. കാമസ്വാമിയുടെ ബുദ്ധിമുട്ടുകളെക്കുറിച്ചൊന്നും സിദ്ധാൎത്ഥനു് കരുതലുണ്ടായില്ല. കാമസ്വാമിക്കാകട്ടേ, പല ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നുതാനും. ഏതെങ്കിലും ഇടപാടു നഷ്ടപ്പെടുമെന്ന് ആശങ്കയുണ്ടായാൽ, ഒരു തവണത്തെ ചരക്കു നഷ്ടപ്പെട്ടാൽ, ഒരു കടക്കാരൻ കിട്ടാപ്പുള്ളിയാണെന്നു തോന്നിയാൽ, വിഷമിച്ചും ക്ഷോഭിച്ചും സംസാരിക്കുകയും, നെററിചുളിച്ച് സ്വൈരമായിട്ടുറങ്ങാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രയോജനമുണ്ടെന്നു ബോധ്യപ്പെടുത്താൻ കാമസ്വാമി ചെയ്ത ശ്രമമെല്ലാം വിഫലമായി. സിദ്ധാൎത്ഥൻ കാര്യങ്ങൾ പഠിച്ചതു തന്നിൽനിന്നാണെന്ന് ഒരിക്കൽ കാമസ്വാമി ഓൎമ്മപ്പെടുത്താൻ നോക്കി. അതിനുള്ള മറുപടി ഇതായിരുന്നു: "നേരമ്പോക്കു പറയരുത്. ഒരു കൊട്ട മത്സ്യത്തിൻെറ വിലയെന്ത്? പണം കടംകൊടുക്കുമ്പോൾ എന്തു പലിശ വാങ്ങാം? ഇതെല്ലാം ഞാൻ നിങ്ങളിൽനിന്നു പഠിച്ചു. എന്നാൽ ചിന്തിക്കാൻ പഠിച്ചതു് നിങ്ങളിൽനിന്നല്ല. അതു് നിങ്ങൾ എന്നിൽനിന്നു പഠിച്ചെങ്കിൽ എത്ര നന്നായിരുന്നു!"

അദ്ദേഹത്തിൻെറ ഹൃദയം നിശ്ചയമായും വ്യാപാരത്തിലല്ലായിരുന്നു. കമലയ്ക്കു പണം കൊടുക്കാൻ അതു പ്രയോജനപ്പെട്ടു. വേണ്ടതിലധികം അതുകൊണ്ട് നേടുകയും ചെയ്തിരുന്നു. പോ

രെങ്കിൽ സിദ്ധാർത്ഥൻെറ അനുഭാവവും ജിജ്ഞാസയും ജനങ്ങ ളിലായിരുന്നു. അവരുടെ ജോലിയും ക്ലേശങ്ങളും, സുഖങ്ങളും തെററുകളും, കൂടുതൽ അജ്ഞാതങ്ങളും തന്നിൽനിന്നു ചന്ദ്രനേ ക്കാറം അധികം അകന്നതുമായിരുന്നു. എല്ലാവരോടും സംസാ രിക്കുന്നതും, എല്ലാവരുടേയുംകൂടെ ജീവിക്കുന്നതും, എല്ലാവരിൽ നിന്നും പഠിക്കുന്നതും വളരെ എളുപ്പമായി തോന്നിയിരുന്നെങ്കി ലും എന്തോ ഒന്നു് അവരിൽനിന്നും തന്നെ അകററിനിത്തുന്നു ണ്ടെന്നു് അദ്ദേഹത്തിനു് നല്ലപോലെ ബോധ്യപ്പെട്ടിരുന്നു. താ നൊരു സമാനനായിരുന്നതാണു് ഈ അകൽച്ചയുടെ കാരണം. ജനങ്ങറം കുട്ടികളെപ്പോലെയും മൃഗങ്ങളെപ്പോലെയും ജീവിക്കു ന്നതു് അദ്ദേഹം കണ്ടു. അതു് അദ്ദേഹം ഇഷ്ടപ്പെടുകയും വെറു ക്കുകയും ചെയ്തു. അവർ പരിശ്രമിക്കുന്നതും, കഷ്ടപ്പെടുന്നതും ഓരോന്നിനെക്കുറിച്ചും വിഷമിക്കുന്നതും മററും അദ്ദേഹം കണ്ടു. എന്നാൽ ഈ വിഷമങ്ങളൊന്നും അത്ര വിലയുള്ളതായി അദ്ദേ ഹത്തിനു തോന്നിയില്ല—അതെ, പണത്തിനുവേണ്ടി, ചെറിയ സുഖങ്ങറംക്കുവേണ്ടി, അർത്ഥശൂന്യങ്ങളായ ബഹുമതികറംക്കുവേ ണ്ടിയുള്ള വിഷമങ്ങറം. അവർ അന്യോന്യം ശകാരിക്കുന്നതും വേദനിപ്പിക്കുന്നതും അദ്ദേഹം കണ്ടു. സമാനക്കു പുച്ഛംതോന്നു ക്കുന്ന കാര്യങ്ങളെക്കുറിച്ചു് ഇവർ സങ്കടപ്പെടുന്നതു കണ്ടു. സമാ നക്കു് യാതൊരു വികാരവും തോന്നിക്കാത്ത നഷ്ടങ്ങളിൽ ഇവർ ക്ലേശിയ്ക്കുന്നതു കണ്ടു.

ജനങ്ങറം കൊണ്ടുവന്നതെല്ലാം അദ്ദേഹം കൈക്കൊണ്ടു. തുണി വില്പനയ്ക്കു കൊണ്ടുവന്നാൽ സ്വീകരിക്കും; കടം ചോദി യ്ക്കാൻ വരുന്നതു സ്വാഗതമാണു്; സമാനനോളം ദരിദ്രനല്ലാത്ത ഭിക്ഷക്കാരൻ വന്നു് ഒരു മണിക്കൂറോളം തൻെറ ദാരിദ്ര്യത്തിൻെറ കഥ പറഞ്ഞാൽ അതും സ്വാഗതാർഹമാണു്. ധനികനായ വൈ ദേശികവത്തകനോടും, നേത്രക്കായ കൊണ്ടുവന്നു തന്നോടു കാ ശു വെട്ടിക്കുന്ന ഏററവകച്ചവടക്കാരനോടും അദ്ദേഹത്തിൻെറ പെരുമാററം ഒരുപോലെയായിരുന്നു. ഏതെങ്കിലും ഇടപാടി

നെപ്പററി കാമസ്വാമി പഴിപറഞ്ഞാൽ അതെല്ലാം വളരെ ജിജ്ഞാസയോടെ കേരംക്കും. അയാളുടെ നേരെ അത്ഭുതം പ്രകടിപ്പിയ്ക്കും. അയാരം പറയുന്നതു് മനസ്സിലാക്കാൻ ശ്രമിക്കും. ആവശ്യമെന്നു തോന്നുന്നിടത്തു് അയാരംക്കു തെല്ലു് ഇണങ്ങിക്കൊടുക്കും. അത്രയും കഴിഞ്ഞാൽ തന്നെ കാത്തിരിക്കുന്ന മറെറാരാളുടെ നേക്കു തിരിയുകയായി. വളരെപ്പേർ അദ്ദേഹത്തെ സമീപിക്കാറുമുണ്ടു്. വ്യാപാരം ചെയ്യാൻ, അദ്ദേഹത്തെ വഞ്ചിക്കാൻ, അദ്ദേഹം പറയുന്നതു കേരംക്കാൻ, അദ്ദേഹത്തിൻെറ അനുകമ്പ സമ്പാദിക്കാൻ, അദ്ദേഹത്തിൻെറ ഉപദേശങ്ങരം കേരംക്കാൻ— ഇങ്ങനെ പലതിനുമായി ധാരാളം പേർ വരും. അദ്ദേഹം ഉപദേശിക്കും, അനുശോചിക്കും, സമ്മാനിക്കും, തെല്ലു വഞ്ചിക്കപ്പെടുവാനും സമ്മതിക്കും. ഈ കളികളിലും ആളുകരംക്കു് അതിലുള്ള ആസക്തിയിലും അദ്ദേഹത്തിൻെറ ചിന്ത വ്യാപരിക്കുകപതിവാണു്; പണ്ടു് ദേവന്മാരിലും ബ്രാഹ്മണരിലും ചെലുത്തിയിരുന്നതിൽനിന്നു് ഒട്ടും വ്യത്യസ്തമല്ലാത്ത മട്ടിൽത്തന്നെ.

ചിലപ്പോരം ശാന്തമൃദുലമായ ഒരു ശബ്ദം തൻെറ ഉള്ളിൽനിന്നു പുറപ്പെടും. കേരംക്കും. അതു വളരെ പതുക്കെ എന്തോ ഓർമ്മപ്പെടുത്തും. പതുക്കെ അവ്യക്തമായി എന്തോ ആവലാതി പറയും. താൻ ഒരു അസാധാരണ ജീവിതമാണു് നയിക്കുന്നതെന്നും തനിക്കു തികച്ചും ഉന്മേഷമാണെന്നും, ചിലപ്പോരം സുഖം അനുഭവിച്ചുവെന്നും എന്നാൽ, യഥാർത്ഥജീവിതം തന്നെ അതിക്രമിച്ചു പായുകയാണെന്നും തന്നെ സ്പർശിച്ചിട്ടില്ലെന്നും തോന്നി. ഒരു കളിക്കാരൻ തൻെറ പന്തുകൊണ്ടെന്നപോലെ അദ്ദേഹം വ്യാപാരംകൊണ്ടു കളിച്ചു. തൻെറ ചുററുമുള്ള ജനങ്ങളോടു കളിച്ചു. അവരെ ശ്രദ്ധിച്ചു. അവരിൽനിന്നു് വിനോദം സമ്പാദിച്ചു. എന്നാൽ, തൻെറ ഹൃദയം, തൻെറ യഥാർത്ഥപ്രകൃതി, അവിടെയല്ലായിരുന്നു. അദ്ദേഹത്തിൻെറ ആത്മാവു് മറെറങ്ങോ ആയിരുന്നു; വളരെ അകലെ, കാണാൻ പററാത്ത മട്ടിൽ അലഞ്ഞുനടന്നിരുന്നു. തൻെറ ജീവിതവുമായി അതിനു യാതൊരു ബന്ധവുമില്ലായിരുന്നു.

ഈ വിചാരങ്ങളെക്കുറിച്ച് ചിലപ്പോൾ അദ്ദേഹത്തിന്നു ഭയംതോന്നും. അവരുടെ ബാലിശങ്ങളായ ദൈനന്ദിനകാര്യങ്ങളിൽ തീവ്രമായി പങ്കുകൊള്ളാൻ ആഗ്രഹം തോന്നി. ശരിയായി അതിൽ ഭാഗഭാക്കാകാൻ, ഒരു പ്രേക്ഷകൻെറ മട്ടിലല്ലാതെ യഥാർത്ഥമായി സുഖിക്കാനും അവരെപ്പോലെ ജീവിക്കാനും ആഗ്രഹം തോന്നി.

സുന്ദരിയായ കമലയെ അദ്ദേഹം ദിവസേന സന്ദശിച്ചിരുന്നു; പ്രേമത്തിൻെറ കല അഭ്യസിച്ചിരുന്നു. കൊടുത്തു വാങ്ങൽ മററെല്ലാററിനേക്കാളധികം ഒന്നായി കണ്ടതു് അതിലാണു്. അദ്ദേഹം അവളോടു സംസാരിക്കും, അവളിൽനിന്നു പഠിക്കും, അവൾക്കു് ഉപദേശം നൽകും, അവളിൽനിന്നു് ഉപദേശം വാങ്ങും. ഒരു കാലത്തു് ഗോവിന്ദൻ മനസ്സിലാക്കിയിരുന്നതിനേക്കാളധികം അവൾ അദ്ദേഹത്തെ മനസ്സിലാക്കി. അവളും മിക്കവാറും അദ്ദേഹത്തെപ്പോലെയായിരുന്നു.

ഒരിക്കൽ അദ്ദേഹം അവളോടു പറഞ്ഞു: "നീ എന്നെപ്പോലെയാണു്; മററു മനുഷ്യരെപ്പോലെയല്ല. നീ കമലയാണു്, മററാരുമല്ല. ഒരു നിശ്ചലതയും പുണ്യസ്ഥലവും നിന്നിൽത്തന്നെയുണ്ടു്. ആവശ്യമുള്ളപ്പോൾ നിനക്കു് അങ്ങോട്ടുചെന്നു് വിശ്രമം തേടാം. എന്നെപ്പോലെ സ്വസ്ഥത തേടാം. വളരെ ചുരുക്കം പേക്കേ അതിനുള്ള കഴിവുള്ളു. എന്നാൽ എല്ലാവക്കും കഴിയാവുന്നതാണതു്."

"എല്ലാവരും സമർത്ഥരല്ല" കമല മറുപടി പറഞ്ഞു.

"സാമർത്ഥ്യവുമായി അതിനു് ഒരു ബന്ധവുമില്ല. കാമസ്വാമിയും എന്നെപ്പോലെ സമത്ഥനാണു്. എന്നാൽ, അയാൾക്കു് ഒരു വിശ്രമസങ്കേതമില്ല. അറിവിനെസ്സംബന്ധിച്ചിടത്തോളം കേവലം കുട്ടികളായിട്ടുള്ളവക്കു് അതുണ്ടു്. കൊഴിഞ്ഞുവീണു് വായുവിൽ പതറി നിലംപതിക്കുന്ന ഇലപോലെയാണു് കമലേ, മിക്ക മനുഷ്യരും. ചുരുക്കം ചിലർ ഒരു നിശ്ചിതമാർഗ്ഗ

ത്തിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളെപ്പോലെയും. കാററ് അവയെ ബാധിക്കില്ല. അവയ്ക്കു് അവയിൽത്തന്നെ മാൎഗ്ഗദൎശിയും മാൎഗ്ഗവുമുണ്ട്. ബുദ്ധിയുള്ള പലരേയും എനിക്കറിയാം. അക്കൂട്ടത്തിൽ ഒരാളെ മാത്രമേ ഇക്കാര്യത്തിൽ പരിപൂൎണ്ണനായി ഞാൻ കണ്ടിട്ടുള്ളു. അദ്ദേഹത്തെ എനിക്കു മറക്കാൻ സാധ്യമല്ല. അതെ, മഹാത്മാവായ ഗൗതമനെ. ഈ തത്വം ഉപദേശിക്കുന്നതും അദ്ദേഹമാണ്. ആയിരമായിരം യുവാക്കൾ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ദിവസേന കേൾക്കുന്നുണ്ട്. അദ്ദേഹത്തിൻെറ നിൎദ്ദേശങ്ങൾ മണിക്കൂർതോറും അനുസരിക്കുന്നുണ്ട്. എന്നാൽ, അവരെല്ലാം കൊഴിഞ്ഞുവീഴുന്ന ഇലകളാണ്. അവക്കൊന്നും ബോധമോ, അവനവനിൽത്തന്നെ ഒരു മാൎഗ്ഗനിർദ്ദേശകനോ ഇല്ല."

കമല അദ്ദേഹത്തെ നോക്കി പുഞ്ചിരിക്കൊണ്ടു. "നിങ്ങൾ വീണ്ടും അദ്ദേഹത്തെക്കുറിച്ചാണ് പറയുന്നതു്" അവൾ പറഞ്ഞു. "വീണ്ടും നിങ്ങൾക്കു സമാനചിന്തയായി."

സിദ്ധാൎത്ഥൻ മൗനംകൊണ്ടു. അവർ പ്രേമവിഹാരത്തിലേപ്പെട്ടു. കമലയ്ക്കറിവുള്ള മുപ്പതോ നാല്പതോ പ്രേമവിഹാരങ്ങളിലൊന്നു്. അവളുടെ ശരീരം പുലിയുടേതുപോലെ ഒതുക്കമുള്ളതായി. വേടൻെറ വില്ലുപോലെ വളയുന്നതായിരുന്നു അതു്. അവളിൽനിന്നും പ്രണയം അഭ്യസിച്ചവൎക്ക് പല രഹസ്യങ്ങളും പഠിക്കാൻ കഴിഞ്ഞിരുന്നു. പല സുഖങ്ങളും ആസ്വദിക്കാൻ സാധിച്ചിരുന്നു. അവൾ സിദ്ധാൎത്ഥനുമായി ദീർഘനേരം വിഹരിച്ചു. അവൾ അദ്ദേഹത്തെ അട്ടിമറിച്ചു; ജയിച്ചു; കീഴടക്കി. തൻെറ സാമൎത്ഥ്യംകൊണ്ടു രമിപ്പിച്ചു. അങ്ങനെ അദ്ദേഹം മതിവന്നു ക്ഷീണിച്ചു് അവളുടെ അടുത്തു കിടപ്പായി.

വേശ്യ അദ്ദേഹത്തിൻെറ അടുത്തേയ്ക്കു ചാഞ്ഞു് ദീർഘനേരം ആ മുഖത്തേക്കു നോക്കി. ക്ഷീണിച്ചവശരായ ആ കണ്ണുകളിലേയ്ക്കു നോക്കി.

“എനിക്കുണ്ടായിട്ടുള്ളതിൽ ഏററവും നല്ല കാമുകനാണ് നിങ്ങൾ,” അവൾ വളരെ ബോധപൂൎവ്വം പറഞ്ഞു. “നിങ്ങൾ മററുള്ളവരേക്കാൾ കരുത്തുള്ളവനാണ്. കൂടുതൽ രഞ്ജിപ്പും അനുകൂലമനോഭാവവുമുള്ളവനാണ്. എൻെറ കല നിങ്ങൾ നല്ലപോലെ പഠിച്ചു സിദ്ധാൎത്ഥ. ഒരു കാലത്തു്, എനിക്കു വയസ്സാകുമ്പോൾ, എനിക്കു നിങ്ങളിൽനിന്നു് ഒരു സന്തതി വേണം. എന്നാൽ, എൻെറ പ്രാണനാഥ, നിങ്ങൾ സമാനനായിട്ടേ ഇതുവരെ വൎത്തിച്ചിട്ടുള്ളൂ. യഥാൎത്ഥത്തിൽ നിങ്ങളെന്നെ സ്നേഹിക്കുന്നില്ല. നിങ്ങൾ ആരേയും സ്നേഹിക്കുന്നില്ല. ഇതു ശരിയല്ലേ?”

“ശരിയായിരിക്കാം” സിദ്ധാൎത്ഥൻ ക്ഷീണഭാവത്തിൽ പറഞ്ഞു. “ഞാൻ നിന്നെപ്പോലെയാണ്. നിനക്കും സ്നേഹിക്കാൻ സാധ്യമല്ല. അതല്ലെങ്കിൽ പ്രണയം ഒരു കലയായി നീ എങ്ങനെ കൊണ്ടുനടക്കും? ഒരുപക്ഷേ, നമ്മളെപ്പോലുള്ളവൎക്കു സ്നേഹിക്കാൻ കഴിയില്ലായിരിക്കാം. സാധാരണ മനുഷ്യൎക്കു സാധിക്കും. അതാണ് അവരുടെ രഹസ്യം.”

★

# സംസാരം

കുറെ കാലത്തോളം പ്രാപഞ്ചികജീവിതത്തിനു് അടിമപ്പെടാതെതന്നെ സിദ്ധാർത്ഥൻ അതു നയിച്ചു. സമാനജീവിതകാലത്തു് മരവിപ്പിച്ച ഇന്ദ്രിയങ്ങളെല്ലാം വീണ്ടും ഉണരാൻ തുടങ്ങി. ധനം, കാമം, ശക്തി എന്നിവ ആസ്വദിച്ചിട്ടും ഹൃദയംകൊണ്ടു സമാനനായിത്തന്നെ തുടർന്നു. സമർത്ഥയായ കമല ഇതു മനസ്സിലാക്കിയിരുന്നു. ചിന്തിക്കൽ, കാത്തിരിക്കൽ, ഉപവാസം— ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പ്രപഞ്ചത്തിലെ ജനങ്ങൾ, സാധാരണ ജനങ്ങൾ, അദ്ദേഹത്തിൽനിന്നു അകന്നാണു് നിന്നിരുന്നതു്. അദ്ദേഹം അവരിൽനിന്നും അങ്ങനെതന്നെ.

കൊല്ലങ്ങൾ കടന്നുപോയി. സുഖകരമായ പരിതഃസ്ഥിതികളിൽ മുഴുകിയിരിക്കെ സിദ്ധാർത്ഥൻ ആ കടന്നുപോക്കു് അറിഞ്ഞില്ല. അദ്ദേഹം ധനവാനായി. സ്വന്തമായി ഒരു വീടു്, സ്വന്തം വേലക്കാർ, പട്ടണത്തിന്റെ അതിർത്തിയിൽ പുഴവക്കത്തു് ഒരു പൂന്തോട്ടം, എന്നിവയെല്ലാം സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. പണമോ ഉപദേശമോ ആവശ്യമുള്ളപ്പോൾ അവർ അദ്ദേഹത്തെ സമീപിക്കും. എന്നാൽ, കമലയൊഴികെ അദ്ദേഹത്തിനു് ഉററവരായി ആരും ഉണ്ടായിരുന്നില്ല.

ചെറുപ്പത്തിൽ ഗൗതമൻെറ തത്വോപദേശം കേട്ടശേഷം, ഗോവിന്ദനെ പിരിഞ്ഞശേഷം, അനുഭവപ്പെട്ട ആ വിജയോന്മുഖവും മഹത്തരവുമായ പ്രബുദ്ധത, ആ ജാഗരപ്രതീക്ഷ, ഗുരുക്കന്മാരോ ഉപദേശങ്ങളോ കൂടാതെ ഒററയ്ക്കു നില്ക്കാമെന്ന ആ അഭിമാനം, ആത്മാവിൽനിന്നുതന്നെ പ്രചോദനം സിദ്ധിക്കാനുള്ള ആ ജിജ്ഞാസയോടുകൂടിയ ഒരുക്കം—അതെല്ലാം കേവലം പൂൎവ്വസ്മരണകളായി കടന്നുപോയി. ഒരു കാലത്തു് തൻെറ അടുത്തുണ്ടായിരുന്ന ആ ദിവ്യശക്തിയുടെ ഉറവിടം, തന്നിൽ ഗാനാലാപം മുഴക്കിയിരുന്ന ആ ഉറവിടം, ഇപ്പോഠ അകലെനിന്നു മന്ത്രിക്കുകയാണു്. എന്നാൽ, സമാനരിൽനിന്നും, ഗൗതമനിൽനിന്നും, പിതാവിൽനിന്നും, ബ്രാഹ്മണരിൽനിന്നും പഠിച്ച പല കാര്യങ്ങളും അദ്ദേഹം കുറെ കാലത്തേയ്ക്കു പുലൎത്തിപ്പോന്നു. ലളിതമായ ജീവിതം, ചിന്തിക്കുന്നതിലുള്ള സുഖം, ദീൎഘനേരത്തെ ധ്യാനം, ജീവാത്മാവിനെക്കുറിച്ചും ശരീരമോ സ്വാത്മബോധമോ അല്ലാത്ത പരമാത്മാവിനെക്കുറിച്ചും ഉള്ള രഹസ്യജ്ഞാനം—ഇവയത്രേ ആ പഴയ പഠിപ്പുകഠ. ഇതിൽ പലതും അദ്ദേഹം പുലൎത്തി. മററുള്ളവ എങ്ങനെയോ ഉള്ളിലേയ്ക്കു വലിഞ്ഞു് മണ്ണിൽ മൂടപ്പെട്ടു. ഒരു കുശവൻെറ ചക്രം ഒന്നു തിരിച്ചുകൊടുത്താൽ കുറെ നേരം അതു വേഗം തിരിയും. ക്രമേണ വേഗത കുറഞ്ഞു് അതു നില്ക്കുന്നു. അതുപോലെതന്നെ യതിയുടെ ചക്രം, ചിന്താചക്രം, വിവേചനശക്തിയുടെ ചക്രം, സിദ്ധാൎത്ഥൻെറ ആത്മാവിൽ കുറെ നേരം തിരിഞ്ഞു. അതിൻെറ വേഗത കുറഞ്ഞു് ഇടയ്ക്കിടെ നിന്നുകൊണ്ടങ്ങനെ മിക്കവാറും തിരിച്ചിൽ നിലയ്ക്കാറായി. ഉണങ്ങാറായ വൃക്ഷത്തിൻെറ തടിയ്ക്കകത്തു് ഈറപ്പു കടന്നു് പതുക്കെ അതിനെ പാഴാക്കുന്നതുപോലെ പ്രപഞ്ചവും പ്രാപഞ്ചികതൃഷ്ണയും സിദ്ധാൎത്ഥൻെറ ആത്മാവിൽ കടന്നുകൂടി; അതു് സിദ്ധാൎത്ഥൻെറ ആത്മാവിനെ പതുക്കെ പൂരിപ്പിച്ചു; അതിനെ ഭാരിച്ചതാക്കി; അതിനെ ക്ഷീണിപ്പിച്ചു. അതിനെ ഉറങ്ങാൻ വിട്ടു. എന്നാൽ അദ്ദേഹ

ത്തിൻെറ ഇന്ദ്രിയങ്ങൾ കൂടുതൽ പ്രബുദ്ധങ്ങളായി. അവ പലതും പഠിച്ചു. പലതും അനുഭവിച്ചറിഞ്ഞു.

വ്യാപാരം ചെയ്യാനും, ജനങ്ങളെ സ്വാധീനിക്കാനും, സ്ത്രീകളോടൊത്തു രമിക്കാനും സിദ്ധാൎത്ഥൻ പഠിച്ചു. നല്ല വസ്ത്രം ധരിക്കാനും, വേലക്കാരെ ശാസിക്കാനും സുഗന്ധജലത്തിൽ കുളിക്കാനും പഠിച്ചു. നിഷ്കൎഷിച്ചുണ്ടാക്കിയ സ്വാദുള്ള ഭക്ഷ്യങ്ങൾ കഴിക്കുവാൻ പഠിച്ചു. മത്സ്യം, ഗോമാംസം, കോഴിമാംസം മുതലായി തനിക്കു മതിപ്പുള്ളവ ഭക്ഷിക്കാനും വീഞ്ഞുകുടിച്ച് അലസനായി സകലതും മറക്കാനും പഠിച്ചു. ചൂതുകളി, പകിടകളി മുതലായവ പഠിച്ചു. ദാസിയാട്ടം കാണാനും, പല്ലക്കിലേറി യാൎത്രചെയ്യാനും, മൃദുലമായ മഞ്ചത്തിൽ കിടന്നുറങ്ങാനും പഠിച്ചു. എന്നാൽ താൻ മററുള്ളവരിൽനിന്നു്, ഉയൎന്നവനും വ്യത്യസ്തനമാണെന്നു് അദ്ദേഹം വിചാരിച്ചു. അവരെ തെല്ലൊരു പുച്ഛത്തോടെ, ശ്രമണർ പ്രപഞ്ചജീവികളെ കരുതുന്നതുപോലെ, അനുകമ്പയോടെ വീക്ഷിച്ചു. കാമസ്വാമി ക്ഷോഭിച്ചാൽ, അദ്ദേഹം അപമാനിക്കപ്പെട്ടതായി തോന്നിയാൽ, വ്യാപാരത്തിൽനിന്നു് അയാൾക്കു മനശ്ശല്യമുണ്ടായാൽ സിദ്ധാൎത്ഥനു പുച്ഛമാണു്. എന്നാൽ, ക്രമേണ കാലം ചെല്ലുന്തോറും അദ്ദേഹത്തിൻെറ പുച്ഛവും ഉയൎന്നവനാണെന്നുള്ള ബോധവും കുറഞ്ഞുതുടങ്ങി. ധനം വൎദ്ധിക്കുന്തോറും സാധാരണജനങ്ങളുടെ സമ്പ്രദായങ്ങൾ, അവരുടെ ബാലിശസ്വഭാവം, ഉല്ക്കണ്ഠ മുതലായവ സിദ്ധാൎത്ഥനും സമ്പാദിച്ചുതുടങ്ങി. എന്നാലും സിദ്ധാർത്ഥനു് അവരെക്കുറിച്ച് അസൂയതോന്നി. അവരോടടുക്കുന്തോറും അസൂയ വൎദ്ധിച്ചു. തനിക്കില്ലാത്തതും അവൎക്കുള്ളതുമായ ഒന്നിനെക്കുറിച്ച് അസൂയ തോന്നി. തങ്ങളുടെ ജീവിതത്തെക്കുറിച്ച് അവൎക്കു തോന്നിയ പ്രാധാന്യതാബോധം, അവരുടെ സുഖദുഃഖങ്ങളുടെ അഗാധത, ധാരമുറിയാതെ സ്നേഹിക്കാനുള്ള ശക്തിയുടെ ഉല്ക്കണ്ഠാജനകമെങ്കിലും മധുരമായ സുഖം—ഇതാണു് അദ്ദേഹത്തിനില്ലാതിരുന്നതു്. ഈ ആളുകൾക്കെല്ലാം തങ്ങളെക്കുറിച്ചും, തങ്ങളുടെ കുട്ടികൾ, തങ്ങ

ളുടെ ലക്ഷ്യം, ആശ, തങ്ങളുടെ ബഹുമതി, ധനം മുതലായവ യെക്കുറിച്ചും മതിപ്പുണ്ടായിരുന്നു. എന്നാൽ, ഇതൊന്നും, ഈ ബാലിശങ്ങളായ സുഖങ്ങളും തെററുകളും, അദ്ദേഹം അവരിൽനിന്നു പഠിച്ചില്ല. താൻ ത്യജിച്ചിരുന്ന സുഖമില്ലാത്ത വിഷയങ്ങൾ മാത്രമേ പഠിച്ചുള്ളു. സായാഹ്നം ആഹ്ലാദിച്ചു കഴിച്ച് പിറേറദിവസം ഉറക്കമുണരാൻ വൈകുകയും ഉന്മേഷമില്ലാതെ തളൎന്നു വശമാകയും അദ്ദേഹത്തിനു കൂടക്കൂടെ സംഭവിച്ചുതുടങ്ങി. കാമസ്വാമി കഷ്ടപ്പാടുകൾ പറഞ്ഞു ശല്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിനു വെറുപ്പുതോന്നും. ചൂതുകളിയിൽ നഷ്ടം നേരിട്ടാൽ വളരെ ഉറക്കെ ചിരിക്കും. എന്നിട്ടും അദ്ദേഹത്തിൻെറ മുഖം മററുള്ളവരുടേതിനേക്കാൾ ബുദ്ധിയും സാമർത്ഥ്യവും പ്രകാശിപ്പിച്ചിരുന്നു. എന്നാൽ, അദ്ദേഹം വളരെ ചുരുക്കമേ ചിരിക്കാറുള്ളു. ക്രമേണ അദ്ദേഹത്തിൻെറ മുഖം ധനികരുടെ മുഖപ്രകൃതിയ്ക്കു യോജിച്ചതായിത്തുടങ്ങി—അതൃപ്തി, സുഖക്കേട്, നിരുന്മേഷത, അലസത, സ്നേഹരാഹിത്യം മുതലായവയുടെ ഭാവങ്ങളോടുകൂടിയ പ്രകൃതി. പതുക്കെപ്പതുക്കെ ധനാഢ്യരുടെ ആത്മരോഗം അദ്ദേഹത്തിലേയ്ക്കു് ഇഴഞ്ഞുകയറി.

മൂടുപടംപോലെ, നേരിയ മൂടൽപോലെ, ഒരു ക്ഷീണം സിദ്ധാർത്ഥനിൽ വേരൂന്നി. ഓരോ ദിവസവും അതു കുറേശ്ശെയായി കനപ്പെട്ടുവരും. ഓരോ മാസം ചെല്ലുന്തോറും അതു് കൂടുതൽ ഇരുണ്ടുവരും; ഓരോ കൊല്ലം ചെല്ലുന്തോറും അതു ഭാരിച്ചുവരും. പുതിയ ഒരു ഉടുപ്പു് കാലം ചെല്ലുന്തോറും പഴകി, നിറംമങ്ങി, പാണ്ടുപിടിച്ചു്, വക്കുമുറിഞ്ഞു്, അവിടവിടെ പിഞ്ഞി കേടുവരുന്നതുപോലെ ഗോവിന്ദനെ പിരിഞ്ഞശേഷമുള്ള സിദ്ധാർത്ഥൻെറ പുതിയ ജീവിതം പഴകിത്തുടങ്ങി. അതുപോലെതന്നെ, കാലം ചെല്ലുന്തോറും നിറവും പ്രകാശവും മങ്ങി. ചുളിവും പാടുകളും നിറഞ്ഞുതുടങ്ങി. ആഴത്തിൽ ഒളിഞ്ഞുകിടന്നിരുന്നതും അങ്ങിങ്ങായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയതുമായി സ്വാഭാവികമായിട്ടുള്ള പുളിച്ചുതേട്ടൽ അതാ ഉററുനോക്കാൻ തുടങ്ങി.

സിദ്ധാത്ഥൻ അതു മനസ്സിലാക്കിയില്ല. ഒരിക്കൽ തന്നെ ഉണ ത്തി നല്ലവഴിക്കു നയിച്ച പ്രകാശമാനവും സ്പഷ്ടവുമായ ആന്തര ശബ്ദം നിലച്ചുപോയതു മാത്രമേ അദ്ദേഹം ധരിച്ചുള്ളൂ.

പ്രപഞ്ചം അദ്ദേഹത്തെ ഗ്രസിച്ചു; സുഖം, ആത്തി, അല സത എന്നിവയെ തുടന്നു് അവസാനം, വിഡ്ഢിത്തമെന്നു പറ ഞ്ഞു് താൻ എപ്പോഴും പഴിക്കയും പുച്ഛിക്കയും പതിവുള്ള ആ ആജ്ജിക്കുവാനുള്ള ആന്തരപ്രേരണ കടന്നുകൂടി. സ്വത്തും കൈ വശവസ്തുക്കളും ധനവും അദ്ദേഹത്തെ കെണിയിൽ പെടുത്തി. അവ കളിയോ കളിക്കോപ്പോ അല്ലെന്നായി. അവ ചങ്ങലയും ചുമടുമായി മാറി. അങ്ങേഅററത്തെ ദുർഘടംപിടിച്ച ചെങ്കുത്താ യ ചരുവിൽക്കൂടി ചൂതുകളിച്ചുകൊണ്ടു് സിദ്ധാത്ഥൻ അപരി ചിതമായൊരു വക്രമാൎഗ്ഗത്തിലാണു് പ്രയാണം ചെയ്തതു്. സമാ നൻ എന്ന നില മനസാ ഉപേക്ഷിച്ചതു മുതല്ക്കു് പണത്തിനും രത്ന ങ്ങൾക്കും ആത്തിപിടിച്ചു് ചൂതുകളിക്കാൻ തുടങ്ങി. മുമ്പൊക്കെ കേവലം നേരമ്പോക്കായിട്ടേ അതിൽ പങ്കെടുക്കാറുള്ളു. അദ്ദേ ഹം ഒരു പ്രമാണപ്പെട്ട കളിക്കാരനായിത്തീന്നു. ചുരുക്കം പേരേ അദ്ദേഹത്തോടു പൊരുതാൻ ധൈര്യപ്പെട്ടിരുന്നുള്ളു. എന്തുകൊ ണ്ടെന്നാൽ, അത്ര വാശിയോടെ കൂസലെന്യേ പൊരുതും. ഹൃദ യത്തിനു് അഭിനിവേശം തോന്നീട്ടാണു് അദ്ദേഹം കളിച്ചിരു ന്നതു്. കൊള്ളരുതാത്ത പണം കളിച്ചു കളയുന്നതിലും തട്ടിയെ ടുക്കുന്നതിലും അദ്ദേഹത്തിനൊരു സുഖം തോന്നി. വ്യാപാരിക ളുടെ മിത്ഥ്യാദേവതയായ ധനത്തോടു് തനിക്കുള്ള വെറുപ്പു് ഇത്ര സ്പഷ്ടമായും പുച്ഛത്തോടും വിശദമാക്കാൻ മറെറാരു മാൎഗ്ഗ വും അദ്ദേഹം കണ്ടില്ല. അതുകൊണ്ടു് വിരാമമില്ലാതെ അങ്ങേ അററത്തെ വെറുപ്പോടെ കളിച്ചു. ആയിരക്കണക്കിനു നേടി; ആയിരക്കണക്കിനു കളഞ്ഞു. പണം നഷ്ടപ്പെട്ടു; രത്നങ്ങൾ നഷ്ട പ്പെട്ടു; ഒരു നാട്ടുമ്പുറഭവനം നഷ്ടപ്പെട്ടു; വീണ്ടും നേടി; വീണ്ടും നഷ്ടപ്പെട്ടു. ആ ഉൽക്കണ്ഠ, വാശിയോടെ കളിക്കുമ്പോൾ വര

വയ്ക്കുന്നതിലുള്ള ഭയങ്കരവും മത്തകവുമായ ഉൽക്കണ്ഠ, അദ്ദേഹം ഇഷ്ടപ്പെട്ടു. ആ വികാരം തനിക്കിഷ്ടപ്പെട്ടതുകൊണ്ടു് അതു് പുതുക്കാനും വൎദ്ധിപ്പിക്കാനും തീക്ഷ്ണമാക്കാനും താല്പൎയ്യം തോന്നി. എന്തുകൊണ്ടെന്നാൽ, ഈ ഒരു വികാരത്തിലാണു് സുഖവും ഉന്മേഷവും കണ്ടതു്. മതിയും കൊതിയും തീൎന്നു്, വഞ്ചിയ്ക്കും കരയ്ക്കുമില്ലാതെ, ഉന്മേഷരഹിതമായ ജീവിതത്തിൽ സുഖവും ഉണൎച്ചയും നൽകാൻ പൎയ്യാപ്തമായതു് അതൊന്നു മാത്രമായിരുന്നു. ഓരോ വമ്പിച്ച നഷ്ടവും പുതുതായി ധനം സമ്പാദിയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അങ്ങനെ ഉത്സാഹത്തോടെ വ്യാപാരത്തിനു പോകും; കടക്കാരെ പണത്തിനു മുട്ടിക്കും; എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനു വീണ്ടും കളിക്കണം, വീണ്ടും ധൂൎത്തടിയ്ക്കണം, ധനത്തോടുള്ള വെറുപ്പു പ്രകടമാക്കണം. നഷ്ടങ്ങളിൽ സിദ്ധാൎത്ഥനു് ക്ഷമയററുതുടങ്ങി. അടന്തയിലുള്ള കടക്കാരോടു് ക്ഷമയററു, ഭിക്ഷക്കാരോടു ദയയററു, പാവങ്ങൾക്കു പാരിതോഷികമോ കടമോ കൊടുക്കാൻ ഉത്സാഹം കുറഞ്ഞു. പതിനായിരക്കണക്കിനു പണം പുല്ലുപോലെ ചൂതിൽ കളയുന്ന അദ്ദേഹം വ്യാപാരത്തിൽ ചെററത്തരം കാണിയ്ക്കുന്ന കൎക്കശപ്രകൃതക്കാരനായി. രാത്രി പണം സ്വപ്നം കാണുകകൂടി പതിവായി. അറയ്ക്കുന്ന ഈ ജാലംകൊണ്ടു് ഉണരുമ്പോൾ, കിടപ്പറയിലെ ചുമരുകളിൽ തൂക്കിയിട്ടിരിക്കുന്ന കണ്ണാടിയിൽ മുഖം കാണുമ്പോൾ, അതിൽ വാൎദ്ധക്യവും വൈരൂപ്യവും കാണുമ്പോൾ, ലജ്ജയും ചെടിപ്പും തോന്നുമ്പോൾ, വീണ്ടും ഓടിക്കളയും; പുതിയൊരു ഭാഗ്യപരീക്ഷ നോക്കും; എന്തും പിടിയുമില്ലാതെ കാമാസക്തി കാണിയ്ക്കും കുടിച്ചു മത്തനാകും; വീണ്ടും പണം സമ്പാദിക്കാനുള്ള പ്രേരണയോടെ മടങ്ങും. ഇങ്ങനെ, വെളിവററ ജീവിതചക്രത്തിൽ കുടുങ്ങി വാൎദ്ധക്യവും രോഗവും ബാധിച്ചുതുടങ്ങി.

ഒരു സ്വപ്നം അദ്ദേഹത്തെ ഉണൎത്തി. അദ്ദേഹം കമലയൊന്നിച്ചു് അവളുടെ അഴകേറിയ കളിത്തോപ്പിലിരിക്കുന്നു, ഒരു മരത്തിൻെറ ചുവട്ടിൽ സംസാരിച്ചുംകൊണ്ടു്. കമല ഗൗരവത്തിൽ

സംസാരിക്കയാണു്. അവളുടെ വാക്കുകളിൽ ദുഃഖവും ക്ഷീണ വും ഒളിഞ്ഞുകിടന്നു. അവൾ ഗൗതമനെപ്പററിയാണു് ചോദി ച്ചിരുന്നതു്. വേണ്ടത്ര വിവരം കേൾക്കാൻ കഴിഞ്ഞില്ല. അദ്ദേ ഹത്തിൻെറ കണ്ണുകൾ എത്രകണ്ടു സ്പഷ്ടമായിരുന്നു, ആ വക്ത്രം എത്രമാത്രം സുന്ദരവും ശാന്തവുമായിരുന്നു, ആ പുഞ്ചിരി എത്ര കണ്ടു പ്രശാന്തമായിരുന്നു, അദ്ദേഹത്തിൻെറ സമ്പ്രദായം എത്ര കണ്ടു സമാധാനദ്യോതകമായിരുന്നു—ഇങ്ങനെ പലതും ചോദി ച്ചിരുന്നു. വളരെ നേരം അദ്ദേഹത്തിനു് ആ മഹാത്മാവിനെ പ്പററി പറയേണ്ടിവന്നു. ഒടുവിൽ, കമല നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു: "ഒരു ദിവസം, പക്ഷേ താമസംവിനാ, ഞാനും ബുദ്ധ നെ പിന്തുടൎന്നേക്കാം. ഞാൻ അദ്ദേഹത്തിനു് എൻെറ കളി ത്തോട്ടം കൊടുത്തു് ഉപദേശങ്ങളെ അഭയംപ്രാപിയ്ക്കും." അപ്പോ ഴെയ്ക്കും അവൾ അദ്ദേഹത്തെ രഞ്ജിപ്പിയ്ക്കാനായി ഭാവം. പ്രണ യവിഹാരത്തിൽ ആകാംക്ഷയോടെ ആലിംഗനം ചെയ്തു. അതി വേഗം പാഞ്ഞുകൊണ്ടിരിക്കുന്ന ലൗകികസുഖത്തിൻെറ അവസാ നത്തെ തുള്ളി മാധുര്യംകൂടി ഊററിക്കുടിക്കാനുള്ള ദാഹംകൊണ്ടോ എന്നു തോന്നുമാറു് അവൾ ഭയാനകമായി കണ്ണീർവാൎത്തു കാണ പ്പെട്ടു. കാമാസക്തി മരണത്തോടു് എത്രമാത്രം അടുത്തതാണെ ന്നു് ഇതിനു മുമ്പൊരിയ്ക്കലും സിദ്ധാൎത്ഥനു് ഇത്ര അസാധാരണ മായ രീതിയിൽ ബോധ്യപ്പെട്ടിട്ടില്ല. പിന്നെ അദ്ദേഹം അവ ളുടെ അരികെ കിടന്നു. കമലയുടെ മുഖം തൻെറ മുഖത്തോടടു പ്പിച്ചിരുന്നു. അവളുടെ കണ്ണുകളിൽ, അവളുടെ വായുടെ അഗ്ര ത്തിൽ, അന്നു് ആദ്യമായി ഒരു ശോകച്ഛായ കണ്ടു—നേരിയ വരകളും ചുളിവുകളും. ജീവിതവസന്തം അവസാനിച്ചു് വാൎദ്ധ ക്യം അടുക്കാറായ ലക്ഷണം. നാല്പതോടടുക്കാറായിട്ടേയുള്ളവെ ങ്കിലും, സിദ്ധാൎത്ഥൻെറ കറുത്ത മുടികൾക്കിടയിൽ അങ്ങിങ്ങായി ചിലതു് നരച്ചുകണ്ടു. കമലയുടെ മനോജ്ഞമായ മുഖത്തു് ക്ഷീ ണം കുറിയ്ക്കപ്പെട്ടിരുന്നു. അതെ, ആനന്ദത്തിൻെറ യാതൊരു ല ക്ഷ്യവും കൂടാതെ ഇടതടവില്ലാത്ത ഒരു ദീർഘയാത്രയിൽനിന്നു

ണ്ടായ ക്ഷീണം; തളർച്ചയും വാർദ്ധക്യത്തിൻെറ ആരംഭവും, ഒളി ഞ്ഞുകിടക്കുന്നതും വെളിപ്പെട്ടിട്ടില്ലാത്തതും, ഒരുപക്ഷേ ബോധ്യ പ്പെട്ടിട്ടില്ലാത്തതുമായ ഭയം—ജീവിതവസന്തത്തിൻെറ അവസാ നത്തെക്കുറിച്ചുള്ള ഭീതി, വാർദ്ധക്യത്തെക്കുറിച്ചുള്ള ഭീതി, മരണ ഭീതി. നെടുവീർപ്പോടെ അദ്ദേഹം അവളോട് വിടവാങ്ങി—ശോ കവും രഹസ്യമായി ഭയവും നിറഞ്ഞ ഹൃദയത്തോടെ അദ്ദേഹം വിടവാങ്ങി.

അന്നു രാത്രി സിദ്ധാർത്ഥൻ തൻെറ വസതിയിൽ മദ്യവും മങ്കമാരുമായിട്ടങ്ങനെ കഴിച്ചുകൂട്ടി. തൻെറ ചങ്ങാതികളേക്കാരം താൻ വലിയവനാണെന്നു നടിച്ചു. എന്നാൽ, യഥാർത്ഥത്തിൽ ഇപ്പോരം അങ്ങിനെയല്ലതാനും. ധാരാളം കുടിച്ചു. പാതിരകഴി ഞ്ഞിട്ടേ ഉറങ്ങാൻ പോയുള്ളു. നല്ല ക്ഷീണവും മനഃക്ലേശവും ഉണ്ടായിരുന്നു. ദുഃഖംകൊണ്ട് കണ്ണീർ പൊട്ടാറായിരുന്നു. ഉറ ങ്ങാൻ ശ്രമിച്ചതു് വെറുതെയായി. ഹൃദയം അത്രമാത്രം ശോക നിർഭരമായിരുന്നു. അതിനി താങ്ങാനാവില്ലെന്നു തോന്നി. എ ന്തോ ഒരു ചെടിപ്പ് അദ്ദേഹത്തെ അശക്തനാക്കിക്കളഞ്ഞു. സ്വാദില്ലാത്ത വീഞ്ഞുപോലെ, അതിരുകവിഞ്ഞു് അമേയമായ മാധുര്യത്തോടുകൂടിയ സംഗീതംപോലെ, അഥവാ വേശ്യകളുടെ അതിക്രമിച്ച മാധുര്യത്തോടുകൂടിയ മന്ദഹാസംപോലെ, അല്ലെ ങ്കിൽ അവരുടെ തലമുടിയുടേയും സ്തനങ്ങളുടേയും തീക്ഷ്ണമായ സുഗന്ധംപോലെ, അതു് അദ്ദേഹത്തെ വശത്താക്കിക്കളഞ്ഞു. എന്നാൽ, എല്ലാററിലും ഉപരിയായി അദ്ദേഹത്തിനു് സ്വയം ഒരു ചെടിപ്പുതോന്നി. സുഗന്ധമുള്ള തലമുടിയും വായിലെ വീ ഞ്ഞിൻെറ ഗന്ധവും, ത്വക്കിനു് മെഴുപ്പും മിനുപ്പും എല്ലാമുണ്ടാ യിട്ടും ചെടിപ്പ്. കണക്കിലധികം തിന്നും കുടിച്ചും വിഷമിച്ചു. ഒരു ഛർദ്ദി കഴിയുമ്പോരം തെല്ലു സുഖംതോന്നുന്നതുപോലെ, ഇരി പ്പുറപ്പില്ലാത്ത ആ മനുഷ്യനു് ഊ സുഖങ്ങളും തീരെ ബോധശൂ ന്യമായ ഈ ജീവിതത്തിലെ ശീലങ്ങളും ഒരൊററത്തട്ടിനു് ഒഴി ഞ്ഞുകിട്ടിയാൽ മതിയെന്നായി. നേരം വെളുക്കാറായി. തൻെറ

നഗരവസതിയുടെ പുറത്തു് ഒച്ചയനക്കം കേട്ടുതുടങ്ങി. അപ്പൊഴേ മത്തു വിട്ടുള്ളു. തെല്ലൊരു മയക്കം, ഉറക്കത്തിൻെറ ഭാവം, അപ്പോഴേ ഉണ്ടായുള്ളു. അപ്പൊഴേയ്ക്കും ഒരു സ്വപ്നം കണ്ടു.

ഒരു കാഞ്ചനക്കൂട്ടിൽ കമല ഒരു വിശേഷപ്പെട്ട കിളിയെ വളൎത്തിയിരുന്നു; പാട്ടുപാടുന്ന കിളി. ഈ കിളിയെക്കുറിച്ചായിരുന്നു സ്വപ്നം. നിത്യം രാവിലെ പാടാറുള്ള ഈ പക്ഷി മിണ്ടാതായി. ഇതു് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. അദ്ദേഹം കൂട്ടിനരികെ ചെന്നു് അകത്തു നോക്കി. പക്ഷി ചത്തു് വെറുങ്ങലിച്ചു നിലത്തു കിടക്കുന്നു; അദ്ദേഹം അതിനെ പുറത്തേക്കെടുത്തു. നിമിഷനേരം അതിനെ കയ്യിൽവെച്ചു. എന്നിട്ടു് വഴിയിലേക്കെറിഞ്ഞു. ആ നിമിഷത്തിൽത്തന്നെ അദ്ദേഹത്തിനു ഭയംതോന്നി. കിളിയുടെ മരണത്തോടൊപ്പം അദ്ദേഹത്തിൻെറ ഹൃദയത്തിനു വേദനതോന്നി, തന്നിലുള്ള വിലപിടിച്ചതും നല്ലതുമായ എല്ലാം വലിച്ചെറിഞ്ഞിട്ടോ എന്നു തോന്നുമാറു്.

സ്വപ്നത്തിൽനിന്നുണൎന്നപ്പോൾ ദുഃഖംകൊണ്ടു വിവശനായിരിക്കുന്നു അദ്ദേഹം. ബോധമില്ലാതെ താൻ ജീവിതം പാഴാക്കിക്കളഞ്ഞു എന്നു തോന്നി. കാതലായി, വിലയുള്ളതായിയാതൊന്നും താൻ നിലനിൎത്തീട്ടില്ല. കപ്പൽ മുങ്ങി കരയ്ക്കെത്തിയവനെപ്പോലെ അദ്ദേഹം ഒററയ്ക്കു നിന്നു.

വിഷാദത്തോടെ, തൻെറ ഒരു കളിത്തോപ്പിൽ ചെന്നു് പടിവാതിലടച്ചു് ഒരു മാവിൻെറ ചുവട്ടിൽ ഇരിപ്പായി സിദ്ധാൎത്ഥൻ. ഭയവും മരണവും തന്നെ ബാധിച്ചതുപോലെ തോന്നി. സാവകാശത്തിൽ അദ്ദേഹം ചിന്തിക്കാൻ തുടങ്ങി. തൻെറ അതുവരെയുള്ള ജീവിതത്തിൽക്കൂടി, ഓൎമ്മയിൽവന്ന ബാല്യം മുതല്ക്കുള്ള ജീവിതത്തിൽക്കൂടി, ഒരു മനോയാത്ര നടത്തി. എന്നാണു് അദ്ദേഹത്തിന്നു് യഥാൎത്ഥത്തിൽ സുഖമുണ്ടായിരുന്നതു്? എന്നാണു് ശരിയായ ആനന്ദം അനുഭവിച്ചിരുന്നതു്? ഉവ്വ്, അതു പലപ്പോഴും അനുഭവിച്ചിട്ടുണ്ടു്. ബാല്യത്തിൽ, ബ്രാഹ്മണരുടെ പ്ര

ശംസയ്ക്കു പാത്രമായിരുന്നപ്പോഴം, തൻെറ സമപ്രായക്കാരെ അതിക്രമിച്ചു മുന്നോട്ടുപോയിരുന്നപ്പോഴം, മററുള്ളവരെ ജയിക്കത്തക്കവിധം മന്ത്രം ചൊല്ലിയിരുന്നപ്പോഴം, വിദ്വാന്മാരോടു് തൎക്കിച്ചുജയിച്ചിരുന്നപ്പോഴം, യാഗത്തിനു സഹായിച്ചിരുന്നപ്പോഴം—അപ്പോഴെല്ലാം സുഖം അനുഭവിച്ചിരുന്നു. പിന്നെ ഇങ്ങനെ തോന്നി: "നിനക്കു് സഞ്ചരിക്കാനുള്ള ഒരു മാൎഗ്ഗം അതാ മുമ്പിൽ കാണുന്നു. ഈശ്വരൻ നിന്നെ കാത്തുനില്ക്കുകയാണു്." പിന്നെ, യൗവനകാലത്തെ തൻെറ ധാരമുറിയാത്ത ലക്ഷ്യം ഉച്ചത്തിൽ പറന്നു് അതേ ലക്ഷ്യത്തോടുകൂടിയ മററുള്ളവരുടെ കൂട്ടത്തിൽനിന്നു് തന്നെ മേല്പോട്ടുയൎത്തിയിരുന്നപ്പോഴം, ബ്രാഹ്മണോപദേശങ്ങൾ മനസ്സിലാക്കാൻ അദ്ധ്വാനിച്ചിരുന്നപ്പോഴം, പുതുതായിക്കിട്ടിയ ഓരോ ജ്ഞാനവും പുതിയ ദാഹത്തെ വൎദ്ധിപ്പിച്ചിരുന്നപ്പോഴം, പിന്നെ ഈ ദാഹത്തിനിടയിൽ, ഈ പരിശ്രമത്തിനിടയിൽ താൻ ഇങ്ങനെ വിചാരിച്ചപ്പോഴം "മുമ്പോട്ടു്, മുമ്പോട്ടു്, ഇതാണു് നിൻെറ മാൎഗ്ഗം"—വീടുവിട്ടു് സമാനമാൎഗ്ഗത്തിൽ ചേരുന്ന നേരത്തു് ഈ ശബ്ദമാണു് അദ്ദേഹം കേട്ടിരുന്നതു്. പിന്നെ സമാനരെ പിരിഞ്ഞു് ആ പരിപൂൎണ്ണാത്മാവിനെ സമീപിച്ച നേരത്തും, അവിടെനിന്നു് എവിടെങ്ങോട്ടെന്നില്ലാതെ പോയപ്പോഴം. ഈ ശബ്ദം കേട്ടിട്ടു് ഇപ്പോഴ് എത്ര കാലമായി? ഏതെങ്കിലും ഉയരത്തിലേയ്ക്കു പറന്നിട്ടു് എത്ര കാലമായി? എത്ര പരന്നതും ശൂന്യവുമായിത്തീൎന്നു മാൎഗ്ഗം! യാതൊരു ഉയൎന്ന ലക്ഷ്യവും ദാഹവും ഉയൎച്ചയും കൂടാതെ, ചില്ലറസ്സുഖങ്ങളിൽ സംതൃപ്തിയടഞ്ഞു്, പിന്നെയും യഥാൎത്ഥത്തിൽ തൃപ്തിവരാതെ എത്ര കാലമായി കഴിഞ്ഞുകൂടുന്നു! അതു മനസ്സിലാക്കാതെ, ഇക്കണ്ട കാലം മുഴുവൻ മററുള്ളവരെപ്പോലെയും കുട്ടികളെപ്പോലെയും ആവാൻ അദ്ധ്വാനിക്കുകയും കൊതിക്കുകയും ചെയ്തു. എന്നിട്ടും അതു് അവരുടേതിനേക്കാൾ വൃത്തികെട്ടു് കൊള്ളരുതാത്തതായിത്തീൎന്നു. എന്തുകൊണ്ടെന്നാൽ, അവരുടെ ലക്ഷ്യം അദ്ദേഹത്തിൻെറതിൽനിന്നു വ്യത്യസ്തമായിരുന്നു. കാമസ്വാമിയുടെ തരക്കാരുടെ പ്രപഞ്ചം തനിക്കൊരു കളിയായിരുന്നു, ഒരു നൃത്തമായി

രുന്നു; ഒരു പ്രഹസനമായിരുന്നു. കമല മാത്രമേ ഉററവളായി ഉണ്ടായിരുന്നുള്ളു—വിലയുള്ളതായിട്ടുണ്ടായിരുന്നുള്ളു. എന്നാൽ, അവാം ഇപ്പോഴും അങ്ങിനെതന്നെയായിരുന്നുവോ? അദ്ദേഹം അപ്പോഴും അവളെ ആവശ്യപ്പെട്ടിരുന്നുവോ? അവാം അദ്ദേഹത്തെ ആവശ്യപ്പെട്ടിരുന്നുവോ? അവർ ഒരവസാനവുമില്ലാതെ കളിക്കയായിരുന്നില്ലേ? അതിനുവേണ്ടി ജീവിക്കേണ്ടതു് ആവശ്യമായിരുന്നുവോ? അല്ല. ഈ കളിക്കു് സംസാരം എന്നു പേർ പറയാറുണ്ടു്, കുട്ടികാംക്കുള്ള കളി. ഒരിക്കലോ പത്തു പ്രാവശ്യമോ കളിച്ചാൽ രസിക്കാവുന്ന കളി. എന്നാൽ, അതു് തുടച്ചയായി കളിക്കാൻ കൊള്ളുമോ?

അങ്ങനെ ആ കളി അവസാനിച്ചുവെന്നു് സിദ്ധാൎത്ഥൻ മനസ്സിലാക്കി. ഇനി താനതു കളിക്കരുതെന്നു് ബോധ്യപ്പെട്ടു. എന്തോ ഒരു മിന്നൽ ആ ശരീരത്തിൽക്കൂടി പാഞ്ഞു; എന്തോ ഒന്നു് മരിച്ചതുപോലെ അദ്ദേഹത്തിനു തോന്നി.

അന്നു മുഴവൻ അദ്ദേഹം ആ മാവിൻചുവട്ടിലിരുന്നു. അച്ഛനെക്കുറിച്ചും, ഗോവിന്ദനെക്കുറിച്ചും, ഗൌതമനെക്കുറിച്ചും ആലോചിച്ചുകൊണ്ടിരുന്നു. ഇതെല്ലാം താൻ ഉപേക്ഷിച്ചതു് ഒരു കാമസ്വാമിയാകാനാണോ?

രാത്രിയാകുന്നതുവരെ അദ്ദേഹം അവിടെത്തന്നെ ഇരുന്നു. മുകളിലേയ്ക്കു നോക്കി നക്ഷത്രങ്ങളെ കണ്ടപ്പോാം അദ്ദേഹം വിചാരിച്ചു: 'ഇതാ ഞാനെൻെറ കളിത്തോപ്പിൽ മാഞ്ചോട്ടിലിരിക്കയാണു്.' അദ്ദേഹം ഇളംപുഞ്ചിരി തൂകി. തനിക്കു് ഒരു മാവിൻെറ ആവശ്യമുണ്ടോ? അതു് ന്യായമാണോ? അതു വിഡ്ഢിത്തമല്ലേ?

ആ ചിന്ത അവസാനിച്ചു. അതും അദ്ദേഹത്തിൽ കിടന്നു മരിച്ചു. അദ്ദേഹം എഴുന്നേററു. മാവിനോടും കളിത്തോപ്പിനോടും വിടവാങ്ങി. അന്നു് ഭക്ഷണം കഴിക്കാഞ്ഞതിനാൽ നല്ല വിശപ്പുതോന്നി. പിന്നെ തൻെറ നഗരഗൃഹത്തെപ്പററി ഓൎത്തു. അതിലെ കിടപ്പറയെക്കുറിച്ചും ഭക്ഷണം തയ്യാറാക്കിവച്ചിട്ടുള്ള മേ

ശയെക്കുറിച്ചും ഓൎത്തു. തളൎച്ചയോടുകൂടിയ ചിരി. തലയാട്ടി ആ സാധനങ്ങളോടെല്ലാം യാത്രപറഞ്ഞു.

ആ രാത്രി സിദ്ധാൎത്ഥൻ തന്റെ പൂങ്കാവും പട്ടണവും ഉപേക്ഷിച്ചു പോയി. പിന്നെ മടങ്ങിവന്നില്ല. വല്ല ഉണ്ടികക്കാരുടേയും പീടികയിൽ പെട്ടിരിക്കുമോ എന്നു സംശയിച്ചു് കാമസ്വാമി വളരെ ദിവസം അദ്ദേഹത്തെ അന്വേഷിച്ചു. കമല അന്വേഷിച്ചില്ല. സിദ്ധാൎത്ഥൻ പോയി എന്നു കേട്ടു് അവൾക്കു് അത്ഭുതം തോന്നിയില്ല. അവൾ എപ്പോഴും പ്രതീക്ഷിച്ചിരുന്നതല്ലേ അതു്? അദ്ദേഹം കുടുംബമില്ലാത്ത ഒരു സമാനനല്ലേ? തീൎത്ഥയാത്രക്കാരനല്ലേ? അവർ ഒടുവിൽ കണ്ട അവസരത്തിൽ അവൾ ഇതു വിചാരിച്ചതായിരുന്നു. തന്റെ നഷ്ടത്തിലുണ്ടായ ഹൃദയവേദനയോടൊപ്പം അവൾക്കു് സന്തോഷവും തോന്നി. അവസാനനിമിഷത്തിൽ തന്റെ ഹൃദയത്തോടടുപ്പിയ്ക്കാനും, തനിക്കു പൂൎണ്ണമായി അധീനപ്പെട്ടുവെന്നും അദ്ദേഹത്താൽ ഭരിക്കപ്പെട്ടുവെന്നും കരുതാനും സാധിച്ചതിലുള്ള സന്തോഷം.

സിദ്ധാൎത്ഥനെ കാണാനില്ലെന്നു കേട്ട ഉടനെ അവൾ ജനാലയ്ക്കലേക്കു് ചെന്നു. അവിടെ കാഞ്ചനക്കൂട്ടിൽ ഒരു പാടുന്ന പക്ഷിയെ വളൎത്തിയിരുന്നു. അവൾ കൂടുതുറന്നു. പക്ഷിയെ പുറത്തേക്കെടുത്തു് അതിനെ പറക്കാൻ വിട്ടു. ആ പക്ഷി പറന്നു മറയുന്നതു് വളരെ നേരം അവൾ ശ്രദ്ധിച്ചു നോക്കി. അന്നുമുതൽ അവൾ സന്ദൎശകരെ സ്വീകരിക്കാതായി. വീടു് എപ്പോഴും അടച്ചിട്ടിരുന്നു. കുറച്ചു കാലം കഴിഞ്ഞപ്പോൾ അവൾക്കൊരു കുട്ടിയുണ്ടായി, സിദ്ധാൎത്ഥനുമായുണ്ടായ അവസാനത്തെ സമ്മേളനത്തിന്റെ ഫലം.

## പുഴവക്കത്തു്

സിദ്ധാർത്ഥൻ കാട്ടിൽ അലഞ്ഞു നടക്കയാണ്. പട്ടണത്തിൽനിന്നു് വളരെ അകലെ എത്തിയിരിക്കുന്നു. ഒരൊററക്കാര്യം മാത്രമേ അദ്ദേഹത്തിനു നിശ്ചയമുള്ളു—താൻ ഇനി മടങ്ങിപ്പോകാൻ വയ്യ. വളരെക്കാലം താൻ നയിച്ച ആ ജീവിതം അവസാനിച്ചു. അതു് ആസ്വദിച്ചു വററിച്ചു് ചെടിച്ചുകഴിഞ്ഞിരിക്കുന്നു. പാടുന്ന പക്ഷി മരിച്ചുകഴിഞ്ഞു. അതിൻെറ മരണം അദ്ദേഹം സ്വപ്നംകണ്ടതാണ്. അതു തൻെറ ഹൃദയത്തിനകത്തെ പക്ഷിയായിരുന്നു. അദ്ദേഹം സംസാരത്തിൽ മുഴുകിക്കഴിയുകയായിരുന്നു. അതിൽ ചെടിപ്പും എല്ലാവശത്തുനിന്നും മരണവും ഏററുവാങ്ങിക്കഴിഞ്ഞിരുന്നു, ഒരു സ്പഞ്ചു് വെള്ളംകുടിച്ചു വീക്കുന്നതുപോലെ. അദ്ദേഹം എന്തെന്നില്ലാത്ത മുഷിപ്പും ദുഃഖവും മരണപരാക്രമവുംകൊണ്ടു വലഞ്ഞു. ലോകത്തിൽ തന്നെ ആകർഷിക്കാനോ, സുഖിപ്പിക്കാനോ, സമാധാനിപ്പിക്കാനോ യാതൊന്നും ഉണ്ടായില്ല.

എല്ലാം മറക്കാനുള്ള ആസക്തി തോന്നി അദ്ദേഹത്തിന്നു്. വിശ്രമിക്കാനും മരിക്കാനും കൊതിച്ചു. ഒരു ഇടിമിന്നലേററു മരിച്ചെങ്കിൽ! ഒരു പുലി വന്നു് തന്നെ തിന്നിരുന്നെങ്കിൽ! കുറച്ചു വീഞ്ഞോ വിഷമോ തന്നെ ശൂന്യതയിലേയ്ക്കും വിസ്മൃതിയിലേക്കും ഉണരാത്ത ഉറക്കത്തിലേയ്ക്കും നയിച്ചിരുന്നെങ്കിൽ! താൻ

തോണ്ടാത്ത കുപ്പ വല്ലതും ബാക്കിയുണ്ടോ? താൻ ചെയ്യാത്ത പാപമോ തെറേറാ വല്ലതും അവശേഷിച്ചിട്ടുണ്ടോ? താൻ ചുമതലക്കാരനല്ലാത്ത വല്ലഅഴുക്കോ പാടോ ആത്മാവിലുണ്ടോ? ഇനിയും ജീവിക്കാൻ സാധ്യമാണോ? ശ്വാസോച്ഛ്വാസം ചെയ്യാനോ, വിശപ്പനുഭവിക്കുവാനോ, പിന്നെയും ഭക്ഷിക്കാനോ, പിന്നെയും ഉറങ്ങാനോ, ഇനിയും സ്ത്രീകളോടൊത്തു് ജീവിക്കാനോ സാധ്യമാണോ? ഈ ചക്രം തന്നെസ്സംബന്ധിച്ചേടത്തോളം അവസാനിച്ചതല്ലേ?

സിദ്ധാൎത്ഥൻ വനത്തിലെ വലിയ നദിയുടെ തീരത്തെത്തി. ചെറുപ്പത്തിൽ, ഗൗതമൻെറ നഗരത്തിൽനിന്നു വരുമ്പോൾ, ഒരു കടത്തുവഞ്ചിക്കാരൻ തന്നെ അക്കരെയ്യെത്തിച്ച അതേ നദി. അദ്ദേഹം നദീതീരത്തു് സംശയിച്ചുനിന്നു. ക്ഷീണവും വിശപ്പും അദ്ദേഹത്തെ വല്ലാതെ ദുർബ്ബലനാക്കീട്ടുണ്ടായിരുന്നു. താൻ എന്തിനു് അപ്പുറം പോകണം? ഒരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. ഈ കശപിശയായ സ്വപ്നം തകൎത്തുകളയണം; ഈ പഴകിയ വീഞ്ഞു് തുപ്പിക്കളയണം; ഈ കട്ടത്ത വേദനാജനകമായ ജീവിതത്തിനു് അറുതി വരുത്തണം. അതല്ലാതെ യാതൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല.

നദിയുടെ വക്കത്തു് ഒരു തെങ്ങു നിന്നിരുന്നു. സിദ്ധാൎത്ഥൻ അതിന്മേലേയ്ക്കു ചാഞ്ഞുനിന്നു; കൈകരംകൊണ്ടു് അതിൻെറ തടി കെട്ടിപ്പിടിച്ചു. എന്നിട്ടു് താഴെ ഒഴുകിയിരുന്ന നീലിമപൂണ്ട നദീജലത്തിലേക്കു നോക്കി. അദ്ദേഹം കീഴ്പോട്ടു നോക്കി. താഴെ വെള്ളത്തിലേയ്ക്കു വീണുപോയിരുന്നെങ്കിൽ! അങ്ങനെ ആഗ്രഹിച്ചു. വെള്ളത്തിലെ വെറുങ്ങലിച്ച ഒരു ശൂന്യതയിൽ തൻെറ ആത്മാവിലെ ഭയങ്കരമായ ശൂന്യത പ്രതിഫലിച്ചു. അതെ, അദ്ദേഹം അവസാനത്തിലെത്തി. തന്നെ ശുദ്ധമാക്കുക, ജീവിതത്തിലെ വിജയശൂന്യമായ സ്വരൂപം നശിപ്പിക്കുക, ഈശ്വരന്മാരാൽ വെറുക്കപ്പെട്ട അളു് വലിച്ചെറിയുക—ഇതല്ലാതെ മററൊന്നും ചെയ്യേണ്ടതില്ല. അതാണു് താൻ ചെയ്യാൻ കൊതിച്ച കൃത്യം.

താൻ വെറുത്ത സ്വരൂപത്തെ നശിപ്പിച്ചുകളയണം. മത്സ്യങ്ങൾ ഒരുപക്ഷേ തന്നെ വിഴുങ്ങിയേക്കാം; അതെ, ഈ കൊള്ളരുതാത്ത സിദ്ധാത്ഥനെ, അവൻെറ വൃത്തികെട്ട ജീണ്ണിച്ച സ്വരൂപത്തെ, അവൻെറ അടന്തയിലുള്ളതും ദുരുപയോഗപ്പെടുത്തിയതുമായ ആത്മാവിനെ, മത്സ്യങ്ങളും മുതലകളും വിഴുങ്ങിയേക്കാം; വല്ല പിശാചുക്കളും പിച്ചിച്ചീന്തിയേക്കാം.

വികൃതമായ മുഖഭാവത്തോടെ അദ്ദേഹം വെള്ളത്തിലേയ്ക്കു തുറിച്ചുനോക്കി. ആ മുഖം അതിൽ പ്രതിബിംബിച്ചു കണ്ടു. അദ്ദേഹം കാപ്പിച്ചൊരു തുപ്പു തുപ്പി. തലകുത്തി താഴെ വീഴാൻവേണ്ടി തെങ്ങിന്മേൽനിന്നു കയ്യെടുത്ത് തിരിഞ്ഞുനിന്നു. കണ്ണടച്ചു കുനിഞ്ഞു; അതെ, മരണത്തിലേയ്ക്ക്.

അപ്പോഴതാ ആത്മാവിൻെറ ഒരു മൂലയിൽനിന്ന് തൻെറ ക്ഷീണിച്ച ജീവിതത്തിൻെറ ഭൂതകാലത്തിൽനിന്ന്, ഒരു ശബ്ദം കേട്ടു. ഒരൊററ വാക്ക്, ഒരൊററ ശ്വാസത്തിൽ ഉച്ചരിക്കാവുന്നത്. യാതൊരാലോചനയും കൂടാതെ, അവ്യക്തമായി അദ്ദേഹം അതുച്ചരിച്ചു. ബ്രാഹ്മണരുടെ പ്രാത്ഥനകളുടെ പ്രാരംഭത്തിലും അവസാനത്തിലും ഉച്ചരിക്കാറുള്ള ആ പഴയ പരിശുദ്ധമായ ഓങ്കാരമന്ത്രം. പരമാത്മാവിൻേറയും പരിപൂണ്ണതയുടേയും പൊരുളായ ഓങ്കാരം. ഈ ഓങ്കാരമന്ത്രം കേട്ടതോടെ തൻെറ മയക്കം പിടിച്ച ആത്മാവ് പൊടുന്നനെ ഉണന്നു. തൻെറ പ്രവൃത്തിയുടെ തെററ് അദ്ദേഹത്തിനു ബോധ്യപ്പെട്ടു.

സിദ്ധാത്ഥന് വല്ലാത്ത ഭയമായി. ആ പതനത്തിലാണ് അദ്ദേഹം എത്തിച്ചേന്നതു്. അങ്ങനെ നശിച്ചു, അങ്ങനെ കുഴപ്പത്തിലായി, അങ്ങനെ ഉത്തരം മുട്ടി, മരണത്തെ അവലംബിച്ചതാണ്. ഈ ആഗ്രഹം, ഈ ബാലിശമായ ആഗ്രഹം, അത്ര ശക്തിയായി തന്നിൽ വളന്നു: ശരീരം ഉപേക്ഷിച്ച് സമാധാനം കണ്ടെത്തുന്ന കൃത്യം. ആ അടുത്ത കാലത്തെ യാതനകളോ വെറുപ്പോ കഷ്ടപ്പാടോ, യാതൊന്നുംതന്നെ, ഈ ഓങ്കാരസ്മരണ

യെപ്പോലെ അദ്ദേഹത്തെ ശക്തിയായി ബാധിച്ചില്ല. ഓങ്കാര സ്മരണയോടുകൂടി തൻെറ കൊള്ളരുതായ്മകളും കുററങ്ങളും അദ്ദേഹം മനസ്സിലാക്കി. 'ഓം,' അദ്ദേഹം ഉള്ളുകൊണ്ടു് ഉച്ചരിച്ചു. ബ്രാഹ്മണനെക്കുറിച്ചും ജീവൻെറ നാശമില്ലായ്മയെക്കുറിച്ചും അദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. മറന്നതെല്ലാം ഇപ്പോൾ ഓൎമ്മവന്നു. ദിവ്യമായിട്ടുള്ളതെല്ലാം സ്മരിച്ചു.

എന്നാൽ, അതെല്ലാം തെല്ലു നിമിഷത്തേയ്ക്കു മാത്രം. ഒരു മിന്നലാട്ടം! ക്ഷീണംകൊണ്ടു വലഞ്ഞു് സിദ്ധാൎത്ഥൻ തെങ്ങിൻെറ ചുവട്ടിൽ കിടപ്പായി. ഓങ്കാരം ജപിച്ചുകൊണ്ടു്, തെങ്ങിൻെറ വേരിൽ തലവെച്ചു് അദ്ദേഹം ഗാഢനിദ്രയിലാണ്ടു.

ആ ഉറക്കം അവഗാഢമായിരുന്നു. ഒരു സ്വപ്നവും കണ്ടില്ല. വളരെക്കാലമായി അങ്ങനെ ഉറങ്ങീട്ടു്. വളരെ നേരം കഴിഞ്ഞു് ഉണൎന്നപ്പോൾ പത്തു കൊല്ലം കടന്നുപോന്നതുപോലെ തോന്നി. വെള്ളത്തിൻെറ ചലനം കേട്ടു. താൻ എവിടെയാണെന്നോ, എന്തിനു വന്നുവെന്നോ അദ്ദേഹത്തിനു നിശ്ചയമില്ലായിരുന്നു. മേല്പോട്ടു നോക്കി. വൃക്ഷങ്ങളും ആകാശവും കണ്ടു് അത്ഭുതം തോന്നി. താൻ എവിടെയാണെന്നും എങ്ങനെ എത്തിയെന്നും ഓൎമ്മവന്നു. കുറെ നേരം അവിടെ ഇരിക്കാൻ ആഗ്രഹം തോന്നി. ഭൂതകാലം ഒരു മൂടുപടത്താൽ മറയ്ക്കപ്പെട്ടതുപോലെ തോന്നി; വളരെ അകലെ, തീരെ അപ്രധാനമായി തോന്നി. തൻെറ മുമ്പുള്ള ജീവിതം അവസാനിച്ചുവെന്നു മാത്രം അദ്ദേഹത്തിന്നറിയാം. (ബോധംവന്ന ഉടനെ ഈ മുമ്പുള്ള ജീവിതം ഒരു അകന്ന അവതാരമായി. ഇപ്പോഴത്തെ ആത്മാവിൻെറ ഒരു മുജ്ജന്മം മാത്രമാണെന്നു തോന്നിയിരുന്നു.) അതു് അവസാനിച്ചുവെന്നും, ചെടിപ്പു നിറഞ്ഞതാണെന്നും, വൃത്തികെട്ടതാണെന്നും, നശിപ്പിക്കേണ്ടതു് ആവശ്യമാണെന്നും, എന്നാൽ, താൻതന്നെ നശിപ്പിയ്ക്കുന്നതിനായി വിശിഷ്ടമായ ഓങ്കാരത്തോടെ നദിയുടെ വക്കത്തു് വൃക്ഷത്തിൻെറ ചുവട്ടിൽ എത്തിയതാണെന്നും തോ

ന്നി. പിന്നെ താൻ ഉറക്കത്തിലാണ്ടുവെന്നും ഉണൎന്നപ്പോൾ, പുതിയൊരു മനുഷ്യനെപ്പോലെയാണ് ലോകം കണ്ടതെന്നും തോന്നി. പതുക്കെ അദ്ദേഹം ഓങ്കാരം ജപിച്ചു. അതോടെ ഉറങ്ങിപ്പോയി. ആ ഉറക്കം ഓങ്കാരത്തിന്റെ നീണ്ട ഉച്ചാരണമായിരുന്നുവെന്ന് തോന്നി. അതെ, ഓങ്കാരത്തിലേയ്ക്ക് ആണ്ടു തുളഞ്ഞു കയറുക; പേരറിയാത്ത ദിവ്യത്വത്തിലേയ്ക്കുള്ള തുളച്ചുകയററമായിത്തോന്നി.

എന്തൊരത്ഭുതകരമായ ഉറക്കമായിരുന്നു അത്! ഇതുവരെ ഒരിക്കലും ഉറക്കം തനിക്ക് ഇത്രമാത്രം ഉന്മേഷം നൽകീട്ടില്ല. തന്നെ ഇത്രമാത്രം യുവത്വത്തിലേക്കു നയിച്ചിട്ടില്ല; നവീകരിച്ചിട്ടില്ല. ഒരുപക്ഷേ, താൻ മരിച്ചിരിക്കാം; മുങ്ങിച്ചത്തശേഷം വേറൊരു രൂപത്തിൽ പുനൎജ്ജന്മം നേടീട്ടുണ്ടാവാം. ഇല്ല, അദ്ദേഹം സ്വയം മനസ്സിലാക്കി; തന്റെ കയ്യും കാലും തിരിച്ചറിഞ്ഞു; താൻ കിടന്ന സ്ഥലം തിരിച്ചറിഞ്ഞു; തന്റെ ഹൃദയത്തിലുള്ള ആത്മാവിനെ തിരിച്ചറിഞ്ഞു. വ്യക്തിത്വം തികഞ്ഞ് ആത്മനിശ്ചയത്തോടുകൂടിയ ആ സിദ്ധാൎത്ഥൻ തന്നെയാണ് താൻ. എന്നാൽ, ഈ സിദ്ധാൎത്ഥൻ തെല്ലൊന്നുമാറി പുതുക്കപ്പെട്ടിരുന്നു. അദ്ദേഹം അത്ഭുതം ജനിക്കത്തക്കവിധം ഉറങ്ങി; അത്ഭുതകരമാംവണ്ണം ഉണൎന്നു, സുഖത്തോടും ജിജ്ഞാസയോടുംകൂടി.

സിദ്ധാൎത്ഥൻ എഴുന്നേററിരുന്നു. ശിരോമുണ്ഡനം ചെയ്ത് മഞ്ഞവസ്ത്രംധരിച്ച് ഒരു ചിന്തകനെപ്പോലെ തോന്നിക്കുന്ന ഒരാൾ തനിക്കഭിമുഖമായിട്ടിരിക്കുന്നു. ശിരസ്സിലോ താടിയിലോ രോമമില്ലാത്ത ആ മനുഷ്യൻ തന്നെ നോക്കാത്ത തക്കത്തിൽ സിദ്ധാൎത്ഥൻ അങ്ങോട്ടു സൂക്ഷിച്ചുനോക്കി. തന്റെ ചെറുപ്പത്തിലെ സുഹൃത്തായ ഗോവിന്ദനാണതെന്നു ബോദ്ധ്യപ്പെട്ടു. അതെ, മഹാത്മാവായ ബുദ്ധനെ അഭയംപ്രാപിച്ച ഗോവിന്ദൻ. ഗോവിന്ദനും വയസ്സായിരിക്കുന്നു. എന്നാൽ, ആ പഴയ മുഖപ്രകൃതിക്കു മാററം കണ്ടില്ല—ജിജ്ഞാസ, ആദരം, അഭിനിവേശം,

ഉൽക്കണ്ഠ, എന്നീ പ്രകൃതികരം. എന്നാൽ, ഗോവിന്ദൻ അദ്ദേഹത്തിൻെറ നോട്ടംകണ്ടു് അങ്ങോട്ടു ദൃഷ്ടിപതിപ്പിച്ചു. തന്നെ ഗോവിന്ദനു മനസ്സിലായിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടു. അദ്ദേഹം ഉണൎന്നുകണ്ടതിൽ ഗോവിന്ദനു സന്തോഷം തോന്നി. ആളെ മനസ്സിലായില്ലെങ്കിലും അദ്ദേഹം ഉണരുന്നതുംകാത്തു് കുറെനേരമായി ഗോവിന്ദൻ അവിടെ ഇരിക്കുന്നു.

"ഞാൻ ഉറങ്ങുകയായിരുന്നു," സിദ്ധാത്ഥൻ പറഞ്ഞു. "നിങ്ങരം എങ്ങനെ ഇവിടെ വന്നു?"

"നിങ്ങരം ഉറങ്ങുകയായിരുന്നു," ഗോവിന്ദൻ മറുപടിപറഞ്ഞു. "ശരിതന്നെ, പക്ഷേ, ഇവിടെ കിടന്നുറങ്ങുന്നതു നന്നല്ല. പാമ്പും കാട്ടുമൃഗങ്ങളും പരുങ്ങിനടക്കുന്ന സ്ഥലമാണിതു്. ഞാൻ മഹാത്മാവായ ഗൌതമൻെറ അനുയായികളിൽ ഒരാളാണു്. ബുദ്ധസംഘത്തിലെ കുറെ പേരൊന്നിച്ചു് ഒരു തീൎത്ഥയാത്രയ്ക്കിറങ്ങിയിരിക്കയാണു് ഞാൻ. അപായം സംഭവിക്കാവുന്ന സ്ഥലത്തുകിടന്നു് നിങ്ങരം ഉറങ്ങുന്നതുകണ്ടു് ഞാൻ ഉണൎത്താൻ ശ്രമിച്ചു. പക്ഷേ, ഉറക്കം വളരെ ഗാഢമായി കണ്ടതിനാൽ ഞാൻ സഹോദരന്മാരെവിട്ടു് ഇവിടെ കാത്തിരിക്കയാണു് ചെയ്തതു്. അങ്ങനെ നിങ്ങളെ കാത്തുകൊണ്ടിരുന്ന ഞാനും ഉറങ്ങിപ്പോയി. ക്ഷീണംനിമിത്തം എനിക്കു വേണ്ടവിധം കാത്തിരിക്കാൻ കഴിഞ്ഞില്ല. ഏതായാലും നിങ്ങരം ഉണൎന്നു; എനിക്കിനി എൻെറ സഹോദരന്മാരുടെ കൂട്ടത്തിൽ എത്തിച്ചേരണം."

"അല്ലയോ സമാന, എന്നെ ഉറക്കത്തിൽ കാത്തിരുന്നതിനു നന്ദി. ആ മഹാത്മാവിൻെറ അനുയായികരം അനുകമ്പയുള്ളവരാണു്. നിങ്ങരംക്കിനി പോകാം."

"ഞാൻ പോകുന്നു; നിങ്ങരംക്കു നല്ലതു വരട്ടെ."

"സമാനരേ! നിങ്ങരംക്കു വന്ദനം." ഗോവിന്ദൻ വന്ദനം പറഞ്ഞു പുറപ്പെട്ടു.

"വന്ദനം ഗോവിന്ദ," സിദ്ധാത്ഥൻ പറഞ്ഞു.

ഭിക്ഷു നിശ്ചലനായി നിന്നു.

"ശ്രീമൻ, ക്ഷമിക്കണം; നിങ്ങൾക്കെങ്ങനെ എൻെറ പേർ മനസ്സിലായി?"

"ഗോവിന്ദ, നിങ്ങളുടെ അച്ഛൻെറ വീട്ടിൽ വെച്ചും, ബ്രാഹ്മണവിദ്യാലയത്തിൽവെച്ചും, യാഗശാലകളിൽ വെച്ചും, സമാനരിൽനിന്നു നാം വേർപെട്ടുപോന്നിടത്തുവെച്ചും, അതിനു ശേഷം ജേതവനത്തിൽവെച്ചു നിങ്ങൾ ആ മഹാത്മാവിൻെറ സംഘത്തിൽ ചേരാൻ ശപഥം ചെയ്തിടത്തുവെച്ചും ഞാൻ നിങ്ങളെ അറിയും."

"സിദ്ധാത്ഥനോ?" ഗോവിന്ദൻ ഉറക്കെ ചോദിച്ചു.

"ഇപ്പോൾ ഓമ്മ വന്നു. എന്താണു് എനിക്കു പെട്ടെന്നു മനസ്സിലാക്കാൻ കഴിയാഞ്ഞതു്.? സിദ്ധാത്ഥ, വീണ്ടും കാണാൻ സാധിച്ചതിൽ എനിക്കു് എന്തെന്നില്ലാത്ത സന്തോഷമുണ്ടു്."

"എനിക്കും നിങ്ങളെ കണ്ടതിൽ സന്തോഷമുണ്ടു്. എന്നെ ഉറക്കത്തിൽ കാത്തു; എനിക്കു രക്ഷ ആവശ്യമായിരുന്നില്ലെങ്കിലും അതു ചെയ്തു. അതിനു നന്ദി. എങ്ങോട്ടുപോകുന്നു സ്നേഹിത?"

"ഞാൻ എങ്ങോട്ടും പോകുന്നില്ല. ഞങ്ങൾ ഭിക്ഷുക്കൾ മഴക്കാലത്തൊഴികെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കും. ഞാൻ ഓരോ സ്ഥലത്തേക്കങ്ങനെ മാറിക്കൊണ്ടിരിക്കും, നിയമമനുസരിച്ചു ജീവിക്കും, ബുദ്ധോപദേശങ്ങൾ പ്രസംഗിക്കും, ഭിക്ഷവാങ്ങും, പിന്നെയും സഞ്ചരിക്കും. എപ്പോഴും അങ്ങനെതന്നെയാണു്. സിദ്ധാത്ഥൻ എങ്ങോട്ടുപോകുന്നു?"

സിദ്ധാത്ഥൻ പറഞ്ഞു: "നിങ്ങളെപ്പോലെതന്നെയാണു് എൻേറയും നില. ഞാനും എങ്ങോട്ടും പോകുന്നില്ല. ഞാൻ പോകുന്ന വഴിക്കാണു്; ഒരു തീത്ഥയാത്രയ്ക്കിറങ്ങിയിരിക്കയാണു്."

ഗോവിന്ദൻ പറഞ്ഞു: "നിങ്ങഠം തീൎത്ഥയാത്ര ചെയ്യുകയാണെന്നു പറഞ്ഞല്ലോ! അതു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ക്ഷമിക്കണം. നിങ്ങളെ കണ്ടാൽ അങ്ങനെ തോന്നുന്നില്ല. നിങ്ങഠം ധനികൻെറ ഉടുപ്പാണു് ധരിച്ചിരിക്കുന്നതു്; പരിഷ്കാരികളുടെ ചെരുപ്പാണു് ഇട്ടിരിക്കുന്നതു്; സുഗന്ധംപൂശിയ തലമുടിയും തീൎത്ഥയാത്രക്കാരൻേറതല്ല. അതു സമാനൻെറ തലമുടിയല്ല."

"സ്നേഹിത, നിങ്ങഠം ശരിക്കു നോക്കിക്കണ്ടു. നിങ്ങളുടെ സൂക്ഷ്മദൃഷ്ടികൊണ്ടു് എല്ലാം നോക്കിക്കണ്ടു. എന്നാൽ, ഞാൻ സമാനനാണെന്നു പറഞ്ഞില്ല., തീൎത്ഥയാത്രയ്ക്കു പോകുന്നുവെന്നേ പറഞ്ഞുള്ളു. അതു ശരിയാണുതാനും."

"നിങ്ങഠം തീൎത്ഥയാത്രയ്ക്കു പോകുന്നു," ഗോവിന്ദൻ പറഞ്ഞു. "എന്നാൽ, ഈ ഉടുപ്പിൽ, ഈ ചെരുപ്പിൽ, ഈ തലമുടിയുമായി, ഇത്രയും കാലത്തെ സഞ്ചാരത്തിനിടയിൻ ഒരു തീൎത്ഥയാത്രക്കാരനെ ഞാൻ കണ്ടിട്ടില്ല."

"നിങ്ങഠം പറയുന്നതു ഞാൻ വിശ്വസിക്കുന്നു ഗോവിന്ദ, എന്നാൽ, നിങ്ങഠം ഇന്നു് അങ്ങനെ ഉടുപ്പും ചെരുപ്പും ധരിച്ച ഒരു തീൎത്ഥാടകനെ കണ്ടല്ലോ! ഒന്നോൎക്കുക, എൻെറ പ്രിയപ്പെട്ട ഗോവിന്ദ, ബാഹ്യമായ ലോകം മാററത്തിനു വിധേയമാണു്. തലമുടിയുടേയും ഉടുപ്പിൻേറയും മട്ടു് തികച്ചും മാറാവുന്നതാണു്; തലമുടിയും, ശരീരംതന്നെയും മാറാവുന്നതാണു്. നിങ്ങഠം ശരിയായി നോക്കിക്കണ്ടു. ഞാൻ ധനികൻെറ ഉടുപ്പു ധരിച്ചിരിക്കുന്നു. അതു ധരിക്കുന്നതു ഞാൻ ധനികനായതുകൊണ്ടാണു്. എൻെറ തലമുടി പരിഷ്കാരികളുടെ മട്ടിലായതും ഞാൻ അത്തരക്കാരനായിരുന്നതുകൊണ്ടാണു്."

"ഇപ്പോഠം ഏതു തരക്കാരനാണു്?"

"എനിക്കറിഞ്ഞുകൂട. എനിക്കു നിങ്ങളോളം മാത്രമേ അതറിവുള്ളു. ഒരുവഴിക്കങ്ങനെ പോകയാണു് ഞാൻ. ധനിക

നായിരുന്നു ഞാൻ; എന്നാൽ ഇപ്പോഠ അല്ല; നാളെ എന്താവുമെന്നു് നിശ്ചയവുമില്ല.

"ധനം നഷ്ടപ്പെട്ടുവോ?"

"ഞാൻ അതു നഷ്ടപ്പെട്ടതോ അതു എന്നെ നഷ്ടപ്പെട്ടതോ ആവാം—സൂക്ഷ്മം നിശ്ചയമില്ല. ബാഹ്യപ്രകൃതിയുടെ ചക്രം വേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നു, ഗോവിന്ദ. ബ്രാഹ്മണനായ സിദ്ധാൎത്ഥനെവിടെ, സമാനനായ സിദ്ധാൎത്ഥനെവിടെ, ധനാഢ്യനായ സിദ്ധാൎത്ഥനെവിടെ? മാറാവുന്നതു വേഗത്തിൽ മാറുന്നു ഗോവിന്ദ. അതു് അറിയാമല്ലോ!

വളരെനേരം ഗോവിന്ദൻ തൻെറ ബാല്യകാലസുഹൃത്തിനെ സംശയത്തോടെ നോക്കി. പിന്നെ, പദവിയിലുള്ള ഒരാളോടെന്നപോലെ വണക്കത്തോടെ അഭിവാദ്യംചെയ്തു് ഗോവിന്ദൻ തൻെറ വഴിക്കുപോയി.

മന്ദഹാസത്തോടെ സിദ്ധാൎത്ഥൻ ആ പോക്കു നോക്കിക്കൊണ്ടുനിന്നു. അദ്ദേഹം അപ്പോഴും ഈ ഉൽക്കണ്ഠാകുലനായ സ്നേഹിതനെ ഇഷ്ടപ്പെട്ടിരുന്നു. ആ സമയത്തു്, ആ മുഹൂൎത്തത്തിൽ, ആ അത്ഭുതനിദ്രയ്ക്കുശേഷം, ഓങ്കാരത്തിൽ ഉന്മേഷംകൊണ്ടപ്പോഠ, എങ്ങനെയാണു് സ്നേഹിക്കാതിരിക്കുക? അതാണു് ഉറക്കത്തിലുണ്ടായ മായാജാലം. ഓങ്കാരത്തിൻെറ മായാജാലം—അദ്ദേഹം എല്ലാററിനേയും സ്നേഹിച്ചു. കണ്ടതിനോടെല്ലാം സന്തോഷപ്രദമായ സ്നേഹം തുളുമ്പുന്നതായി, അദ്ദേഹത്തിൻെറ ഹൃദയം. ഒന്നിനേയും ആരേയും സ്നേഹിക്കാൻ കഴിയാഞ്ഞതുകൊണ്ടാണു് പണ്ടു് തനിക്കു് ഒരു സുഖവും ഇല്ലാതിരുന്നതെന്നും തോന്നി.

മന്ദഹാസത്തോടെ, സിദ്ധാൎത്ഥൻ തന്നെ പിരിഞ്ഞുപോകുന്ന ഭിക്ഷുവിനെ നോക്കിനിന്നു. ഉറക്കം അദ്ദേഹത്തെ ബലവാനാക്കീട്ടുണ്ടായിരുന്നു. എന്നാൽ, നല്ല വിശപ്പുണ്ടായിരുന്നു. രണ്ടു

ദിവസമായി വല്ലതും കഴിച്ചിട്ട്. വിശപ്പിനെ ജയിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു് അസ്തമിച്ചിരിക്കുന്നു. ക്ലേശമുണ്ടായിരുന്നെങ്കിലും, ചിരിച്ചുകൊണ്ടു് അദ്ദേഹം ആ കാലത്തെ അനുസ്മരിച്ചു. അന്നു് മൂന്നു കാര്യ്യങ്ങളെക്കുറിച്ചു് കമലയോടു വീരവാദം പറയാറുണ്ടു്. മൂന്നു വിശിഷ്ടങ്ങളും അജയ്യങ്ങളുമായ കലകാം: ഉപവാസം, കാത്തിരിക്കൽ, ധ്യാനം. ഇവയായിരുന്നു അദ്ദേഹത്തിൻെറ സ്വത്തും അധികാരവും ശക്തിയും. അദ്ദേഹത്തിൻെറ ഊന്നുവടിയായിരുന്നു ഇവ. ഈ മൂന്നു കലകളും അദ്ദേഹം അഭ്യസിച്ചിരുന്നു; കുലുക്കവും പതറിച്ചയുമില്ലാതിരുന്ന യൗവനകാലത്തെ അഭ്യാസം. ഇന്നാകട്ടെ, അവ നഷ്ടപ്പെട്ടു. ഉപവാസമോ, കാത്തിരിക്കലോ, ചിന്തയോ, ഒന്നും അവശേഷിച്ചിട്ടില്ല. കൊള്ളരുതാത്തതിനുവേണ്ടി, അസ്ഥിരവസ്തുക്കാംക്കുവേണ്ടി, ഇന്ദ്രിയസുഖത്തിനുവേണ്ടി, ആഡംബരജീവിതത്തിനും ധനത്തിനുംവേണ്ടി, അദ്ദേഹം ആ വിശിഷ്ടഗുണങ്ങളെ കൈമാററം ചെയ്തു. ഒരു അസാധാരണമാർഗ്ഗത്തിൽക്കൂടിയാണു് അദ്ദേഹം പ്രയാണംചെയ്തതു്. താൻ ഒരു സാധാരണമനുഷ്യനായിത്തീൎന്നുവെന്നും അദ്ദേഹത്തിനു തോന്നി.

സിദ്ധാത്ഥൻ ആ നിലയിൽ പ്രതിഫലിച്ചു. അദ്ദേഹത്തിനു ചിന്തിക്കാൻ വിഷമമായി. വാസ്തവത്തിൽ ചിന്തിക്കാൻ മോഹം തോന്നിയില്ല; എങ്കിലും അതിനുവേണ്ടി നിർബ്ബന്ധപൂവ്വം ശ്രമിച്ചു.

ഈ അസ്ഥിരവസ്തുക്കളെല്ലാം തന്നിൽനിന്നു വഴുതിപ്പോയെന്നും, കുട്ടിക്കാലത്തെന്നപോലെ താൻ വീണ്ടും സൂര്യ്യനുകീഴെ നില്ക്കുകയാണെന്നും അദ്ദേഹം വിചാരിച്ചു. ഒന്നും എൻേറതല്ല; എനിക്കൊന്നും അറിവില്ല, എനിക്കൊന്നും സ്വന്തമായിട്ടില്ല, ഞാനൊന്നും പഠിച്ചിട്ടില്ല. എത്ര അസാധാരണം! ഇപ്പോാം, എൻെറ ചെറുപ്പം അവസാനിച്ചിരിക്കെ, എൻെറ തലമുടി വേഗം നരച്ചുകൊണ്ടിരിക്കെ, ശക്തി ക്ഷയിക്കാൻ തുടങ്ങിയിരിക്കെ, ഞാനിതാ വീണ്ടും കുട്ടിയെപ്പോലെയായിത്തീരുന്നു. അദ്ദേഹ

ത്തിനു വീണ്ടും ചിരിക്കേണ്ടിവന്നു. അതെ, ആ യോഗം അസാധാരണംതന്നെ. അദ്ദേഹം പിന്നാക്കം പോകയാണു്. വീണ്ടും പൊള്ളയായി, നഗ്നനായി. ലോകത്തിൽ യാതൊന്നും അറിയാത്തവനായിട്ടങ്ങനെ നില്ക്കുന്നു. എന്നാൽ, അതിനെക്കുറിച്ചു് അദ്ദേഹം സങ്കടപ്പെട്ടില്ല—ഇല്ല; അദ്ദേഹം ചിരിക്കാൻപോലും കൊതിച്ചു. തന്നെ ഹസിക്കാൻ, ഈ വിഡ്ഢിത്തം നിറഞ്ഞ ലോകത്തെ ഹസിക്കാൻ.

"നീ പിന്നാക്കം പോകയാണു്", തന്നെ പുച്ഛിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. അങ്ങനെ പറയവേ, അദ്ദേഹത്തിന്റെ നോട്ടം നദിയിലേക്കു പതിഞ്ഞു. നദിയും സന്തോഷത്തോടെ പാടിക്കൊണ്ടു പിന്നാക്കം ഒഴുകുന്നതുകണ്ടു. അതു് അദ്ദേഹത്തെ അതീവ സന്തുഷ്ടനാക്കി. അദ്ദേഹം നദിയുടെനേരെനോക്കി സന്തോഷംകൊണ്ടു ചിരിച്ചു. ഒരിക്കൽ താൻ മുങ്ങിച്ചാവാൻ ആഗ്രഹിച്ച നദിയല്ലേ ഇതു്?—നൂറുനൂറു സംവത്സരങ്ങൾക്കുമുമ്പു്—അതോ, അതു സ്വപ്നമായിരുന്നോ?

തന്റെ ജീവിതം അസാധാരണമെന്നു് അദ്ദേഹം കരുതി. അസാധാരണമാർഗ്ഗങ്ങളിൽക്കൂടി അദ്ദേഹം അലഞ്ഞുനടന്നു. കുട്ടിക്കാലത്തു ഞാൻ ദൈവങ്ങളും യാഗങ്ങളുമായി കഴിഞ്ഞു; യൌവനകാലത്തു സന്യസ്തവൃത്തിയിൽ, ചിന്തയും ധ്യാനവുമായിട്ടും. ഞാൻ ബ്രഹ്മത്തെ അന്വേഷിച്ചു് ആത്മാവിൽ ശാശ്വതത്വത്തെ ആദരിച്ചു. യൌവനത്തിൽ സംയമമാണു് എന്നെ ആകർഷിച്ചതു്. കാടുകളിൽ താമസിച്ചു് ചൂടും തണുപ്പും ഞാൻ സഹിച്ചു; ഉപവസിക്കാൻ പഠിച്ചു; ശരീരത്തെ ജയിക്കാൻ പഠിച്ചു. പിന്നെ ഞാൻ ബുദ്ധന്റെ സാരോപദേശങ്ങൾ കണ്ടെത്തി അത്ഭുതപരതന്ത്രനായി. ജ്ഞാനവും, ലോകത്തിന്റെ ഏകത്വവും എന്റെ ശരീരത്തിലെ രക്തംപോലെതന്നെ എന്നിലാസകലം വ്യാപിക്കുന്നതായിത്തോന്നി; എന്നാൽ, ബുദ്ധനേയും ആ മഹാജ്ഞാനത്തേയും ഉപേക്ഷിക്കണമെന്നും എനിക്കു തോന്നി. ഞാൻ പോയി പ്രേമത്തിന്റെ സുഖങ്ങൾ കമലയിൽനി

ന്നും, വ്യാപാരത്തിൻെറ തന്ത്രം കാമസ്വാമിയിൽനിന്നും പഠിച്ചു. പണം സമ്പാദിച്ചുകൂട്ടി; പണം ദുർവ്യയം ചെയ്തു. വിലപിടിച്ച ഭക്ഷണത്തിൽ എനിക്കു താല്പൎയ്യം വളൎന്നു. ഇന്ദ്രിയങ്ങളെ ഉന്മേഷം പിടിപ്പിക്കാൻ ഞാൻ പഠിച്ചു. എൻെറ ബുദ്ധിയും ചിന്താശക്തിയും നശിക്കാനും വസ്തുക്കളുടെ ഏകത്വം മറക്കാനും, അങ്ങനെ വളരെക്കാലം എനിക്കു കഴിഞ്ഞുകൂടേണ്ടിവന്നു. സാവധാനത്തിൽ, പല വ്യതിയാനങ്ങളിൽക്കൂടി ഞാൻ പുരുഷത്വത്തിൽനിന്നു ശൈശവത്തിലേക്കു സംക്രമിച്ചുവെന്നതു ശരിയല്ലേ? ഒരു ചിന്തകനിൽനിന്നു് സാധാരണ മനുഷ്യനിലേക്കു്? എന്നാലും ഈ വഴി നന്നായിരുന്നു.. എൻെറ ഹൃദയത്തിലുള്ള കിളി ചത്തിട്ടില്ല. പക്ഷേ, അതു് എന്തൊരു മാൎഗ്ഗമായിരുന്നു! എന്തെല്ലാം കൊള്ളരുതായ്മകളാണു് ഞാൻ അനുഭവിച്ചറിഞ്ഞതു്! എന്തെല്ലാം ദുർവൃത്തികൾ, എത്ര വളരെ തെററുകൾ, എത്ര വളരെ മടുപ്പും, വെടിപ്പും, ദുഃഖവും! ഇതെല്ലാം എന്തിനുവേണ്ടി? ഒരു കുട്ടിയായി ജീവിതം ആവൎത്തിക്കാൻ. എന്നാൽ, അതു് അങ്ങിനെയെല്ലാം വേണ്ടതായിരുന്നു. എൻെറ കണ്ണും ഹൃദയവും അതു പ്രഖ്യാപിക്കുന്നു. എനിക്കു ദുഃഖമനുഭവിക്കേണ്ടിയിരുന്നു. എനിക്കു മനസ്സിൻെറ അധോമാൎഗ്ഗത്തിലേക്കു മുങ്ങിപ്പോകേണ്ടിയിരുന്നു. ആത്മഹത്യാചിന്തയിലേയ്ക്കു ചുഴിഞ്ഞുപോകേണ്ടിയിരുന്നു. എന്തിനു്? നന്മ അനുഭവിക്കാൻ, ഓങ്കാരം വീണ്ടും കേൾക്കാൻ, വീണ്ടും ഗാഢമായിട്ടുറങ്ങാൻ, എന്നിട്ട് ഉന്മേഷം പൂണ്ടുണരാൻ. എനിക്കു വീണ്ടും വിഡ്ഢിയാകേണ്ടിവന്നു. എന്തിനു്? എന്നിൽ ആത്മാവിനെ ദൎശിക്കാൻ. വീണ്ടും ജീവിക്കാനായി എനിക്കു പാപം ചെയ്യേണ്ടിവന്നു. ഇനി എൻെറ മാൎഗ്ഗം എങ്ങോട്ടാണു് എന്നെ നയിക്കുക? ഈ മാൎഗ്ഗം കൊള്ളരുതാത്തതാണു്; വക്രമാണു്. എന്നാൽ, ഇതു പോകുന്ന വഴിക്കു തന്നെ ഞാനും പോകും.

ഒരു വലിയ സുഖം തന്നിൽ ഉയൎന്നുവരുന്നതായി അദ്ദേഹത്തിന്നു ബോധ്യപ്പെട്ടു.

അതു് എവിടനിന്നാണു് വരുന്നതു്? അദ്ദേഹം തന്നോടുതന്നെ ചോദിച്ചു. ഈ സുഖം തോന്നാൻ കാരണമെന്തു്? എനിക്കു് ഇതുവളരെ നന്മചെയ്ത ആ നല്ല നീണ്ട ഉറക്കത്തിൽനിന്നാണോ? അതോ, ഞാൻ ഉച്ചരിച്ച ഓങ്കാരത്തിൽനിന്നോ? അതോ, ഞാൻ ഓടിപ്പോന്നതുകൊണ്ടോ? അതോ, എൻെറ ഓട്ടം ഫലവത്തായതുകൊണ്ടോ? അതോ, വീണ്ടും സ്വതന്ത്രനായി ആകാശത്തിൻെറ താഴെ ഒരു കുട്ടിയെപ്പോലെ നില്ക്കുന്നതുകൊണ്ടോ? ഹാ, എത്ര നന്നായി ഈ ഓട്ടം, ഈ വിമോചനം! ഞാൻ രക്ഷപ്പെട്ട സ്ഥലത്തു് സുഗന്ധവസ്തുക്കളും ഒരു വിട്ടുപിരിയാൻ തോന്നിക്കാത്ത അടന്തയായ ഗതിയും ആണു് ഉണ്ടായിരുന്നതു്. ആ ധനവും കളിയും എല്ലാം എനിക്കു വെറുത്തു. ആ ഭയങ്കരലോകത്തിൽ ഇത്രയും നീണ്ടകാലം കഴിച്ചുകൂട്ടിയതോക്കുമ്പോഠം എനിക്കു വെറുപ്പു തോന്നുന്നു. ഞാൻ എന്നെത്തന്നെ വെറുത്തു, ഭയപ്പെട്ടു, വിഷം കുടിപ്പിച്ചു, തകർത്തു, വൃദ്ധനും വിരൂപിയുമാക്കി. ഒരു കാലത്തു വളരെ മതിപ്പോടെ കരുതിയിരുന്നതുപോലെ ഇനിയൊരിക്കലും സിദ്ധാൎത്ഥൻ സമൎത്ഥനാണെന്നു് ഞാൻ കരുതുകയില്ല. എന്നാൽ, ഒന്നു ഞാൻ ശരിയായി ചെയ്തു. അതെന്നെ സന്തുഷ്ടനാക്കുന്നുമുണ്ടു്. അതു് ഞാൻ വാഴ്ത്തുകതന്നെ വേണം. ആ ആത്മദൂരിതം ഞാൻ അവസാനിപ്പിച്ചു; ആ കൊള്ളരുതാത്ത പൊള്ളയായ ജീവിതം. അല്ലയോ സിദ്ധാൎത്ഥ, ഞാൻ നിന്നെക്കുറിച്ചു് അഭിപ്രായം പറയുകയാണു്, വളരെക്കാലത്തെ തെററുകഠംക്കുശേഷം നീ നല്ലൊരുദ്ദേശ്യത്തിലെത്തിച്ചേൎന്നു, നീ ചിലതു് സാധിച്ചു, നിൻെറ ഹൃദയത്തിലെ പക്ഷിയുടെ പാട്ടു കേട്ടു. അതിനെ പിന്തുടൎന്നു.

അങ്ങനെ അദ്ദേഹം സ്വയം വാഴ്ത്തി; തന്നെക്കുറിച്ചു് അദ്ദേഹത്തിനു സന്തോഷം തോന്നി. വിശപ്പുകൊണ്ടു് ചൊരിയുന്ന വയറിൻെറ പമ്പിരിപാട്ടൽ ശ്രദ്ധിച്ചു. ആ കഴിഞ്ഞുപോയ കാലത്തെ ദുഃഖത്തിൻേറയും അരിഷ്ടത്തിൻേറയും ഒരു ഭാഗം താൻ ആസ്വദിച്ചു തള്ളിക്കളഞ്ഞിട്ടുണ്ടെന്നും അതു് നിരാശതയു

ടേയും മരണത്തിൻേറയും വക്കുവരെ അനുഭവിച്ചുവെന്നും അദ്ദേഹ ത്തിനു തോന്നി. എന്നാൽ എല്ലാം നന്നായി. കാമസ്വാമിയുടെ കൂടെ ഇനിയും കഴിഞ്ഞുകൂടാമായിരുന്നു, പണം സമ്പാദിച്ച് ദുർവ്യയം ചെയ്യാമായിരുന്നു, ശരീരം പുലർത്താമായിരുന്നു, ആ ത്മാവിനെ അവഗണിക്കാമായിരുന്നു. ഇതു സംഭവിച്ചിട്ടില്ലായി രുന്നെങ്കിൽ, പൂർണ്ണമായ ആശാഭംഗവും ദുഃഖവും ആത്മഹത്യയ്ക്കു തയ്യാറായി വെള്ളത്തിലേയ്ക്കു ചാടാൻ തോന്നിച്ച ആ വിഷമം പിടിച്ച സമയവും ബാധിച്ചിട്ടില്ലായിരുന്നെങ്കിൽ, ആ മിനുസ മുള്ള മേക്കട്ടി വിരിച്ച നരകത്തിൽ ഇനിയും കഴിഞ്ഞുകൂടാമായി രുന്നു. താൻ അനുഭവിച്ച ഈ ദുരിതവും മടുപ്പും അദ്ദേഹത്തെ അ ശക്തനാക്കിയില്ല. പക്ഷേ, തന്നിൽത്തന്നെയുള്ള തെളിഞ്ഞ ശബ്ദത്തിൻേറ ഉറവ് അപ്പോഴും സജീവമായിരുന്നു. അതാണ് അദ്ദേഹം സന്തോഷിക്കാൻ കാരണം. അതാണ് ചിരിക്കാൻ കാരണം. അതാണ് ആ നരച്ച മുടിയുടെ താഴെയുള്ള മുഖം പ്ര കാശിക്കാൻ കാരണം.

എല്ലാം സ്വയം അനുഭവിച്ചറിയുന്നതു് നല്ലതാണെന്നദ്ദേഹ ത്തിനു തോന്നി. കുട്ടിക്കാലത്തു്, ലോകസുഖങ്ങളും സമ്പത്തും നല്ലതല്ലെന്നു് ഞാൻ പഠിച്ചു. അതു വളരെക്കാലമായി പഠിച്ചി രുന്നെങ്കിലും ഇപ്പോഴേ അനുഭവിച്ചറിഞ്ഞുള്ളു. ഇന്നു ഞാനതു് മനസ്സിലാക്കുന്നതു് ബുദ്ധികൊണ്ടു മാത്രമല്ല, എൻേറ കണ്ണുകൊ ണ്ടും, ഹൃദയംകൊണ്ടും, വയറുകൊണ്ടും ഞാനതു മനസ്സിലാക്കുന്നു. അതു് ഞാൻ മനസ്സിലാക്കിയതു നന്നായി.

തന്നിലുള്ള മാററത്തെക്കുറിച്ചു് അദ്ദേഹം ദീർഘമായിട്ടാ ലോചിച്ചു. തന്നിലുള്ള പക്ഷി ചത്തിരുന്നെങ്കിൽ താൻ തകരു മായിരുന്നുവോ? ഇല്ല, തന്നിലുള്ള മററെന്തോ ചത്തിട്ടുണ്ടായിരു ന്നു; തകരണമെന്നു വളരെക്കാലമായി ഞാൻ ആഗ്രഹിച്ചിരുന്ന എന്തോ. അതല്ലേ താൻ യതിയായിരുന്ന കാലത്തു് നശിപ്പി ക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന വസ്തു? അതു തൻേറ അഹന്ത യായിരുന്നില്ലേ? ചെറുതും, ഭയങ്കരവും, ഗർവ്വോടുകൂടിയതുമായ

അഹന്ത, താൻ വളരെക്കാലം ഗുസ്തിചെയ്തിട്ടും തന്നെ നിരന്തരം ജയിച്ചു്, തൻെറ സുഖം അപഹരിച്ചു്, തന്നിൽ ഭയം നിറച്ചുവെച്ച അഹന്ത! ഇതല്ലെ ഒടുവിൽ ഇന്നു കാട്ടിൽ, നദീതീരത്തുവെച്ചു മരിച്ചതു്? ഇതിൻെറ മരണംകൊണ്ടല്ലേ താൻ ഒരു ശിശുവിനെപ്പോലെ, തികഞ്ഞ ആത്മവിശ്വാസത്തോടും ആനന്ദത്തോടുംകൂടി ഭയരഹിതനായിത്തീന്നതു്?

ബ്രാഹ്മണനായും യതിയായും കഴിയുന്ന കാലത്തു് താൻ ഈ അഹന്തയോടു് വിഫലമായി പടവെട്ടിയെന്നു മനസ്സിലാക്കി. അധികമായ പഠിപ്പു് തന്നെ ശല്യപ്പെടുത്തി. വളരെയേറെ മന്ത്രങ്ങാം, വളരെയധികം യാഗവിധികാം, വളരെ തീവ്രമായ മാംസഹനനം, കലശലായ പ്രവൃത്തിയും പരിശ്രമവും. അദ്ദേഹം അഹംഭാവിയായിരുന്നു; എല്ലായ്പോഴും ഏററവും സമത്ഥനായിത്തന്നെയിരുന്നു, ഏററവും ജിജ്ഞാസു—മററുള്ളവരേക്കാാം ഒരടി മുമ്പോട്ടായിരുന്നു; എന്നും പഠിപ്പും ബുദ്ധിസാമത്ഥ്യവുമുള്ളവനായിരുന്നു. എല്ലായ്പോഴും പുരോഹിതനും മഹഷിയുമായിരുന്നു. അഹന്ത ആ പൗരോഹിത്യത്തിലേയ്ക്കിഴഞ്ഞുചെന്നു; ആ അഹംഭാവത്തിലേയ്ക്കു്, ആ ബുദ്ധിസാമത്ഥ്യത്തിലേയ്ക്കു്. അതവിടെ ഇരിപ്പുറപ്പിച്ചു വളന്നു. എന്നാൽ, താൻ അതിനെ ഉപവാസംകൊണ്ടും തപസ്സുകൊണ്ടും നശിപ്പിയ്ക്കുകയാണെന്നായിരുന്നു വിചാരം. ഇപ്പോാം അതു മനസ്സിലായി; അന്തന്നാദം ശരിയായി ബോധ്യപ്പെട്ടു, തനിക്കു മോചനം നല്കാൻ ഒരു ഗുരുവും ശക്തനാവില്ലെന്നുള്ളതു്. അതുകൊണ്ടാണു് അദ്ദേഹത്തിന്നു പ്രപഞ്ചത്തിലേയ്ക്കു പോകേണ്ടിവന്നതു്. അധികാരത്തിലും, സ്ത്രീയിലും, പണത്തിലും തന്നെ നശിപ്പിക്കാനായി. അതുകൊണ്ടാണു് തനിക്കു വത്തകനായും, ചൂതുകളിക്കാരനായും, കുടിയനായും, ധനാഢ്യനായും കഴിഞ്ഞുകൂടി തന്നിലുള്ള പുരോഹിതത്വവും സമാനതവും ഹനിക്കേണ്ടിവന്നതു്. അതുകൊണ്ടാണു് ആ ഭയങ്കരകാലത്തു് മടുപ്പു് അനുഭവപ്പെടാനും, പൊള്ളയും ഫലശൂന്യ

വുമായൊരു ജീവിതത്തിൻെറ ഭ്രാന്തു പഠിക്കുവാനും അങ്ങനെ കടുത്ത നൈരാശ്യം അനുഭവിക്കുവാനും ഇടവന്നതു്. അതിൻഫലമായി സുഖലോലുപനും ധനാഢ്യനുമായ സിദ്ധാൎത്ഥൻ മരിച്ചു. അദ്ദേഹം മരിച്ചു. പുതിയൊരു സിദ്ധാൎത്ഥൻ ഉറക്കത്തിൽനിന്നു് ഉണൎന്നു. അദ്ദേഹവും വൃദ്ധനാവുകയും മരിക്കുകയും ചെയ്യും. സിദ്ധാൎത്ഥൻ വളരെ എളുപ്പത്തിൽ മാറാവുന്നവനായിരുന്നു. എല്ലാ രൂപങ്ങളും മാറാവുന്നവയാണു്. എന്നാൽ, ഇന്നു് അദ്ദേഹം ചെറുപ്പമായി, ഒരു കുട്ടിയായി—പുതിയ സിദ്ധാൎത്ഥൻ—അങ്ങനെ അദ്ദേഹത്തിനു് ആനന്ദം സിദ്ധിച്ചു.

ഈ വിചാരങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽക്കൂടി കടന്നുപോയി. ചിരിച്ചുകൊണ്ടു് അദ്ദേഹം തൻെറ വയറിൻെറ വിളി കേട്ടു; ഒരു വണ്ടിൻെറ മൂളൽ കേട്ടു് നന്ദി പ്രകടിപ്പിച്ചു. സന്തോഷത്തോടെ അദ്ദേഹം ഒഴുകുന്ന നദിയിലേക്കു നോക്കി. ഒരിക്കലും ഒരു നദി അദ്ദേഹത്തെ ഇത്രയധികം ആകൎഷിച്ചിട്ടില്ല. ഒഴുകുന്ന വെള്ളത്തിൻെറ ശബ്ദവും രൂപവും ഇത്ര സുന്ദരമായി ഒരിക്കലും തോന്നീട്ടില്ല. നദിക്കു് എന്തോ പ്രത്യേകമായി തന്നോടു പറയാനുണ്ടെന്നു് അദ്ദേഹത്തിനു തോന്നി. എന്തോ തനിക്കറിവില്ലാത്തതു്, എന്തോ തന്നോടു പറയാൻ കാത്തുകൊണ്ടിരുന്നതു്. സിദ്ധാൎത്ഥൻ ഈ വെള്ളത്തിൽ മുങ്ങിച്ചാവാൻ ആഗ്രഹിച്ചതാണു്. വൃദ്ധനും ക്ഷീണനും നിരാശനുമായ സിദ്ധാൎത്ഥൻ അതിൽ മുങ്ങിച്ചത്തു. പുതിയ സിദ്ധാൎത്ഥൻ ഈ ഒഴുകുന്ന വെള്ളത്തോടു് അഗാധമായ സ്നേഹമുള്ളവനായി; അത്ര വേഗം അതിനെ വിട്ടുപിരിയുകയില്ലെന്നു് തീരുമാനിക്കുകയും ചെയ്തു.

★

# കടത്തുകാരൻ

"ഞാൻ ഈ പുഴവക്കത്തു താമസിക്കും", സിദ്ധാർത്ഥൻ വിചാരിച്ചു. പട്ടണത്തിലേയ്ക്കു പോകുന്നവഴിക്കു കടന്ന പുഴയാണിതു്. ഒരു സ്നേഹമുള്ള കടത്തുകാരൻ അന്നെന്നെ പുഴ കടത്തി. ഞാൻ അവൻെറ അടുത്തേയ്ക്കു പോകും. ഒരിക്കൽ അവൻെറ കുടിൽ എൻെറ മാർഗ്ഗം ഒരു പുതിയ ജീവിതത്തിലേയ്ക്കു തിരിച്ചു. ആ ജീവിതം ഇതാ പഴകി മരിച്ചിരിക്കുന്നു. എൻെറ പുതിയ മാർഗ്ഗം, പുതിയ ജീവിതം, അവിടന്നുതന്നെ തുടങ്ങട്ടെ.

ഒഴുകുന്ന വെള്ളത്തിലേക്കു്, ലോലമായ പച്ചപ്പിലേക്കു്, അതിൻെറ അത്ഭുതകരമായ രൂപശില്പത്തിൻെറ വിശദരേഖകളിലേക്കു്, അദ്ദേഹം സ്നേഹത്തോടെ നോക്കി. അതിൻെറ അഗാധതയിൽനിന്നു് പ്രകാശമേറിയ മുത്തുകൾ ഉദിച്ചുയരുന്നതു കണ്ടു. കണ്ണാടിയിൽ നുരകൾ നീന്തിത്തുടിക്കുന്നതു കണ്ടു. ആകാശത്തിൻെറ നീലിമ അവയിൽ പ്രതിഫലിച്ചു കണ്ടു. നദി ഒരായിരം കണ്ണുകൾകൊണ്ടു് അദ്ദേഹത്തെ നോക്കി—പച്ച, വെള്ള, നീല, ഇളംനീല. നദിയോടു് എന്തൊരു സ്നേഹമാണു് തോന്നിയതു്! അതു് എത്രമാത്രം തന്നെ രഞ്ജിപ്പിച്ചു! എന്തൊരു കൃതജ്ഞതയാണു് തനിക്കതിനോടു തോന്നിയതു്. തൻെറ ഹൃദയത്തിൽ പുതുതായുണർന്ന ശബ്ദം അദ്ദേഹം കേട്ടു. അതു്

അദ്ദേഹത്തോടു പറഞ്ഞു: "ഈ നദിയെ സ്നേഹിക്കുക, അതിൻെറ അരികെ താമസിക്കുക, അതിൽനിന്നു പഠിക്കുക." അതെ അദ്ദേഹം അതിൽനിന്നു പഠിക്കുകവാനാഗ്രഹിച്ചു; അതിൻെറ വാക്കുകഠം കേഠക്കാൻ ആഗ്രഹിച്ചു. ഈ നദിയും അതിൻെറ രഹസ്യങ്ങളും ധരിക്കുന്നവർ വളരെയധികം രഹസ്യങ്ങഠം, എന്തിനു്, എല്ലാ രഹസ്യങ്ങളും, മനസ്സിലാക്കുമെന്നു് അദ്ദേഹത്തിനു തോന്നി.

എന്നാൽ ഇന്നു്, അദ്ദേഹം നദിയുടെ പല രഹസ്യങ്ങളിൽ ഒന്നുമാത്രമേ കണ്ടിട്ടുള്ളു: തൻെറ ജീവനെ മുറുകെ പിടിച്ച രഹസ്യം. വെള്ളം തുടർച്ചയായി ഒഴുകിയിട്ടും അതു അവിടെത്തന്നെയുള്ളതായി അദ്ദേഹം കണ്ടു. അതു് എപ്പോഴും ഒന്നുതന്നെ. എന്നിട്ടും അതു പുത്തനായിരിക്കുന്നു. ആൎക്കാണതു് മനസ്സിലാവുക? ആരാണതു് വിശ്വസിക്കുക? അദ്ദേഹത്തിനു് അതു മനസ്സിലായില്ല; ഒരു മങ്ങിയ സംശയമേ തോന്നിയുള്ളു. ഒരു മങ്ങിയ സ്മരണ, ദിവ്യശബ്ദങ്ങഠം.

സിദ്ധാൎത്ഥൻ എഴുന്നേററു. വിശപ്പിൻെറ വിളി അസഹനീയമായിത്തീൎന്നു. നദിയുടെ വക്കത്തുകൂടി അദ്ദേഹം വളരെ വേദനയോടെ അലഞ്ഞു നടന്നു; വെള്ളത്തിൻെറ അലകഠം ഉരുമ്മുന്ന ശബ്ദം ശ്രവിച്ചു. തൻെറ ശരീരത്തിലെ വിശപ്പിൻെറ മുരളിച്ചയും ശ്രവിച്ചു.

കടത്തിൽ എത്തിയപ്പോഠം വള്ളം അവിടെ ഉണ്ടായിരുന്നു. ആ യുവസമാനനെ അന്നു പുഴ കടത്തിയ കടത്തുകാരനും വള്ളത്തിൽ നിന്നിരുന്നു. സിദ്ധാൎത്ഥനു് അയാളെ മനസ്സിലായി. അയാളും വൃദ്ധനായിട്ടുണ്ടായിരുന്നു. അയാഠക്കും വയസ്സു വളരെയായിരിക്കുന്നു. "എന്നെ അക്കരയ്ക്കു കടത്താമോ?" അദ്ദേഹം ചോദിച്ചു.

കാഴ്ചയ്ക്കു പ്രമാണിയായി തോന്നിയ അദ്ദേഹം ഒററയ്ക്കു്, കാൽനടയായി വന്നിരിക്കുന്നതുകണ്ടു് കടത്തുകാരനു് അത്ഭുതം തോന്നി. അയാഠം അദ്ദേഹത്തെ വഞ്ചിയിൽ കയററി പുറപ്പെട്ടു.

"നിങ്ങഠം നല്ലൊരു ജീവിതമാണു് സ്വീകരിച്ചിട്ടുള്ളതു്" സിദ്ധാത്ഥൻ പറഞ്ഞു: "ഈ പുഴവക്കത്തു് താമസിച്ചു് ദിവസേന അതിൽ യാത്ര ചെയ്യുക രസകരമാണു്."

ചതുക്കെ തുഴയുന്നതിനിടയിൽ അയാഠം ഇതു കേട്ടു ചിരിച്ചു.

"സർ, അതു രസംതന്നെ. എന്നാൽ ഏതു ജീവിതവും എതു തൊഴിലും രസമല്ലേ?"

"ആയിരിയ്ക്കാം. എന്നാൽ നിങ്ങളേയും നിങ്ങളുടെ തൊഴിലിനേയും കുറിച്ചു് എനിക്കു അസൂയ തോന്നുന്നു."

"ആ താല്പര്യം വേഗം നശിച്ചുകൊള്ളും. അതു വലിയ വേഷക്കാക്കു പററിയതല്ല."

സിദ്ധാത്ഥൻ ചിരിച്ചു. "എൻെറ വേഷം കണ്ടു് എന്നെക്കുറിച്ചു് ഇന്നു വിധി കല്പിച്ചു; സംശയത്തോടെ വീക്ഷിക്കയും ചെയ്തു. എനിക്കു് ഈ വേഷം ശല്യമായി തോന്നുന്നു. നിങ്ങഠം ഇതു് എടുത്തുകൊള്ളു. കടത്തുകാശു തരാൻ എൻെറ കയ്യിൽ മറെറാന്നുമില്ല."

"അവിടുന്നു് നേരമ്പോക്കു് പറയുകയാണു്." കടത്തുകാരൻ ചിരിച്ചുംകൊണ്ടു് പറഞ്ഞു.

"ചങ്ങാതി, ഞാൻ നേരമ്പോക്കല്ല പറയുന്നതു്. ഒരിക്കൽ നിങ്ങളെന്നെ കാശില്ലാതെ പുഴ കടത്തി. അതുപോലെ ഇന്നും ചെയ്യുക. പകരം എൻെറ ഉടുപ്പും എടുത്തുകൊള്ളു."

"എന്നിട്ടു് ഉടുപ്പില്ലാതെ പോകാനാണോ ഭാവം?"

"എനിക്കു് ഇനി എങ്ങോട്ടും പോകണമെന്നില്ല. വല്ല പഴയ വസ്ത്രവും തന്നു് എന്നെ ഒരു സഹായിയായിട്ടോ, കീഴ് വേലക്കാരനായിട്ടോ സ്വീകരിച്ചാൽ സന്തോഷമായി. എനിക്കു് വഞ്ചി തുഴയാൻ പഠിക്കണമെന്നുണ്ടു്."

കടത്തുകാരൻ അദ്ദേഹത്തെ തെല്ലുനേരം സൂക്ഷിച്ചുനോക്കി.

"ഓ, എനിക്കു മനസ്സിലായി," അയാൾ പറഞ്ഞു. "ഒരിക്കൽ അങ്ങു് എൻെറ കുടിലിൽ കിടന്നുറങ്ങീട്ടുണ്ടു്. വളരെ കൊല്ലങ്ങൾക്കു മുമ്പാണു്; ഏതാണ്ടു് ഇരുപതുകൊല്ലം മുമ്പു്. ഞാൻ അങ്ങയെ നദി കടത്തുകയും നാം വളരെ സ്നേഹത്തിൽ പിരിയുകയും ചെയ്തു. അവിടുന്നു് സമാനനായിരുന്നില്ലേ? പേരു് എനിക്കോർമ്മയില്ല."

"എൻെറ പേരു് സിദ്ധാത്ഥൻ. അന്നു കാണുമ്പോൾ ഞാനൊരു സമാനനായിരുന്നു."

"സിദ്ധാത്ഥ, അങ്ങയ്ക്കു സ്വാഗതം. എൻെറ പേരു് വാസുദേവൻ. ഇന്നു് എൻെറ കുടിലിൽ താമസിക്കരുതോ? അവിടുന്നു് എവിടെനിന്നു വരുന്നുവെന്നും ഈ നല്ല ഉടുപ്പിനോടു് ഇത്ര മടുപ്പുതോന്നാൻ കാരണമെന്തെന്നും പറയാമോ?"

അവർ ഏതാണ്ടു് പുഴയുടെ മധ്യത്തിലെത്തി. ഒഴുക്കു ശക്തിയായിരുന്നതിനാൽ വാസുദേവൻ ഊന്നത്തിൽ തുഴഞ്ഞുകൊണ്ടിരുന്നു. വഞ്ചിക്കൊമ്പത്തുതന്നെ നോക്കിക്കൊണ്ടു് ആ കരുത്തുള്ള കൈകൊണ്ടങ്ങനെ തുഴഞ്ഞു.

സിദ്ധാത്ഥൻ അവനെ ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരുന്നു. സമാനനായിരുന്ന കാലത്തു് തനിക്കു് ഈ മനുഷ്യനോടു സ്നേഹം തോന്നിയതിനെക്കുറിച്ചു് ഓത്തു. വാസുദേവൻെറ ക്ഷണം കൃതജ്ഞതാപൂവ്വം സ്വീകരിച്ചു. അക്കരെയെത്തിയപ്പോൾ വഞ്ചിയടുപ്പിയ്ക്കാൻ അദ്ദേഹം സഹായിച്ചു. വാസുദേവൻ അദ്ദേഹത്തെ തൻെറ കുടിലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി, റൊട്ടിയും വെള്ളവും കൊടുത്തു. അതു് സിദ്ധാത്ഥൻ വളരെ സന്തോഷത്തോടെ തിന്നു. വാസുദേവൻ കൊടുത്ത മാമ്പഴവും സുഖമായി തിന്നു.

കുറച്ചു കഴിഞ്ഞു്, സൂര്യൻ അസ്തമിക്കാറായപ്പോൾ അവർ പുഴവക്കത്തു് ഒരു മരത്തടിയിന്മേൽ ചെന്നിരുന്നു. സിദ്ധാത്ഥൻ

തന്റെ ജനനം മുതല്ക്കുള്ള ജീവിതകഥ മുഴുവൻ വിസ്തരിച്ചു കേൾപ്പിച്ചു. ജീവിതനൈരാശ്യത്തിനുശേഷം അന്നു് അവിടെ അയാളെ കണ്ടുമുട്ടിയതുവരേയുള്ള കഥ പറഞ്ഞു. ഏതാണ്ടു് പാതിരവരെ പറയാനുണ്ടായിരുന്നു ആ കഥ.

വാസുദേവൻ വളരെ ശ്രദ്ധിച്ചു കേട്ടു; അദ്ദേഹത്തിന്റെ ജനനം, ബാല്യകാലം, വിദ്യാഭ്യാസം, അന്വേഷണങ്ങൾ, സുഖങ്ങൾ, ആവശ്യങ്ങൾ എന്നിവയെക്കുറിച്ചെല്ലാം പറഞ്ഞതു കേട്ടു. ചുരുക്കം ചിലരെപ്പോലെ, പറയുന്നതു് ശ്രദ്ധിച്ചു കേൾക്കുകയെന്നതു് കടത്തുകാരന്റെ വലിയ ഗുണങ്ങളിലൊന്നായിരുന്നു. ഒരു വാക്കുപോലും പറയാതെ വാസുദേവൻ ശാന്തമായി, പ്രതീക്ഷയോടെ, ഒരു വാക്കുപോലും ചോർന്നുപോകാതെ മനസ്സിലാക്കിയെന്നു് വക്താവിനു തോന്നി. പറയുന്നതിനിടയിൽ അയാൾ ക്ഷമകേടു കാണിച്ചില്ല; സ്തുതിക്കുകയോ കുററപ്പെടുത്തുകയോ ചെയ്തില്ല—ശ്രദ്ധിച്ചു കേട്ടു; അത്രതന്നെ. സ്വന്തം ജീവിതത്തിലും, പരിശ്രമത്തിലും, സങ്കടങ്ങളിലും ഇത്രമാത്രം മുഴുകിയിരിക്കാവുന്ന ഒരു ശ്രോതാവിനെ കിട്ടിയതിൽ സിദ്ധാർത്ഥനു് അത്ഭുതം തോന്നി. എന്നാൽ, സിദ്ധാർത്ഥന്റെ കഥയുടെ അവസാനഭാഗമായപ്പോൾ, പുഴവക്കത്തുള്ള മരത്തെപ്പററിയും, തന്റെ നൈരാശ്യത്തെപ്പററിയും, പരിശുദ്ധമായ ഓങ്കാരത്തെപ്പററിയും, ഉറക്കത്തിനുശേഷം തനിക്കു നദിയെക്കുറിച്ചു് ഇത്ര താൽപര്യം തോന്നിയതിനെക്കുറിച്ചും പറഞ്ഞപ്പോൾ, കടത്തുകാരന്റെ ജിജ്ഞാസ ഇരട്ടിച്ചു. അതിൽത്തന്നെ മുഴുകി കണ്ണടച്ചിരുപ്പായി അയാൾ.

സിദ്ധാർത്ഥൻ പറഞ്ഞവസാനിപ്പിച്ചു് തെല്ലുനേരം കഴിഞ്ഞപ്പോൾ വാസുദേവൻ പറഞ്ഞു, "ഞാൻ വിചാരിച്ചതുപോലെയാണു് കാര്യം. നദി അങ്ങയോടു സംസാരിച്ചു, അതിനു് അങ്ങയോടും സൌഹാർദ്ദമുണ്ടു്. അതു് അങ്ങയോടു സംസാരിക്കുന്നു. വളരെ നന്നായി. സിദ്ധാർത്ഥ, സ്നേഹിത, എന്റെകൂടെ താമസിക്കു. എനിക്കു് ഭാര്യയുണ്ടായിരുന്നു. അവളുടെ കിടയ്ക്ക

എൻെറ കിടക്കയുടെ അരികത്തായിരുന്നു. അവരം മരിച്ചിട്ട കാലം കുറച്ചായി. വളരെക്കാലം ഞാൻ ഒററയ്ക്കു കഴിച്ചുകൂട്ടി. വരൂ, എൻെറകൂടെ താമസിക്കൂ. രണ്ടുപേൎക്കു താമസിക്കാൻ സ്ഥലമുണ്ട്; ഭക്ഷണവുമുണ്ട്."

"നിങ്ങരംക്കു വന്ദനം", സിദ്ധാൎത്ഥൻ പറഞ്ഞു. "കൃതജ്ഞതയോടെ ഞാനിതു സ്വീകരിക്കുന്നു. ഇത്ര ശ്രദ്ധിച്ചുകേട്ടതിനു നന്ദി. ശ്രദ്ധിക്കാനറിവുള്ളവർ വളരെക്കുറച്ചേ ഉള്ളു. നിങ്ങളെപ്പോലെ അതിനു കഴിവുള്ള ഒരാളെ ഞാൻ കണ്ടെത്തീട്ടില്ല. ഈ കാൎയ്യത്തിൽ എനിക്കും നിങ്ങളിൽ നിന്നു പഠിക്കാനുണ്ട്."

"അതു നിങ്ങരം പഠിക്കും." വാസുദേവൻ പറഞ്ഞു, "എന്നാൽ, എന്നിൽനിന്നല്ല. പുഴയാണ് എന്നെ പഠിപ്പിച്ചതു്. നിങ്ങളും അവിടന്നുതന്നെ പഠിക്കും. പുഴയ്ക്കു് എല്ലാം അറിയാം; ഒരാരംക്കു് എല്ലാം അതിൽനിന്നു പഠിക്കാം. ഊളിയിട്ടു് അടിയിൽപോയി കയങ്ങളിൽ തപ്പുന്നതു നല്ലതാണെന്നു നിങ്ങരം പുഴയിൽനിന്നു പഠിച്ചുകഴിഞ്ഞു. ധനികനും യോഗ്യനുമായ സിദ്ധാൎത്ഥൻ ഒരു വഞ്ചിക്കാരനാകാൻ പോകയാണു്. പണ്ഡിതബ്രാഹ്മണനായ സിദ്ധാൎത്ഥൻ ഒരു കടത്തുവഞ്ചിക്കാരനാകാൻ പോകുന്നു. ഇതും നിങ്ങരം പുഴയിൽനിന്നു പഠിച്ചതാണു്. ഇനി മറേറക്കാൎയ്യവും പഠിക്കും."

ഒട്ടുനേരംകഴിഞ്ഞു് സിദ്ധാൎത്ഥൻ പറഞ്ഞു: "എന്തു മററെ കാൎയ്യം, വാസുദേവ?"

വാസുദേവൻ എഴുന്നേററു. "നേരം കുറെയായി." അയാരം പറഞ്ഞു. "നമുക്കു കിടക്കാൻ പോകാം. മററെ കാൎയ്യം എന്താണെന്നു് എനിക്കു പറയാൻകഴിയില്ല സ്നേഹിത. നിങ്ങരം കണ്ടുപിടിക്കും, ഒരുപക്ഷേ ഇപ്പോഴേ നിശ്ചയമുണ്ടാകാം. ഞാൻ പഠിപ്പുള്ളവനല്ല. എനിക്കു സംസാരിക്കാനോ ചിന്തിക്കാനോ വശമില്ല. എനിക്കു കേരംക്കാനും അതിൽശ്രദ്ധിച്ചിരിക്കാനും മാത്രമേ അറിഞ്ഞുകൂടൂ. മറെറാന്നും പഠിച്ചിട്ടില്ല. എനിക്കു സം

സാരിക്കാനും പഠിപ്പിക്കാനും കഴിവുണ്ടെങ്കിൽ ഞാനൊരദ്ധ്യാപകനാകുമായിരുന്നു. എന്നാൽ, ഞാൻ കേവലം ഒരു കടത്തുവഞ്ചിക്കാരൻ. എൻെറ ജോലി ആളുകളെ പുഴകടത്തലാണ്. ഞാൻ ആയിരക്കണക്കിന് ആളുകളെ പുഴകടത്തീട്ടുണ്ട്. അവർക്കെല്ലാം ഈ പുഴ അവരുടെ യാത്രയ്ക്കു ശല്യമായിട്ടേ തോന്നീട്ടുള്ളു. അവർ വ്യാപാരത്തിനുവേണ്ടിയും പണത്തിനുവേണ്ടിയും, കല്യാണത്തിനുപോകാനും തീർത്ഥയാത്രയ്ക്കുപോകാനും ആണ് പുഴ കടന്നിട്ടുള്ളത്. പുഴ അവർക്ക് ഒരു തടസ്സമായിരുന്നു. കടത്തുകാരൻ എത്രയുംവേഗത്തിൽ ആ തടസ്സംനീക്കി അപ്പുറത്തെത്തിക്കാനുള്ളവനും. ഈ ആയിരക്കണക്കിനുള്ള ആളുകളിൽ അപൂർവ്വം ചിലർക്ക്, നാലോ അഞ്ചോ പേർക്ക്, പുഴ തടസ്സമായിരുന്നില്ല. അവർ അതിൻെറ ശബ്ദംകേട്ട് ശ്രദ്ധിച്ചു. എന്നെപ്പോലെ അവർക്കും പുഴ പുണ്യമായി തോന്നീട്ടുണ്ട്. സിദ്ധാർത്ഥ, നമുക്കു കിടക്കാൻ പോകാം."

കടത്തുകാരൻെറകൂടെ താമസിച്ച് സിദ്ധാർത്ഥൻ വഞ്ചി തുഴയാൻ പഠിച്ചു. കടത്തിൽ ജോലിയില്ലാത്തപ്പോൾ വാസുദേവനൊന്നിച്ച് പാടത്തു പണിയെടുക്കും, വിറകു പെറുക്കും, നേന്ത്രക്കായ പറിക്കും. പങ്കായമുണ്ടാക്കാനും, വഞ്ചിനന്നാക്കുവാനും കുട്ടനെയ്യുവാനും പഠിച്ചു. ചെയ്യുന്നതും പഠിച്ചതുമായ എല്ലാ പണിയും അദ്ദേഹത്തിനു പിടിച്ചു. ദിവസങ്ങളും മാസങ്ങളും കടന്നുപോയി. എന്നാൽ വാസുദേവനു പഠിപ്പിക്കാൻ കഴിഞ്ഞതിലധികം അദ്ദേഹം നദിയിൽനിന്നു പഠിച്ചു. തുടർച്ചയായി അതിൽനിന്നു പഠിച്ചു. സർവ്വോപരി ശ്രദ്ധിച്ചിരുന്നു കേൾക്കാൻ, ശാന്തമായിരുന്നു ശ്രദ്ധിക്കാൻ—അനാസക്തനായി, കലവറയില്ലാത്ത മനസ്സോടെ ക്ഷമാപൂർവ്വം, വലിയ ആഗ്രഹം കൂടാതെ മട്ടിൽ, വിധിപറയാൻ ബദ്ധപ്പെടാതെ, അഭിപ്രായം പ്രകടിപ്പിക്കാതെ ശ്രദ്ധിക്കാൻ.

വാസുദേവനൊന്നിച്ച് അദ്ദേഹം സുഖമായി താമസിച്ചു. ചിലപ്പോൾ അവർ സംഭാഷണംചെയ്യാറുണ്ട്. വളരെ കുറച്ചേ

സംസാരിക്കാറുള്ളു. അതും ആലോചിച്ചുമാത്രം. വാസുദേവൻ വാക്കുകളുടെ സുഹൃത്തല്ലായിരുന്നു. അയാളെ സംസാരിക്കാൻ പ്രേരിപ്പിച്ചാൽ വളരെ ചുരുക്കമേ ജയിക്കാറുള്ളു.

ഒരിക്കൽ അദ്ദേഹം ചോദിച്ചു: "നിങ്ങളും നദിയിൽനിന്നു് ആ രഹസ്യം പഠിച്ചുവോ? സമയം എന്നൊന്നു് ഇല്ലെന്നുള്ളതു്?"

വാസുദേവൻെറ മുഖത്തു മന്ദഹാസം സ്ഫുരിച്ചു.

"ഉവ്വ് സിദ്ധാൎത്ഥ", അയാഠം പറഞ്ഞു: "ഇതാണോ നിങ്ങഠം ഉദ്ദേശിക്കുന്നതു്? നദി ഒരേ സമയത്തുതന്നെ എല്ലായിടത്തും ഉണ്ടെന്നു്; ഉത്ഭവസ്ഥാനത്തും പതനസ്ഥലത്തും, വെള്ളച്ചാട്ടത്തിലും, കടത്തിലും, ഒഴുക്കിലും, കടലിലും, പൎവ്വതത്തിലും എല്ലായിടത്തും. മാത്രമല്ല, വൎത്തമാനമേ അതിനു ബാധകമായിട്ടുള്ളുവെന്നും ഭൂതത്തിൻേറയോ ഭാവിയുടേയോ, നിഴലാട്ടംപോലും ബാധിച്ചിട്ടില്ലെന്നുമാണോ വിവക്ഷ?"

"അതുതന്നെ", സിദ്ധാൎത്ഥൻ പറഞ്ഞു. "ഞാനതു പഠിക്കവേ എൻെറ ജീവിതത്തിലേക്കുതന്നെ പിന്തിരിഞ്ഞുനോക്കി. അതും ഒരു നദിയായിരുന്നു. സിദ്ധാൎത്ഥൻെറ ബാല്യവും പുരുഷപ്രാപ്തിയും വാൎദ്ധക്യവും കേവലം നിഴലുകളാൽ വേൎതിരിക്കപ്പെട്ടവ. യാഥാൎത്ഥ്യങ്ങളല്ല. മുജ്ജന്മങ്ങളും ഭൂതകാലത്തിലില്ലായിരുന്നു. അതുപോലെ അയാളുടെ മരണവും ബ്രഹ്മത്തിലേക്കുള്ള മടക്കവും ഭാവിയിലുമില്ല. ആയിരുന്നതായി ഒന്നുമില്ല; എല്ലാററിനും യാഥാൎത്ഥ്യവും വൎത്തമാനവുമുണ്ടു്."

സിദ്ധാൎത്ഥൻ ഉന്മേഷത്തോടെ സംസാരിച്ചു. ഈ കണ്ടുപിടിത്തം അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. അപ്പോഠം ദുഃഖങ്ങളെല്ലാം സമയത്തിലല്ലേ ഇരിക്കുന്നതു്? ആത്മക്ലേശവും ഭയവും സമയത്തിലല്ലേ സ്ഥിതിചെയ്യുന്നതു്? സമയത്തെ ജയിച്ചാൽ പ്രപഞ്ചത്തിലെ ക്ലേശങ്ങളും തിന്മകളും ജയിക്കാം. അദ്ദേഹത്തിനു് ഉത്സാഹം വൎദ്ധിച്ചു. എന്നാൽ വാസുദേവൻ ഒന്നു മന്ദഹസിക്കുകയും അനുഭാവപൂൎവ്വം തല കുനിക്കുകയുംമാത്രം

ചെയ്തു. അയാഠം സിദ്ധാത്ഥൻെറ ചുമലിൽ തട്ടി തൻെറ ജോലി ക്കുപോയി.

ഒരിക്കൽ മഴക്കാലത്തു് നദി പെരുകി ഉച്ചത്തിൽ ഇരമ്പി ക്കൊണ്ടിരുന്നപ്പോഠം സിദ്ധാത്ഥൻ പറഞ്ഞു: "സ്നേഹിത, നദി ക്കു് പല ശബ്ദങ്ങളില്ലേ? രാജാവിൻേറയും, യോദ്ധാവിൻേറ യും, കാളയുടേയും, വാനമ്പാടിപ്പക്ഷിയുടേയും, ഗർഭിണിയുടേ യും, നെടുവീർപ്പിടുന്ന മനുഷ്യൻേറയും എന്നല്ല, ഒരായിരംതരം ശബ്ദങ്ങളില്ലേ?"

"ശരിയാണു്," വാസുദേവൻ തലകുലുക്കി. "എല്ലാ ജീവ ജാലങ്ങളുടെ ശബ്ദങ്ങളും അതിൻെറ ശബ്ദത്തിലുണ്ടു്."

"ആ പതിനായിരം ശബ്ദങ്ങളും ഒന്നിച്ചു കേഠക്കയാണെ ങ്കിൽ എന്താണു് തോന്നുക?" സിദ്ധാത്ഥൻ ചോദിച്ചു.

വാസുദേവൻ ചിരിച്ചു. അയാഠം സിദ്ധാർത്ഥൻെറ ചെ വിയിൽ ഓങ്കാരം മന്ത്രിച്ചു. ഇതുതന്നെയാണു് സിദ്ധാർത്ഥൻ കേട്ടിട്ടുണ്ടായിരുന്നതും.

കാലം ചെല്ലുന്തോറും അദ്ദേഹത്തിൻെറ പുഞ്ചിരി കടത്തുകാ രൻേറതുപോലെയായിത്തുടങ്ങി. അതുപോലെ സ്വച്ഛവും സന്തോ ഷംതുളുമ്പുന്നതും, ആയിരം ജരകളിൽക്കൂടി പ്രകാശം പ്രസരിക്കുന്ന തും, നിഷ്കളങ്കവുമായിത്തീൎന്നു. ഇവരെ ഒന്നിച്ചുകണ്ടിട്ടു് വഴിയാത്ര ക്കാർ സഹോദരന്മാരായി കരുതി. പലപ്പോഴും ഇവരൊന്നിച്ചു് വൈകുന്നേരം പുഴവക്കത്തു മരക്കൊമ്പിലിരിക്കും. ശാന്തമായി വെള്ളത്തിൻെറ ശബ്ദം ശ്രദ്ധിക്കും. അവക്കതു കേവലം വെള്ള ത്തിൻെറ ശബ്ദമല്ല, ജീവിതത്തിൻേറയും സത്തയുടേയും സംഭ വത്തിൻേറയും ശബ്ദമായിരുന്നു. ചിലപ്പോഠം ഒന്നു സംഭവി ക്കാറുണ്ടു്: രണ്ടുപേരും പുഴയുടെ ശബ്ദം ശ്രദ്ധിക്കയായിരിക്കും. തത്സമയം രണ്ടുപേരുടേയും ചിന്താഗതി ഒന്നായിരിക്കും. തലേ ദിവസത്തെ വല്ല സംഭാഷണമോ, അവരുടെ അനുഭാവത്തിനു

വിധേയനായ വല്ല വഴിയാത്രക്കാരൻേറയും കാൎയ്യമോ, അഥവാ മരണമോ, അവരുടെതന്നെ ശൈശവമോ ആകാം ചിന്താവിഷയം. തത്സമയത്തു് നദി നല്ലതായിട്ടെന്തെങ്കിലും പറഞ്ഞാൽ അവർ മുഖത്തോടുമുഖം നോക്കും. രണ്ടുപേരുടേയും ചിന്ത ഒന്നായിരിക്കും. ഒരേ ചോദ്യത്തിന്ന് ഒരേ ഉത്തരം ലഭിച്ച സന്തോഷം രണ്ടുപേൎക്കുമുണ്ടാകും.

കടത്തിലും കടത്തുകാരിരുവരിലും എന്തോ ഒന്നു് യാത്രക്കാരെ ആകൎഷിച്ചിരുന്നു. ചിലർ ഇവരോടു പൂൎവ്വകഥകഠം പറയും, കഷ്ടപ്പാടുകഠം വിവരിക്കും, ചെയ്ത പാപങ്ങഠം ഏററുപറയും, ആശ്വാസത്തിനുള്ള ഉപദേശം ചോദിക്കും. ചിലർ അവരോടൊന്നിച്ച് രാത്രി കഴിച്ചുകൂട്ടി പുഴയുടെ ശബ്ദം ശ്രദ്ധിക്കാൻ ആഗ്രഹിക്കാറുണ്ടു്. ജിജ്ഞാസുക്കളായി ചിലർ ഇവർ വലിയ ബുദ്ധിമാന്മാരും മാന്ത്രികസിദ്ധികളും ദിവ്യശക്തിയുമുള്ളവരുമാണെന്നു കേട്ടു് കാണാൻ വരാറുണ്ടു്. അവർ പല ചോദ്യങ്ങളും ചോദിക്കും. പക്ഷേ, മറുപടി കിട്ടാറില്ല. അവർ മന്ത്രവാദികളേയോ ബുദ്ധിമാന്മാരേയോ അല്ല, കേവലം സൌഹാൎദ്ദനിലയിൽ ഒന്നുംമിണ്ടാതെ ഏതാണ്ടു് അസാധാരണമട്ടിലുള്ള രണ്ടു വൃദ്ധന്മാരെയാണു് കാണുക. അങ്ങനെ ഇത്തരം കിംവദന്തികഠം പറഞ്ഞുപരത്തുന്നവരുടെ വിഡ്ഢിത്തത്തെ ആ ജിജ്ഞാസുക്കഠം പഴിക്കും.

കൊല്ലങ്ങളങ്ങനെ കടന്നുപോയി. ആരും അവരെ ഗൌനിക്കാറില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഗൌതമബുദ്ധൻെറ അനുയായികളായ കുറെ ഭിക്ഷുക്കഠം ആ വഴിക്കു വന്നു. അവർ അക്കരെയ്ക്കു കടത്താൻ ആവശ്യപ്പെട്ടു. അവർ തങ്ങളുടെ മഹാഗുരുവിൻെറ അടുക്കലേക്കു എത്രയും വേഗത്തിൽ മടങ്ങിപ്പോകയാണെന്നും മഹാത്മാവായ അദ്ദേഹം ഗുരുതരമായ സുഖക്കേടിലകപ്പെട്ടു് ആസന്നമരണനായിരിക്കയാണെന്നും, സമാധിയടയുമെന്നും കടത്തുകാർ അവരിൽനിന്നു മനസ്സിലാക്കി. ഏറെത്താമസിയാതെ മറെറാരു ഭിക്ഷുസംഘം വന്നു, പിന്നെ വേറൊ

ന്നു്. ഭിക്ഷുക്കളും മററു വഴിയാത്രക്കാരും ഗൌതമനേയും അദ്ദേഹത്തിൻെറ ആസന്നമരണത്തേയും പററിയല്ലാതെ മറെറാന്നും സംസാരിച്ചിരുന്നില്ല. നാനാദിക്കുകളിൽനിന്നു് ഒരു സൈനികസംരംഭത്തിലേക്കു് ആളുകഠം വന്നുചേരുന്നതുപോലെയോ അഥവാ ഒരു രാജാവിൻെറ കിരീടധാരണത്തിനു വന്നുചേരുന്നതുപോലെയോ ആണു് അവർ ഒന്നിച്ചു കൂടിയതു്. അയസ്കാന്തത്താൽ ആകർഷിക്കപ്പെട്ട തേനീച്ചക്കൂട്ടംപോലെയുള്ള ആ സമ്മേളനം—മഹാത്മാവായ ബുദ്ധൻെറ മരണശയ്യയെ ലക്ഷ്യമാക്കി, ഒരു കാലഘട്ടത്തിൻെറ സംരക്ഷകൻ ശാശ്വതത്വത്തിലേക്കു നീങ്ങുന്ന മഹാസംഭവം നടക്കുന്ന സ്ഥലത്തേക്കു പോകാനുള്ള സമ്മേളനം.

മരിക്കാറായ ആ യതിവര്യനെക്കുറിച്ചു് സിദ്ധാത്ഥൻ പലതും ആലോചിച്ചു, ആ ശബ്ദം ആയിരമായിരം ആളുകഠക്കു് നട്ടക്കം ഉണ്ടാക്കീട്ടുണ്ടു്. ആ ശബ്ദം താനും ഒരിക്കൽ കേഠക്കുകയുണ്ടായി. ആ പരിപാവനമുഖം താനും വളരെ ഭയത്തോടുകൂടി നോക്കിക്കാണുകയുണ്ടായി. അദ്ദേഹത്തെക്കുറിച്ചു വളരെ സ്നേഹം തോന്നി. അദ്ദേഹത്തിൻെറ മുക്തിമാർഗ്ഗത്തെക്കുറിച്ചു് അനുസ്മരിച്ചു. അന്നു് ഒരു ചെറുപ്പക്കാരൻെറ നിലയിൽ താൻ ആ മഹാത്മാവിനോടു പറഞ്ഞ വാക്കുകഠം പുഞ്ചിരിയോടെ അനുസ്മരിച്ചു. ആ വാക്കുകളിൽ ഗവ്വം ധാർഷ്ട്യവുമുള്ളതായിട്ടാണു് അന്നു തോന്നിയതു്. ഉപദേശങ്ങഠം സ്വീകരിച്ചില്ല; പക്ഷേ, വളരെക്കാലത്തേക്കു ഗൌതമനിൽനിന്നു വേർപെടാൻ തനിക്കു സാധിച്ചില്ലെന്നു തോന്നി. ഇല്ല, ഒരു യഥാത്ഥാന്വേഷകനു് ഉപദേശങ്ങഠം കൈക്കൊള്ളുക സാദ്ധ്യമല്ല. എന്തെങ്കിലും കണ്ടെത്തണമെന്നു് ആത്മാത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ സാദ്ധ്യമല്ല. എന്നാൽ, കണ്ടെത്തിയ അദ്ദേഹത്തിനു് എല്ലാ മാർഗ്ഗങ്ങളും എല്ലാ ലക്ഷ്യങ്ങളും അംഗീകരിക്കാൻ കഴിഞ്ഞു. അനന്തതയിൽ ജീവിച്ചു, ദിവ്യത്വം ശ്വസിച്ചു, മററനേകായിരം പേരിൽനിന്നു യാതൊന്നും അദ്ദേഹത്തെ വേർപെടുത്തിയില്ല.

ഒരുദിവസം, വളരെയേറെ ആളുകൾ ഇങ്ങനെ സമാധിയെ സമീപിച്ച ബുദ്ധനെ കാണാൻ തീൎത്ഥയാത്രയായി പൊയ്ക്കൊണ്ടിരിക്കെ, കമലയും—അതെ, നാഗരികവേശ്യകളിൽവെച്ച് ഏററവും സുന്ദരിയായിരുന്ന കമല—ആ വഴിക്കു വന്നു. പണ്ടത്തെ ജീവിതരീതിയിൽനിന്നു് അവൾ വിരമിച്ചിട്ടു കുറെ കാലമായിരിക്കുന്നു. തൻെറ പൂന്തോട്ടം ഗൌതമൻെറ ഭിക്ഷുക്കൾക്കു് ദാനം ചെയ്തു. ബുദ്ധൻെറ ഉപദേശങ്ങളെ അഭയം പ്രാപിച്ചു് ബുദ്ധഭിക്ഷുണീസംഘത്തിൽപ്പെട്ട രക്ഷാകർത്രികളുടെകൂട്ടത്തിൽ ചേൎന്നു കഴിഞ്ഞിരുന്നു അവൾ. ഗൌതമൻെറ ആസന്നമരണവാൎത്ത കേട്ടു് അവൾ വിനീതവേഷം ധരിച്ചു് കാൽനടയായി തൻെറ പുത്രനോടൊന്നിച്ചു പുറപ്പെട്ടിരിക്കയാണു്. മാൎഗ്ഗമദ്ധ്യേ അവർ പുഴവക്കത്തെത്തി. കുട്ടിക്കു വല്ലാത്ത ക്ഷീണം തോന്നി അവൻ വീട്ടിലേക്കു മടങ്ങാൻ നിർബ്ബന്ധിച്ചു് വാശിപിടിച്ചു കണ്ണീർ വാൎത്തുകൊണ്ടിരുന്നു. കൂടക്കൂടെ കമലക്കു് അവനോടൊന്നിച്ചു വിശ്രമിക്കേണ്ടിവന്നു. അവൻെറ ആഗ്രഹങ്ങളും അവളുടെ ആഗ്രഹങ്ങളും തമ്മിൽ പൊരുത്തമില്ലായിരുന്നു. അവനു ഭക്ഷണംകൊടുക്കുക, അവനെ സമാധാനിപ്പിക്കുക, ശകാരിക്കുക—ഇതെല്ലാം അവൾക്കു വേണ്ടിവന്നു. പരിചയമില്ലാത്തൊരു ദിക്കിലേക്കു്, മരിക്കാറായ ഒരു അപരിചിതപരിശുദ്ധമനുഷ്യൻെറ അടുക്കലേക്കു്, ഈ ക്ലേശകരവും വിഷമവുമായ തീൎത്ഥയാത്ര യ്ക്കു തൻെറ അമ്മ മുതിൎന്നതെന്തിനെന്നു് അവനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മരിക്കട്ടെ—അതുകൊണ്ടു് ആ കുട്ടിക്കെന്താണു് വരാനുള്ളതു്?

തീൎത്ഥയാത്രക്കാർ വാസുദേവൻെറ കടത്തിന്നരികെയെത്തിയപ്പോൾ ചെറിയ സിദ്ധാർത്ഥൻ തനിക്കു തെല്ലു വിശ്രമിക്കണമെന്നു അമ്മയോടു പറഞ്ഞു. കമലയും ക്ഷീണിച്ചിരുന്നു. കുട്ടി ഒരു നേന്ത്രപ്പഴം തിന്നുകൊണ്ടിരിക്കെ അവൾ നിലത്തു പതിഞ്ഞു് പകുതിയടഞ്ഞ കണ്ണുകളോടെ വിശ്രമിച്ചു. പെട്ടെന്നു്

അവരം വല്ലാത്ത വേദനയോടെ കരഞ്ഞു. കുട്ടി അമ്പരന്നു് അവളുടെ മുഖത്തേക്കു നോക്കി. ആ മുഖം ഭയാനകമാംവണ്ണം വിളർത്തുകണ്ടു. അവളുടെ വസ്ത്രത്തിനടിയിൽക്കൂടി ഒരു കറുത്ത പാമ്പു് ഇഴഞ്ഞുകൊണ്ടുപോയി. പാമ്പു് അവളെ കടിച്ചതായിരുന്നു.

വല്ല ആരംക്കാരേയും കണ്ടെത്താനായി അവർ വേഗത്തിൽ ഓടി. അവർ കടത്തിനടുത്തെത്തിയപ്പൊഴേയ്ക്കും കമല തളന്നു് ഒരടി മുമ്പോട്ടു പോകാൻ വയ്യാത്ത നിലയിലായി. കുട്ടി അമ്മയെ ചുംബിച്ചും ആശ്ലേഷിച്ചും സഹായത്തിനുവേണ്ടി നിലവിളിച്ചു. അവളും ഉറക്കെ നിലവിളിച്ചു. കടത്തിൽ നിന്നിരുന്ന വാസുദേവൻെറ ചെവിയിൽ കേട്ടു നിലവിളി. അയാരം വേഗം വന്നു് ആ സ്ത്രീയെ കയ്യിലെടുത്തു് തൻെറ വഞ്ചിയിലേക്കു കൊണ്ടുപോയി. കുട്ടിയും കൂടെ പോയി. അവർ കുടിലിലെത്തിയപ്പോരം സിദ്ധാൎത്ഥൻ തീ പിടിപ്പിക്കുകയായിരുന്നു. അദ്ദേഹം തലപൊക്കി നോക്കിയപ്പോരം കുട്ടിയുടെ മുഖം കണ്ടു. അതു് അസാധാരണമായി എന്തോ ഓൎമ്മിപ്പിച്ചു. പിന്നെ കമലയെ കണ്ടു. കടത്തുകാരൻെറ കൈത്തണ്ടയിൽ അവരം ബോധംകെട്ടാണു് കിടന്നിരുന്നതെങ്കിലും അദ്ദേഹത്തിനു് വളരെ വേഗം അവളെ മനസ്സിലാക്കാൻ കഴിഞ്ഞു. കുട്ടി തൻെറ മകനാണെന്നും എന്തോ ഓൎമ്മപ്പെടുത്തുവാൻ അതാണു് കാരണമെന്നും അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിൻെറ ഹൃദയം തുടിച്ചു.

കമലയുടെ വ്രണം കഴുകി. എന്നാൽ അതു് കരിവാളിച്ചുകഴിഞ്ഞിരുന്നു. ശരീരത്തിൽ നീരും വന്നിരുന്നു. എന്തോ മരുന്നു കൊടുത്തപ്പോരം അവരംക്കു സുബോധം വന്നു. അവരം കുടിലിൽ സിദ്ധാൎത്ഥൻെറ കിടക്കയിൽ കിടക്കുകയാണു്. ഒരുകാലത്തു് താൻ ഏററവും സ്നേഹിച്ചിരുന്ന സിദ്ധാൎത്ഥൻ അതാ തൻെറ മുമ്പിൽ കുമ്പിട്ടു നില്ക്കുന്നു.

താൻ സ്വപ്നം കാണുകയാണെന്നു തോന്നി അവാംക്ക്. മന്ദഹാസത്തോടെ അവാം തന്റെ പ്രേമധാമത്തിന്റെ മുഖത്തേയ്ക്കു നോക്കി. ക്രമേണ അവാംക്കു തന്റെ സ്ഥിതി ബോധ്യപ്പെട്ടു. കടികൊണ്ടതു് ഓമ്മവന്നു. തന്റെ കുട്ടിയെ ഓത്തു് ഉൽക്കണ്ഠയോടെ നിലവിളിച്ചു.

"വിഷമിക്കേണ്ട", സിദ്ധാത്ഥൻ പറഞ്ഞു. "അവൻ ഇവിടെ ഉണ്ടു്."

കമല അദ്ദേഹത്തിന്റെ ദൃഷ്ടികളിൽ തന്റെ ദൃഷ്ടികളുറപ്പിച്ചു. വിഷത്തിന്റെ ശക്തിയാൽ അവാംക്കു സംസാരിക്കാൻ പ്രയാസം തോന്നി. "നാഥ, അങ്ങു് വൃദ്ധനായിരിക്കുന്നു," അവാം പറഞ്ഞു. "അങ്ങയുടെ തല നരച്ചിരിക്കുന്നു. എന്നാൽ, അങ്ങു് അന്നൊരിക്കൽ വസ്ത്രം ധരിക്കാതെ പൊടിപുരണ്ട കാലുകളുമായി എന്റെ പൂന്തോട്ടത്തിൽ വന്ന ആ ചെറുപ്പക്കാരനായ സമാനനെപ്പോലെയിരിക്കുന്നു. കാമസ്വാമിയേയും എന്നേയും പിരിഞ്ഞുപോകുമ്പോഴത്തെ ഛായയേക്കാാം കൂടുതലായി ആ ഛായയാണു് തോന്നുന്നതു്. ആ കണ്ണുകാം അതുപോലെയിരിക്കുന്നു. ഹാ, ഞാനും വൃദ്ധയായി, വൃദ്ധയായി—എന്നെ അങ്ങയ്ക്കു മനസ്സിലായോ?"

സിദ്ധാത്ഥൻ ചിരിച്ചു. "പ്രിയപ്പെട്ട കമലേ, എനിക്കു വളരെ വേഗം നിന്നെ മനസ്സിലായി."

കമല തന്റെ പുത്രനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അങ്ങയ്ക്കു് അവനേയും മനസ്സിലായോ? അവൻ അങ്ങയുടെ മകനാണു്."

അവളുടെ ദൃഷ്ടികാം പതറുകയും ചിമ്മുകയും ചെയ്തു. കുട്ടി കരയാൻ തുടങ്ങി. സിദ്ധാത്ഥൻ അവനെ തന്റെ മടിയിൽ കിടത്തി കരഞ്ഞുകൊണ്ടിരിക്കെ തലമുടി തടവി. കുട്ടിയുടെ മുഖത്തു നോക്കിക്കൊണ്ടിരിക്കേ താൻ കുട്ടിക്കാലത്തു് പഠിച്ച ഒരു ബ്രാഹ്മണപ്രാത്ഥന അദ്ദേഹത്തിനു് ഓമ്മവന്നു. പതുക്കെ ഒരു

സംഗീതസ്വരത്തിൽ അദ്ദേഹം അതു ചൊല്ലാൻ തുടങ്ങി. ഭൂതകാലത്തിൽനിന്നും ശൈശവത്തിൽനിന്നും വാക്കുകരം പുറത്തേക്കുവന്നു. അതു് ചൊല്ലിയതോടെ കുട്ടി ശാന്തനായി. തേങ്ങിത്തേങ്ങി അവൻ ഉറക്കമായി. അവനെ സിദ്ധാത്ഥൻ വാസുദേവന്റെ കിടക്കയിൽ കിടത്തി. വാസുദേവൻ അടുപ്പിനരികെ നിന്നു് അരിവെയ്ക്കുകയായിരുന്നു. സിദ്ധാത്ഥൻ അയാളുടെ മുഖത്തു നോക്കി; അയാരം ഇങ്ങോട്ടു നോക്കി ചിരിച്ചു.

“അവരം മരിക്കയാണു്,” സിദ്ധാത്ഥൻ ശാന്തമായി പറഞ്ഞു.

വാസുദേവൻ തലയാട്ടി. അടുപ്പിലെ തീയ്യിന്റെ വെളിച്ചം അദ്ദേഹത്തിന്റെ ദയാർദ്രമായ മുഖത്തു പ്രതിഫലിച്ചു.

കമലയ്ക്കു വീണ്ടും ബോധം വീണു. അവളുടെ വക്ത്രത്തിലും വിളറിയ മുഖത്തും പ്രസരിച്ച വേദന സിദ്ധാർത്ഥൻ നോക്കിക്കണ്ടു. സാവകാശത്തിൽ, ശ്രദ്ധയോടെ, ക്ഷമയോടെ അതിൽ പങ്കുകൊണ്ടു് സിദ്ധാർത്ഥൻ അതു വായിച്ചു മനസ്സിലാക്കി. കമലയ്ക്കിതു് അറിയാമായിരുന്നു. അവളുടെ നോട്ടം അദ്ദേഹത്തിന്റെ നോട്ടത്തെ അവലംബിച്ചു.

അദ്ദേഹത്തിന്റെ മുഖത്തു് ഉററു നോക്കിക്കൊണ്ടു് അവരം പറഞ്ഞു: “അങ്ങയുടെ ദൃഷ്ടികളും മാറിയിരിക്കുന്നു. വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അങ്ങു് ഇപ്പോഴും സിദ്ധാർത്ഥൻതന്നെയാണെന്നു് ഞാൻ എങ്ങിനെ മനസ്സിലാക്കും? അങ്ങു് സിദ്ധാത്ഥനാണു്, എന്നാൽ അങ്ങു് അദ്ദേഹത്തെപ്പോലെയല്ല.”

സിദ്ധാർത്ഥൻ സംസാരിച്ചില്ല; ഒന്നും മിണ്ടാതെ അദ്ദേഹം അവളുടെ ദൃഷ്ടികളിലേയ്ക്കു നോക്കി.

“അങ്ങയ്ക്കതു സിദ്ധിച്ചുവോ?” അവരം ചോദിച്ചു. “അങ്ങയ്ക്കു ശാന്തിലഭിച്ചുവോ?”

അദ്ദേഹം ചിരിച്ചു് തന്റെ കൈകൾ അവളുടെ കൈകളിന്മേൽ വെച്ചു.

"ഉവ്വ്," അവൾ പറഞ്ഞു. "ഞാനതു് കാണുന്നു. എനിക്കും ശാന്തി ലഭിക്കും."

"നിങ്ങൾക്കതു സിദ്ധിച്ചുകഴിഞ്ഞു" സിദ്ധാർത്ഥൻ മന്ത്രിച്ചു.

കമല അദ്ദേഹത്തിന്റെ മുഖത്തുതന്നെ ഉറപ്പിച്ചു നോക്കി. ഗൌതമന്റെ സന്നിധിയിലേക്കു് ഒരു തീർത്ഥയാത്ര പോയി, ആ മഹാത്മാവിന്റെ മുഖം കണ്ടു്, അദ്ദേഹത്തിന്റെ ശാന്തിയുടെ ഒരംശം നേടണമെന്നതായിരുന്നു അവളുടെ ഉദ്ദേശ്യം. അതിനു പകരം അദ്ദേഹത്തെയാണു് കണ്ടതു്. അതു് നന്നാവുകയും ചെയ്തു. മറേറതുപോലെത്തന്നെ നന്നായി. അവൾ അതു പറയാനാഗ്രഹിച്ചു. പക്ഷേ അവളുടെ നാക്കു് അഭിലാഷത്തെ അനുസരിക്കാതായി. നിശ്ശബ്ദം അവൾ അദ്ദേഹത്തെ നോക്കി. ജീവൻ അവളുടെ കണ്ണുകളിൽനിന്നു് മങ്ങിമങ്ങി വേർപെട്ടുപോകുന്നതു് അദ്ദേഹം കണ്ടു. അവസാനത്തെ തിളക്കംകൂടി വേർപെട്ടതോടെ അദ്ദേഹത്തിന്റെ കൈവിരലുകൾ അവളുടെ കൺപോളകൾ കൂട്ടി.

അവളുടെ മൃതമായ മുഖത്തു് ഉററുനോക്കിക്കൊണ്ടു് അദ്ദേഹം കുറച്ചുനേരം അങ്ങനെ ഇരുന്നുപോയി. കുറെ നേരം അവളുടെ വക്ത്രത്തിൽ നോക്കി. വാൎദ്ധക്യം പൂണ്ടു് ക്ഷീണിച്ച വശമായ വക്ത്രത്തിലും, മരവിച്ച ചുണ്ടുകളിലും. തന്റെ ജീവിത വസന്തത്തിൽ ആ ചുണ്ടുകളെ താൻ ഒരു പുത്തൻ ചെന്തൊണ്ടിപ്പഴത്തോടു് ഉപമിച്ചിരുന്നതു് അദ്ദേഹം അനുസ്മരിച്ചു. വിളറിയ ആ മുഖത്തും ക്ഷീണിച്ച ജരകളിലും അദ്ദേഹമങ്ങനെ നോക്കിക്കൊണ്ടിരുന്നു. തന്റെ മുഖവും അതുപോലെത്തന്നെ വിളറി മൃതമായ മട്ടിൽ കണ്ടു. അതേസമയംതന്നെ തന്റേയും അവളുടേയും വദനങ്ങളിൽ യൗവനവും, അധരങ്ങളിൽ ചെമപ്പും,

നേത്രങ്ങളിൽ എന്തെന്നില്ലാത്ത ഉന്മേഷവും കണ്ടു. ഒരു വർത്തമാനകാലബോധവും സമകാലീനാവസ്ഥയും ആ മനസ്സിൽ മററെല്ലാററിനേയും ജയിച്ചു് ഉയൻവന്നു. ഈ സമയത്തു് എല്ലാ ജീവൻേറയും അനശ്വരതവും എല്ലാ നിമിഷത്തിൻേറയും ശാശ്വതതവും അദ്ദേഹത്തിനു് കൂടുതൽ ശക്തിയായി അനുഭവപ്പെട്ടു.

അദ്ദേഹം എഴുന്നേററപ്പോൾ വാസുദേവൻ തനിക്കുവേണ്ടി ഭക്ഷണം ഒരുക്കിയിട്ടുള്ളതു കണ്ടു. പക്ഷേ, സിദ്ധാത്ഥൻ ഭക്ഷണം കഴിച്ചില്ല. വൃദ്ധന്മാർ രണ്ടുപേരുംകൂടി ആലയിൽ കുറെ വൈക്കോലു വലിച്ചിട്ടു് വാസുദേവൻ അതിൽ കിടന്നു. സിദ്ധാത്ഥനാകട്ടെ പുറത്തേക്കു ചെന്നു് കുടിലിൻെറ മുമ്പിൽ പുഴയുടെ ശബ്ദം കേട്ടുകൊണ്ടും, ഭൂതകാലസ്മരണകളിൽ മുഴുകിയും ജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളും സ്മരിച്ചും രാത്രി മുഴുവൻ അങ്ങനെ ഇരുന്നു. എന്നാൽ, ഇടയ്ക്കിടെ എഴുന്നേററു് കുടിലിൻെറ വാതില്ക്കലേയ്ക്കു നടക്കും. കുട്ടി ഉറങ്ങുകയാണോ എന്നു ശ്രദ്ധിക്കും.

നേരം വെളുക്കാറായപ്പോൾ വാസുദേവൻ ആലയിൽനിന്നു പുറത്തുവന്നു് തൻെറ ചങ്ങാതിയുടെ അടുത്തേക്കു ചെന്നു.

"നിങ്ങൾ ഉറങ്ങിയില്ല" അയാൾ പറഞ്ഞു.

"ഇല്ല, വാസുദേവ, ഞാൻ ഇവിടെയിരുന്നു് പുഴയുടെ ശബ്ദം കേൾക്കുകയായിരുന്നു. അതു് എന്നോടു പലതും പറഞ്ഞു. അതു് പല മഹത്തായ വിചാരങ്ങളുംകൊണ്ടു് എൻെറ മനസ്സു പൂരിപ്പിച്ചു, ഏകതത്തെക്കുറിച്ചുള്ള വിചാരംകൊണ്ടു്."

"നിങ്ങൾ അനുഭവിച്ചറിഞ്ഞു സിദ്ധാത്ഥ! എന്നാൽ വ്യസനം നിങ്ങളുടെ ഹൃദയത്തിലേയ്ക്കു പ്രവേശിച്ചിട്ടില്ലെന്നു് എനിക്കറിയാം."

"ഇല്ല സ്നേഹിത. ഞാൻ എന്തിനു വ്യസനിക്കണം? ധനവാനും സുഖിയുമായിരുന്ന ഞാൻ അതിലേറെ ധനവാനും സുഖിയുമായിരിക്കുന്നു. എൻെറ കുട്ടിയെ എനിക്കു ലഭിച്ചു."

ഞാനും നിങ്ങളുടെ മകനെ സ്വാഗതം ചെയ്യുന്നു. എന്നാൽ, സിദ്ധാൎത്ഥ, നമുക്കിനി ജോലിക്കു പോകാം. പലതും ചെയ്യാനുണ്ടു്. എന്റെ ഭാര്യ കിടന്നു മരിച്ച അതേ ശയ്യയിൽക്കിടന്നാണു് കമല മരിച്ചതു്. അന്നു് ഞാൻ അവളുടെ ചിതയുണ്ടാക്കിയ അതേ കുന്നിന്മേൽത്തന്നെ നമുക്കു് കമലയുടെ ചിതയുണ്ടാക്കാം.

കുട്ടി കിടന്നുറങ്ങുമ്പോഴുംതന്നെ അവർ ചിതയുണ്ടാക്കി.

★

# പുത്രൻ

ഭയപ്പെട്ടും നിലവിളിച്ചും കുട്ടി അമ്മയുടെ ശവസംസ്കാരത്തിൽ പങ്കുകൊണ്ടു. ഭയത്തോടും മ്ലാനതയോടുംകൂടി അവൻ സിദ്ധാൎത്ഥന്റെ പുത്രനിൎവ്വിശേഷമായ അഭിവാദ്യവും വാസുദേവന്റെ കുടിലിലേക്കുള്ള സ്വാഗതവും കേട്ടു. വളരെ ദിവസത്തേയ്ക്കു് അവൻ മ്ലാനവദനനായി ശവം മറവുചെയ്ത കുന്നിലിരുന്നു് പകച്ചു നോക്കുകയും ഹൃദയം അടക്കുകയും തന്റെ വിധിയോടു പണിപ്പെട്ടു് പടവെട്ടുകയും ചെയ്തു.

സിദ്ധാൎത്ഥൻ അവനോടു് പ്രത്യേകതാല്പൎയ്യത്തോടെ പെരുമാറി. അവനെ ഇഷ്ടാനുസരണം വിട്ടു; എന്തുകൊണ്ടെന്നാൽ അവന്റെ വ്യസനത്തെ അദ്ദേഹം ആദരിച്ചു. തന്റെ പുത്രനു് തന്നെ അറിയില്ലെന്നു് സിദ്ധാൎത്ഥനു മനസ്സിലായി; ഒരു അച്ഛൻ എന്ന നിലയ്ക്കു തന്നെ സ്നേഹിക്കാൻ സാധിക്കില്ലെന്നും മനസ്സിലായി. പതിനൊന്നു വയസ്സായ ആ കുട്ടി ഒരു ദുഷിച്ച അമ്മയുടെ സന്തതിയാണെന്നും, ധനികൎക്കിണങ്ങിയ മട്ടിൽ വളൎത്തപ്പെട്ടവനാണെന്നും, നല്ല ഭക്ഷണം മാൎദ്ദവമുള്ള ശയ്യ എന്നിവ പരിചയപ്പെട്ടവനാണെന്നും, വേലക്കാരെ ശകാരിച്ചു ശീലിച്ചവനാണെന്നുമെല്ലാം ക്രമേണ അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. വ്യസനം ബാധിച്ച ആ കേടുവന്ന കുട്ടിക്കു് അപരിചിതമായ ആ പഞ്ഞംപിടിച്ച സ്ഥലത്തു് പെട്ടെന്നു് തൃപ്തിയടയുവാൻ പ്രയാസമാണെന്നും സിദ്ധാൎത്ഥനു മനസ്സിലായി. അദ്ദേഹം അവനെ നിൎബ്ബന്ധിച്ചില്ല. അവനുവേണ്ടി വളരെയധികം കാൎയ്യങ്ങൾ

അദ്ദേഹം ചെയ്തു; നല്ല ഭക്ഷണമെല്ലാം അവനുവേണ്ടി നീക്കി വെച്ചു. പതുക്കെ, സൗഹാർദ്ദപരമായ ക്ഷമകൊണ്ടു്, അവനെ സ്വാധീനിക്കാമെന്നാശിച്ചു.

താൻ ധനികനും സുഖവാനുമായെന്നാണു് കുട്ടിയെ കണ്ടപ്പോൾ അദ്ദേഹത്തിന്നു് ആദ്യം തോന്നിയതു്; എന്നാൽ സുഖത്തിനും സമാധാനത്തിനും പകരം മകൻനിമിത്തം വ്യസനവും സൈ്വരക്കേടുമാണു് നേരിട്ടതെന്നു ക്രമേണ ബോധ്യപ്പെട്ടു. എന്തുകൊണ്ടെന്നാൽ, കുട്ടി മെരുക്കമില്ലാത്തെ താന്തോന്നിയായിത്തന്നെ നിന്നു; ഉൗശ്ശാഠ്യവും അനുസരണക്കേടും കാട്ടി; അവൻ യാതൊരു പണിയും ചെയ്തില്ല; വാസുദേവൻെറ ഫലവൃക്ഷങ്ങൾ കൊള്ളയടിച്ചു തുടങ്ങി. എന്നാൽ അദ്ദേഹം അവനെ സ്നേഹിച്ചു. തൻെറ ആ സ്നേഹഭാജനത്തിൻെറ അഭാവത്തിലുള്ള സുഖവും സംതൃപ്തിയുമല്ലാ, അവൻനിമിത്തമുള്ള വ്യസനവും ശല്യവുമാണു്, സിദ്ധാൎത്ഥൻ കൂടുതൽ ഇഷ്ടപ്പെട്ടതു്.

കുട്ടിസ്സിദ്ധാർത്ഥൻ കുടിലിനകത്തിരിക്കുകയേ പതിവുള്ളു. ജോലിയെല്ലാം വൃദ്ധന്മാർതന്നെ ചെയ്യും: കടത്തിലുള്ള ജോലി വാസുദേവനും; കുടിലിലും വയലിലുമുള്ളതു സിദ്ധാൎത്ഥനും. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനു് മകൻെറ അടുത്തിരിക്കാനായിരുന്നു താല്പര്യം.

മകൻ തന്നെ മനസ്സിലാക്കി തൻെറ സ്നേഹം കൈപ്പററി ഒരുപക്ഷേ ഇങ്ങോട്ടും സ്നേഹിച്ചേക്കാമെന്ന ആശയോടെ വളരെ മാസങ്ങൾ അദ്ദേഹം ക്ഷമയോടെ കാത്തു കഴിച്ചുകൂട്ടി. വാസുദേവനും വളരെ മാസക്കാലം ഇതു ശ്രദ്ധിച്ചു് മൗനംപൂണ്ടിരുന്നു. ഒരു ദിവസം കുട്ടിസ്സിദ്ധാൎത്ഥൻ തൻെറ അടക്കമില്ലായ്മയും ഉൗശ്ശാഠ്യവുംകൊണ്ടു് അച്ഛനെ വല്ലാതെ വേദനിപ്പിച്ചതും രണ്ടു ഭോജനഭാജനങ്ങൾ ഉടച്ചതും കണ്ടിട്ടു് വാസുദേവൻ തൻെറ സ്നേഹിതനെ അന്നു വൈകുന്നേരം അടുത്തു വിളിച്ചു പറഞ്ഞു:

"ക്ഷമിക്കണം," അയാറം പറഞ്ഞു. "ഞാൻ സ്നേഹനില യ്ക്കാണു് പറയുന്നതു്. നിങ്ങറംക്കു വല്ലാത്ത പൊറുതികേടും അസു ഖവുമുണ്ടെന്നു് എനിക്കറിയാം. എൻെറ പ്രിയപ്പെട്ട സ്നേഹിത, നിങ്ങളുടെ മകൻ നിങ്ങളേയും എന്നേയും ശല്യപ്പെടുത്തുന്നു. കുട്ടിപ്പക്ഷിയുടെ കൂടും കൊററവും നമ്മളുടേതിൽനിന്നു വ്യത്യസ്തമാ ണു്. നിങ്ങളെപ്പോലെ ചെടിപ്പും വെറപ്പും തോന്നീട്ടു് ധനവും നഗരവും ഉപേക്ഷിച്ചുപോന്നവനല്ല അവൻ; അവൻെറ ഇഷ്ട ത്തിനു വിപരീതമായി അതെല്ലാം വിട്ടു പോരേണ്ടിവന്നതാണു്. ഞാൻ നദിയോടു ചോദിച്ചു, എൻെറ സ്നേഹിത, പല തവണ ചോദിച്ചു. എന്നാൽ നദി ചിരിക്കുകയേ ചെയ്തുള്ളു. അതു് എ ൻെറ നേക്കും നിങ്ങളുടെ നേക്കും നോക്കിച്ചിരിച്ചു, പുച്ഛഭാവ ത്തിൽ. നമ്മുടെ അമളിയറിഞ്ഞു് തലയാട്ടിച്ചിരിച്ചു. വെള്ളം വെള്ളത്തിലേയ്ക്കു പോകും, യുവത്വം യുവത്വത്തിലേയ്ക്കും. നിങ്ങ ളുടെ മകനു് ഈ സ്ഥലത്തു് ഒരു സുഖവും ഉണ്ടാവില്ല. നിങ്ങറം നദിയോടു ചോദിച്ചു് അതു് എന്തുപറയുന്നുവെന്നു ശ്രദ്ധിക്കുക."

മനശ്ശല്യത്തോടെ സിദ്ധാർത്ഥൻ ആ ദയാർദ്രമായ മുഖത്തു നോക്കി. അതിൽ നല്ല സമ്പ്രദായത്തിൻെറ ജരകറം ധാരാളമു ണ്ടായിരുന്നു.

"ഞാൻ എങ്ങിനെയാണു് അവനെ വിട്ടുപിരിയുക?" അ യാറം ശാന്തമായി ചോദിച്ചു. "പ്രിയസ്നേഹിത, എനിക്കു കുറ ച്ചു സമയംകൂടി തരു. ഞാൻ അവനുവേണ്ടി പൊരുതുകയാണു്. ഞാൻ അവൻെറ ഹൃദയത്തിലേയ്ക്കെത്താൻ ശ്രമിയ്ക്കുയാണു്. ഞാൻ സ്നേഹവും ക്ഷമയുംകൊണ്ടു് അവനെ ജയിക്കും. പുഴ ഒരു ദിവ സം അവനോടു സംസാരിക്കും. അവനേയും വിളിച്ചിട്ടുണ്ടു്."

വാസുദേവൻെറ ചിരി ഒന്നുകൂടി പ്രകാശിച്ചു. "ശരിയാ ണു്," അയാറം പറഞ്ഞു. "അവനേയും വിളിച്ചിട്ടുണ്ടു്. അവനും അവസാനമില്ലാത്ത ജീവിതത്തിൽ പെട്ടവനാണു്. എന്നാൽ, അവനെ എന്തിലേയ്ക്കു്, ഏതു വഴിയിലേയ്ക്കു്, ഏതു കർമ്മങ്ങളി

ലേയ്ക്കു്, ഏതു ദുഃഖങ്ങളിലേയ്ക്കു് വിളിച്ചിട്ടുണ്ടെന്നു് നിങ്ങൾക്കോ എനിക്കോ അറിയാമോ? അവൻെറ ദുഃഖങ്ങൾ ലഘുവായിരിക്കയില്ല. അവൻെറ ഹൃദയം ഗർവ്വും കാഠിന്യവുമുള്ളതാണു്. അവൻ ഒരുപക്ഷേ വളരെയൊക്കെ ക്ലേശിച്ചേക്കാം, പല തെററുകളും വരുത്തിയേക്കാം, ധാരാളം അനീതികൾ പ്രവർത്തിച്ചേക്കാം, പല പാപങ്ങളും ചെയ്തേക്കാം. എൻെറ സ്നേഹിത, പറയൂ, നിങ്ങൾ മകനെ പഠിപ്പിക്കയാണോ? അവൻ നിങ്ങളോടു് അനുസരണമുള്ളവനാണോ? നിങ്ങൾ അവനെ തല്ലുകയോ ശിക്ഷിക്കുകയോ ചെയ്യുന്നുണ്ടോ?"

"ഇല്ല വാസുദേവ, ഞാൻ ഈ പറഞ്ഞതൊന്നും ചെയ്യുന്നില്ല."

"അതു് ഞാൻ മനസ്സിലാക്കി. നിങ്ങൾ അവൻെറ അടുക്കൽ ഒരു കണിശവും കാണിക്കുന്നില്ല. നിങ്ങൾ അവനെ ശിക്ഷിക്കുന്നില്ല. നിങ്ങൾ അവനെ ശാസിക്കുന്നില്ല—എന്തുകൊണ്ടെന്നാൽ, ശാന്തത കർശനനയത്തേക്കാൾ നല്ലതാണെന്നു നിങ്ങൾക്കറിയാം. വെള്ളം പാറക്കല്ലിനേക്കാൾ ബലമുള്ളതാണെന്നും, സ്നേഹം ശാസനയേക്കാൾ ബലവത്താണെന്നും നിങ്ങൾക്കറിയാം. വളരെ നല്ലതു്. ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. എന്നാൽ, അവനോടു കർശനനയം കാണിക്കാത്തതു് തെററല്ലേ? അവനെ ശിക്ഷിക്കാത്തതു് തെററല്ലേ? നിങ്ങൾ നിങ്ങളുടെ സ്നേഹംകൊണ്ടു് അവനെ ചങ്ങലയിടുന്നില്ലേ? നിങ്ങളുടെ നന്മകൊണ്ടും ക്ഷമകൊണ്ടും നിത്യം നിങ്ങൾ അവനെ അപമാനിക്കുന്നില്ലേ? അങ്ങനെ അവൻെറ വിഷമം വർദ്ധിപ്പിക്കുന്നില്ലേ? വെറും നേന്ത്രക്കായും തിന്നു്, ചോറിനുതന്നെ മാറ്റമില്ലാതെ, അവൻെറ വിചാരങ്ങളോടു് പൊരുത്തപ്പെടുത്താൻ പററാതെ, വാർദ്ധക്യം പ്രാപിച്ച് ശാന്തമായി അവൻേറതിൽനിന്നു വ്യത്യസ്തമായ മിടിപ്പോടുകൂടിയ ഹൃദയങ്ങളുള്ള രണ്ടുപേരോടൊന്നിച്ച് ഈ ദുർവ്വാശിക്കാരനും നിയന്ത്രണമററവനുമായ കുട്ടിയെ ഒരു കുടിലിൽ

ജീവിക്കുവാൻ നിർബ്ബന്ധിക്കുന്നില്ലേ? ഇതുകൊണ്ടൊക്കെ അവനെ ഞെരുക്കുകയും വിഷമിപ്പിക്കുകയുമല്ലേ ചെയ്യുന്നതു്?"

സിദ്ധാൎത്ഥൻ പകപ്പോടെ നിലത്തേയ്ക്കു നോക്കി. "ഞാൻ എന്തുചെയ്യണമെന്നാണു് നിങ്ങൾ കരുതുന്നതു്? അദ്ദേഹം ശാന്തമായി ചോദിച്ചു.

വാസുദേവൻ പറഞ്ഞു: "അവനെ പട്ടണത്തിലേക്കു കൊണ്ടുപോക. അവൻെറ അമ്മയുടെ വീട്ടിലേയ്ക്കു കൊണ്ടുപോക. അവിടെ ഇപ്പോഴും വേലക്കാരുണ്ടായിരിക്കും. അവനെ അവരുടെ അടുത്തേക്കു കൊണ്ടുപോക. അവർ അവിടെ ഇല്ലെങ്കിൽ ഒരു ഗുരുവിൻെറ അടുത്തേക്കു കൊണ്ടുപോകണം. പഠിപ്പിക്കാനല്ല, മററു കുട്ടികളെ, ആൺകുട്ടികളേയും പെൺകുട്ടികളേയും, കണ്ടുമുട്ടാനും അവൻ ഉൾപ്പെട്ടതായ ലോകത്തിൽ അവനു പെരുമാറുവാനും വേണ്ടി. നിങ്ങൾ ഇതിനെപ്പററി ഇതുവരെ വിചാരിച്ചിട്ടില്ലെന്നുണ്ടോ?"

"നിങ്ങൾക്കു് എൻെറ ഹൃദയത്തിനകത്തു കടന്നു നോക്കാൻ കഴിയും." സിദ്ധാൎത്ഥൻ ദുഃഖത്തോടെ പറഞ്ഞു: "ഞാൻ പലപ്പോഴും അതിനെക്കുറിച്ചു വിചാരിച്ചിട്ടുണ്ടു്. എന്നാൽ, ഇത്ര കഠിനഹൃദയനായ അവൻ എങ്ങനെ ഈ ലോകത്തിൽ കഴിഞ്ഞുകൂടും? അവൻ മററുള്ളവരേക്കാൾ വലിയവനാണെന്നു സ്വയം വിചാരിക്കുകയില്ലേ? സുഖവും അധികാരവും അവനെ നശിപ്പിക്കില്ലേ? അച്ഛൻെറ തെററുകളെല്ലാം അവനും ആവൎത്തിക്കില്ലേ? സംസാരത്തിൽ മുഴുകിപ്പോകില്ലേ അവൻ?"

കടത്തുകാരനു വീണ്ടും ചിരിവന്നു. അയാൾ ശാന്തമായി സിദ്ധാൎത്ഥൻെറ കൈ തലോടിക്കൊണ്ടു് പറഞ്ഞു: "അതിനെപ്പററി നദിയോടു ചോദിക്കു സ്നേഹിത. അതു പറയുന്നതു കേട്ടു് വിഡ്ഢിത്തം മനസ്സിലാക്കു! തെററുകൾ പലതും നിങ്ങൾ ചെയ്തതു് അവ മകനു പററാതിരിക്കാൻവേണ്ടിയാണോ? അങ്ങനെ

യാണൊ നിങ്ങഠം കരുതുന്നതു്? നിങ്ങളുടെ മകനെ സംസാരത്തിൽനിന്നു രക്ഷിക്കാൻ നിങ്ങഠംക്കു സാധിക്കുമോ? എങ്ങനെ സാധിക്കും? ഉപദേശങ്ങഠംകൊണ്ടോ? പ്രാത്ഥനകൊണ്ടോ? അഭിസംബോധനകൊണ്ടോ? എൻെറ പ്രിയ സ്നേഹിത, ആ ബ്രാഹ്മണപുത്രനായ സിദ്ധാത്ഥനെക്കുറിച്ചു് നിങ്ങളൊരിക്കൽ എന്നോടു പറഞ്ഞ ആ വിജ്ഞാനപ്രദമായ കഥ മറന്നുവോ? സമാനസിദ്ധാത്ഥനെ സംസാരത്തിൽനിന്നും പാപത്തിൽനിന്നും, ആസക്തിയിൽനിന്നും തെററുകളിൽനിന്നും, മോചിപ്പിക്കാൻ ആരുണ്ടായി? അച്ഛൻെറ ഭക്തിയോ, ഗുരുവിൻെറ ഉപദേശമോ, സ്വന്തം ജ്ഞാനമോ, സ്വന്തം അന്വേഷണമോ അവനെ മോചിപ്പിക്കാൻ സമത്ഥമായോ? അയാഠം പോയ വഴിയിൽനിന്നു് പിന്തിരിപ്പിയ്ക്കാൻ, ജീവിതത്തെ തകത്തു തരിപ്പണമാക്കുന്നതിൽനിന്നു മോചിപ്പിക്കാൻ, പാപത്തിൻെറ ഭാരത്തിൽനിന്നു വേർപെടുത്താൻ, ജീവിതത്തിൻെറ തിക്തപാനീയം ആസ്വദിക്കുന്നതിൽനിന്നു് മാററിനിത്താൻ, സ്വന്തം മാഗ്ഗം അന്വേഷിക്കുന്നതിൽനിന്നു് അകററുവാൻ, അച്ഛനോ ഗുരുവിനോ സാധിച്ചുവോ? ഈ വഴി വല്ലവക്കും ഒഴിവാക്കീട്ടുണ്ടെന്നു് നിങ്ങഠം കരുതുന്നുവോ സ്നേഹിത? നിങ്ങളുടെ ചെറിയ കുട്ടിയ്ക്കു ദുഃഖവും വേദനയും മായാബോധവും വേർപെട്ടുകിട്ടാൻ നിങ്ങഠം ആഗ്രഹിക്കുന്നുണ്ടെന്നു കരുതി അവനെ ഒഴിവാക്കുമോ? അവനുവേണ്ടി ഒരു പത്തുവട്ടം നിങ്ങഠം മരിക്കാൻതന്നെ തയ്യാറാണെങ്കിലും, അവൻെറ വിധിക്കു് ഒരു നെല്ലിട മാററം വരുമെന്നു നിങ്ങഠം കരുതേണ്ട."

വാസുദേവൻ ഒരിക്കലും ഇത്ര വളരെ സംസാരിച്ചിട്ടില്ല. അദ്ദേഹം സൗഹാർദ്ദപൂവ്വം അയാളോടു കൃതജ്ഞതപറഞ്ഞു് മനോവേദനയോടെ കുടിലിലേയ്ക്കു പോയി. പക്ഷേ, ഉറക്കം വന്നില്ല. താൻ വിചാരിക്കാത്തതോ മനസ്സിലാക്കാത്തതോ ആയ യാതൊന്നും വാസുദേവൻ പറഞ്ഞിട്ടില്ല. എന്നാൽ, തൻെറ അറിവിനെക്കാഠം ശക്തി പുത്രവാത്സല്യത്തിനായിരുന്നു. അതെ, അവനെക്കുറിച്ചുള്ള മമതയിൽ, അവനെ കൈവെടിയുന്നതിലുള്ള

ആശങ്കയിൽ. ഇതുവരെ ആർക്കെങ്കിലുംവേണ്ടി അദ്ദേഹം തൻെറ ഹൃദയം ഇത്രമാത്രം അടിമപ്പെടുത്തീട്ടുണ്ടോ? എപ്പോഴെങ്കിലും ഒരാളെ അദ്ദേഹം ഇത്രമാത്രം സ്നേഹിച്ചിട്ടുണ്ടോ? ഇത്ര അന്ധമായി, ഇത്ര വേദനയോടെ, ഇത്ര ആശാഭംഗത്തോടെയെങ്കിലും സന്തോഷത്തോടെ സ്നേഹിച്ചിട്ടുണ്ടോ?

തൻെറ സുഹൃത്തിൻെറ ഉപദേശം സ്വീകരിക്കാൻ സിദ്ധാത്ഥനു കഴിഞ്ഞില്ല; തൻെറ പുത്രനെ ഉപേക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. പുത്രൻ തന്നെ ഭരിക്കുന്നതും ബഹുമാനിക്കാതിരിക്കുന്നതും അദ്ദേഹം അനുവദിച്ചുകൊടുത്തു. അദ്ദേഹം മൗനം ദീക്ഷിച്ചു് ക്ഷമാപൂവ്വം വത്തിച്ചു. സൗഹാർദ്ദത്തിൻേറയും ക്ഷമയുടേയും മൂകയുദ്ധത്തിനാണ് അദ്ദേഹം മുതിന്നതു്. വാസുദേവനും മൗനം കൈക്കൊണ്ടു് സൗഹാർദ്ദപൂവ്വം എല്ലാം മനസ്സിലാക്കി സഹിച്ചുകൊണ്ടു് കഴിച്ചുകൂട്ടി. അവർ ഇരുവരും ക്ഷമ സ്വാധീനിച്ചിട്ടുള്ളവരായിരുന്നു.

ഒരു ദിവസം, മകൻെറ മുഖം കമലയെ അനുസ്മരിപ്പിച്ചപ്പോഠം, അവഠം പണ്ടൊരിക്കൽ പറഞ്ഞ ഒരു കാര്യം അദ്ദേഹത്തിനു് പെട്ടെന്നോമ്മവന്നു. "നിങ്ങഠംക്കു് സ്നേഹിക്കാൻ സാധ്യമല്ല" അവഠം പറഞ്ഞു. അദ്ദേഹം അതു സമ്മതിക്കയും ചെയ്തതാണ്. തന്നെ ഒരു നക്ഷത്രത്തോടും മററുള്ളവരെ കൊഴിഞ്ഞു വീഴുന്ന ഇലകളോടും അദ്ദേഹം താരതമ്യപ്പെടുത്തുകയുണ്ടായി. എങ്കിലും അവളുടെ വാക്കു് ഒരു ശകാരമായിട്ടേ അയാഠം കണക്കാക്കിയുള്ളു. സ്വയം മറക്കത്തക്കവിധം താൻ മററൊരാളിൽ മുഴുകീട്ടില്ലെന്നുള്ളതു് വാസ്തവമായിരുന്നു. മററൊരാളെ സ്നേഹിക്കുന്നതുകൊണ്ടുള്ള അബദ്ധങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. അങ്ങനെ ചെയ്യാൻ ഒരിക്കലും അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. സാധാരണക്കാരും താനും തമ്മിലുള്ള മുഖ്യമായ അന്തരം അതാണെന്നു് അദ്ദേഹത്തിനു തോന്നിയിരുന്നു. എന്നാൽ, ഇപ്പോഴാകട്ടെ, തൻെറ പുത്രൻ അവിടെയുള്ളതിനാൽ സിദ്ധാ

ത്ഥൻ സാധാരണക്കാരുടെ കൂട്ടത്തിൽ ഒരുവനെപ്പോലെ സങ്കടം, സ്നേഹം മുതലായ വികാരങ്ങൾക്കു് വിധേയനായിരിക്കുന്നു. സ്നേഹംകൊണ്ടു് ഭ്രാന്തൻ, പ്രേമംനിമിത്തം ഒന്നിനും കൊള്ളാത്തവൻ, അതാണു് നില. വൈകീട്ടാണെങ്കിലും ജീവിതത്തിൽ ആദ്യമായി ശക്തിമത്തും അസാധാരണവുമായ വികാരം അദ്ദേഹത്തെ ബാധിച്ചു. വളരെ തീവ്രമായി ഈ വികാരം താൻ അനുഭവിച്ചെങ്കിലും അദ്ദേഹം ഒന്നു സമൃദ്ധമായി നവീകരിയ്ക്കപ്പെട്ടു.

ഈ പ്രേമം, പുത്രനെക്കുറിച്ചുള്ള അന്ധപ്രേമം, അതെ, സംസാരം—വെള്ളത്തിൻെറ അഗാധതയിൽനിന്നു് ഇളകിപ്പൊങ്ങുന്ന ഉറവു്—അതൊരു മാനുഷികവികാരമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. എന്നാൽ അതു് കൊള്ളരുതാത്തതല്ല; ആശാസ്യമാണു്, സ്വാഭാവികമാണു്, എന്നെല്ലാം അദ്ദേഹത്തിനു തോന്നി. ഈ വികാരം, ഈ വേദന, ഈ തെററുകൾ, എല്ലാം അനുഭവിച്ചറിയേണ്ടവയായിരുന്നു.

മകനാകട്ടേ, അച്ഛനെക്കൊണ്ടു് തെററുകളങ്ങനെ ചെയ്യിച്ചുംപോന്നു. വല്ലാതെ കഷ്ടപ്പെടുത്തി. തൻെറ സമ്പ്രദായങ്ങൾകൊണ്ടു് അദ്ദേഹത്തെ അപമാനപ്പെടുത്തി. അച്ഛനെസ്സംബന്ധിച്ച യാതൊന്നും അവനെ ആകൎഷിച്ചില്ല; ഭയപ്പെടുത്തിയില്ല. അച്ഛൻ നല്ലവനാണു്; ദയാലുവാണു്, മാന്യനാണു്, ഭക്തനാണു്, വിശിഷ്ടനാണു്—എന്നാൽ ഇതൊന്നും അവനെ ജയിക്കാൻ മതിയായ ഗുണങ്ങളായിരുന്നില്ല. അച്ഛൻ തന്നെ ഈ ചെററക്കുടിലിൽ പാൎപ്പിച്ചു വിഷമിപ്പിക്കുകയല്ലേ? തൻെറ മെരുക്കമില്ലായ്മ കാണുമ്പോൾ ചിരിക്കുന്നു. എത്ര അപമാനിച്ചാലും സൗഹാൎദ്ദം നടിക്കുന്നു. താന്തോന്നിത്തം കാണിക്കുമ്പോഴൊക്കെ ദയയോടെ പെരുമാറുന്നു. ഇതെല്ലാം കിഴവൻെറ കൗശലമല്ലേ? തന്നെ ഭീഷണിപ്പെടുത്തുകയോ കഷ്ടപ്പെടുത്തുകയോ ചെയ്യുന്നതാണു് ഇതിനെക്കാൾ ഭേദം. ഇതൊക്കെയാണു് കുട്ടിയ്ക്കു തോന്നിയതു്.

അവസാനം കുട്ടിസ്സിദ്ധാൎത്ഥൻ തൻെറ മനസ്സിലുള്ളതു വെളിവാക്കി. മാത്രമല്ല, പരസ്യമായി അച്ഛനെ പ്രതികൂലിക്കുകയും

ചെയ്തു. അച്ഛൻ അവനോട്ട് കുറെ ചുള്ളി പെറുക്കികൊണ്ടു വരാൻ പറഞ്ഞു. എന്നാൽ അവൻ കുടിലിൽനിന്നു് ഇളകിയില്ല. അവിടെത്തന്നെ നിന്നു. പുല്ലോളം ഗൗനിക്കാതെ, കോപം നടിച്ചു്, നിന്നേടത്തുനിന്നിളകാതെ മുഷ്ടിചുരുട്ടി അച്ഛൻെറ മുഖത്തു നോക്കി തൻെറ കഠിനമായ വെറുപ്പു് അവൻ വ്യക്തമാക്കി.

"ചുള്ളി വേണമെങ്കിൽ കൊണ്ടുവന്നുകൊള്ളു," അവൻ ആവേശഃത്തോടെ അട്ടഹസിച്ചു. "ഞാൻ നിങ്ങളുടെ വേലക്കാരനല്ല. നിങ്ങാം എന്നെ തല്ലില്ലെന്നു് എനിക്കറിയാം. അതിനു് നിങ്ങാം ധൈര്യപ്പെടുകയില്ല. എന്നാൽ, നിങ്ങളെന്നെ എപ്പോഴും ശിക്ഷിക്കുന്നുണ്ടു്. നിങ്ങളുടെ ഭക്തിയും മാപ്പുനൽകലുംകൊണ്ടെന്നെ നിങ്ങാം അപമാനിക്കയാണു്. ഞാനും നിങ്ങളെപ്പോലെ ഭക്തനും ശാന്തനും ബുദ്ധിമാനുമായിത്തീരണമെന്നു് നിങ്ങാം കരുതുന്നു. എന്നാൽ നിങ്ങാം എത്രവേണമെങ്കിൽ എതിത്തുകൊള്ളു. ഞാൻ ഒരു കള്ളനോ കൊലപ്പുള്ളിയോ ആയി നരകത്തിൽ പോയാലും വിരോധമില്ല, നിങ്ങളെപ്പോലെയാവാൻ തയ്യാറില്ല. ഞാൻ നിങ്ങളെ വെറുക്കുന്നു; ഒരു നൂറുവട്ടം നിങ്ങളെൻെറ അമ്മയുടെ ജാരനായിരുന്നിരിക്കാം, ശരിതന്നെ. എന്നാലും നിങ്ങളെൻെറ അച്ഛനല്ല."

അണകെട്ടിനിന്നിരുന്ന ക്രോധവിവശത അച്ഛൻെറ നേരെയുള്ള പരുഷവാക്കുകളുടെ പ്രവാഹത്തിൽക്കൂടി പുറത്തേയ്ക്കൊഴുകി. എന്നിട്ടു് അവൻ ഓടിക്കളഞ്ഞു. വൈകുന്നേരം വളരെ വൈകീട്ടേ മടങ്ങിവന്നുള്ളു.

പിറേറദിവസം രാവിലെ അവൻ കടന്നുകളഞ്ഞിരിക്കുന്നു. രണ്ടു നിറത്തിൽ മിടഞ്ഞുണ്ടാക്കിയ ഒരു ചെറിയ വള്ളിക്കൂടയും കാണാനില്ല. കടത്തുകാർ സമ്പാദിക്കാറുള്ള കാശും പണവും സൂക്ഷിക്കാറുള്ളതായിരുന്നു ആ കൂട. വഞ്ചിയും കാണാനില്ലായിരുന്നു. അതു് മറുകരയിൽ കിടക്കുന്നതു കണ്ടു. അവൻ ഓടിപ്പൊയ്ക്കളഞ്ഞു.

തലേദിവസത്തെ പരുഷവാക്കുകഠം കേട്ടു വിഷമിച്ചു വശമായിട്ടുണ്ടായിരുന്ന സിദ്ധാൎത്ഥൻ പറഞ്ഞു: "ഞാൻ അവനെ പിന്തുടരും. ഒരു കുട്ടിക്കു് കാട്ടിൽ ഒററയ്ക്കു സഞ്ചരിയ്ക്കാൻ സാധ്യമല്ല. അവനു് വല്ല ആപത്തും സംഭവിക്കും. പുഴ കടക്കാൻ നമുക്കൊരു ചങ്ങാടമുണ്ടാക്കണം വാസുദേവ."

"ചങ്ങാടമുണ്ടാക്കണം," വാസുദേവൻ പറഞ്ഞു. "പക്ഷേ, അതു് വഞ്ചി തിരിയെ കൊണ്ടുവരുവാനാണു്. അവനെ പിന്തുടരാനല്ല. അവൻ പൊയ്ക്കൊള്ളട്ടെ, എൻെറ സ്നേഹിത! അവൻ ചെറിയ കുട്ടിയല്ല. അവനു് അവൻെറ കാര്യം നോക്കാനറിയാം. അവൻ പട്ടണത്തിലേയ്ക്കുള്ള വഴിയന്വേഷിക്കയാണു്. അതാണു് നല്ലതും. അതു മറക്കരുതു്. നിങ്ങഠം ചെയ്യാൻ ഉപേക്ഷ കാണിച്ചതു് അവൻ ചെയ്യുന്നു. അവൻ അവൻെറ കാര്യം നോക്കുകയാണു്. അവൻെറ വഴിക്കു പോകുന്നു, അല്ലേ, സിദ്ധാൎത്ഥ! നിങ്ങഠംക്കു വിഷമമുണ്ടെന്നു് എനിക്കറിയാം. മററുള്ളവൎക്കും, താമസംവിനാ നിങ്ങഠംക്കുതന്നെയും, പുച്ഛം തോന്നാവുന്നതിനെച്ചൊല്ലി നിങ്ങളുടെ മനസ്സു വേദനിക്കുകയാണു്."

സിദ്ധാൎത്ഥൻ മറുപടി പറഞ്ഞില്ല. അയാഠം കൈക്കോടാലിയെടുത്തു് മുളകൊണ്ടു് ചങ്ങാടമുണ്ടാക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. വാസുദേവൻ അതു് വള്ളികൊണ്ടു കെട്ടാൻ സഹായിച്ചു. പിന്നെ അവർ അതു് തുഴയാൻ തുടങ്ങി. വളരെ വിഷമിച്ചിട്ടാണെങ്കിലും അവർ ഒഴുക്കിനെതിരായി അക്കരെയ്ക്കു തുഴഞ്ഞു.

"എന്തിനാണു് കോടാലിയെടുത്തിരിയ്ക്കുന്നതു്?" സിദ്ധാൎത്ഥൻ ചോദിച്ചു.

വാസുദേവൻ പറഞ്ഞു: "ഒന്നുമില്ല, നമ്മുടെ പങ്കായം പോയിക്കാണും."

എന്നാൽ തൻെറ ചങ്ങാതി എന്താണു് വിചാരിച്ചിരുന്നതെന്നു സിദ്ധാൎത്ഥനു മനസ്സിലായി—തൻെറ പുത്രൻ അതു വല്ലേടത്തും വലിച്ചെറിയുകയോ ഒടിച്ചുകളയുകയോ ചെയ്തു പകവീട്ടിയിരിക്കുമെന്നാണു് വിചാരമെന്നു മനസ്സിലായി. വിചാരിച്ചതു

പോലെതന്നെ, വഞ്ചിയിൽ പങ്കായം കണ്ടില്ല. വാസുദേവൻ വഞ്ചിയുടെ അടിയിലേയ്ക്കു നോക്കീട്ടു് സ്നേഹിതനെ നോക്കി മന്ദഹസിച്ചു. മകൻ പറയാൻ ആഗ്രഹിക്കുന്നതെന്തെന്നു മനസ്സിലായില്ലേ? തന്നെ പിന്തുടരരുതെന്നല്ലേ അവൻെറ ആഗ്രഹം? എന്നീ ചോദ്യങ്ങൾ സ്ഫുരിക്കുന്നതായിരുന്നു ആ മന്ദഹാസം. പക്ഷേ, അതു വാക്കുകളിൽ വെളിപ്പെടുത്താതെ അയാൾ പുതിയൊരു പങ്കായമുണ്ടാക്കാൻ തുടങ്ങി. സിദ്ധാൎത്ഥൻ അയാളോടു യാത്രപറഞ്ഞു് മകനെ തേടിപ്പോയി. വാസുദേവൻ തടസ്സം പറഞ്ഞില്ല.

കാട്ടിൽക്കൂടി സിദ്ധാൎത്ഥൻ വളരെ ദൂരം നടന്നു. അന്വേഷണം വ്യൎത്ഥമാണെന്നു് ബോദ്ധ്യപ്പെട്ടു. ഒരുകിൽ അവൻ പട്ടണത്തിലെത്തിക്കാണും. അഥവാ എത്തീട്ടില്ലെങ്കിൽ അവൻ വല്ലേടത്തും ഒളിക്കും. കുറച്ചുകൂടി ആലോചിച്ചപ്പോൾ, മകനെക്കുറിച്ചുള്ള പരിഭ്രമം നീങ്ങി. അവനു് അപകടമൊന്നും സംഭവിച്ചിരിക്കയില്ലെന്നു് എന്തോ ഒരു തോന്നൽ. പക്ഷേ, പിന്നേയും അദ്ദേഹമങ്ങനെ നടന്നു. അതു് അവനെ രക്ഷിക്കാനുള്ള താല്പൎയ്യംകൊണ്ടല്ലാ, ഒന്നുകൂടി കാണാനുള്ള മോഹംകൊണ്ടായിരിയ്ക്കാം. അങ്ങിനെ പട്ടണത്തിൻെറ അതിൎത്തിവരെ ചെന്നു.

പട്ടണത്തിനരികെയുള്ള വിസ്തൃതമായ പാതയിലെത്തിയപ്പോൾ അദ്ദേഹം ഒരു കളിപ്പൂങ്കാവിൻെറ പടിക്കലങ്ങനെ നിന്നു. ഒരു കാലത്തു് കമലയുടേതായിരുന്നു അതു്. അവളെ ഒരു പല്ലക്കിലേറിവരുന്നതായി അദ്ദേഹം ആദ്യം കണ്ട സ്ഥലം. ഭൂതകാലം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ നിഴലിച്ചു. താടി വളൎത്തിയ നഗ്നനായ ഒരു ചെറുപ്പക്കാരൻ തലയാസകലം പൊടി പുരണ്ടു് അങ്ങനെ നില്ക്കുന്നതുപോലെ തോന്നി. സിദ്ധാൎത്ഥൻ വളരെ നേരം അവിടെത്തന്നെ നിന്നു. ദ്വാരത്തിൽക്കൂടി അകത്തേയ്ക്കു നോക്കി. അതിനകത്തുള്ള ഭംഗിയുള്ള വൃക്ഷങ്ങളുടെ ചുവട്ടിൽ ഭിക്ഷുക്കൾ ലാത്തുന്നതു കണ്ടു.

ഓരോന്നാലോചിച്ചും, തൻെറ ജീവിതകഥയുടെ ചിത്രങ്ങൾ കണ്ടും സിദ്ധാൎത്ഥൻ വളരെനേരം അവിടെ നിന്നു. ആ

ഭിക്ഷുക്കളെത്തന്നെ നോക്കികൊണ്ടു വളരെനേരം നിന്നു. അവ രുടെ സ്ഥാനത്തു് താനും കമലയും വൃക്ഷങ്ങളുടെ ചുവട്ടിൽ ലാത്തിയിരുന്നതു് ഓൎമ്മയിൽ കണ്ടു. കമല തന്നെ പരിചരിക്കുന്നതും താൻ അവളുടെ ആദ്യചുംബനം സ്വീകരിക്കുന്നതും സ്മരണയിൽ കണ്ടു. എത്ര വാശിയോടും വെറുപ്പോടുംകൂടി താൻ സമാനജീവിതത്തെ ഉപേക്ഷിച്ചു് അഭിമാനത്തോടും ആകാംക്ഷയോടുംകൂടി ലൗകികജീവിതം ആരംഭിച്ചുവെന്നും സ്മൃതിയിൽ കണ്ടു. കാമസ്വാമി, പരിചാരകർ, വിരുന്നുസല്ക്കാരങ്ങൾ, ചൂതുകളിക്കാർ, പാട്ടുകാർ എല്ലാം സ്മരണയിൽ വന്നു. കമലയുടെ ആ പാടുന്ന പൈങ്കിളി കൂട്ടിൽ കിടക്കുന്നതും ഓൎമ്മയിൽ വന്നു. അതിലെല്ലാം അദ്ദേഹം വീണ്ടും ജീവിച്ചു. സംസാരം ശ്വസിച്ചു, വീണ്ടും വാൎദ്ധക്യവും തളൎച്ചയും ചെടിപ്പും മരിക്കാനുള്ള താല്പൎയ്യവും തോന്നി. വീണ്ടും ആ ദിവ്യമായ ഓങ്കാരം ശ്രവിച്ചു.

പൂന്തോട്ടത്തിൻെറ പടിക്കൽ കുറെനേരം നിന്നു. തന്നെ അങ്ങോട്ടു നയിച്ച ആഗ്രഹം വിഡ്ഢിത്തമാണെന്നും മകനെ തനിക്കു സഹായിക്കാൻ കഴിവില്ലെന്നും അവനെ നിൎബ്ബന്ധിക്കരുതെന്നും സിദ്ധാൎത്ഥനു് അപ്പോൾ ബോദ്ധ്യപ്പെട്ടു. വഴിപിഴച്ച മകനെക്കുറിച്ചുള്ള അഗാധസ്നേഹം ഒരു വ്രണംപോലെ കരുതി. അതു് വളരാൻ അനുവദിക്കാതെ ഭേദമാക്കേണ്ടതാണു് എന്നും തോന്നി.

വ്രണം ഉണങ്ങാത്തതിനാൽ അദ്ദേഹത്തിനു വ്യസനം തോന്നി. തന്നെ മകൻെറ പിന്നാലെ അങ്ങോട്ടു നയിച്ച ലക്ഷ്യത്തിൻെറ സ്ഥാനത്തു് ശൂന്യത സ്ഥലംപിടിച്ചു. വ്യസനത്തോടെ അദ്ദേഹം അവിടെ ഇരുന്നു. എന്തോ ഒന്നു് ഹൃദയത്തിനകത്തു കിടന്നു് മരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. യാതൊരു സുഖവും ലക്ഷ്യവും അദ്ദേഹത്തിനു തോന്നിയില്ല. വിഷാദം പൂണ്ടു് അദ്ദേഹം കാത്തിരുപ്പായി. അതു് നദിയിൽനിന്നു പഠിച്ചതായിരുന്നു. അതേ, ക്ഷമാപൂൎവ്വം കാത്തിരുന്നു ശ്രദ്ധിയ്ക്കുവാൻ. പൊടിപാറുകുന്നവഴിയിൽ അദ്ദേഹം ശ്രദ്ധയോടെ കാത്തിരുന്നു.

തൻെറ ഹൃദയത്തിൻെറ ക്ഷീണത്തോടുകൂടിയ മിടിപ്പു് വിഷാദത്തോടെ ശ്രദ്ധിക്കാൻ തുടങ്ങി. ഒരു ശബ്ദം ഉററുനോക്കിക്കൊണ്ടിരുന്നു. കുനിഞ്ഞിരുന്നു് വളരെനേരം ശ്രദ്ധിച്ചു. ഒടുവിൽ സ്വപ്നങ്ങളെല്ലാം നിലച്ചു് ശൂന്യതയിൽ ലയിച്ചു. ഒരു മാൎഗ്ഗവും കാണാതെ അങ്ങനെ അതിലേയ്ക്കുതന്നെ ആണ്ടുപോയി. വ്രണം തീവ്രമാകുന്നതായി തോന്നിയപ്പോഠം അദ്ദേഹം ഓങ്കാരം ജപിച്ചു. അതേ, ഓങ്കാരത്തിൽ ലയിച്ചു. പൂന്തോപ്പിലുള്ള ഭിക്ഷുക്കഠം അദ്ദേഹത്തെ കണ്ടു. വളരെ നേരം അവിടെത്തന്നെ കുനിഞ്ഞിരുന്നതിനാൽ തൻെറ മുടിയാസകലം പൊടിപുരണ്ടു. ഭിക്ഷുക്കളിൽ ഒരാഠം അദ്ദേഹത്തെ സമീപിച്ചു് രണ്ടു നേന്ത്രപ്പഴം മുമ്പിൽ കൊണ്ടുവെച്ചു. വൃദ്ധൻ ഭിക്ഷുവിനെ കണ്ടതേയില്ല.

ചുമലിൽ സ്പൎശിച്ച ഒരു കയ്യ് അദ്ദേഹത്തെ ആ സുഷുപ്തിയിൽനിന്നുണൎത്തി. ശാന്തമായ ആ സ്പൎശം അദ്ദേഹത്തിനു മനസ്സിലായി. സുഷുപ്തിയിൽനിന്നുണൎന്നു. അദ്ദേഹം എഴുന്നേററു് വാസുദേവനെ അഭിവാദ്യം ചെയ്തു. അതേ, വാസുദേവൻ പിന്നാലെ പോന്നിട്ടുണ്ടായിരുന്നു. വാസുദേവൻെറ കരുണാമസൃണമായ മുഖം കണ്ടപ്പോഠം, അതിലെ ചിരിയുടെ ചുളിവിൽ വീക്ഷിച്ചപ്പോഠം, ആ പ്രകാശം നിറഞ്ഞ കണ്ണുകളിലേയ്ക്കു നോക്കിയപ്പോഠം അദ്ദേഹത്തിനു ചിരിവന്നു. അരികത്തുള്ള നേന്ത്രപ്പഴം കണ്ടു. അതെടുത്തു് ഒന്നു വാസുദേവനു കൊടുത്തു് മറേറതു് തിന്നു. പിന്നെ, വാസുദേവനൊന്നിച്ചു് ഒന്നും മിണ്ടാതെ കാട്ടിൽകൂടി നടന്നു് കടവിലെത്തി. സംഭവിച്ച കാൎയ്യങ്ങളെക്കുറിച്ചു് രണ്ടുപേരും ഒന്നും പറഞ്ഞില്ല. കുട്ടിയുടെ പേരോ, അവൻെറ ഓടിപ്പോക്കോ, അതുണ്ടാക്കിയ വ്രണമോ ഒന്നും സംസാരവിഷയമായില്ല. സിദ്ധാൎത്ഥൻ നേരെ തൻെറ കിടക്കയിൽ ചെന്നു കിടന്നു. തെല്ലുനേരം കഴിഞ്ഞു് വാസുദേവൻ കുറച്ചു തേങ്ങാപ്പാലുംകൊണ്ടു ചെന്നപ്പോഠം അദ്ദേഹം നല്ല ഉറക്കമായിരിക്കുന്നു.

★

## ഓങ്കാരം

ആ വ്രണം കുറെക്കാലത്തേയ്ക്കു തീവ്രമായിത്തന്നെ നിന്നു. മകനോ മകളോ ഒന്നിച്ചുള്ള പലരേയും സിദ്ധാൎത്ഥൻ പുഴകടത്താറുണ്ടു്. അപ്പോഴൊക്കെ അദ്ദേഹം ഇങ്ങിനെ അസൂയപ്പെടാറുണ്ടു്: 'ഈ മഹാഭാഗ്യം പലൎക്കുമുണ്ടു്—എന്തുകൊണ്ടു് എനിക്കതില്ല? ദുഷ്ടന്മാരും കള്ളന്മാരും കവൎച്ചക്കാരും സന്താനസുഖം അനുഭവിക്കുന്നു; പരസ്പരം സ്നേഹിക്കുന്നു. ഞാൻ മാത്രം അതില്ലാത്തവനും.' അങ്ങനെ ബാലിശവും അയുക്തികവുമായി അദ്ദേഹത്തിൻെറ വാദഗതി. അത്രയ്ക്കു് സാധാരണമനുഷ്യരുടെ മട്ടായിത്തീൎന്നു അദ്ദേഹം.

പണ്ടത്തെ സമ്പ്രദായത്തിൽനിന്നു വ്യത്യസ്തമായി അദ്ദേഹത്തിൻെറ മനുഷ്യരോടുള്ള വീക്ഷണഗതി. വളരെ ബുദ്ധിപൂൎവ്വകമോ, വളരെ അഭിമാനപൂൎവ്വകമോ അല്ല. അതുകൊണ്ടുതന്നെ സ്നേഹാദരങ്ങളും ജിജ്ഞാസയും അനുകമ്പയും ഉൾക്കൊള്ളുന്നതുമായി.

വ്യാപാരികൾ, പടയാളികൾ, സ്ത്രീകൾ ആദിയായി സാധാരണ വരാറുള്ള വഴിയാത്രക്കാരെ കടത്തു കടത്തുമ്പോൾ പണ്ടത്തെപ്പോലെ അവരെ അന്യരായി കണക്കാക്കാതായി. അവരുടെ വിചാരങ്ങളും അഭിപ്രായങ്ങളും അദ്ദേഹത്തിനു മനസ്സിലായിട്ടോ അവയിൽ അദ്ദേഹം പങ്കുകൊണ്ടിട്ടോ അല്ല. എന്നാൽ

അവരോടൊപ്പം ജീവിതത്തിൻെറ പ്രേരണകളിലും അഭിലാഷങ്ങളിലും അദ്ദേഹം പങ്കുകൊണ്ടു ആത്മനിയന്ത്രണത്തിൻെറ മുകൾപ്പരപ്പിലെത്തി തൻെറ അവസാനത്തെ വ്രണവും വേണ്ടപോലെ സഹിച്ചവനെങ്കിലും, ഈ സാധാരണമനുഷ്യരെ ഇന്നും അദ്ദേഹം സഹോദരരെപ്പോലെ കണക്കാക്കിത്തുടങ്ങി. അവരുടെ ദുരഭിമാനങ്ങൾ, അഭിലാഷങ്ങൾ, നിന്ദ്യതകൾ എന്നിവ അസംബന്ധങ്ങളായി തോന്നാതായി. അവരെ മനസ്സിലാക്കാനും സ്നേഹിക്കാനും ബഹുമാനിക്കാനും കഴിഞ്ഞു. അമ്മയ്ക്കു കുട്ടിയോടുള്ള അന്ധപ്രേമം, സ്നേഹമുള്ള അച്ഛനു് തൻെറ ഏകപുത്രനെക്കുറിച്ചുള്ള അന്ധവും അർത്ഥശൂന്യവുമായ അഭിമാനം, മിത്ഥ്യാഭിമാനിനിയായ ഒരു യുവതി ആഭരണങ്ങൾക്കുവേണ്ടി അന്ധമായി കാട്ടിക്കൂട്ടുന്ന അദ്ധ്വാനം, ജനങ്ങൾക്കുള്ള മതിപ്പു്, ഇങ്ങനെ പലതും ഉണ്ടു്. ചെറുതും, തുച്ഛവും, അർത്ഥശൂന്യവുമാണെങ്കിലും സാമാന്യത്തിലധികം പ്രബലവും അഗാധവും വൈകാരികവുമായ പ്രേരണകളും അഭിലാഷങ്ങളും സിദ്ധാർത്ഥനു് സാധാരണമട്ടിൽ തോന്നാതായി. അവയ്ക്കുവേണ്ടി ജനങ്ങൾ ജീവിക്കുന്നതും വലിയ കാര്യങ്ങൾ ചെയ്യുന്നതും, സഞ്ചരിക്കുന്നതും യുദ്ധം ചെയ്യുന്നതും, ധാരാളം ക്ലേശങ്ങൾ സഹിക്കുന്നതും കണ്ടു. അതിനെല്ലാം വേണ്ടി അദ്ദേഹം അവരെ സ്നേഹിച്ചു. ജീവിതവും, ഓജസ്സും, നാശമററ ബ്രഹ്മവും എല്ലാം അവരുടെ ആഗ്രഹങ്ങളിലും ആവശ്യങ്ങളിലും കാണാൻ കഴിഞ്ഞു. ഈ ആളുകൾക്കുള്ള കൂറും കരുത്തും ബലവും സ്നേഹാഭിനന്ദനങ്ങൾ അർഹിക്കുന്നവയാണു്. ഒരു ചെറിയ കാര്യം, വളരെ ചെറുതായ ഒരു കാര്യമൊഴികെ, ഒരു യോഗിക്കോ ചിന്തകനോ ഉള്ള സകലതും ഇവക്കുണ്ടു്. ജീവജാലങ്ങൾ തമ്മിലുള്ള ഐക്യത്തെക്കുറിച്ചുള്ള ബോധം മാത്രമേ അവക്കു് കുറവായിട്ടുള്ളു. ഈ ജ്ഞാനം, ഈ ചിന്ത, അത്ര വിലമതിക്കത്തക്കതാണോ? അതു് കേവലം ചിന്തകരുടെ ബാലിശമായ ആത്മപ്രശംസയല്ലേ? അവർ കേവലം ചിന്തിക്കുന്ന ശിശുക്കൾ മാത്രമല്ലേ? എന്നൊക്കെ സിദ്ധാർത്ഥനു് പലപ്പോഴും തോ

ന്നിട്ടുള്ളതുമാണു്. പ്രാപഞ്ചികമനുഷ്യർ മററെല്ലാ കാര്യങ്ങളിലും ചിന്തകരോടു തുല്യവും മിക്കവാറും അവരേക്കാറം മേലേയുമാണു്; അത്യാവശ്യസന്ദർഭങ്ങളിൽ മനുഷ്യരേക്കാറം കൂടുതൽ ഉറപ്പും അചഞ്ചലതവും തങ്ങളുടെ പേരുമാററത്തിൽ കാണിക്കുന്ന മൃഗങ്ങളെപ്പോലെ.

തൻെറ ദീർഘകാലത്തെ അന്വേഷണത്തിൻെറ ലക്ഷ്യമായ ബോധം അഥവാ വിവേകം എന്നതിനെക്കുറിച്ചുള്ള ജ്ഞാനം സിദ്ധാൎത്ഥനിൽ പതുക്കെ വളൎന്നു് പരിപകത പ്രാപിക്കാൻ തുടങ്ങി. അതു് ആത്മാവിൻെറ ഒരു ഒരുക്കം, ഒരു കഴിവു്, ജീവിതത്തിൻെറ ഓരോ നിമിഷത്തിലുമുള്ള ഐക്യത്തെക്കുറിച്ചുള്ള ബോധം, ശ്വസിക്കുകയും അറിയുകയും വിചാരിക്കുകയും ചെയ്യുന്ന ഒരു കലാരഹസ്യമൊഴികെ മററൊന്നുമല്ലായിരുന്നു അതു്. ഈ വിചാരം അദ്ദേഹത്തിൻെറ മനസ്സിൽ ക്രമേണ വളൎന്നുവന്നു. അതു് വാസുദേവൻെറ വാൎദ്ധക്യം പൂണ്ടതെങ്കിലും ശിശുസദൃശമായ മുഖത്തും പ്രതിഫലിച്ചു. അതേ, സാമഞ്ജസ്യം, ലോകത്തിൻെറ ശാശ്വതമായ പരിപൂൎണ്ണതയേയും ഐക്യത്തേയും കുറിച്ചുള്ള ജ്ഞാനം എന്നിവ.

എന്നാൽ വ്രണം പിന്നെയും നിലനിന്നു. തൻെറ പുത്രനെക്കുറിച്ചു് തീവ്രമായ ആസക്തിയോടെ വിചാരിച്ചു. തൻെറ സ്നേഹവും സൗമ്യപ്രകൃതിയും അവനുവേണ്ടി സമർപ്പിച്ചു; ആ വേദന തൻെറ നേക്കു മുരളുവാൻ അനുവദിച്ചു; സ്നേഹത്തിൻെറ എല്ലാ വൈകൃതങ്ങളും അനുഭവിച്ചു. എന്നിട്ടും ആ ദീപനാളം പൊലിഞ്ഞില്ല.

ഒരു ദിവസം ആ വ്രണം വളരെ കഠിനമായിത്തോന്നിയതിനാൽ സിദ്ധാൎത്ഥൻ പുഴകടന്നു. മകനെ കാണാനുള്ള കൊതിയിൽ മുഴുകി അവനെ അന്വേഷിച്ചു പട്ടണത്തിലേയ്ക്കു പോകാൻ തുനിഞ്ഞു. നദി വളരെ ശാന്തമായും സൗമ്യമായും ഒഴുകിയിരുന്നു. വേനല്ക്കാലമാണെങ്കിലും അതിൻെറ ശബ്ദം അസാധാരണ

മായിത്തോന്നി. അതേ, അതു വളരെ വിശദമായി ചിരിക്കയാ യിരുന്നു. നദി വൃദ്ധനായ കടത്തുകാരന്റെ മുഖത്തു നോക്കി വെളിവായും സന്തോഷത്തോടുകൂടിയും ചിരിച്ചു. സിദ്ധാത്ഥൻ അവിടെത്തന്നെ നിന്നു. ശബ്ദം ഒന്നുകൂടി നന്നായി കേരംക്കാൻ വേണ്ടി അദ്ദേഹം വെള്ളത്തിലേയ്ക്കു കുനിഞ്ഞു. ശാന്തമായി ഇളകിയിരുന്ന വെള്ളത്തിൽ തന്റെ മുഖം പ്രതിഫലിച്ചു കണ്ടു. താൻ മറന്നുകിടന്നിരുന്ന എന്തോ ഓമ്മപ്പെടുത്തുന്നതായിരുന്നു ആ നിഴൽ. വെള്ളത്തിലേയ്ക്കു നോക്കിയപ്പോരം അതു് ഓമ്മവന്നു. താൻ ഒരു കാലത്തു് അറിയുകയും സ്നേഹിക്കുകയും ഭയപ്പെടുകപോലും ചെയ്തിരുന്ന ഒരാളുടെ സാദൃശ്യം തോന്നി അതിനു്. അതേ, തന്റെ പിതാവായ ആ ബ്രാഹ്മണന്റെ മുഖം. ചെറുപ്പത്തിൽ താൻ സന്യസിയ്ക്കാൻ പോകുന്നതിനുവേണ്ടി അച്ഛനെ നിർബ്ബന്ധിച്ചതും, അദ്ദേഹത്തോടു് വിടവാങ്ങിപ്പോയി പിന്നീടു് മടങ്ങാതിരുന്നതും ഓമ്മവന്നു. ഇന്നു തന്റെ പുത്രനുവേണ്ടി താൻ സഹിക്കുന്ന ആ വേദന അന്നു് സ്വന്തം പിതാവും അനുഭവിച്ചിരിക്കയില്ലേ? ആ അച്ഛൻ, ആരും അവലംബമില്ലാതെ, പുത്രനെ വീണ്ടും കാണാതെ, പണ്ടേ മരിച്ചിട്ടുണ്ടാവില്ലേ? ഈ യോഗം അദ്ദേഹവും പ്രതീക്ഷിച്ചിരിക്കയില്ലേ? അങ്ങനെ യോഗവലയത്തിലെ സംഭവഗതികളുടെ ഈ ആവത്തനം കേവലം അത്ഥശൂന്യവും അസാധാരണവുമായ ഒരു ശുഭാപ്തികഥയല്ലേ?

നദി ചിരിച്ചു. അതേ, അതങ്ങനെയാണു്. അററംവരെ അനുഭവിക്കാത്തതും അവസാനം കണ്ടെത്താത്തതുമായ എല്ലാം നിലനിന്നു് അതേ ദുഃഖങ്ങരംതന്നെ എല്ലും. സിദ്ധാത്ഥൻ വീണ്ടും വഞ്ചിയിൽ കയറി തന്റെ കുടിലിലേയ്ക്കുതന്നെ തുഴഞ്ഞുപോയി. അച്ഛനേയും മകനേയും കുറിച്ചുള്ള വിചാരത്താൽ മുഴുകവേ നദി അദ്ദേഹത്തെ നോക്കി ചിരിച്ചിരുന്നു. വിഷാദത്തിലാണ്ടു് തന്നോടുതന്നെ പൊരുതിയും തന്നെയും ലോകത്തെയും പുച്ഛിച്ചു പൊട്ടിച്ചിരിക്കാൻ മടിക്കാത്ത മട്ടിലുമായിരുന്നു ആ പോക്കു്. വ്രണം അപ്പോഴും നിലനിന്നിരുന്നു. അദ്ദേഹം തന്റെ

വിധിയോടു് വീണ്ടും മല്ലടിക്കുകയായിരുന്നു. അക്ഷോഭ്യതയോ ദുഃഖങ്ങളെ ജയിക്കലോ സാധിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്നു പ്രത്യാശയുണ്ടു്. കുടിലിലെത്തിയപ്പോഠം, എല്ലാം വാസുദേവനോടു് ഏററുപറയണമെന്നുള്ള അജയ്യമായ ഒരു ആഗ്രഹം. ശ്രദ്ധിച്ചു കേഠക്കാനുള്ള കല സ്വാധീനമാക്കീട്ടുള്ളവനാണല്ലോ അയാഠം.

വാസുദേവൻ കുടിലിലിരുന്നു് കുട്ട നെയ്യുകയായിരുന്നു. കണ്ണും കയ്യും ക്ഷീണിച്ചതിനാൽ വഞ്ചിതുഴയാൻപോക്കു് നിത്തിയിരിക്കുന്നു. എന്നാൽ മുഖത്തെ പ്രസാദവും അക്ഷോഭ്യതയും യാതൊരു മാററവും കൂടാതെ പ്രകാശിച്ചിരുന്നു.

സിദ്ധാത്ഥൻ വൃദ്ധൻെറ അരികത്തിരുന്നു് പതുക്കെ സംസാരിക്കാൻ തുടങ്ങി. മുമ്പു മറച്ചുവെച്ചിരുന്നതെല്ലാം ഇപ്പോഠം പറഞ്ഞു. അന്നു് പട്ടണത്തിലേക്കു പോയതും, നിലയ്ക്കാത്ത വ്രണമുണ്ടായതും, സുഖിക്കുന്ന പിതാക്കന്മാരെക്കുറിച്ചു് അസൂയ തോന്നിയതും, അത്തരം വികാരങ്ങളുടെ ഭോഷത്തത്തെക്കുറിച്ചുള്ള തൻെറ ബോധവും, തന്നോടുതന്നെയുള്ള വ്യത്ഥമായ പോരാട്ടവും എല്ലാം ഏററുപറഞ്ഞു. എല്ലാം പറയാൻ സാധിച്ചു. ഏററവും വേദനിപ്പിക്കുന്ന കാര്യങ്ങഠംകൂടി ഒന്നൊഴിയാതെ പറഞ്ഞു. വ്രണത്തെപ്പററി വെളിവാക്കി. അന്നു് പട്ടണത്തിലേക്കു് അലഞ്ഞു പോകാൻവേണ്ടി അക്കരെയ്ക്കു കടന്നതും പുഴ പുച്ഛിച്ചു ചിരിച്ചതും വെളിവാക്കി.

അങ്ങനെ സംസാരിക്കയും വാസുദേവൻ ശാന്തമായിട്ടതു കേഠക്കയും ചെയ്തുകൊണ്ടിരിക്കേ, സിദ്ധാത്ഥനു് അയാളുടെ ശ്രദ്ധിക്കാനുള്ള സാമത്ഥ്യം പൂവ്വാധികം ബോധ്യപ്പെട്ടു. തൻെറ ബുദ്ധിമുട്ടുകളും, ഉൽക്കണ്ഠയും, രഹസ്യമായ ആശകളും അങ്ങോട്ടു പകന്നു് വീണ്ടും തന്നിലേയ്ക്കു മടങ്ങിവന്നതുപോലെ അദ്ദേഹത്തിനു് അനുഭവപ്പെട്ടു. തൻെറ വ്രണം ഈ ശ്രോതാവിനെ ധരിപ്പിക്കുന്നതും അതു തണുത്തു നദിയിൽ ലയിക്കുമാറു് കഴുകിക്കള

യുന്നതും ഒരുപോലെയായിരുന്നു. അങ്ങനെ കുററങ്ങളേററുപറയവേ ആ കോംക്കുന്ന ആാം കേവലം വാസുദേവനല്ലെന്നു് തോന്നി സിദ്ധാത്ഥനു്. അചഞ്ചലനായ ആ ശ്രോതാവു്, വൃക്ഷം മഴയെന്നപോലെ, തൻെറ കുററസമ്മതം മുഴുവനോടെ ഏററുവാങ്ങുന്നതായി തോന്നി. അചഞ്ചലനായ ഈ മനുഷ്യൻ നദിതന്നെയാണെന്നു തോന്നി. അയാാം ദൈവമാണെന്നും ശാശ്വതസ്വരൂപിയാണെന്നും തോന്നി. തന്നേയും തൻെറ വ്രണത്തേയും കുറിച്ചു് ആലോചന നിത്തിയപ്പോാം, വാസുദേവനിൽ കണ്ട ഈ മാററം തന്നിലേയ്ക്കും പകന്നു. അതു മനസ്സിലാക്കുന്തോറും അതിൽ അസാധാരണമായിട്ടൊന്നും തോന്നാതായി. എല്ലാം സ്വാഭാവികവും ക്രമപ്രകാരവുമാണെന്നു തോന്നി. പണ്ടേതന്നെ വാസുദേവൻ അപ്രകാരമായിരുന്നുവെന്നും തനിക്കതു മനസ്സിലാകാഞ്ഞിട്ടാണെന്നും തോന്നി. താനും അയാളിൽനിന്നു വ്യത്യസ്തനല്ലായിരുന്നുവെന്നും ബോധ്യപ്പെട്ടു. ജനങ്ങാം ദൈവത്തെയെന്നപോലെ അദ്ദേഹം വാസുദേവനെ കണക്കാക്കുന്നതായി തോന്നി. അതു് വളരെ നേരത്തേയ്ക്കു നില്ക്കുന്നതല്ലായിരുന്നു. ആന്തരമായി അദ്ദേഹം വാസുദേവനോടു വിടവാങ്ങാൻ തുടങ്ങി. അതിനിടയിൽ അദ്ദേഹം സംസാരിക്കാൻ ആരംഭിച്ചു.

പറഞ്ഞവസാനിച്ചതോടെ വാസുദേവൻ തൻെറ ക്ഷീണിച്ച ദൃഷ്ടി അങ്ങോട്ടു തിരിച്ചു. അയാാം സംസാരിച്ചില്ല. എന്നാൽ അയാളുടെ മുഖത്തിൻെറ മൂകത സ്നേഹവും ശാന്തിയും പരസ്പരധാരണയും ജ്ഞാനവും സ്ഫുരിപ്പിച്ചു. അയാാം സിദ്ധാത്ഥൻെറ കൈക്കു പിടിച്ചു് പുഴവക്കത്തുള്ള ഇരിപ്പിടത്തിലേയ്ക്കു നയിച്ചു് അദ്ദേഹത്തിൻെറ അരികത്തിരുന്നു് നദിയിലേയ്ക്കു നോക്കി മന്ദഹസിച്ചു.

"അതു ചിരിക്കുന്നതു് നിങ്ങാം കേട്ടിട്ടുണ്ടു്," അയാാം പറഞ്ഞു. "എന്നാൽ എല്ലാം കേട്ടുകഴിഞ്ഞിട്ടില്ല. നമുക്കു് ശ്രദ്ധിക്കാം. ഇനിയും പലതും കോംക്കാം."

അവർ ശ്രദ്ധിച്ചു. പുഴയുടെ വിവിധശബ്ദങ്ങളോടുകൂടിയ സംഗീതം ശാന്തമായി പ്രതിധ്വനിച്ചു. സിദ്ധാൎത്ഥൻ നദിയിലേക്കു നോക്കി. ഒഴുകുന്ന വെള്ളത്തിൽ പല ചിത്രങ്ങളും കണ്ടു. തൻെറ അച്ഛൻ ഒററയ്ക്കിരുന്നു് മകനെയോൎത്തു ദുഃഖിക്കുന്നതു കണ്ടു. വിദൂരസ്ഥനായ തൻെറ മകനെ ഓൎത്തു കൊതിക്കുന്ന തന്നേയും ഏകാന്തതയിൽ കണ്ടു. തൻെറ മകനും ഒററയ്ക്കു് ജീവിതപ്രലോഭനങ്ങളുടെ കത്തിജ്ജ്വലിക്കുന്ന മാൎഗ്ഗങ്ങളിൽക്കൂടി മുമ്പോട്ടു പോകുന്നതു കണ്ടു. ഓരോരുത്തനും ലക്ഷ്യത്തിൽ ഉറച്ചുനില്ക്കുന്നതും ലക്ഷ്യത്താൽ ഗ്രസ്തനായി ക്ലേശിക്കുന്നതും കണ്ടു. നദിയുടെ ശബ്ദം ശോകമയമായിരുന്നു. അതു് ആസക്തിയോടും ദുഃഖത്തോടുംകൂടി പാടിക്കൊണ്ടു് അതിൻെറ ലക്ഷ്യത്തിലേയ്ക്കൊഴുകുകയായിരുന്നു.

വാസുദേവൻെറ മൂകമായ നോട്ടം "നിങ്ങൾ കേൾക്കുന്നുണ്ടോ" എന്ന ചോദ്യം സൂചിപ്പിച്ചു. സിദ്ധാൎത്ഥൻ തലകുലുക്കി.

"കൂടുതൽ ശ്രദ്ധിക്കുക" വാസുദേവൻ മന്ത്രിച്ചു.

സിദ്ധാൎത്ഥൻ കൂടുതൽ ശ്രദ്ധിക്കാൻ ശ്രമിച്ചു. അച്ഛൻെറ ചിത്രം, സ്വന്തം ചിത്രം, മകൻെറ ചിത്രം—എല്ലാം അന്യോന്യം കൂടിക്കലൎന്നു. കമലയുടെ ചിത്രവും ആവിർഭവിച്ചു് മുമ്പോട്ടുനീങ്ങി. അതുപോലെതന്നെ ഗോവിന്ദൻേറയും മററുള്ളവരുടേയും ചിത്രങ്ങളും. അവയെല്ലാം പുഴയുടെ അംശങ്ങളായിത്തീൎന്നു. എല്ലാവരും അത്യാസക്തിയോടെ ആഗ്രഹിച്ചു വിഷമിക്കുന്നതിൻെറ ലക്ഷ്യം അതായിരുന്നു. നദിയുടെ ശബ്ദമാകട്ടേ ആസക്തിനിബിഡവും തീവ്രദുഃഖമയവും നിലയുറയ്ക്കാത്ത ആഗ്രഹത്തോടുകൂടിയതുമായിരുന്നു. നദി അതിൻെറ ലക്ഷ്യത്തിലേയ്ക്കൊഴുകിക്കൊണ്ടിരുന്നു. താനും തൻെറ ബന്ധുക്കളും താൻ കണ്ടിട്ടുള്ള സകലരും ഒന്നിച്ചുചേൎന്നുണ്ടാക്കപ്പെട്ടതായ നദി ബദ്ധപ്പെട്ടു് പായുന്നതു കണ്ടു സിദ്ധാൎത്ഥൻ. തിരമാലകളും വെള്ളവും എല്ലാം ലക്ഷ്യത്തെ മുൻനിൎത്തി ബദ്ധപ്പെട്ടു പായുന്നു. ക്ലേശിക്കുന്ന പല

ലക്ഷ്യങ്ങളുമുണ്ട്; വെള്ളച്ചാട്ടം, ഒഴുക്ക്, സമുദ്രം എന്നിങ്ങനെയുള്ള എല്ലാ ലക്ഷ്യങ്ങളിലും എത്തി, ഓരോന്നും മറ്റോരോന്നിനാൽ പിന്തുടരപ്പെട്ടു. വെള്ളം ആവിയായി മേല്പോട്ടു പൊങ്ങി, മഴയായി കീഴ്പോട്ടു വന്നു, അരുവിയായി, പുഴയായി, പുഴക്കപ്പെട്ടു, പുത്തനായിട്ടൊഴുകി. എന്നാൽ, ആസക്തമായ ശബ്ദം മാറി. അതു ദുഃഖത്തോടും, അന്വേഷണഭാവത്തിലും പ്രതിധ്വനിച്ചു. എന്നാൽ, മററു ശബ്ദങ്ങൾ അതിനെ പിന്തുടൎന്നു. അതേ, സന്തോഷത്തിൻെറയും സന്താപത്തിൻെറയും ശബ്ദങ്ങൾ, നന്മയുടേയും തിന്മയുടേയും ശബ്ദങ്ങൾ, ചിരിക്കുന്നതും ദുഃഖിക്കുന്നതുമായ ശബ്ദങ്ങൾ—അനേകശതം ശബ്ദങ്ങൾ, അനേകായിരം ശബ്ദങ്ങൾ.

സിദ്ധാൎത്ഥൻ ശ്രദ്ധിച്ചു. വളരെ താല്പൎയ്യത്തോടെ അതിൽത്തന്നെ മുഴുകി, എല്ലാം ഹൃദിസ്ഥമാക്കുന്നമട്ടിലാണു് ശ്രദ്ധിച്ചിരുന്നതു്. ശ്രദ്ധിക്കുന്ന കല താൻ പൂൎണ്ണമായി പഠിച്ചുവെന്നു തോന്നി അദ്ദേഹത്തിനു്. ഇതെല്ലാം, നദിയിലെ ഈ പലതരം ശബ്ദങ്ങൾ, അദ്ദേഹം പലപ്പോഴും കേട്ടിട്ടുള്ളതാണു്. എന്നാൽ, ഇന്നു് അവ മറെറാരു മട്ടിൽ പ്രതിഫലിച്ചു. പലതരം ശബ്ദങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നു തോന്നി—ഹൎഷാരവവും രോദനശബ്ദവും ശിശുവിൻെറ ശബ്ദവും മുതിൎന്നവൻെറ ശബ്ദവും തമ്മിൽ വ്യത്യാസമില്ലെന്നു്. അവയെല്ലാം അന്യോന്യം ബന്ധപ്പെട്ടിരുന്നു; ആസക്തി കാണിക്കുന്നവരുടെ സങ്കടം, ബുദ്ധിയുള്ളവരുടെ പുച്ഛരസത്തിലുള്ള ചിരി, മരിക്കുന്നവരുടെ ദീനരോദനം, എന്നിവയെല്ലാം തമ്മിൽ മിടഞ്ഞുകെട്ടി മുറുക്കി വരിഞ്ഞിട്ടുള്ളതായി തോന്നി. എല്ലാ ശബ്ദങ്ങളും, എല്ലാ ലക്ഷ്യങ്ങളും, എല്ലാ ആഗ്രഹങ്ങളും, എല്ലാ ദുഃഖങ്ങളും, എല്ലാ സുഖങ്ങളും, എല്ലാ നന്മതിന്മകളും എല്ലാംകൂടിയതാണു് ലോകം. എല്ലാം ഒന്നിച്ചുകൂടിയാൽ സംഭവങ്ങളുടെ ഒഴുക്കായി, ജീവിതത്തിൻെറ സംഗീതമായി.

അങ്ങനെ പുഴയുടെ ശബ്ദം ശ്രദ്ധയോടെ ശ്രവിക്കയും, ഈ ആയിരം ശബ്ദങ്ങൾ കേൾക്കയും, സങ്കടത്തിന്റെയും ചിരിയുടേയും ശബ്ദം കേൾക്കാതിരിക്കയും, തന്റെ ആത്മാവിനെ ഏതെങ്കിലും ഒന്നിൽ മാത്രമായി ബന്ധിച്ച് അതിൽ മുഴുകാതിരിക്കുന്നതിനു പകരം എല്ലാം കൂട്ടിയിണക്കിയ അവയുടെ ഏകത്വത്തെ ശ്രവിക്കുകയും ചെയ്തപ്പോൾ ആയിരം ശബ്ദങ്ങളോടുകൂടിയ ആ മഹാസംഗീതം ഒരൊററ വാക്കിൽ ഉൾക്കൊള്ളുന്നതായി; അതെ, ഓങ്കാരം—പരിപൂൎണ്ണത.

"നിങ്ങൾ കേൾക്കുന്നുണ്ടോ?" വാസുദേവന്റെ നോട്ടം വീണ്ടും ഈ ചോദ്യം ദ്യോതിപ്പിച്ചു.

വാസുദേവന്റെ മന്ദഹാസം പ്രകാശം കൊണ്ടു. വാൎദ്ധക്യം പൂണ്ട മുഖത്തെ എല്ലാ ചുളിവുകളിലും അതിന്റെ പ്രകാശം സ്ഫുരിച്ചു; നദിയുടെ എല്ലാ ശബ്ദങ്ങളിലും ഓങ്കാരത്തിന്റെ സ്ഫുരണംപോലെ, സുഹൃത്തിന്റെ മുഖത്തു നോക്കുമ്പോൾ അയാളുടെ മന്ദഹാസം പ്രകാശംകൊണ്ടു. സിദ്ധാൎത്ഥന്റെ മുഖത്തും തത്തുല്യമായ മന്ദഹാസം സ്ഫുരിച്ചു. അദ്ദേഹത്തിന്റെ വ്രണം ഭേദമായിത്തുടങ്ങി. വേദന വിട്ടുപോവാൻ തുടങ്ങി. തന്റെ ആത്മസത്ത ഏകത്വത്തിലേയ്ക്കു പ്രസരിച്ചു.

അപ്പോൾ സിദ്ധാൎത്ഥൻ തന്റെ വിധിയോടുള്ള പോരാട്ടം നിൎത്തി. ജ്ഞാനത്തിന്റെ പ്രശാന്തത അദ്ദേഹത്തിന്റെ മുഖത്തു സ്ഫുരിച്ചു. ആഗ്രഹങ്ങളുടെ മത്സരത്തിൽ കുടുങ്ങാതെ, മോചനം നേടിയപോലെ, സംഭവപ്രവാഹത്തോടും ജീവിതപ്രവാഹത്തോടും പൊരുത്തം സിദ്ധിച്ചവനെപ്പോലെ, അനുഭാവാൎദ്രതയിൽ മുഴുകി, ആ പ്രവാഹത്തിനു വിധേയനായി, എല്ലാററിന്റേയും ഏകത്വത്തിൽ ഉൾപ്പെട്ടവനായി അദ്ദേഹം മാറി.

വാസുദേവൻ പുഴവക്കത്തുള്ള തന്റെ ഇരിപ്പിടത്തിൽനിന്നെണീററ് സിദ്ധാൎത്ഥന്റെ കണ്ണുകളിലേയ്ക്കു നോക്കി. ജ്ഞാനത്തിന്റെ പ്രശാന്തത ആ നേത്രങ്ങളിൽ തിളങ്ങിക്കണ്ടു. അയാൾ

തനിക്കു് സ്വാഭാവികമായുള്ള സംരക്ഷണാത്മകമായ ശാന്തതയോടെ അദ്ദേഹത്തിന്റെ തോളത്തു തൊട്ടു പറഞ്ഞു: "സ്നേഹിത, ഞാൻ ഈ മുഹൂർത്തമാണു് കാത്തുകൊണ്ടിരുന്നതു്. അതു് കൈവന്നിരിക്കുന്നതിനാൽ ഞാൻ പോകട്ടെ. ഞാൻ വളരെക്കാലമായി കടത്തുകാരൻ വാസുദേവനായി കഴിഞ്ഞുകൂടി. അതു് ഇതാ അവസാനിച്ചിരിക്കുന്നു. അല്ലയോ കുടിലേ! അല്ലയോ നദി, അല്ലയോ സിദ്ധാർത്ഥ! നിങ്ങൾക്കു വന്ദനം."

തന്നെ പിരിഞ്ഞുപോകുന്ന ആ മനുഷ്യന്റെ മുമ്പിൽ സിദ്ധാർത്ഥൻ ശിരസ്സു കുനിച്ചു.

"അതെനിക്കു മനസ്സിലായി," അദ്ദേഹം ശാന്തമായി പറഞ്ഞു. "നിങ്ങൾ കാട്ടിലേക്കു പോകയാണോ?"

"അതെ, ഞാൻ കാട്ടിലേക്കു പോകുന്നു. ഞാൻ വസ്തുക്കളുടെ ഏകത്വത്തിലേയ്ക്കു പോകുന്നു," വാസുദേവൻ പ്രസന്നതയോടെ പറഞ്ഞു.

അങ്ങനെ അയാൾ പോയി. സിദ്ധാർത്ഥൻ അയാളെ നോക്കിക്കൊണ്ടു നിന്നു. സന്തോഷത്തോടും ഗൌരവത്തോടും നോക്കിക്കണ്ടു. ഓരോ പദവിന്യാസത്തിലും സമാധാനസാന്ദ്രത, മുഖത്തു് പ്രകാശം, ആകൃതിക്കുള്ള വെളിച്ചം — എല്ലാം നോക്കിക്കണ്ടു.

★

# ഗോവിന്ദൻ

വേശ്യയായിരുന്ന കമല ഗൗതമൻെറ അനുയായികൾക്കു സമ്മാനിച്ച കളിത്തോപ്പിൽ ഗോവിന്ദൻ ഒരിക്കൽ മററു ചില ബൗദ്ധഭിക്ഷുക്കളോടൊന്നിച്ച് വിശ്രമകാലം കഴിച്ചുകൂട്ടി. അവിടെനിന്നു് ഒരു ദിവസത്തെ വഴിയകലെ പുഴവക്കത്തു് ഒരു വൃദ്ധനായ കടത്തുകാരൻ താമസിക്കുന്നുണ്ടെന്നും പലരും അദ്ദേഹത്തെ ഒരു മഹർഷിയായി കണക്കാക്കുന്നുണ്ടെന്നും കേട്ടു്, മടക്കത്തിൽ ഗോവിന്ദൻ ആ കടത്തുവഴിക്കു പോയി. ഈ കടത്തുകാരനെ കാണാൻ അദ്ദേഹത്തിനു താല്പര്യം തോന്നി; എന്തുകൊണ്ടെന്നാൽ, താൻ ബുദ്ധനിയമങ്ങളനുസരിച്ചു ജീവിക്കുകയും ചെറുപ്പക്കാരായ ഭിക്ഷുക്കളാൽ ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ഹൃദയത്തിൽ അസ്വാസ്ഥതയും അന്വേഷണത്തിൽ അസംതൃപ്തിയും തങ്ങിനിന്നിരുന്നു.

അദ്ദേഹം പുഴവക്കത്തെത്തി വൃദ്ധനോടു് പുഴകടത്താൻ പറഞ്ഞു. അവർ മറുകരയിലെത്തി വഞ്ചിയിൽനിന്നിറങ്ങിയപ്പോൾ അദ്ദേഹം വൃദ്ധനോടു പറഞ്ഞു: "നിങ്ങൾ തീർത്ഥയാത്രക്കാരോടും ഭിക്ഷുക്കളോടും വളരെ ദയ കാണിക്കുന്നു. ഞങ്ങളിൽ പലരേയും നിങ്ങൾ പുഴകടത്തീട്ടുണ്ടു്. നിങ്ങളും ശരിയായ മാർഗ്ഗം അന്വേഷിക്കുന്ന ആളല്ലേ?"

മന്ദഹാസം തൂകുന്ന ദൃഷ്ടികളോടെ സിദ്ധാർത്ഥൻ മറുപടി പറഞ്ഞു: "നിങ്ങൾ അന്വേഷകനാണോ? അല്ലയോ മഹാത്മാവേ, നിങ്ങൾക്ക് പ്രായം കുറെയായി; ഗൗതമഭിക്ഷുക്കളുടെ ഉടുപ്പും ധരിച്ചിരിക്കുന്നു!"

"ഞാൻ വൃദ്ധനാണ്. ശരിതന്നെ," ഗോവിന്ദൻ പറഞ്ഞു. "എന്നാൽ, ഞാൻ അന്വേഷണം നിർത്തീട്ടില്ല. അതു് നിർത്തുകയുമില്ല. എന്റെ യോഗം അതാണെന്നു തോന്നുന്നു. നിങ്ങളും അന്വേഷിച്ചിരുന്നതായി എനിക്കു തോന്നുന്നു. അതിനെപ്പററി എന്നോടു് തെല്ലു പറയാമോ സ്നേഹിത?"

സിദ്ധാർത്ഥൻ പറഞ്ഞു: "നിങ്ങൾ വളരെയൊക്കെ അന്വേഷിക്കുന്നുവെന്നും അതിന്റെ ഫലമായി ഒന്നും കാണുന്നില്ലെന്നുമല്ലാതെ ഞാനെന്തു പറയട്ടെ?"

"അതെങ്ങനെയാണു്?" ഗോവിന്ദൻ ചോദിച്ചു.

സിദ്ധാർത്ഥൻ പറഞ്ഞു: "ഒരാൾ അന്വേഷിക്കുകയാണെങ്കിൽ ആ അന്വേഷിക്കുന്ന വസ്തുവല്ലാതെ മറെറാന്നും കാണുകയില്ല; ഒന്നും കാണാൻ കഴിയുകയില്ല. ഒന്നും ആത്മസാല്ക്കരിക്കാനൊക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അയാൾ അന്വേഷിക്കുന്നതിനെപ്പററി മാത്രമേ ചിന്തിക്കുന്നുള്ളു; അയാൾക്കൊരു ലക്ഷ്യമുണ്ടാകുന്നു; ആ ലക്ഷ്യത്താൽ വലയിതനായിത്തീരുന്നു അയാൾ. അതുകൊണ്ടു് അന്വേഷിക്കുക എന്നു പറഞ്ഞാൽ അതിനൊരു ലക്ഷ്യമുണ്ടാകും; എന്നാൽ കണ്ടെത്തുക എന്നു പറഞ്ഞാൽ വിമുക്തനാകുക, സ്വീകരിയ്ക്കുന്ന നിലയിലാവുക, ഒരു ലക്ഷ്യവുമില്ലാതിരിക്കുക, എന്നാണർത്ഥം. അല്ലയോ മഹാത്മാവേ, നിങ്ങൾ ഒരന്വേഷകനാണു്. എന്തുകൊണ്ടെന്നാൽ, ലക്ഷ്യത്തിലേക്കുള്ള പരിശ്രമത്തിൽ മൂക്കിനു നേരെയുള്ള പലതും നിങ്ങൾ കാണുന്നില്ല"

"എനിക്കു് ശരിയ്ക്കു മനസ്സിലായില്ല" ഗോവിന്ദൻ പറഞ്ഞു. "നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്താണു്?"

സിദ്ധാൎത്ഥൻ പറഞ്ഞു: "അല്ലയോ മഹാത്മാവേ! ഒരിക്കൽ, വളരെ കൊല്ലങ്ങൾക്കു മുമ്പ്, നിങ്ങൾ ഈ പുഴവക്കത്തു വന്നപ്പോൾ ഒരാൾ കിടന്നുറങ്ങുന്നതു കണ്ടു. നിങ്ങൾ അയാളുടെ അടുത്തിരുന്ന് ഉറക്കത്തിൽ കാത്തു. എന്നാൽ, ഉറങ്ങുന്നവനെ നിങ്ങൾക്കു മനസ്സിലായില്ല, ഗോവിന്ദ!"

അത്ഭുതപ്പെട്ട്, മാന്ത്രികശക്തിയാൽ മയക്കപ്പെട്ടതുപോലെ ഭിക്ഷു കടത്തുകാരനെ മിഴിച്ചുനോക്കി.

"നിങ്ങൾ സിദ്ധാൎത്ഥനാണോ?" അദ്ദേഹം പെട്ടെന്നു ചോദിച്ചു. "ഈ പ്രാവശ്യവും എനിക്കു നിങ്ങളെ മനസ്സിലായില്ല. വീണ്ടും കണ്ടതു് വളരെ സന്തോഷമായി സിദ്ധാൎത്ഥ! എന്റെ സ്നേഹിത, നിങ്ങൾക്കു് വളരെ മാററം വന്നിരിക്കുന്നു. ഇപ്പോൾ കടത്തുകാരനാണോ നിങ്ങൾ?"

സിദ്ധാൎത്ഥൻ ചിരിച്ചു. "അതെ, ഞാൻ കടത്തുകാരനാണ്. മിക്ക മനുഷ്യൎക്കും വളരെ മാററങ്ങൾ വരേണ്ടതുണ്ട്; പല വേഷങ്ങളും കെട്ടണം സ്നേഹിത! ഞാനും അക്കൂട്ടത്തിലൊരുവനാണ്. നിങ്ങൾക്കു സ്വാഗതം, ഗോവിന്ദ! ഇന്നു നിങ്ങൾ എന്റെ കുടിലിൽ താമസിക്കണം."

അന്നു രാത്രി ഗോവിന്ദൻ കുടിലിൽ വാസുദേവൻ കിടക്കാറുള്ള കിടക്കയിൽ കിടന്നുറങ്ങി. തന്റെ യൗവനകാലസുഹൃത്തിനോട് പല ചോദ്യങ്ങളും അദ്ദേഹം ചോദിച്ചു. സിദ്ധാൎത്ഥനാകട്ടെ, തന്റെ ജീവിതത്തെപ്പററി വളരെയൊക്കെ പറയാനുമുണ്ടായിരുന്നു.

പിറേറ ദിവസം രാവിലെ ഗോവിന്ദൻ പോകാൻ പുറപ്പെട്ടപ്പോൾ തെല്ലൊന്നു മടിച്ചു് ഇങ്ങനെ പറഞ്ഞു: "പോകുംമുമ്പെ ഒരു ചോദ്യംകൂടി എനിക്കു ചോദിക്കാനുണ്ട്, സിദ്ധാൎത്ഥ! നിങ്ങൾ സ്വീകരിച്ചിട്ടുള്ളതായി, നിങ്ങളെ ജീവിക്കാനും നന്മചെയ്യാനും സഹായിക്കുന്നതായി, എന്തെങ്കിലും തത്വമോ വിശ്വാസമോ ജ്ഞാനമോ ഉണ്ടോ?"

സിദ്ധാൎത്ഥൻ പറഞ്ഞു: "എൻെറ സ്നേഹിത, നാം ചെറുപ്പത്തിൽ സമാനരോടൊന്നിച്ചു കാട്ടിൽ താമസിച്ചിരുന്നപ്പോഴും ഞാൻ തത്വങ്ങളേയും ഗുരുക്കന്മാരേയും അവിശ്വസിച്ചിരുന്നുവെന്നും അവഗണിച്ചിരുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. അതിനുശേഷം പല ഗുരുക്കന്മാരും എനിക്കുണ്ടായെങ്കിലും ഇന്നും എൻെറ മനോഗതി അങ്ങനെത്തന്നെയാണ്. ഒരു സുന്ദരിയായ വേശ്യ കുറെക്കാലം എൻെറ ഗുരുവായിരുന്നു. അതുപോലെതന്നെ ഒരു ധനികനായ വ്യാപാരിയും ഒരു ചൂതുകളിക്കാരനും ഗുരുക്കന്മാരായി. ഒരിക്കൽ ബുദ്ധൻെറ സഞ്ചാരിഭിക്ഷുക്കളിലൊരാൾ എൻെറ ഗുരുവായി. തീർത്ഥയാത്രയ്ക്കിടയിൽ അദ്ദേഹം കാട്ടിൽവെച്ച് എന്നെ ഉറക്കത്തിൽ കാത്തുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തിൽനിന്നും ചിലതൊക്കെ പഠിച്ചു. അതിനു ഞാൻ നന്ദിയുള്ളവനാണ്, വളരെ നന്ദിയുള്ളവൻ. എന്നാൽ എല്ലാററിലുമധികം ഞാൻ പഠിച്ചതു് ഈ നദിയിൽനിന്നും, എൻെറ മുൻഗാമിയായ വാസുദേവനിൽനിന്നുമാണ്. അദ്ദേഹം ഒരു ആഭാടമില്ലാത്ത മനുഷ്യനായിരുന്നു. അദ്ദേഹം ചിന്തകനല്ലായിരുന്നു. എന്നാൽ മുഖ്യമായിട്ടുള്ളതും, ഗൗതമനെത്തന്നെയും, അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഒരു പരിശുദ്ധസിദ്ധനായിരുന്നു."

ഗോവിന്ദൻ പറഞ്ഞു: "സിദ്ധാൎത്ഥ, നിങ്ങളിപ്പോഴും നേരമ്പോക്കു പറയുകയാണെന്നു തോന്നുന്നു. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു; നിങ്ങൾ ഒരു ഗുരുവിനെ പിന്തുടൎന്നിട്ടില്ലെന്നും മനസ്സിലാക്കുന്നു. എന്നാലും, നിങ്ങൾക്കു സ്വന്തമായി തത്വങ്ങളില്ലെങ്കിൽ വേണ്ടാ, ചില ചിന്തകളുണ്ടാകാതിരിക്കുമോ? നിങ്ങളെ ജീവിക്കാൻ സഹായിച്ചതായി എന്തെങ്കിലും ഒരു ജ്ഞാനം നിങ്ങൾ കണ്ടുപിടിച്ചിട്ടില്ലേ? അതിനെപ്പററി വല്ലതും പറഞ്ഞു കേൾക്കാൻ കൗതുകമുണ്ടു്."

സിദ്ധാൎത്ഥൻ പറഞ്ഞു: "ഉവ്വു്, എനിക്കു ചിന്തകളും ജ്ഞാനവും അങ്ങിങ്ങായി ചിലതുണ്ടു്. ചിലപ്പോൾ ഒരു മണിക്കൂറോ

ഒരു ദിവസമോ എനിക്കു ജ്ഞാനത്തെക്കുറിച്ച് ബോധമുണ്ടാകും, ഒരുവന് തന്റെ ഹൃദയത്തിൽ ജീവനുണ്ടെന്നു തോന്നുന്നതുപോലെ. എനിക്കു പല ചിന്തകളും ഉണ്ടായിട്ടുണ്ട്. അതെല്ലാം പറഞ്ഞു മനസ്സിലാക്കാൻ പ്രയാസം. എന്നാൽ, ഗോവിന്ദ! എന്നെ ഏററവുമധികം ആകഷിച്ച ചിന്ത ഇതാണ്: യഥാത്ഥജ്ഞാനം പകൎന്നുകൊടുക്കാൻ പററുന്നതല്ല. ഒരു ബുദ്ധിമാനായ മനുഷ്യൻ പകൎന്നുകൊടുക്കാൻ ശ്രമിക്കുന്ന വിജ്ഞാനം എപ്പോഴും വിഡ്ഢിത്തമായിരിക്കും."

"നിങ്ങൾ നേരമ്പോക്കു പറയുകയാണോ?" ഗോവിന്ദൻ ചോദിച്ചു.

"അല്ല, ഞാൻ കണ്ടുപിടിച്ചതാണ് പറയുന്നതു്. അറിവ് പകൎന്നുകൊടുക്കാം. എന്നാൽ, യഥാർത്ഥജ്ഞാനം സാധ്യമല്ല. അതൊരുവന് കണ്ടുപിടിക്കാം, അതിൽ ജീവിക്കാം, അതിനാൽ വലയം ചെയ്യപ്പെടാം, അതിൽക്കൂടി അത്ഭുതങ്ങൾ ചെയ്യാം. എന്നാൽ, അതു പകൎന്നുകൊടുക്കാനോ പഠിപ്പിക്കാനോ സാധ്യമല്ല. ഞാൻ ചെറുപ്പത്തിൽത്തന്നെ ഇതു സംശയിച്ചതാണ്. അതുകൊണ്ടാണ് ഗുരുക്കന്മാരെ വിട്ട് ഓടിപ്പോന്നതു്. ഒരു വിചാരം എനിക്കുണ്ടായിട്ടുണ്ട്. അതു ഞാൻ പറഞ്ഞാൽ ഗോവിന്ദനു കളിയാണെന്നേ തോന്നൂ. അത് ഇത്രയേ ഉള്ളൂ. എല്ലാ സത്യത്തിലും, അതിന്റെ പ്രതിപക്ഷവും അതുപോലെത്തന്നെ സത്യമാണ്. ഉദാഹരണത്തിന്നു്, പക്ഷംപിടിച്ചല്ലാതെ ഒരു സത്യം പ്രകാശിപ്പിക്കുവാനോ വാക്കുകൾകൊണ്ടു പൊതിഞ്ഞു കാണിക്കാനോ സാധ്യമല്ല. വാക്കുകളിൽക്കൂടി ചിന്തിക്കുകയോ പ്രകാശിപ്പിക്കുകയോ ചെയ്യുന്നതെല്ലാം ഏകപക്ഷീയമായിരിക്കും; അദ്ധസത്യമായിരിക്കും. അതിൽ പൂൎണ്ണതയോ, ഏകത്വമോ ഉണ്ടാവില്ല. മഹാത്മാവായ ബുദ്ധൻ ലോകത്തെപ്പററി പഠിപ്പിച്ചപ്പോൾ അദ്ദേഹത്തിന്നു് അതു് സംസാരം നിവ്വാണം, സങ്കല്പം യാഥാർത്ഥ്യം, ക്ലേശം മോക്ഷം, എന്നിങ്ങനെ ഈരണ്ടായി തരംതിരിക്കേണ്ടിവന്നു. അങ്ങനെയല്ലാതെ ആക്കും സാധ്യമല്ല.

പഠിപ്പിക്കുന്നവക്ക് അതല്ലാതെ മാഗ്ഗമില്ല. എന്നാൽ, ലോകം നമ്മളിലും നമ്മുടെ ചുററും ഉള്ളതാണ്; അതു് ഏകപക്ഷമല്ല. ഒരു മനുഷ്യനോ ഒരു കമ്മമോ ഒരിക്കലും തികച്ചും സംസാരമോ നിവ്വാണമോ ആവുകയില്ല. ഒരിക്കലും ഒരു മനുഷ്യൻ തികച്ചും സിദ്ധനോ പാപിയോ ആവുകയില്ല. അങ്ങനെ കേവലം ഒരു തോന്നലുണ്ടാകുന്നതു് കാലമെന്നുള്ളതു യഥാത്ഥമായ എന്തോ ആണെന്നുള്ള സങ്കല്പത്തിൽ നാം കിടന്നു കുടുങ്ങുന്നതുകൊണ്ടാണ്. കാലം യഥാർത്ഥമല്ല ഗോവിന്ദ! ഇതു പല പ്രാവശ്യവും എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ, കാലം ഒരു യാഥാർത്ഥ്യമല്ലെങ്കിൽ പിന്നെ ഈ പ്രപഞ്ചത്തെ ശാശ്വതത്തിൽനിന്നും ക്ലേശത്തെ മോക്ഷത്തിൽനിന്നും തിന്മയെ നന്മയിൽനിന്നും വേർതിരിച്ചു കാണിക്കുന്ന രേഖ കേവലം സങ്കല്പമാണ്."

"അതെങ്ങനെയാണ്," ഗോവിന്ദൻ ക്ഷമയില്ലാത്ത മട്ടിൽ ചോദിച്ചു.

"കേൾക്കൂ, സ്നേഹിത. ഞാനും നിങ്ങളും പാപം ചെയ്തിട്ടുണ്ടു്. എന്നാൽ ഒരു ദിവസം പാപി വീണ്ടും ബ്രാഹ്മണനായിത്തീരും, നിവ്വാണം നേടും, ഒരു ബുദ്ധനായിത്തീരുകയും ചെയ്യും. എന്നാൽ, ഈ 'ഒരു ദിവസം' എന്നു പറയുന്നതു സങ്കല്പമാണ്. അതൊരു സാദൃശ്യോപാധിമാത്രം. പാപി ബുദ്ധസദൃശമായ സ്ഥിതിയിലേക്കുള്ള പന്ഥാവിലല്ല; അവൻ വികസിക്കുന്നില്ല. അങ്ങനെ ചെയ്യുന്നുണ്ടെന്നല്ലാതെ നമുക്കു വിശ്വസിക്കാൻ സാധിക്കുന്നില്ലെന്നേയുള്ളു. ഇല്ല, ബുദ്ധനിലുള്ള പ്രകൃതി പാപിയിലും ഉണ്ടു്. അവൻെറ ഭാവി അവിടെയുണ്ടു്. അവനിലും നിങ്ങളിലും എല്ലാവരിലും ബുദ്ധപ്രകൃതി ഒളിഞ്ഞുകിടക്കുന്നുണ്ടു്. ലോകം അപൂണ്ണമോ ഒരു ദീർഘമാഗ്ഗത്തിലൂടെ പൂണ്ണതയിലേയ്ക്കു പതുക്കെപ്പതുക്കെ വളന്നുവരുന്നതോ അല്ല. അല്ല, ഏതു നിമിഷത്തിലും അതു പൂണ്ണമാണ്. ഓരോ പാപത്തിൻേറയും കൂടെത്തന്നെ നന്മയുമുണ്ടു്, ചെറിയ കുട്ടികളിലെല്ലാം വൃദ്ധനിലേക്കുള്ള ഭാവമുണ്ടു്, ഏതു മുലകുടിക്കുന്ന കുട്ടിയിലും മരണം ഒളിഞ്ഞു

കിടപ്പുണ്ട്; മരിക്കുന്നവരിലെല്ലാം ശാശ്വതജീവിതവും. ഒരാരം ക്ക് മററൊരാളുടെ മാർഗ്ഗം എത്രത്തോളമായെന്നു കാണാൻ സാധ്യമല്ല; കവച്ചക്കാരനിലും ചൂതുകളിക്കാരനിലും ബുദ്ധൻ ഉണ്ട്; ബ്രാഹ്മണനിൽ കള്ളനുണ്ട്. അഗാധമായി ചിന്തിക്കുമ്പോരം സമയത്തെ അകററിനിർത്തി ഭൂതവും വർത്തമാനവും ഭാവിയും ഒന്നിച്ചു ദർശിക്കുവാൻ സാധിക്കും. അപ്പോരം എല്ലാം നല്ലതു്, എല്ലാം സമ്പൂർണ്ണം, എല്ലാം ബ്രാഹ്മണർ. അതുകൊണ്ട്, നിലവിലുള്ള എല്ലാ വസ്തുക്കളും നല്ലതാണെന്നു് എനിക്കു തോന്നുന്നു —മരണവും ജീവിതവും, പാപവും പരിശുദ്ധതയും, ബുദ്ധിയും ബുദ്ധിശൂന്യതയും, എല്ലാം നല്ലതു്. എല്ലാം ആവശ്യമാണു്. എല്ലാററിനോടും ഞാൻ ഇണങ്ങണമെന്നേയുള്ള. എൻെറ സമ്മതം, എൻെറ സ്നേഹത്തോടുകൂടിയ വീക്ഷണം, വേണമെന്നുമാത്രം. അപ്പോരം എല്ലാം എനിയ്ക്കു നല്ലതായി. ഒന്നും എന്നെ ഉപദ്രവിക്കയില്ല. എനിക്കു പാപം ചെയ്യണം, എനിക്കു കാമാസക്തി വേണം, ഞാൻ പണത്തിനുവേണ്ടി പരിശ്രമിക്കണം, അതിൽ ചെടിപ്പും നൈരാശ്യത്തിൻെറ നെല്ലിപ്പടിയും കാണണം, അവ തടുക്കവെയ്യാത്തവയാണെന്നു് അങ്ങനെ ബോധ്യം വരുത്തണം; ലോകത്തെ സ്നേഹിക്കാൻ പഠിക്കുക അങ്ങനെ വേണം. അഭിലഷിതമായ ഒരു സാങ്കല്പികലോകത്തോടോ, പരിപൂർണ്ണതയുടെ ഒരു സാങ്കല്പികവീക്ഷണത്തോടൊ അതിനെ താരതമ്യപ്പെടുത്താതെ അതിനെ അതേമട്ടിൽ വീക്ഷിക്കാൻ, അതിനെ സ്നേഹിക്കാൻ, അതിൽ കൂട്ടുചേരുന്നതിൽ സന്തോഷിക്കാൻ, ഇതൊക്കെ ആവശ്യമാണു്. ഇതൊക്കെയാണു്, ഗോവിന്ദ! എൻെറ മനസ്സിലുള്ള ചില ചിന്തകരം."

സിദ്ധാർത്ഥൻ നിലത്തുനിന്നു് ഒരു കല്ലെടുത്തു പൊക്കിപ്പിടിച്ചു.

അതു കയ്യിൽ വെച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "ഇതൊരു കല്ലാണു്. കുറെ കഴിഞ്ഞാൽ ഇതു് മണ്ണായിത്തീരാം. മണ്ണിൽനിന്നു് അതൊരു സസ്യമായോ, മൃഗമായോ, മനുഷ്യനാ

യോ രൂപാന്തരപ്പെട്ടാം. പണ്ടാണെങ്കിൽ ഞാൻ പറയുമായിരുന്നു: ഈ കല്ല് ഒരു കല്ലാണ്, അതിനു വിലയില്ല, അതു മായാപ്രപഞ്ചത്തിൽ പെട്ടതാണ്; എന്നാൽ പരിണാമചക്രത്തിൽ അതിന് മനുഷ്യനോ ചൈതന്യമോ ആയി മാറാൻ സാധിക്കുന്നതുകൊണ്ട് അതും പ്രധാനംതന്നെ. ഇതൊക്കെയൊക്കുമായിരുന്ന എൻെറ വിചാരം. എന്നാൽ ഇന്ന് ഞാൻ വിചാരിക്കുന്നു: ഈ കല്ല് കല്ലാണ്; അതു മൃഗമാണ്, ദൈവമാണ്, ബുദ്ധനാണ്. അതു് എന്തായിരുന്നുവെന്നും ഇനിയെന്തായിത്തീരുമെന്നും ആലോചിച്ചിട്ടല്ലാ ഞാനതിനെ ആദരിക്കുന്നതു്; നേരേമറിച്ച് വളരെക്കാലമായി അതെല്ലാമായിട്ടുണ്ട്, എല്ലാപ്പോഴും എല്ലാമാണ്, എന്നു മനസ്സിലാക്കുന്നതുകൊണ്ടാണ്. ഇന്നിപ്പോൾ ഒരു കല്ലായിട്ടെനിയ്ക്കു തോന്നുന്ന അതു് കല്ലായതുകൊണ്ട് ഞാൻ സ്നേഹിക്കുന്നു. അതിൻെറ ഓരോ നേരിയ രേഖയിലും, സുഷിരത്തിലും, അതിൻെറ മഞ്ഞപ്പിലും ചാരനിറത്തിലും, അതിൻെറ കട്ടപ്പത്തിലും അതുകൊണ്ട് മുട്ടുമ്പോഴുണ്ടാകുന്ന ശബ്ദത്തിലും, അതിൻെറ പുറത്തു കാണുന്ന വലിവിലും നനവിലും, ഞാൻ അർത്ഥവും മൂല്യവും കാണുന്നു. എണ്ണമയവും സോപ്പുമയവും ഉള്ള കല്ലുകളുണ്ട്. ഇലപോലെയോ മണൽപോലെയോ തോന്നിക്കുന്ന കല്ലുകളുണ്ട്. ഓരോന്നും തമ്മിൽ വ്യത്യാസമുണ്ട്. ഓരോന്നും അതാതിനു പ്രത്യേകമായ മട്ടിൽ ഓങ്കാരം ജപിക്കുന്നുണ്ട്. ഓരോന്നും ബ്രാഹ്മണനാണ്, അതേ സമയത്തുതന്നെ അവയോരോന്നും കല്ലാണ്, എണ്ണമയമോ സോപ്പുമയമോ ഉള്ള കല്ല്. അതാണ് എന്നെ തൃപ്തിപ്പെടുത്തുന്നതും അത്ഭുതപ്പെടുത്തുന്നതും ആരാധിക്കാൻ തോന്നിക്കുന്നതും. എന്നാൽ അതിനെപ്പററി ഇനി ഞാൻ ഒന്നും പറയുകയില്ല. വാക്കുകൾ വിചാരങ്ങളെ ശരിയായി പ്രകാശിപ്പിക്കുകയില്ല. പ്രകാശിപ്പിച്ചു കഴിയുംമുമ്പെ അവയ്ക്കു തെല്ലു മാററം വരും; അവ വികൃതമായിത്തീരും, അർത്ഥശൂന്യമായിത്തീരും. എന്നാൽ ഒരുവന് വിലയുള്ളതും ബുദ്ധിപൂർവ്വകവുമായിത്തോന്നുന്നതു് മറെറാരാൾക്കു വിഡ്ഢിത്തമായിത്തോ

ന്നുമെന്നുള്ളതു ശരിയാണു്; അതിലാണു് എനിക്കു രസം തോന്നുന്നതു്."

ഗോവിന്ദൻ ഒന്നും മിണ്ടാതെ എല്ലാം കേഠംക്കുകയായിരുന്നു.

തെല്ലുനേരം കഴിഞ്ഞു് അദ്ദേഹം ചോദിച്ചു: "എന്തിനാണു് നിങ്ങഠം കല്ലിനെപ്പററി പറഞ്ഞതു്?"

"അതിൽ ഒരു ഉദ്ദേശ്യവുമില്ല. എന്നാൽ കല്ലിനേയും നദിയേയും അതുപോലെ നാം കാണുകയും പഠിക്കുകയും ചെയ്യുന്ന എല്ലാ വസ്തുക്കളേയും ഞാൻ സ്നേഹിക്കുന്നുണ്ടെന്നു് ഉദാഹരിക്കുവാൻ അതു് ഉപയോഗപ്പെട്ടിട്ടുണ്ടാവാം. എനിക്കു് കല്ലിനേയും മരത്തേയും, മരക്കൊമ്പിനേയും സ്നേഹിക്കാൻ കഴിയും ഗോവിന്ദ! അവയെല്ലാം വസ്തുക്കളാണു്. വസ്തുക്കളെ ഒരുവനു് സ്നേഹിക്കാൻ കഴിയും. എന്നാൽ വാക്കുകളെ സ്നേഹിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഉപദേശങ്ങഠം എനിക്കു പ്രയോജനപ്പെടുന്നില്ല; അവയ്ക്കു കട്ടപ്പമില്ല, മാർദ്ദവമില്ല, നിറമില്ല, മൂലകളില്ല, മണമില്ല, സ്വാദില്ല—അവ കേവലം വാക്കുകഠം. മോക്ഷത്തിന്നും, സമാധാനത്തിന്നും അനേകം വാക്കുകളുണ്ടു് നിങ്ങളുടെ കയ്യിൽ. അതാണു് നിങ്ങഠംക്കു സമാധാനം കണ്ടെത്താൻ വിഷമമുണ്ടാകുന്നതു്. സംസാരവും നിവ്വാണവും കേവലം വാക്കുകളാണു് ഗോവിന്ദ! നിവ്വാണം ഒരു വസ്തുവല്ല. നിവ്വാണം എന്നൊരു വാക്കുമാത്രമേയുള്ളു."

ഗോവിന്ദൻ പറഞ്ഞു: "നിവ്വാണം എന്നതു് കേവലം ഒരു വാക്കു മാത്രമല്ല; അതൊരു ചിന്തയുംകൂടിയാണു്."

സിദ്ധാർത്ഥൻ തുടൎന്നു: "അതൊരു ചിന്തയായിരിക്കാം; എന്നാൽ വാക്കുകളും ചിന്തകളും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല. തുറന്നു പറയട്ടെ, ഞാൻ ചിന്തകഠംക്കു വലിയ വില കല്പിക്കുന്നില്ല. ഞാൻ വസ്തുക്കഠംക്കാണു് കൂടുതൽ വിലകല്പിക്കുന്നതു്. ഉദാഹരണം പറയാം: എ

ൻെറ മുൻഗാമിയും ഗുരുവുമായി ഇവിടെ ഒരു കടത്തുകാരനുണ്ടായിരുന്നു. അദ്ദേഹം ഒരു വിശുദ്ധപുരുഷനായിരുന്നു. വളരെക്കാലത്തോളം ഈ നദിയെ ഒഴികെ മററൊന്നിനേയും അദ്ദേഹം വിശ്വസിച്ചിരുന്നില്ല. നദിയുടെ ശബ്ദം അദ്ദേഹത്തെ പഠിപ്പിച്ചിരുന്നതായി അദ്ദേഹം ധരിച്ചു. പുഴ ഒരു ദൈവമാണെന്നു തോന്നി, അദ്ദേഹത്തിനു്. എന്നാൽ പാവനമായ നദിയെപ്പോലെതന്നെ അറിവും പഠിപ്പിക്കുവാനുള്ള കഴിവും ഏതൊരു പ്രാണിക്കും പക്ഷിക്കും കാററിനും മേഘത്തിനുമുണ്ടെന്നു് അദ്ദേഹം വളരെക്കാലം മനസ്സിലാക്കാതിരുന്നു. എന്നാൽ ഈ പുണ്യപുരുഷൻ കാട്ടിലേയ്ക്കു പോയപ്പോറം എല്ലാം മനസ്സിലാക്കി. അദ്ദേഹം നമ്മളേക്കാറം കൂടുതൽ മനസ്സിലാക്കി. അതു് ഗുരുക്കന്മാരോ പുസ്തകങ്ങളോ അവലംബിച്ചിട്ടല്ല, നദിയെ വിശ്വസിച്ചിരുന്നതുകൊണ്ടാണു്."

ഗോവിന്ദൻ പറഞ്ഞു: "എന്നാൽ, നിങ്ങറം വസ്തു എന്നു പറയുന്നതു് യഥാൎത്ഥമാണോ? ഉള്ളതാണോ? അതു് കേവലം മായയുടെ സങ്കല്പമല്ലേ? ഒരു നിഴലല്ലേ? ഒരു തോന്നൽ മാത്രമല്ലേ? നിങ്ങളുടെ കല്ലു്, നിങ്ങളുടെ മരം, എന്നിവ യഥാൎത്ഥവസ്തുക്കളാണോ?"

"ഇതൊന്നും എന്നെ വിഷമിപ്പിക്കുന്ന കാൎയ്യങ്ങളല്ല" സിദ്ധാൎത്ഥൻ പറഞ്ഞു. അവ സങ്കല്പമാണെങ്കിൽ ഞാനും സങ്കല്പമാണു്. അതുകൊണ്ടു് അവ എല്ലായ്പ്പോഴും എന്നെപ്പോലെതന്നെയാണു്. അതുകൊണ്ടുതന്നെയാണു് അവ എനിക്കു വിലയേറിയവയും സ്നേഹിക്കാവുന്നവയുമായിട്ടുള്ളതു്. അതുകൊണ്ടാണു് എനിക്കവയെ സ്നേഹിക്കാൻ കഴിയുന്നതു്. അതുകൊണ്ടു് ഇതാ ഒരു സിദ്ധാന്തം; നിങ്ങറംക്കതു കേട്ടാൽ ചിരിവരാം. സ്നേഹമാണു് ലോകത്തിൽ ഏററവും പ്രധാനമെന്നു് എനിക്കു തോന്നുന്നു ഗോവിന്ദ! വലിയ ചിന്തകന്മാൎക്കു് ഈ ലോകത്തെ പരിശോധിച്ചറിയുന്നതും വിശദീകരിയ്ക്കുന്നതും പഴിക്കുന്നതും പ്രധാനമായി തോന്നാം. എന്നാൽ എനിക്കു ലോകത്തെ സ്നേഹിക്കലാണു്

മുഖ്യമായിത്തോന്നുന്നതു്. അതിനെ പഴിക്കാനോ പരസ്പരം വെറുക്കാനോ നമുക്കവകാശമില്ല. ലോകത്തേയും നമ്മളേയും എല്ലാ വസ്തുക്കളേയും സ്നേഹത്തോടും അതിശയത്തോടും ആദരവോടും കൂടി വീക്ഷിക്കുവാൻ സാധിക്കണം."

"അതെനിക്കു മനസ്സിലായി," ഗോവിന്ദൻ പറഞ്ഞു. "എന്നാൽ, അതാണു് ആ മഹാത്മാവു് സങ്കല്പമെന്നു പറഞ്ഞതു്. അദ്ദേഹം ദയയും സഹനശീലവും അനുഭാവവും ക്ഷമയും ഉപദേശിച്ചു—എന്നാൽ സ്നേഹം വിട്ടുകളഞ്ഞു. പ്രാപഞ്ചിക സ്നേഹത്തെ അദ്ദേഹം നമുക്കു നിഷേധിച്ചു."

"അതെല്ലാം എനിക്കു മനസ്സിലായി" സിദ്ധാൎത്ഥൻ പ്രസന്നതയോടെ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. "അതെനിക്കറിയാം ഗോവിന്ദ! ഇവിടെയാണു് നാം അൎത്ഥങ്ങളുടെ വലയിൽ, വാക്കുകളുടെ കോലാഹലത്തിൽ, കിടന്നുഴലുന്നതു്. എന്തുകൊണ്ടെന്നാൽ, സ്നേഹത്തെപ്പററിയുള്ള എൻെറ വാക്കുകളും ഗൗതമൻെറ ഉപദേശങ്ങളും തമ്മിൽ പൊരുത്തമില്ലെന്നുള്ളതു് ഞാൻ മറച്ചുവെക്കുന്നില്ല. അതുകൊണ്ടുതന്നെയാണു് ഞാൻ വാക്കുകളെ ഇത്ര്യു് അവിശ്വസിക്കുന്നതും. എന്തുകൊണ്ടെന്നാൽ, ഈ പൊരുത്തക്കേടു് കേവലം സങ്കല്പമാണെന്നു് എനിക്കറിയാം. ഞാൻ ഗൗതമനോടു യോജിക്കുന്നുണ്ടെന്നു് എനിക്കറിയാം. മനുഷ്യവൎഗ്ഗത്തിൻെറ ദുരഭിമാനവും ക്ഷണികതയും ബോദ്ധ്യപ്പെട്ടിട്ടും മനുഷ്യരെ സഹായിക്കാനും ഉപദേശിക്കാനുംമാത്രമായി നീണ്ടൊരു ജീവിതം വിനിയോഗിച്ചിരിക്കെ അദ്ദേഹത്തിനു സ്നേഹിക്കാനറിവില്ലെന്നു് എങ്ങനെ പറയും? ഈ മഹാത്മാവായ ഗുരുവിനും ഞാൻ വസ്തു എന്നു പറയുന്നതാണു് വാക്കുകളേക്കാൾ പ്രധാനമായിട്ടുള്ളതു്. അദ്ദേഹത്തിൻെറ പ്രവൃത്തികളും ജീവിതവുമാണു് അദ്ദേഹത്തിൻെറ അഭിപ്രായങ്ങളേക്കാൾ എനിക്കു മുഖ്യമായിട്ടുള്ളതു്. വാക്കിലോ വിചാരത്തിലോ അല്ല, പ്രവൃത്തിയിലും ജീവിതത്തിലുമാണു്, ഞാൻ അദ്ദേഹത്തിൻെറ മഹത്വം കാണുന്നതു്."

രണ്ടു വൃദ്ധന്മാരും കുറെനേരത്തേയ്ക്കു് മൗനംകൊണ്ടു. പിന്നെ, ഗോവിന്ദൻ പോകാൻ പുറപ്പെട്ടപ്പോൾ ഇങ്ങനെ പറഞ്ഞു: "സിദ്ധാർത്ഥ! നിങ്ങളുടെ വിചാരങ്ങൾ ചിലതൊക്കെ എന്നെ ധരിപ്പിച്ചതിനു നന്ദി. അതിൽ ചിലതു് അസാധാരണമാണു്. അതു മുഴുവൻ പെട്ടെന്നു് മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. എങ്കിലും, നിങ്ങൾക്കു വന്ദനം. നിങ്ങൾക്കു് വളരെക്കാലം ശാന്തി ലഭിക്കട്ടെ."

എന്നാൽ, ഉള്ളുകൊണ്ടു് അദ്ദേഹം വിചാരിച്ചു: സിദ്ധാർത്ഥൻ ഒരസാധാരണ മനുഷ്യനാണു്. അദ്ദേഹം അസാധാരണ ചിന്തകൾ പ്രകാശിപ്പിക്കുന്നു. അദ്ദേഹത്തിൻെറ ആദർശങ്ങൾ കെട്ടുറപ്പില്ലാത്തവയായി തോന്നുന്നു. ആ മഹാത്മാവിൻെറ ഉപദേശങ്ങൾക്കു് എന്തൊരു വ്യത്യാസമാണു്! അവ വിശദമാണു്, അവക്രമാണു്, പൂർണ്ണമാണു്. അതിൽ അസാധാരണമോ, ദുർഗ്രഹമോ, ചിരിപ്പിക്കത്തക്കതോ ആയിട്ടു് ഒന്നുമില്ല. എന്നാൽ, സിദ്ധാർത്ഥൻെറ കൈയ്യും, കാലും, കണ്ണും, നെററിത്തടവും, ശ്വാസവും, പുഞ്ചിരിയും, അഭിവാദ്യവും, നടത്തവും എല്ലാം ആ ചിന്തയിൽനിന്നു വ്യത്യസ്തമായ രീതിയിൽ എന്നെ ആകർഷിക്കുന്നു. മഹാത്മാവായ ഗൗതമൻ നിർവ്വാണമടഞ്ഞശേഷം സിദ്ധാർത്ഥനൊഴികെ ആരും എന്നെ ഇങ്ങനെ ആകർഷിച്ചിട്ടില്ല; ഇദ്ദേഹം ഒരു പുണ്യപുരുഷനാണു്. ഇദ്ദേഹത്തിൻെറ ആദർശങ്ങൾ അസാധാരണങ്ങളാകാം, വാക്കുകൾ വിഡ്ഢിത്തങ്ങളാകാം; എന്നാൽ ആ നോട്ടം, ആ കൈയ്യു്, ആ തൊക്കു്, ആ തലമുടി —എല്ലാററിലുമുണ്ടു് പരിശുദ്ധതയുടേയും ശാന്തിയുടേയും, അക്ഷോഭ്യതയുടേയും അചഞ്ചലതയുടേയും, സിദ്ധികളുടേയും സ്ഫുരണം. മഹാഗുരുവിൻെറ മരണത്തിനുശേഷം ആരിലും കണ്ടിട്ടില്ലാത്തതാണു് ഇതെല്ലാം.

ഇങ്ങനെയെല്ലാം വിചാരിച്ചു് ഹൃദയം അസ്വസ്ഥമായിരിക്കെ ഗോവിന്ദൻ വീണ്ടും സിദ്ധാർത്ഥനെ സ്നേഹസമ്പൂർണ്ണമായ

ഭാവത്തിൽ വണങ്ങി. അക്ഷോഭ്യനായിട്ടിരിക്കുന്ന ആ മനുഷ്യ ൻെറ മുമ്പിൽ ഗോവിന്ദൻ തലകുനിച്ചു.

"സിദ്ധാത്ഥ!" അദ്ദേഹം പറഞ്ഞു. "നാം ഇന്നു വൃദ്ധന്മാ രാണ്. ഈ ജന്മത്തിൽ നാം ഇനി കണ്ടില്ലെന്നുവരാം. നിങ്ങൾ ക്കു് ശാന്തിലഭിച്ചതായി ഞാൻ കാണുന്നു പ്രിയസ്നേഹിത! എ നിക്കതു സിദ്ധിച്ചിട്ടില്ലെന്നും ബോധ്യമായി. ഒരു കാര്യംകൂടി: എനിക്കു് ഗ്രഹിക്കാവുന്നതായി, മനസ്സിലാക്കാവുന്നതായി വല്ല തുമൊന്നു്, പറയു വന്ദ്യസ്നേഹിത! പോകുന്നവഴിക്കു് എന്നെ സഹായിക്കത്തക്കതായി വല്ലതും തരു. എൻെറ മാഗ്ഗം പലപ്പോ ഴും കട്ടത്തതും ഇരുളടഞ്ഞതുമാണ്."

സിദ്ധാത്ഥൻ മൗനംപൂണ്ടു്, ശാന്തവും സമാധാനദ്യോ തകവുമായ മട്ടിൽ അദ്ദേഹത്തെ നോക്കി മന്ദഹസിച്ചു. ഗോവി ന്ദൻ ആ മുഖത്തു് ഇമവെട്ടാതെ, ഉൽക്കണ്ഠയോടും കൊതിയോ ടുംകൂടി നോക്കിക്കൊണ്ടിരുന്നു. ക്ലേശം, തുടച്ചയായ അന്വേഷ ണം, തുടച്ചയായ പരാജയം, എന്നിവ ആ നോട്ടത്തിൽ രേഖ പ്പെടുത്തീട്ടുണ്ടായിരുന്നു.

സിദ്ധാത്ഥൻ അതു കണ്ടു മന്ദഹസിച്ചു.

"എൻെറ അടുത്തേക്കു വരു" അദ്ദേഹം ഗോവിന്ദൻെറ ചെ വിയിൽ മന്ത്രിച്ചു. "ഇനിയും അടുത്തുവരു. വളരെ അടുത്തേയ്ക്കു്! എൻെറ നെററിത്തടത്തിൽ ചുംബിയ്ക്കൂ ഗോവിന്ദ!"

അത്ഭുതം തോന്നിയെങ്കിലും എന്തോ മഹത്തായ സ്നേഹ ത്തിൻെറ ഒരു പ്രത്യേകവികാരം അദ്ദേഹത്തെ അനുസരിക്കാൻ പ്രേരിപ്പിച്ചു. അദ്ദേഹം നല്ലവണ്ണം ചാഞ്ഞു് തൻെറ ചുണ്ടുകൾ കൊണ്ടു് ആ നെററിത്തടം സ്പശിച്ചു. അങ്ങനെ ചെയ്യുമ്പോൾ, അത്ഭുതകരമായിട്ടെന്തോ സംഭവിച്ചു. അദ്ദേഹം സിദ്ധാത്ഥൻെറ വാക്കുകളെപ്പററിത്തന്നെ ആലോചിക്കയായിരുന്നു. സമയത്തെ ക്കുറിച്ചുള്ള ബോധം നിരാകരിക്കാൻ വൃഥാ ശ്രമംചെയ്യുകയായി രുന്നു. നിവ്വാണവും സംസാരവും ഒന്നെന്നു സങ്കല്പിക്കയായിരു

ന്നു. തൻെറ സുഹൃത്തിൻെറ വാക്കുകളെക്കുറിച്ചുള്ള കേവലമായ അവജ്ഞപോലും അദ്ദേഹത്തിൻെറ അഗാധമായ സ്നേഹവും അദ്ദേഹത്തെക്കുറിച്ചുള്ള മതിപ്പും നിമിത്തം പരാജയപ്പെട്ടുപോകുന്നു. അങ്ങനെ കിടന്നു കുഴങ്ങുന്നതിനിടയിൽ ഇതു സംഭവിച്ചു:

സിദ്ധാൎത്ഥൻെറ മുഖം കാണാതായി. തൽസ്ഥാനത്ത് മററു മുഖങ്ങൾ, പല മുഖങ്ങൾ, നിരനിരയായുള്ള മുഖപ്രവാഹം—നൂറും ആയിരവും മുഖങ്ങളങ്ങനെ വന്നു മറഞ്ഞുപോയിട്ടും അവയെല്ലാം ഒന്നിച്ച് അവിടെത്തന്നെ നില്ക്കുന്നതുപോലെ തോന്നി. അവ കൂടെക്കൂടെ മാറുന്നതും നവീകരിക്കപ്പെടുന്നതും എല്ലാം സിദ്ധാൎത്ഥൻതന്നെയായിത്തീരുന്നതും അയാൾ കണ്ടു. ഒരു മത്സ്യത്തിൻെറ മുഖംകണ്ടു, ഭയങ്കരമായി വേദനയോടുകൂടി വായ്പിളൎത്തിട്ടുള്ള ഒരു മത്സ്യത്തിൻെറ മുഖം. ചാവാറായ ഒരു മത്സ്യത്തിൻെറ മങ്ങിയ കണ്ണുകൾ. അപ്പോൾ പെററ കുട്ടിയുടെ മുഖം കണ്ടു. ചുളിവുകളുള്ള ചോരക്കുട്ടി, കരയാൻ മുററിനില്ക്കുന്നു. ഒരു ഘാതകൻെറ മുഖം കണ്ടു; അവൻ ഒരാളെ കത്തികൊണ്ടു കുത്തുന്നു. അതേ സമയത്തുതന്നെ ഈ കുററവാളി വരിഞ്ഞുകെട്ടപ്പെട്ട മട്ടിൽ മുട്ടുകുത്തിനില്ക്കുന്നതും ഒരു കൊലയാളി അവൻെറ തല വെട്ടുന്നതും കണ്ടു. സ്ത്രീകളുടേയും പുരുഷന്മാരുടേയും നഗ്നശരീരങ്ങൾ കാമാസക്തിപൂണ്ട നിലയിൽ കണ്ടു. ശവശരീരങ്ങൾ പുറത്തേക്കു വലിച്ചിട്ടിരിക്കുന്നതും, അവ തണുത്തു മരവിച്ചിരിക്കുന്നതും കണ്ടു. കരടി, മുതല, ആന, കാള, പക്ഷി മുതലായവയുടെ തലകൾ കണ്ടു. കൃഷ്ണനേയും അഗ്നിയേയും കണ്ടു. ഈ രൂപങ്ങളും മുഖങ്ങളും ഒരായിരം തരത്തിൽ ബന്ധപ്പെട്ടു കണ്ടു. എല്ലാം പരസ്പരം സഹായിക്കയും സ്നേഹിക്കയും, വെറുക്കുകയും നശിപ്പിക്കുകയും, വീണ്ടും ജനിക്കയും ചെയ്യുന്നതായിക്കണ്ടു. എല്ലാററിനും മരണമുണ്ട്. പരിണാമവിധേയങ്ങളായവയ്ക്കുള്ള ആസക്തിയും വേദനയുമുണ്ടാക്കുന്ന ഉദാഹരണം. എങ്കിലും, അവയൊന്നും മരിച്ചില്ല; അവയ്ക്കു മാററം വന്നു, പുനൎജ്ജന്മമുണ്ടായി. തുടരെത്തുടരെ പുതിയ മുഖങ്ങളിലേയ്ക്കു പകരുകയായിരുന്നു. ഓരോ മുഖത്തിനി

ടയിലും നിന്നിരുന്നതു കേവലം കാലം മാത്രം. എല്ലാ രൂപങ്ങളും മുഖങ്ങളും തെല്ലനേരം നിന്നു, പിന്നീടൊഴുകി, പുനരാവിൎഭവിച്ചു, ഭൂതകാലത്തിലേയ്ക്കു പോയി, അന്യോന്യം കൂടികലൎന്നു. അവയെ എല്ലാററിനേയും ഇടമുറിയാതെ മൂടുന്നതായി നേരിയ എന്തോ ഒന്നു്, അയഥാൎത്ഥമെങ്കിലും നിലവിലുള്ളതായിട്ടൊന്നു്, സ്ഥടികംപോലെ, മഞ്ഞിൻകട്ടപോലെ, സൂക്ഷ്മമായ ഒരു പാടയോ തൊണ്ടോ, ജലമയമായ ആവരണമോപോലെ, മൂന്തിനില്ക്കുന്നു. ഈ ആവരണം തൻെറ അധരംകൊണ്ടു് തത്സമയം സ്പൎശിയ്ക്കപ്പെട്ടിരുന്നതായ സിദ്ധാൎത്ഥൻെറ മന്ദസ്മിതമുഖമായിരുന്നു. ആവരണംപോലുള്ള ഈ മന്ദഹാസം, രൂപപ്രവാഹത്തിൻെറ ഏകത്വത്തിൻെറ മന്ദഹാസം, ആയിരക്കണക്കിനുള്ള ജനനമരണങ്ങളുടെ യുഗപദ്ഗതിയുടെ മന്ദഹാസം—സിദ്ധാൎത്ഥൻെറ ഈ മന്ദഹാസം—തന്നെയാണ് പ്രശാന്തവും, മൃദുലവും, ഉദ്ദീപകവും, ഒരുപക്ഷേ ഉദാരമോ പുച്ഛസൂചകമോ ബുദ്ധിപൂൎവ്വകമോ എന്നൊന്നും നിശ്ചയിക്കാൻ വയ്യാത്തവിധം ഒരായിരംതരത്തിൽ തോന്നിക്കുന്ന ഗൗതമബുദ്ധൻെറ മന്ദഹാസം. അതു് ഒരു നൂറു തവണ കണ്ടു ഭയപ്പെട്ടിട്ടുണ്ടു് അദ്ദേഹം. സമ്പൂൎണ്ണതൃപ്തിയായിട്ടുള്ളവൻ ചിരിക്കുമെന്നു് അങ്ങനെയാണു് ഗോവിന്ദൻ മനസ്സിലാക്കീട്ടുള്ളതു്.

കാലം എന്നൊന്നുണ്ടോ എന്നുതന്നെ അറിയാതെ, ഈ അനാച്ഛാദനം ഒരു നിമിഷനേരത്തേക്കോ അതോ നൂറുകൊല്ലത്തേക്കോ നീണ്ടുനിന്നതെന്നറിയാതെ, സിദ്ധാൎത്ഥനോ, ഗൗതമനോ, താനോ, മററുള്ളവരോ യഥാൎത്ഥത്തിലുള്ളതെന്നറിയാതെ, തന്നെ ആനന്ദിപ്പിക്കത്തക്കവിധത്തിലുള്ള ഒരു ദിവ്യശരത്താൽ വ്രണിതനായി, അഗാധമാംവണ്ണം മയക്കപ്പെട്ട നിലയിൽ ഗോവിന്ദൻ അവിടെത്തന്നെ നിന്നു. അപ്പോഴും സിദ്ധാൎത്ഥൻെറ ശാന്തി സിദ്ധിച്ച മുഖത്തു് ചുംബിക്കുകയാണു്. വൎത്തമാനഭാവിരൂപങ്ങളുടെ കേളീരംഗം അതായിരുന്നു. ആ സഹസ്രരൂപങ്ങള

ടെ ദർപ്പണം പോയിട്ടും അദ്ദേഹത്തിൻെറ മുഖപ്രകൃതിയ്ക്കു മാററം വന്നില്ല. അദ്ദേഹം ശാന്തമായി, സമാധാനം സിദ്ധിച്ചമട്ടിൽ, ഒരുപക്ഷേ വളരെ പുച്ഛരസത്തിൽ, ആ മഹാത്മാവിൻേറതിൽ നിന്നു് ഒട്ടും വ്യത്യസ്തമല്ലാത്ത മട്ടിൽ, മന്ദഹസിച്ചു.

ഗോവിന്ദൻ തല കുനിച്ചു. ആ വൃദ്ധമുഖത്തുകൂടി ധാരമുറിയാതെ കണ്ണീരൊഴുകി. മഹത്തായ സ്നേഹവും വിനയത്തിൻെറ ആദരണീയതയും അദ്ദേഹത്തിൽ വഴിഞ്ഞൊഴുകി. അദ്ദേഹം തലകുനിച്ചു. അവിടെ നിശ്ചലനായിട്ടിരിക്കുന്ന ആ മനുഷ്യൻെറ മുമ്പിൽ നിലം തൊടുവോളം കുനിഞ്ഞു. തൻെറ ജീവിതത്തിൽ ഇഷ്ടപ്പെട്ടിട്ടുള്ളതും വിലമതിച്ചിട്ടുള്ളതും പാവനമായിത്തോന്നീട്ടുള്ളതുമായ സകലതും അനുസ്മരിപ്പിക്കുന്നതായിരുന്നു ആ മന്ദഹാസം.

216238
O113:3M77:11
32J7;1

★

UNIVERSITY LIBRARY
13 AUG 1964
MADRAS

6 FEB 1965